3WO54
A 44

# രാഘവാഭ്യുദയം.

A-44

വടക്കുംകൂർ.

2054
A. 44

# ശ്രീ
# രാഘവാഭ്യുദയം
## മഹാകാവ്യം.

ഗ്രന്ഥകർത്താവ്

വടക്കുംകൂർ രാജരാജവൎമ്മരാജാ.

---

പ്രസാധകൻ

പണ്ഡിതർ ഈ. വി. രാമൻനമ്പൂതിരി.

കമലാലയാപ്രിന്റിംഗ്‌വർക്ക്സ് & ബുക്ക്ഡിപ്പോ,
തിരുവനന്തപുരം.

(പകർപ്പവകാശം)

കമലാലയമുദ്രാലയം,
തിരുവനന്തപുരം.

1110

824
34

൧-ാം പതിപ്പു്] [വില ൧ രൂപ ൮ അണ

SRI KRISHNAVILASAM READING ROOM

# അവതാരിക.

ഇപ്പോൾ പുസ്തകരൂപത്തെ പ്രാപിച്ചിരിയ്ക്കുന്ന രാഘവാഭ്യുദയം മുഴുവനും 'കവനകൌമുദി'മാസികയിൽ ഖണ്ഡശഃ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഒരു കാവ്യമാകുന്നു. വിശ്വാമിത്രമഹർഷി ദശരഥമഹാരാജാവിന്റെ അടുക്കൽ ചെന്നു്, യാഗരക്ഷയ്ക്കായി ശ്രീരാമലക്ഷ്മണന്മാരെ കൂട്ടിക്കൊണ്ടുപോകുന്നതു മുതൽ, ശ്രീരാമൻ പരശുരാമവിജയാനന്തരം അയോദ്ധ്യയെ പ്രാപിച്ചു സുഖമായിരിയ്ക്കുന്നതുവരെയുള്ള രാമായണകഥാംശം ഈ കാവ്യത്തിൽ അടങ്ങിയിരിയ്ക്കുന്നു. ചില സന്ദർഭങ്ങളിൽ കഥയ്ക്കു ചില വ്യത്യാസങ്ങൾ ചെയ്തിട്ടുണ്ടു്; എന്നാൽ അവ ഇതിവൃത്തത്തിന്റെ മർമ്മങ്ങളെ ബാധിയ്ക്കത്തക്കവിധം അത്രയ്ക്കു സാരമുള്ളവയല്ല.

൧൦൮൦—൧൧൦൦ ഇക്കാലത്തിനിടയിൽ പ്രസിദ്ധപ്പെടുത്തിയിരിയ്ക്കുന്ന കൌമുദീലക്കങ്ങളിലാണു രാഘവാഭ്യുദയം ചേർത്തിട്ടുള്ളതു്. ഞാൻ ഇക്കാലം മുഴുവനും ഈ കാവ്യത്തിന്റെ രചനയ്ക്കു് അവിച്ഛിന്നമായി ശ്രമിച്ചിരുന്നുവെന്നു പറയാവുന്നതല്ല. ഒരു സർഗ്ഗം നിർമ്മിച്ചു കൌമുദീപത്രാധിപർക്കു് അയച്ചുകൊടുക്കും; അതു മുഴുവനും പ്രസിദ്ധപ്പെടുത്തിക്കണ്ടാൽ അടുത്ത ഭാഗം ഉണ്ടാക്കി അയയ്ക്കും; ഈ ക്രമത്തിലാണു കാവ്യത്തിന്റെ രചന നടന്നുവന്നതു്. എന്നാൽ ഇപ്രകാരമുള്ള ശ്രമം മുടക്കം കൂടാതെ തുടർന്നുപോയില്ലെന്നു പറയേണ്ടിയിരിയ്ക്കുന്നു. ആറു സർഗ്ഗം പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞപ്പോൾ, ശ്രമദൈർഘ്യം വിചാരിച്ചുണ്ടായ വൈരസ്യംകൊണ്ടും, സഹൃദയന്മാർക്കു് ഈ കാവ്യത്തെപ്പററി എന്തു് അഭിപ്രായമായിരിയ്ക്കുമെന്നു അറിയായ്കയാൽ സംഭവിച്ച 'നിരാശ' കൊണ്ടും ഉപരിഭാഗങ്ങൾ നിർമ്മിയ്ക്കുവാൻ എനിയ്ക്കു കൌതുകം തോന്നിയില്ല. അതുനിമിത്തം കൌമുദിയിൽ കുറേക്കാലത്തേക്കു് രാഘവാഭ്യുദയത്തിന്റെ പ്രസിദ്ധീകരണത്തിനു മുടക്കം സംഭവിച്ചു. എന്നാൽ, പിന്നീടു പല സ്നേഹിതന്മാരും കാവ്യത്തിൽ വ്യതീതങ്ങളായ ഭാഗങ്ങളെ അഭിനന്ദിച്ചും,

കഴിയുന്നത്ര വേഗം കാവ്യം മുഴുവനാക്കണമെന്നു താൽപര്യ്യപ്പെട്ടും എനിക്ക് എഴുതിക്കൊണ്ടിരുന്നു. ഈ സങ്ഗതിയെപ്പററി പല സഹൃദയന്മാരും കൌമുദീപത്രാധിപരേയും എഴുത്തുമൂലം ബുദ്ധിമുട്ടിച്ചുകൊണ്ടിരുന്ന വിവരം എനിയ്ക്കു അറിയുവാൻ സാധിച്ചു. ഇതെല്ലാംകൊണ്ട് ഞാൻ ലബ്ധോത്സാഹനായി, കാവ്യം പൂൎത്തിയാക്കുവാൻ യഥാപൂൎവം ശ്രമം തുടങ്ങി. അല്പകാലംകൊണ്ട് ആ ശ്രമം ഫലിയ്ക്കുകയും ചെയ്തു. രാഘവാഭ്യുദയം പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞത് ൧൦൰ (൧൧൦൦) കന്നിമാസത്തിൽ പുറപ്പെട്ട കൌമുദീലക്കത്തിലാകുന്നു. സഹൃദയാഗ്രേസരനും സത്കവിവൎയ്യനും ഭാഷാബന്ധുക്കളിൽ അദ്വിതീയനും ആയ ശ്രീമാൻ പി. വി. കൃഷ്ണവാരിയർ അവർകളിൽ നിന്ന് ഈ കാവ്യത്തെ സംബന്ധിച്ച് എനിയ്ക്കു ലഭിച്ചിരിയ്ക്കുന്ന സഹായം അപരിമിതമെന്നു പറയേണ്ടതാകുന്നു. എഴുതിയയയ്ക്കുന്ന ഭാഗങ്ങൾ സശ്രദ്ധം വായിച്ച് അത്യാവശ്യം വേണ്ട ഭേദഗതികൾ ചെയ്തു പ്രസിദ്ധപ്പെടുത്തിയും, ഇടയ്ക്കിടയ്ക്കു വേണ്ട ഉപദേശങ്ങൾ ചെയ്തും, അഭിനന്ദനങ്ങളെ അറിയിച്ചും ഈ വിശിഷ്ടസുഹൃത്ത് എന്നെ നിരന്തരമായി പ്രോത്സാഹിപ്പിച്ചിട്ടുണ്ടെന്നുള്ള വസ്തുത ഇവിടെ അകൈതവമായ കൃതജ്ഞതയോടുകൂടി പ്രസ്താവിച്ചുകൊള്ളുന്നു. ഈ കാവ്യത്തിൻെറ കാൎയ്യത്തിൽ എന്നെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്ന മററു സ്നേഹിതന്മാരോടും എനിക്ക് അളവററ കൃതജ്ഞതയുണ്ടെന്ന് ഈ സന്ദൎഭത്തിൽ പറയേണ്ടിയിരിയ്ക്കുന്നു.

ഇപ്പോൾ പുസ്തകാകൃതിയിൽ പ്രസിദ്ധപ്പെടുത്തുന്ന രാഘവാഭ്യുദയത്തിൻെറ രൂപത്തിന് കൌമുദിയിൽ ചേൎത്തുകാണുന്നതിൽനിന്നു ചില അംശങ്ങളിൽ വ്യത്യാസം ചെയ്തിട്ടുണ്ട്. ദുൎല്ലഭം ചില ഭാഗങ്ങളിൽ പഴയ അംശങ്ങളെ പൂൎണ്ണമായി ഉപേക്ഷിച്ചിട്ടുണ്ടെന്നും, പുതിയ ഭാഗങ്ങൾ ചേൎത്തിട്ടുണ്ടെന്നും കാണാവുന്നതാകുന്നു. പല പദ്യങ്ങളിലും പദപാഠങ്ങൾക്കു വ്യത്യാസം കാണുവാൻ കഴിയും. കാവ്യാരംഭത്തിലെ ചില സൎഗ്ഗങ്ങൾക്കു സ്ഥാനമാററവും ചെയ്തിട്ടുണ്ട്. ഈവിധം ചെയ്ത മാററങ്ങൾ വായനക്കാൎക്ക് അതൃപ്തിജനകമായിരിയ്ക്കയില്ലെന്നു വിശ്വസിക്കുന്നു.

സംസ്കൃതസാഹിത്യത്തിനു മഹാകാവ്യപ്രസ്ഥാനം എത്രമാത്രം അക്ഷയവും അമൂല്യവും ആയ ഒരു മഹാനിധിയാണെന്നു പറഞ്ഞു് അറിയിക്കാവുന്നതല്ല. ഗൈർവ്വാണിയ്ക്കു് അവളുടെ മഹാകാവ്യവിഭൂഷണങ്ങളെക്കൊണ്ടു് ആഭ്യന്തരമായും സ്ഥൂലമായും സിദ്ധമായിരിക്കുന്ന സൌന്ദര്യാഭിവൃദ്ധിയും ഐശ്വര്യപുഷ്ടിയും ഇതരസാഹിത്യങ്ങൾക്കെല്ലാം അസൂയയെ ജനിപ്പിക്കത്തക്കവിധം അത്രയ്ക്കു് അനുപമവും ദിവ്യവും ആണെന്നു് അനുഭവരസികന്മാരായ പണ്ഡിതന്മാർ സമ്മതിയ്ക്കാതെ നിവൃത്തിയില്ല. രഘുവംശം, കുമാരസംഭവം, മാഘം, നൈഷധീയചരിതം, കിരാതാർജ്ജുനീയം എന്നീ സുപ്രസിദ്ധങ്ങളായ പഞ്ചമഹാകാവ്യങ്ങൾ, മഹാകാവ്യപ്രസ്ഥാനശരീരത്തിലെ പഞ്ചപ്രാണങ്ങളാണെന്നു പറഞ്ഞുവെങ്കിൽ മാത്രമേ അവയുടെ യോഗ്യതാംശം അല്പമെങ്കിലും വ്യക്തമാകുകയുള്ളു. ഈ മഹാകാവ്യദ്വാരമാർഗ്ഗങ്ങളിൽക്കൂടിയല്ലാതെ സംസ്കൃതഭാഷാമണിഹർമ്മ്യത്തിൽ പ്രവേശിച്ചിട്ടുള്ളവർ ഇവയുടെ ആവിർഭാവത്തിനുശേഷം, കാണുകയില്ലെന്നു് ഉറപ്പു പറയാം. അവയ്ക്കു് അത്രയ്ക്കു സ്ഥാനൌന്നത്യവും പ്രചാരാധിക്യവും ഭാരതഖണ്ഡത്തിൽ പഴയകാലത്തു കിട്ടിയിരിയ്ക്കുന്നു. ഇന്നും ആ നിലയ്ക്കു് ഇളക്കം തട്ടിയിട്ടില്ല. പിൽക്കാലത്തു് ഓരോ കവികേസരികൾ ഈ പ്രസ്ഥാനത്തിൽ വിരചിച്ചിരിയ്ക്കുന്ന കാവ്യങ്ങൾ അസംഖ്യങ്ങളാകുന്നു. ശ്രീകൃഷ്ണവിലാസം, ശ്രീകണ്ഠചരിതം, രാഘവപാണ്ഡവീയം, ഹരവിജയം, വിക്രമാങ്കചരിതം, നവസാഹസാങ്കചരിതം, ബാലഭാരതം, നരനാരായണാനന്ദം, ശങ്കരവിജയം, യാദവാഭ്യുദയം, ശിവലീലാർണ്ണവം, ശ്രീരാമചന്ദ്രോദയം, ഹരിവംശസാരചരിതം, പദ്യചൂഡാമണി, ബുദ്ധചരിതം, ജാനകീഹരണം, രാമചരിതം, ഭട്ടികാവ്യം, സേതുബന്ധം മുതലായ അസംഖ്യം മഹാകാവ്യങ്ങളുടെ പേരുകൾ കാവ്യരസികന്മാർക്കു് അല്പവും വിസ്മരിക്കാവുന്നവയല്ല. ഉത്തരനൈഷധം, രാഘവീയം, സുഭദ്രാഹരണം, രാമചരിതം, ശ്രീകൃഷ്ണവിജയം, വിശാഖവിജയം, ആംഗലസാമ്രാജ്യം മുതലായവ കേരളത്തിൽനിന്നു ഗൈർവ്വാണിയ്ക്കു ലഭിച്ചിരിക്കുന്ന സമ്പത്തുകളാണെന്നു് ഈ അവസരത്തിൽ സാഭിമാനം പ്രസ്താവിക്കേണ്ടതാകുന്നു. ഇതാണു മഹാകാവ്യ

പ്രസ്ഥാനംകൊണ്ടു ഗൈർവ്വാണിയ്ക്കു് ഉണ്ടായിരിയ്ക്കുന്ന വൈഭവത്തിൻെറ ഒരു സ്ഥൂലരൂപം.

ഇവിടെ കാണിച്ചവിധം, സംസ്കൃതസാഹിത്യത്തിനു മഹാകാവ്യങ്ങളെക്കൊണ്ടു ലഭിച്ചിരിക്കുന്ന മാഹാത്മ്യം കൈരളിയ്ക്കും ഉണ്ടായിക്കണ്ടാൽ കൊള്ളാമെന്നു് അടുത്ത കാലത്തു ഭാഷാപ്രണയികളായ ചില കവികേസരികൾക്കു് ആഗ്രഹം ജനിയ്ക്കുവാൻ ഇടയായി. ഈ ആഗ്രഹത്തിൻെറ പ്രഥമസന്താനമാകുന്നു മഹാകവിയായ അഴകത്തു പത്മനാഭക്കുറുപ്പിൻെറ രാമചന്ദ്രവിലാസം. അതുവരെ ആരും പ്രവേശിയ്ക്കാതിരുന്ന ഒരു മഹാമാർഗ്ഗത്തിൽ ധൈര്യത്തോടുകൂടി ആദ്യം കാലുവച്ചതു് കുറുപ്പാണെന്നുള്ള വസ്തുത ഇവിടെ സബഹുമാനം പറഞ്ഞുകൊള്ളട്ടെ. പിന്നീടു് കുറുപ്പിനെ അനുഗമിക്കുവാൻ പല കവികളും ഉണ്ടായി. തന്നിമിത്തം സ്വതന്ത്രങ്ങളും സംസ്കൃതത്തിൽനിന്നു ഭാഷപ്പെടുത്തിയവയും ആയി പല മഹാകാവ്യങ്ങളും കൈരളിയ്ക്കു ലഭിച്ചു. ഈ പ്രബന്ധങ്ങളെല്ലാം ഭാഷയ്ക്കു സംസ്കൃതത്തിൻെറ സാത്മ്യവും സൌന്ദര്യവും സമ്പാദിച്ചുകൊടുക്കുന്നവയാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. ഇപ്രകാരം വിചാരിച്ചാൽ ഭാഷയിൽ മഹാകാവ്യപ്രസ്ഥാനത്തിനു തൃപ്തികരമായ വളച്ച കൈവരുവാൻ തുടങ്ങിയിട്ടുണ്ടെന്നു കാണാം.

എന്നാൽ സംസ്കൃതസാഹിത്യത്തെ പുരസ്കരിച്ചു വിചിന്തിയ്ക്കുമ്പോൾ നമ്മുടെ ഈ പ്രസ്ഥാനം അതിൻെറ ശൈശവാവസ്ഥയിൽ സ്ഥിതിചെയ്യുന്നതേയുള്ളുവെന്നു തെളിയാതിരിയ്ക്കയില്ല. അനേകം പ്രബന്ധങ്ങളെ സംസ്കൃതത്തിൽനിന്നു ഭാഷാന്തരം ചെയ്തും, വിവിധങ്ങളായ പ്രസ്ഥാനങ്ങളിൽ കൂടി സ്വതന്ത്രങ്ങളായ ഗ്രന്ഥങ്ങൾ നിർമ്മിച്ചും ഈ പ്രസ്ഥാനത്തിനു് പല പരിഷ്കാരവും വിശാലതയും വരുത്തേണ്ടതു് അത്യാവശ്യമാകുന്നു. ഈ ഉദ്ദേശത്തെ യഥാശക്തി സാധിച്ചാൽ കൊള്ളാമെന്നു് എനിയ്ക്കു് ഉണ്ടായ ആഗ്രഹത്തിൻെറ ഫലമാകുന്നു ഈ രാഘവാഭ്യുദയം.

"ഭാഷയിലുള്ള മഹാകാവ്യശാഖയ്ക്കു വേണ്ടുവോളവും വിശാലതയും അഭിവൃദ്ധിയും ഉണ്ടായി, സംസ്കൃതത്തിലുള്ള

ആ ശാഖയുടെ സാത്മ്യം ലഭിയ്ക്കുന്നതായാൽ കൈരളീപദ്യസാഹിത്യത്തിനു് അതു ശ്രേയസ്കരമാകുമെന്നുള്ള ദൃഢമായ വിശ്വാസമാണു് ഈ കാവ്യരചനയ്ക്കു് എന്നെ പ്രധാനമായി പ്രേരിപ്പിച്ചതു്" എന്നു രഘുവീരവിജയത്തിന്റെ മുഖവുരയിൽ പറഞ്ഞിരിക്കുന്ന ഭാഗം ഇവിടെ ആവർത്തിക്കേണ്ടിയിരിക്കുന്നു. ഈ കാവ്യത്തിൽ സംസ്കൃതമഹാകാവ്യങ്ങളിലെ അംശങ്ങളെ ഞാൻ പലപ്പോഴും അനുകരിച്ചിട്ടുണ്ടു്. ഞാൻ അധികമായി അനുകരിച്ചിരിയ്ക്കുന്നതു് മാഘശ്രീകണ്ഠചരിതാദി മഹാകാവ്യങ്ങളെയാകുന്നു. പ്രഭാതാദിവർണ്ണനങ്ങളിൽ രാഘവാഭ്യുദയത്തിൽ കാണുന്ന ദൈർഘ്യം മാഘമങ്ഖകപ്രസ്ഥാനാനുകരണത്തിന്റെ ഫലമാണെന്നു കാണാം. മഹാകാവ്യസാർവ്വഭൗമനായ നൈഷധീയചരിതത്തോടു് എനിയ്ക്കുള്ള ഭക്തിബഹുമാനങ്ങളെ ഞാൻ അനുകരണംകൊണ്ടു പ്രകാശിപ്പിച്ചിരിയ്ക്കുന്ന ഭാഗങ്ങളും ഉണ്ടു്. രാഘവാഭ്യുദയത്തിനു് സംസ്കൃതമഹാകാവ്യപ്രസ്ഥാനത്തോടു് ഈ വിധമെല്ലാം ദൃഢമായ ഋണബന്ധമുണ്ടെങ്കിലും, ഒരു മഹാകാവ്യത്തിനു് ഉണ്ടായിരിക്കേണ്ട യോഗ്യതയുടെ ശതാംശമെങ്കിലും, അതിനു് ഉണ്ടെന്നു ഞാൻ അഭിമാനിയ്ക്കുന്നതായി വായനക്കാർ തെററിദ്ധരിക്കരുതെന്നു് അപേക്ഷിച്ചുകൊള്ളുന്നു. ഈ കാവ്യത്തിനു് ഏതെങ്കിലും ഒരു വിശിഷ്ടഗുണമുണ്ടെന്നു് എനിയ്ക്കു പൂർണ്ണമായ അഭിമാനവും വിശ്വാസവും ഉണ്ടെങ്കിൽ അതു് മഹാപുരുഷനായകസമാശ്രയദ്വാരാ ഇതിനു ലഭിച്ചിരിക്കുന്ന മാഹാത്മ്യം മാത്രമാകുന്നു.

കാലത്തിന്റെ വിശേഷംകൊണ്ടോ വികൃതികൊണ്ടോ, മഹാകാവ്യപ്രസ്ഥാനത്തെപ്പറ്റി നവീനന്മാരായ പല പണ്ഡിതന്മാരും വിവിധങ്ങളായ ആക്ഷേപങ്ങൾ പുറപ്പെടുവിയ്ക്കുന്നുണ്ടെന്നുള്ള വസ്തുത ഇവിടെ വിസ്മരിയ്ക്കുന്നില്ല. അവരുടെ ആക്ഷേപങ്ങളിൽ അബാലിശങ്ങളായവയെ സംബന്ധിച്ചു് ഞാൻ സാഹിത്യമഞ്ജുഷികയിൽ (൨൮൨—൨൨൯ വശങ്ങൾ) ദീർഘമായി വിചിന്തനം ചെയ്തിട്ടുള്ളതാകുന്നു. ആ ഭാഗം ഇവിടെ ആവർത്തിക്കണമെന്നു വിചാരിയ്ക്കുന്നില്ല. എന്നാൽ നവീനന്മാരുടെ ചില നൂതനവാദങ്ങളെപ്പറ്റി ഇവിടെ അല്പം ചിന്തിക്കേണ്ടതു് അത്യാവശ്യമായിരിയ്ക്കുന്നു.

മഹാകാവ്യങ്ങളുടെ കാലം കഴിഞ്ഞുപോയി എന്നു ചില പണ്ഡിതന്മാർ പറയുന്നു. മഹാകാവ്യമെന്നാൽ സംസ്കൃത സാഹിത്യാചാര്യന്മാരുടെ "നഗരാർണ്ണവശൈലർത്തുചന്ദ്രാർക്കോദയ" വർണ്ണനാദി നിബന്ധനങ്ങൾക്കുൾപ്പെട്ടു നിർമ്മിക്കപ്പെട്ടുന്ന ഒരു കാവ്യമെന്ന് അർത്ഥമാണെങ്കിൽ മാത്രമേ ഈ അഭിപ്രായം ശരിയാകുകയുള്ളുവെന്നു മററു ചിലരുടെ പക്ഷം; ഇവിടെ കാലം കഴിഞ്ഞുവെന്ന അഭിപ്രായത്തിൽ രണ്ടുകൂട്ടരും യോജിക്കുന്നു. മഹാകാവ്യനിർവ്വചനത്തിലാണ് ഇവർക്ക് അഭിപ്രായവ്യത്യാസം. പുരാതനാചാര്യന്മാരുടെ ശാസ്ത്രവിധികൾ അനുസരിച്ചു രചിക്കുന്ന കാവ്യം മഹാകാവ്യം എന്ന് ആദ്യത്തെ കൂട്ടരും, അങ്ങനെയുള്ളതല്ല മഹാകാവ്യം എന്നു രണ്ടാമത്തെ പക്ഷക്കാരും സിദ്ധാന്തിക്കുന്നു. എന്നാൽ രണ്ടാമത്തെ കൂട്ടക്കാർ മഹാകാവ്യത്തിനു ശരിയായ ഒരു നിർവ്വചനം ചെയ്തു കാണുന്നില്ല. പഴയതു ശരിയല്ലെന്നു സിദ്ധാന്തിക്കുന്നതേയുള്ളു. എങ്കിലും ഇവരുടെ അഭിപ്രായം ആകപ്പാടെ പരിശോധിക്കുന്നതായാൽ കാവ്യം എത്ര ചെറിയതാണെങ്കിലും അതു സർവ്വോപരി സഹൃദയാവർജ്ജകമാണെങ്കിൽ മഹാകാവ്യവും തത്കർത്താവ് മഹാകവിയും ആകുന്നു എന്ന അഭിപ്രായം ഗ്രഹിക്കുവാൻ കഴിയും. ചുരുക്കത്തിൽ, ലഘുത്വത്തേയും മഹത്ത്വത്തേയും പററി ആചാര്യന്മാർ ചെയ്തിരിക്കുന്ന വ്യവസ്ഥ നിസ്സാരമെന്നും, സഹൃദയാവർജ്ജകത്വത്തേ സംബന്ധിച്ചു മാത്രമേ വിചാരിക്കേണ്ടതുള്ളു എന്നും ഇവരുടെ അഭിപ്രായത്തിൻെറ സാരം. ഈ അഭിപ്രായങ്ങളെപ്പററി വിമർശിക്കുന്നതിനു മുൻപിൽ പ്രാചീനാചാര്യന്മാർ മഹാകാവ്യത്തിനു വിധിച്ചിരിക്കുന്ന ലക്ഷണം, സ്വഭാവം, ഉദ്ദേശം മുതലായവയെപ്പററി അല്പം ഗഹനമായി ആലോചിക്കേണ്ടിയിരിക്കുന്നു.

കാവ്യാദർശത്തിൽ മഹാകാവ്യസ്വരൂപത്തെ ഇപ്രകാരം വിവരിക്കുന്നു:—

"സർഗ്ഗബന്ധോ മഹാകാവ്യമുച്യതേ തസ്യ ലക്ഷണം
ആശീർന്നമസ്ക്രിയാ വസ്തുനിർദ്ദേശോവാപി തന്മുഖം
ഇതിഹാസകഥോദ്ഭൂതമിതരദ്വാ സദാശ്രയം
ചതുർവ്വർഗ്ഗഫലോപേതം ചതുരോദാത്തനായകം

നഗരാൎണ്ണവശൈലൎത്തുചന്ദ്രാൎക്കോദയവൎണ്ണനൈഃ
ഉദ്യാനസലിലക്രീഡാമധുപാനരതോത്സവൈഃ
വിപ്രലംഭൈൎവ്വിവാഹൈശ്ച കുമാരോദയവൎണ്ണനൈഃ
മന്ത്രദൂതപ്രയാണാജിനായകാഭ്യുദയൈരപി
അലങ്കൃതമസംക്ഷിപ്തം രസഭാവനിരന്തരം
സൎഗ്ഗൈരനതിവിസ്തീൎണ്ണൈഃശ്രാവ്യവൃത്തൈസ്സുസന്ധിഭിഃ
സൎവ്വത്ര ഭിന്നവൃത്താന്തൈരുപേതം ലോകരഞ്ജകം
കാവ്യം കല്പാന്തരസ്ഥായീ ജായേത സദലങ്കൃതി
ന്യൂനമപ്യത്ര യൈഃ കൈശ്ചിദംഗൈഃ കാവ്യം ന ദുഷ്യതി
യദ്യുപാത്തേഷു സംപത്തിരാരാധയതി തദ്വിദഃ."

സാഹിത്യദൎപ്പണത്തിലെ മഹാകാവ്യസ്വരൂപവിവരണവും ഇവിടെ ഉദ്ധരിക്കാം:—

"സൎഗ്ഗബന്ധോ മഹാകാവ്യം തത്രൈകോ നായകഃ സുരഃ
സദ്വംശ്യഃ ക്ഷത്രിയോ വാപി ധീരോദാത്തഗുണാന്വിതഃ
ഏകവംശഭവാഭൂപാഃ കുലജാബഹവോപി വാ
ശൃങ്ഗാരവീരശാന്താനാമേകോങ്ഗീ രസ ഇഷ്യതേ
ഏകവൃത്തമയൈഃ പദ്യൈരവസാനേന്യവൃത്തകൈഃ
നാനാവൃത്തമയഃ ക്വാപി സൎഗ്ഗഃ കശ്ചന ദൃശ്യതേ."

ഇവിടെ കാണിച്ച ശാസ്ത്രങ്ങളുടെ സാരം താഴെ സങ്ഗ്രഹിച്ചു ചേക്കാം. മഹാകാവ്യത്തിൽ സൎഗ്ഗങ്ങളുടെ ബന്ധം ഉണ്ടായിരിക്കണം. ആരംഭത്തിൽ ആശീസ്സു നമസ്ക്രിയ വസ്തുനിൎദ്ദേശം ഇവയിൽ ഒന്ന് യഥോചിതം കല്പിക്കേണ്ടതാകുന്നു. കഥാവസ്തു ഇതിഹാസത്തിൽനിന്നു ഗൃഹീതമോ മററുവിധമുള്ളതോ ആകാം; എന്നാൽ അതു സദാശ്രയമാകണമെന്നു നിൎബന്ധമുണ്ട്. ധൎമ്മാൎത്ഥകാമമോക്ഷങ്ങളാകുന്ന പുരുഷാൎത്ഥങ്ങളുടെ ഗുണദോഷസ്വഭാവങ്ങളേയും ഫലത്തേയും വിവരിക്കേണ്ടതാകുന്നു. ഇങ്ങനെ ചെയ്യില്ലെങ്കിൽ വായനക്കാൎക്കു കൃത്യാകൃത്യജ്ഞാനം ഉണ്ടാകുന്നില്ല. നായകൻ ദേവനോ സദ്വംശ്യരായ ക്ഷത്രിയരോ അഥവാ അനേകം രാജാക്കന്മാരോ ആകാം. എന്നാൽ അവൎക്കു കുലീനത്വം, ധീരോദാത്തത മുതലായ ഗുണങ്ങൾ തികഞ്ഞിരിക്കണം. ശൃങ്ഗാരവീരശാന്ത

ങ്ങളിൽ ഒന്ന് അങ്ഗിരസമായിരിക്കേണ്ടതാകുന്നു. അന്യരസങ്ങളെ അങ്ഗങ്ങളായി കല്പിക്കണം. സൎഗ്ഗങ്ങളിലെ പദ്യങ്ങൾ ഏകവൃത്തങ്ങളാകണം. ഭിന്നവൃത്തങ്ങളായ ശ്ലോകങ്ങൾ സൎഗ്ഗാവസാനത്തിൽ മാത്രമേ പാടുള്ളു. നാനാവൃത്തങ്ങളെക്കൊണ്ടു കല്പിതങ്ങളായ പദ്യങ്ങളോടുകൂടിയ സൎഗ്ഗം ചില കാവ്യങ്ങളിൽ ഉണ്ട്. നഗരം അൎണ്ണവം ശൈലം, ശിശിരം വസന്തം ഗ്രീഷ്മം വൎഷ ശരത്തു ഹിമം എന്ന് ആറ് ഋതുക്കൾ, ചന്ദ്രാൎക്കോദയങ്ങൾ "ഉദ്യാനം ജലക്രീഡ മധുപാനം രതോത്സവം വിപ്രലംഭം വിവാഹം കുമാരോദയം", 'മന്ത്രദ്യൂതപ്രയാണാജിനായകാഭ്യുദയങ്ങൾ' എന്നിവയുടെ വൎണ്ണനങ്ങൾ കാവ്യത്തിൽ അടങ്ങിയിരിക്കണം. വൎണ്ണനങ്ങൾ അധികം ചുരുക്കത്തിലുള്ളവയാകരുത്. വൃത്താന്തങ്ങൾക്കു വിവിധത്വം വേണം. കാവ്യം ലോകരഞ്ജകമാകണം. രസഭാവങ്ങൾക്കു തടവ് അരുത്. അലങ്കാരങ്ങൾക്കു കുറവു പാടില്ല.

മഹാകാവ്യത്തിൽ എട്ടിൽ കുറയായെയും മുപ്പതിൽ കൂടാതെയും സൎഗ്ഗങ്ങൾ ഉണ്ടായിരിക്കണം.

ഇവിടെ പറഞ്ഞവിധം അങ്ഗങ്ങളോടുകൂടിയ ഒരു പ്രബന്ധത്തെ മഹാകാവ്യം എന്നു പറയുന്നു. ഇവയിൽ അപ്രധാനങ്ങളായ ചിലവയ്ക്കു കുറവു സംഭവിച്ചാലും കാവ്യഹാനി നേരിടുന്നില്ല. ഇപ്രകാരമുള്ള ഒരു മഹാകാവ്യമാണ് ആചാൎയ്യന്മാർ പറയുന്ന വിധം കല്പാന്തരസ്ഥായിയായിബ്ഭവിക്കുന്നത്.

മുൻപു കാണിച്ച പൂൎവ്വാചാൎയ്യന്മാരുടെ വിവരണത്തിൽ നിന്നു നാം മനസ്സിലാക്കേണ്ടതും ഏററവും പ്രധാനവും ആയ സങ്ഗതി, സൂക്ഷ്മങ്ങളും സ്ഥൂലങ്ങളും ആയ അനേകം മഹാധൎമ്മങ്ങളെ ആശ്രയിച്ചാണ് ഒരു കൃതിയുടെ മഹാകാവ്യത്വം നിലനില്ക്കുന്നതെന്നുള്ളതാകുന്നു. ചുരുക്കത്തിൽ കാവ്യത്തിൻെറ പ്രകൃതിയ്ക്കും ആകൃതിയ്ക്കും മഹത്ത്വം ഉണ്ടായിരിക്കണമെന്നു തന്നെ മുൻപു കാണിച്ച ശാസ്ത്രത്തിൻെറ സാരം. ഈ മഹത്ത്വം ലഭിക്കുന്നതിനുള്ള മാൎഗ്ഗങ്ങളെയാണ് അങ്ഗങ്ങൾ കൊണ്ടു നിൎദ്ദേശിച്ചിരിക്കുന്നത്.

ഈ സന്ദർഭത്തിൽ ഇവിടെ കാണിച്ച ധർമ്മങ്ങളെപ്പററി അല്പം വിശാലമായി വിചിന്തിക്കേണ്ടതു് ആവശ്യമായിരിക്കുന്നു.

മുൻപു കാണിച്ച വിവരണത്തിൽനിന്നു് (൧) സൂക്ഷ്മം (ആത്മീയം) (൨) സ്ഥൂലം (൩) രചനയെ സംബന്ധിക്കുന്നതു് എന്നു മൂന്നുവിധം ധർമ്മങ്ങൾ മഹാകാവ്യത്തിനുണ്ടെന്നു ഗ്രഹിക്കണം. ചതുർവ്വർഗ്ഗഫലോപേതത്വം, നായകന്റെ കുലീനതാദിയോഗ്യതകൾ, രസം, ഇതിവൃത്തത്തിന്റെ സദാശ്രയത്വം എന്നിവ ഒന്നാമത്തെ ഭാഗത്തിൽ ഉൾപ്പെടുന്ന ധർമ്മങ്ങളാകുന്നു. നഗരാർണ്ണവശൈലാദിവർണ്ണനം, വൃത്താന്തവിവിധത മുതലായവയെ സ്ഥൂലധർമ്മങ്ങളായി ഗണിക്കാം. സർഗ്ഗം, വൃത്തം മുതലായവയേ സംബന്ധിക്കുന്ന വിധികൾ മൂന്നാമത്തെ ഭാഗത്തിൽ ഉൾപ്പെടുന്നു.

ഇവിടെ പറഞ്ഞ മൂന്നുവിധം ധർമ്മങ്ങളിൽ ഒന്നാമത്തതിനു പ്രാധാന്യം കൂടുന്നു. നമുക്കു ജ്ഞേയങ്ങളായ അനേകം വിഷയങ്ങൾ ഉണ്ടു്. അവയിൽ ധർമ്മാർത്ഥകാമമോക്ഷങ്ങൾ മുഖ്യങ്ങളാകുന്നു. ഇവയുടെ സമ്പാദനംകൊണ്ടു മാത്രമാണു മനുഷ്യർക്കു ജീവിതസാഫല്യം ലഭിക്കുന്നതു്. അതുകൊണ്ടു് ഇവയെ പുരുഷാർത്ഥങ്ങൾ എന്നു പറയുന്നു. ഇവയുടെയെല്ലാം ഗുണദോഷസ്വഭാവവിവരണം ഒരു മഹാകാവ്യത്തിൽ ചെയ്യാവുന്നതല്ല. എങ്കിലും പുരുഷാർത്ഥങ്ങളേ സംബന്ധിച്ചു് ഒരു സാമാന്യജ്ഞാനമെങ്കിലും വായനക്കാർക്കു പ്രദാനം ചെയ്യുവാൻ വേണ്ട ശക്തി മഹാകാവ്യത്തിനുണ്ടായിരിക്കണമെന്നതു് നിർവ്വിവാദമാകുന്നു. രഘുവംശത്തിൽ ദിലീപൻ, രഘു, അതിഥി മുതലായ രാജാക്കന്മാരെ വർണ്ണിച്ചിരിക്കുന്ന ഭാഗങ്ങളിൽ ധർമ്മം, അർത്ഥം എന്നീ ശാസ്ത്രങ്ങളേ സംബന്ധിക്കുന്ന അസംഖ്യംമഹാതത്ത്വങ്ങൾ അടങ്ങിയിട്ടുണ്ടു്. അഗ്നിവർണ്ണന്റെ ശൃങ്ഗാരത്തെ വർണ്ണിച്ചിരിക്കുന്ന ഭാഗത്തിൽ കാമശാസ്ത്രത്തിന്റേയും രഘുവിന്റെ സംന്യാസാശ്രമപ്രാപ്തിയെ വർണ്ണിക്കുന്ന അംശത്തിൽ മോക്ഷത്തിന്റേയും രഹസ്യങ്ങളെ വിവരിച്ചിരിക്കുന്നു. ഇതുപോലെ പല ഭാഗങ്ങളും കിരാതാർജ്ജുനീയം, നൈഷധീയചരിതം, മാഘം മുതലായ മഹാകാവ്യങ്ങളിലും കാണുവാൻ കഴിയും. ഭിന്നരൂപങ്ങളിലായിരിയ്ക്കും തത്ത്വ

വിചാരം ചെയ്തിരിക്കുന്നത് എന്നു മാത്രമേ വ്യത്യാസം ഉണ്ടായിരിക്കുകയുള്ളു. ഇവയിൽനിന്നെല്ലാം പലതും ഗ്രഹിയ്ക്കുവാനും അനുഷ്ഠിയ്ക്കുവാനും ഉണ്ട്. ഈ മാതിരി ഭാഗങ്ങൾ ഉള്ളതുകൊണ്ടാണു മഹാകാവ്യപരിശീലനം ഉഭയലോകശ്രേയസ്സിദ്ധിയ്ക്ക് ഒരു വിശിഷ്ടമാൎഗ്ഗമായിബ്ഭവിക്കുന്നത്. കാവ്യം 'ചതുർവ്വൎഗ്ഗഫലോപേതം' ആയിരിക്കണമെന്നു വിധിച്ചിരിയ്ക്കുന്നത് ഈ ഉദ്ദേശത്തെ കരുതിയാകുന്നു. കുലീനതാദിഗുണോല്ബണന്മാരായിരിക്കുന്ന നായകന്മാരെ കല്പിക്കുന്നതുകൊണ്ട്, അപ്രകാരമുള്ള കാവ്യങ്ങൾക്കു ധൎമ്മങ്ങളെ വിവരിച്ചു കാണിക്കുവാൻ കൂടുതൽ സൌകൎയ്യം ലഭിക്കുന്നു. ദിലീപാദിരാജാക്കന്മാരെ കഥാനായകന്മാരായി ഗ്രഹിച്ചതുകൊണ്ട് അവരുടെ സ്വഭാവാദിഗുണവൎണ്ണനവ്യാജേന പല ഗംഭീരതത്വങ്ങളും ലോകത്തിനു് ഉപദേശിക്കുവാൻ രഘുവംശത്തിനു സാധിച്ചു. സത്യം, ദാനം, തപസ്സ്, യോഗം, ധൎമ്മം, അൎത്ഥം, കാമം, ആചാരം, ജ്ഞാനം മുതലായ അനേകം വിഷയങ്ങളെക്കുറിച്ചു രഘുവംശം പഠിപ്പിക്കുന്ന ഗംഭീരതത്വങ്ങൾക്ക് അതിരില്ല. മഹാകവി, നായകമുഖേനയാണ് ഈ വക തത്വങ്ങളെ പ്രകാശിപ്പിച്ചിരിക്കുന്നത്. ഇതാണു കുലീനതാദിഗുണഭൂയിഷ്ഠന്മാരായ നായകന്മാരെ സ്വീകരിക്കുന്നതുകൊണ്ട് ഉണ്ടാകുന്ന ഗുണം. പ്രബന്ധങ്ങളിൽ മഹാപുരുഷന്മാരെ നായകന്മാരായി സ്വീകരിക്കുന്നതിനു് പൌരസ്ത്യകവികൾക്ക് അന്യാദൃശമായ ഒരു ശ്രദ്ധയുണ്ട്. മുൻപു കാണിച്ചതുതന്നെ ഈ ശ്രദ്ധയുടെ മൂലോദ്ദേശം.

"കോന്വസ്മിൻ സാമ്പ്രതം ലോകേ
ഗുണവാൻ കശ്ച വീൎയ്യവാൻ
ധൎമ്മജ്ഞശ്ച കൃതജ്ഞശ്ച
സത്യവാക്യോ ദൃഢവ്രതഃ."

(വാല്മീകിരാമായണം—സൎഗ്ഗം ൧.)

എന്നു തുടങ്ങി ശ്രീവാല്മീകി നാരദമഹൎഷിയോടു ചെയ്ത പ്രശ്നം ചിന്താശീലന്മാരുടെ ദൃഷ്ടിയിൽ അത്യന്തം അൎത്ഥവത്തായി കാണാവുന്നതാകുന്നു.

ഒരു മഹാകാവ്യം വലിയ പ്രബന്ധമാകുന്നു. അതിന്റെ ആദിമുതൽ അവസാനംവരെ ഒരേ രസം മാത്രമായാൽ വായ

നക്കാക്ക് മനസ്സു മടുക്കുവാൻ ഇടയുണ്ട്. അതുകൊണ്ടു് പ്രധാന രസത്തിനു ഹാനി തട്ടാതെ മററു രസങ്ങളെ എല്ലാം അംഗങ്ങളായി അതിൽ കല്പിക്കണം. മഹാകാവ്യങ്ങളിൽ എല്ലാം പ്രാധാന്യം അനുസരിച്ചു യഥോചിതം എല്ലാ രസങ്ങളേയും നിബന്ധിച്ചിരിയ്ക്കുന്നതു കാണുവാൻ കഴിയും.

നഗരാണ്ണവശൈലാദിവണ്ണനം മഹാകാവ്യത്തിൻെറ സ്ഥൂലധമ്മമാകുന്നുവെന്നു മുൻപു പറഞ്ഞുവല്ലോ. ഇതുകൊണ്ടു ചില ഉദ്ദേശങ്ങൾ സാധിക്കേണ്ടതുണ്ട്. ഉചിതമായ ഗാത്രപുഷ്ടിയുണ്ടാകുക, വിവിധങ്ങളായ ദേശങ്ങൾ ഭൂമികൾ, വിശേഷസന്ദൎഭങ്ങളിൽ മനുഷ്യക്ക് ഉണ്ടാകുന്ന അവസ്ഥകൾ, പ്രകൃതിവികാരങ്ങൾ മുതലായവയെ വണ്ണിച്ചു കാവ്യത്തിൻെറ രമണീയതയെ വദ്ധിപ്പിക്കുക എന്നിവ ആ ഉദ്ദേശങ്ങളിൽ ഏററവും പ്രധാനങ്ങളാകുന്നു. പലവിധമുള്ള ലോകസ്വഭാവങ്ങൾ, പ്രകൃതിധമ്മരഹസ്യങ്ങൾ മുതലായവ ഈവിധമുള്ള വണ്ണനങ്ങളിൽ നിന്നു വായനക്കാക്ക് ഗ്രഹിക്കുവാൻ കഴിയും. കവികൾ പ്രായേണ പ്രകൃതിവണ്ണനാരസികന്മാരായിട്ടാണല്ലോ കാണപ്പെടുന്നതു്. പ്രതിഭാസമ്പന്നന്മാരും രസികാഗ്രേസരന്മാരും ആയ മഹാകവികളുടെ ഹൃദയം പ്രകൃതിവിശേഷങ്ങളിൽ പതിഞ്ഞാൽ അവിടെനിന്ന് അതിനെ എളുപ്പം പിൻവലിക്കുവാൻ അവക്കുതന്നെ കഴിയുന്നില്ല. മാഘം, നൈഷധം, ശ്രീകണ്ഠചരിതം മുതലായ മഹാകാവ്യങ്ങളിലെ വിവിധങ്ങളായ പ്രകൃതിവണ്ണനങ്ങൾ (ശൈലം നഗരം സന്ധ്യ മുതലായവയെപ്പററി ചെയ്തിരിക്കുന്നവ) ഈ തത്ത്വത്തെയാണു വെളിവാക്കുന്നതു്. ആവക വണ്ണനങ്ങൾ മഹാകാവ്യങ്ങൾക്കു മേന്മയെ വർദ്ധിപ്പിക്കുന്നവയാണെന്നു സഹൃദയന്മാർ സമ്മതിക്കാതിരിക്കയില്ല. സവ്വഥാ, നഗരാണ്ണവാദിവണ്ണനം മഹാകാവ്യത്തിൽ അത്യാവശ്യം എന്നുതന്നെ പറയണം.

എട്ടിൽ കുറയാതേയും മുപ്പതിൽ കൂടാതേയും യഥോചിതം സഗ്ഗങ്ങളെ നിബന്ധിക്കുക, സഗ്ഗങ്ങളിലെ പദ്യങ്ങൾ ഏകവൃത്തങ്ങളായും ഒടുവിൽ ഭിന്നവൃത്തങ്ങളായും ഇരിയ്ക്കുക, നാനാവൃത്താത്മകമായി ഒരു സഗ്ഗം കല്പിക്കുക, എന്നിവ

യെല്ലാം രചനയേ സംബന്ധിയ്ക്കുന്ന ധൎമ്മങ്ങളാകുന്നു. മററു ശാഖകളിൽനിന്നു മഹാകാവ്യശാഖയ്ക്കു സ്ഥൂലമായ ഒരു പ്രത്യേകതയെ കല്പിക്കുന്നവയാകുന്നു ഈ ധൎമ്മങ്ങൾ.

ഇവിടെ കാണിച്ച മൂന്നുവിധം ധൎമ്മങ്ങളുടേയും സമ്മേളനംകൊണ്ടു് ഒരു പ്രബന്ധം മഹാകാവ്യമായിബ്ഭവിയ്ക്കുന്നു. ഈ ധൎമ്മങ്ങൾ പലതും മററു കാവ്യശാഖകളിൽ കാണുവാൻ കഴിയും; നിശ്ചയം തന്നെ. എന്നാൽ അവ മഹാകാവ്യത്തിൽ എന്നപോലെ അത്ര വിപുലവും വിവിധവും ഏറെക്കുറെ സമഗ്രവും ആയി മറെറാരു ശാഖയ്ക്കും ഉണ്ടായിരിയ്ക്കുകയില്ല. ഇവിടെയാണു മഹാകാവ്യങ്ങളും അന്യപ്രബന്ധങ്ങളും തമ്മിൽ ഉള്ള വ്യത്യാസത്തിൻെറ ജീവൻ നിലനില്ക്കുന്നതു്.

മഹാകാവ്യം ഒരു ലോകമാകുന്നു. അതിൽ, ഷഡ്ഋതുക്കൾ, സൂൎയ്യചന്ദ്രോദയാസ്തമയങ്ങൾ, നഗരഗ്രാമങ്ങൾ, ശൈലാൎണ്ണവങ്ങൾ, ഹൎമ്മ്യങ്ങൾ, ഉദ്യാനങ്ങൾ, സരസ്സുകൾ, വനങ്ങൾ, വിവിധസ്വഭാവത്തോടുകൂടിയ ജനങ്ങൾ, ധൎമ്മാധൎമ്മനിരൂപണങ്ങൾ, നവരസങ്ങൾ, അലങ്കാരങ്ങൾ, ചിത്രങ്ങൾ, ഭിന്നങ്ങളായ ലോകധൎമ്മങ്ങൾ, മനോവികാരങ്ങൾ, ജനനം, മരണം, (വിവാഹം, അഭിഷേകം മുതലായ) ഉത്സവങ്ങൾ, ഇഷ്ടജനവിയോഗം, ബന്ധുസമാഗമം, സുഖം, ദുഃഖം, ഉത്തമന്മാരായ രാജാക്കന്മാർ ചപലന്മാരും വിടന്മാരും ആയവർ, എന്നിങ്ങനെ ലോകത്തിൽ കാണുന്ന എല്ലാം ഉണ്ടായിരിക്കും. രഘുവംശത്തെ തന്നെ ഉദാഹരണത്തിനു് എടുക്കാം. ഒരിടത്തു് ഇന്ദുമതിയുടെ സ്വയംവരം, മറെറാരിടത്തു മരണം; ഒരിടത്തു രഘുവിൻെറ സംന്യാസം; മറെറാരിടത്തു് അഗ്നിവൎണ്ണൻെറ കാമചാപല്യം; ഒരിടത്തു വസന്തം; മറെറാരിടത്തു വേനൽ; ഒരിടത്തു് ആശ്രമം; മറെറാരിടത്തു നഗരം; ഒരിടത്തു ശാന്തം മറെറാരിടത്തു വീരം; എന്നിങ്ങനെ ലോകത്തിൽ കാണുന്ന വിവിധങ്ങളായ അവസ്ഥകളും രഘുവംശത്തിൽ അടങ്ങിയിട്ടുണ്ടെന്നു കാണുവാൻ ക്ലേശമില്ല. മററു മഹാകാവ്യങ്ങളുടെ സ്ഥിതിയും ഇതുതന്നെയാകുന്നു. അതുകൊണ്ടു് ഉത്തമമായ ഒരു മഹാകാവ്യത്തെ ഒരു ലോകത്തോടു് ഉപമിയ്ക്കുന്നതിൽ തെററില്ല.

അപാരേ കാവ്യസംസാരേ
കവിരേവ പ്രജാപതിഃ

എന്ന കവിവാക്യം മഹാകാവ്യലോകകൎത്താക്കളായ വേധസ്സുകളേ സംബന്ധിച്ച് അൎത്ഥവത്തുതന്നെയാകുന്നു.

പദ്യസാഹിത്യത്തിന്റെ ഏതു് അംശത്തിലുള്ള രമണീയതയും ഉണ്ടായിരിക്കുമെന്നതു മഹാകാവ്യത്തിന്റെ മറെറാരു യോഗ്യതയാകുന്നു. ശൃംഗാരാദിരസങ്ങൾ, ഉപമാദ്യൎത്ഥാലങ്കാരങ്ങൾ, യമകപ്രാസാദി ശബ്ദാലങ്കാരങ്ങൾ, വൈദൎഭ്യാദിരീതികൾ, പദ്മാദിബന്ധങ്ങൾ, ഏകദ്വ്യക്ഷരാദികല്പിതപദ്യചിത്രങ്ങൾ, രാജഃപ്രസാദാദിഗുണങ്ങൾ, ദ്രാക്ഷാദിപാകങ്ങൾ എന്നിങ്ങനെ പദ്യസാഹിത്യത്തിനുള്ള സൎവ്വധൎമ്മങ്ങളും മഹാകാവ്യത്തിൽ ഉണ്ടായിരിക്കും. ലഘുകാവ്യത്തിൽ മാത്രം അഭിരുചിയുള്ള ഒരാൾക്ക് ഒരു മഹാകാവ്യത്തിൽനിന്ന് അസംഖ്യം ലഘുകാവ്യങ്ങൾ വായിച്ചു രസിക്കുവാൻ കഴിയും. മഹാകാവ്യങ്ങളിൽ നഗരാൎണ്ണവശൈലാദികളെപ്പററി ചെയ്തിരിയ്ക്കുന്ന ഓരോ വൎണ്ണനത്തേയും സ്വതന്ത്രയിഷ്ടമായ ഓരോ ലഘുകാവ്യമായി ഗണിക്കാം. ലഘുകാവ്യപ്രിയന്, ഈ വക ഭാഗങ്ങൾ മാത്രം നോക്കി രസിയ്ക്കുവാൻ സാധിക്കുന്നതാണ്. ഇപ്രകാരം ഭിന്നരുചിക്കാരായ സഹൃദയന്മാൎക്കെല്ലാം ഒരുപോലെ ആനന്ദപ്രദമായ ഒരു പ്രസ്ഥാനം മഹാകാവ്യത്തിന്റേതു മാത്രമാകുന്നു. ഓരോ തരക്കാൎക്കും രുചികരങ്ങളായ ഭാഗങ്ങൾ മഹാകാവ്യത്തിൽ സുലഭങ്ങളായിരിക്കും.

ഇവിടെ പറഞ്ഞ വിധം യോഗ്യതകളോടുകൂടിയ ഒരു മഹാകാവ്യവും, തൽകൎത്താവിന്റെ യശസ്സും ലോകത്തിൽ അനശ്വരമായിബ്ഭവിക്കുമെന്നതിനു സംശയമില്ല.

"യാവൽസ്ഥാസ്യന്തി ഗിരയഃ സരിതശ്ച മഹീതലേ
താവദ്രാമായണകഥാ ലോകേഷു പ്രചരിഷ്യതി
യാവദ്രാമസ്യ ച കഥാ ത്വൽകൃതാ പ്രചരിഷ്യതി
താവദൂൎദ്ധ്വമധശ്ച ത്വം മല്ലോകേഷു നിവത്സ്യസി."

(വാല്മീകിരാമായണം—സൎഗ്ഗം ൨.)

എന്ന കവിവാക്യത്തിൽനിന്ന് ഈ തത്ത്വം മനസ്സിലാക്കാം; അത്രയുമല്ല, ഒരു ഉത്തമമഹാകാവ്യകർത്താവിനു ബ്രഹ്മപദപ്രാപ്തി ലഭിക്കുമെന്നുകൂടി മനസ്സിലാക്കേണ്ടതാകുന്നു. വാല്മീകിരാമായണം, ഭാരതം, ഭാഗവതം മുതലായ മഹാപ്രബന്ധങ്ങളുടേയും തത്കർത്താക്കന്മാരുടേയും സ്ഥിതി ഈ കവിവാക്യത്തിന്റെ സാധുത്വത്തെ തെളിയിക്കുന്നു. എന്നാൽ ഇപ്രകാരമുള്ള കവികളുടേയും പ്രബന്ധങ്ങളുടേയും സംഖ്യ ലോകത്തിൽ എവിടെയും വളരെ ചെറിയതായിരിക്കും.

ഇത്രയും പ്രസ്താവിച്ചതിൽനിന്നു പൂർവ്വാചാര്യന്മാരുടെ നിയമങ്ങൾ അനുസരിച്ചു നിർമ്മിക്കപ്പെടുന്ന പ്രബന്ധങ്ങൾക്കാണു യഥാർത്ഥത്തിൽ മഹാകാവ്യമായിബ്ഭവിക്കുവാനുള്ള യോഗ്യത ലഭിക്കുന്നതെന്നു നിസ്സംശയം തെളിഞ്ഞിരിക്കുമെന്നു വിശ്വസിക്കുന്നു. അന്യകാവ്യങ്ങളെ മഹാകാവ്യങ്ങൾ എന്നു പറയുന്നതു ശാസ്ത്രദൃഷ്ട്യാ ശരിയല്ല. അങ്ങനെയുള്ള വ്യവഹാരത്തെ കേവലം ഔപചാരികമായിട്ടേ ഗണിക്കേണ്ടതുള്ളു.

ഇന്നു ഭാഷയിൽ മഹാകാവ്യങ്ങളെക്കാൾ ലഘുകാവ്യങ്ങൾ ആദരണീയങ്ങളാണെന്നുള്ള നില ഏറെക്കുറെ സംഭവിച്ചിട്ടുണ്ട്. അതുകൊണ്ട് ഈ സന്ദർഭത്തിൽ ലഘുകാവ്യത്തെക്കുറിച്ചുകൂടി രണ്ടു വാക്കു പറയേണ്ടിയിരിക്കുന്നു. മഹാകാവ്യത്തിന്റേതിൽനിന്ന് അത്യന്തം താഴ്ന്നതും ഭിന്നവും ആണ് ലഘുകാവ്യത്തിന്റെ നില. ഒന്നോ രണ്ടോ സർഗ്ഗമുണ്ടെങ്കിൽ ഒരു ലഘുകാവ്യമായി; ഇന്നത്തെ സ്ഥിതിക്ക് ഈ സർഗ്ഗകല്പനാക്ലേശവും ആവശ്യമില്ല. കേക, മഞ്ജരി മുതലായ ദ്രാവിഡവൃത്തങ്ങളിലോ 'ലഘുപദി' 'ഗീതകം' എന്നിപ്രകാരമുള്ള നൂതനപ്രസ്ഥാനങ്ങളിലോ പത്തോ, പതിനഞ്ചോ വരികൾ എഴുതിയാൽ അതു ലഘുകാവ്യമാകും. ഈവിധമുള്ള തുണ്ടു കവിതകൾക്കാണ് ഇന്നു നമ്മുടെ പദ്യസാഹിത്യലോകത്തിൽ അമിതമായ പ്രചാരം ലഭിച്ചിരിക്കുന്നത്. കാവ്യത്തിന്റേയോ അഥവാ മഹാകാവ്യത്തിന്റേയോ ഗുണാംശങ്ങൾ പലതും ഒരു ലഘുകാവ്യത്തിൽ ഉണ്ടായേക്കാം. എന്നാൽ അവ അത്യന്തം പരിമിതങ്ങളായിരിക്കുമെന്നതിനു സംശയമില്ല. ഈ പരിമിതത്വത്തെ ആസ്പദമാക്കി ലഘുകാവ്യ

ത്തിൻെറ ലഘുത്വം നിലനില്ക്കുന്നു. ഇതാണ് ലഘുകാവ്യത്തിൻെറ രൂപം. ലഘുകാവ്യങ്ങളേയും മഹാകാവ്യങ്ങളേയും പററി, ചിന്താശീലനും പണ്ഡിതവര്യനും ആയ കേ. സി. വീരരായൻ രാജാ (ബി. ഏ. എൽ. ടി.) അവർകൾ ഒരു സന്ദൎഭത്തിൽ പ്രസ്താവിച്ചിരിക്കുന്ന അഭിപ്രായം ഇവിടെ ഉദ്ധരിക്കുന്നതു യുക്തമായിരിക്കുമെന്നു വിശ്വസിക്കുന്നു.* "ഇനിയൊന്നിവിടെ പറയുവാനുള്ളതു ഖണ്ഡകാവ്യങ്ങൾക്കിയ്യിടെ കിട്ടിയിട്ടുള്ള പ്രാധാന്യത്തെപ്പററിയാകുന്നു. മഹാകാവ്യത്തെക്കാൾ അധികം പ്രാധാന്യം ഖണ്ഡകാവ്യത്തിനുണ്ടെന്നു ഗൌരവത്തോടുകൂടി പറഞ്ഞുകേൾക്കുമ്പോൾത്തന്നെ എനിക്ക് അൽഭുതമാണു തോന്നുന്നതു്. മഹാകാവ്യത്തിന്റേയും ഖണ്ഡകാവ്യത്തിൻെറയും സ്വഭാവമൊന്നാലോചിച്ചുനോക്കിയാൽ തന്നെ ഇതിൻെറ രണ്ടിൻെറയും ഗുണതാരതമ്യത്തെക്കുറിച്ചു തൎക്കം യാതൊന്നുമുണ്ടാവാൻ തരമില്ലാതാവും. മഹത്തായിരിക്കുന്നൊരിതിവൃത്തത്തെ മഹത്താകുംവണ്ണം വൎണ്ണിക്കുന്നതാകുന്നു മഹാകാവ്യം. ഇതിവൃത്തത്തിനും വൎണ്ണനയ്ക്കും മഹത്ത്വം കിട്ടുവാനുള്ള ഉപായങ്ങളെയാണു പൂൎവ്വാചാൎയ്യന്മാർ അലങ്കാരഗ്രന്ഥങ്ങളിൽ വിവരിച്ചിരിക്കുന്നതു്. മഹത്ത്വം വേണമെങ്കിൽ ഗാത്രവലുപ്പംകൂടി ആവശ്യമാണെന്നുള്ള നിലയ്ക്കു് അതിനുള്ളുപായമാക്കിയിട്ടാണു നഗരാൎണ്ണവാദികളെ കുറെയൊക്കെ എണ്ണിപ്പറഞ്ഞിരിക്കുന്നതു്. ഈ പലവക വൎണ്ണ്യങ്ങളുടെ ഗണനയിൽ എല്ലാ ആലങ്കാരികന്മാരും ഒരുപോലെയല്ല പറഞ്ഞിരിക്കുന്നതും. പ്രകൃതത്തിനു യോജിപ്പുള്ളതെല്ലാം വൎണ്ണിക്കാം എന്നേ അതിന് അൎത്ഥമുള്ളുതാനും. അല്ലാതെ ഇന്നിന്നതൊക്കെ വൎണ്ണിച്ചുകൊള്ളണമെന്നൊരു സങ്കേതമുറപ്പിച്ചിരിക്കയല്ല. ഒരു മഹാകാവ്യത്തിൽ പറയുന്ന ഏതെങ്കിലുമൊരു സങ്ഗതിയെടുത്തു് അതിനെപ്പറ്റി ഒരെട്ടോ പത്തോ അല്ലെങ്കിൽ എമ്പതോ നൂറോ ശ്ലോകമുണ്ടാക്കിയിട്ടു് അതൊരു ഖണ്ഡകാവ്യമായി എന്നു പറഞ്ഞാൽ തെററിപ്പോകയില്ല. ഉമാകേരളംപോലെയുള്ളൊരു മഹാകാവ്യമെടുത്തു വേണമെങ്കിൽ ഒരു നൂറു ഖണ്ഡകാവ്യമായി മുറിക്കാം. ആ കവി

---

* കൈരളീവിഹാരം (കോഴിക്കോട്ടു വച്ചു നടന്ന സാഹിത്യപരിഷത്തിൻെറ റിപ്പോർട്ടു്) വശം ൧൱൩-൧൱൯.

യുടെ തന്നെ തരങ്ഗിണി അല്ലെങ്കിൽ ചിത്രശാല അല്ലെങ്കിൽ ഇതു രണ്ടുംകൂടികെട്ടിയൊരു പുസ്തകം ഒരു മഹാകാവ്യമാകുന്നതുമല്ല. അതുകൊണ്ടു് ഖണ്ഡകാവ്യത്തിന്നു മഹാകാവ്യത്തെക്കാൾ അധികം ഒരു പ്രാധാന്യം കൊടുക്കാൻ പാടുള്ളതല്ല. നല്ലൊരു മഹാകാവ്യമുണ്ടാക്കാൻ സാധിച്ചിട്ടുള്ളൊരു മഹാകവിയ്ക്കു ഖണ്ഡകാവ്യങ്ങളുണ്ടാക്കാൻ പ്രയാസമാണെന്നു വരുകയുമില്ല." വീരരായൻരാജാവു് അവർകളുടെ യുക്തിയുക്തമായ ഈ അഭിപ്രായം ഖണ്ഡകാവ്യപ്രാധാന്യവാദികളുടെ സിദ്ധാന്തങ്ങൾക്കു് അഖണ്ഡനീയമായ ഒരു സമാധാനമായിരിക്കുന്നു. ഇപ്രകാരം വിചാരിച്ചാൽ ലഘുകാവ്യങ്ങൾക്കും മഹാകാവ്യങ്ങൾക്കും തമ്മിൽ അജഗജാന്തരം ഉണ്ടെന്നു തെളിയുന്നതാണു്.

ഇനി, മുൻപു കാണിച്ച നവീനന്മാരുടെ വാദങ്ങളെപ്പററി പര്യാലോചിക്കാം. ഇതുവരെ ചെയ്ത വിമൎശനത്തിൽ നിന്നു നവീനന്മാരുടെ ചില പ്രധാനവാദങ്ങൾ ഖണ്ഡിതങ്ങളായിട്ടുണ്ടെന്നാണു് എൻെറ വിശ്വാസം. അങ്ങനെയല്ലാത്തവയെപ്പററിയാണു് രണ്ടു വാക്കു പറയുവാനുള്ളതു്.

മഹാകാവ്യങ്ങളുടെ കാലം കഴിഞ്ഞു എന്ന അഭിപ്രായത്തിൽ ഒരു വാസ്തവകണികാസ്പൎശം ഉണ്ടു്. എന്നാൽ അതു് അൎഹിക്കുന്നതിൽ കൂടുതൽ അൎത്ഥം അനുവദിക്കാവുന്നതല്ല. 'ധൎമ്മത്തിൻെറ കാലം കഴിഞ്ഞു' 'സത്യത്തിൻെറ കാലം കഴിഞ്ഞു' എന്നെല്ലാം വൃദ്ധന്മാർ പറഞ്ഞുകേൾക്കാറുണ്ടല്ലോ. അതുപോലെ 'മതത്തിൻെറ കാലം കഴിഞ്ഞു', 'ഈശ്വരൻെറ കാലം കഴിഞ്ഞു' എന്നും മററും ചില സമുദായപരിഷ്കാരികൾ പറയുന്നതും കേൾക്കാം. ഈ അഭിപ്രായങ്ങൾക്കു് അനുഭവത്തിൽ എത്രമാത്രം അൎത്ഥമുണ്ടോ അതിൽ കൂടുതലായ അൎത്ഥം 'മഹാകാവ്യങ്ങളുടെ കാലം കഴിഞ്ഞു'വെന്നു പറയുന്നതിനും ഇല്ല. ഇക്കാലത്തും സംസ്കൃതത്തിലും ഭാഷയിലും മഹാകാവ്യങ്ങൾ ഉണ്ടാകുകയും അവയെ സഹൃദയന്മാർ ആദരിയ്ക്കുകയും ചെയ്യാറുണ്ടെന്നുള്ളതിന്നു തെളിവു ആവശ്യമില്ലെന്നു വിശ്വസിക്കുന്നു. എന്നാൽ സാഹിത്യാന്തരീക്ഷത്തിൽ ലഘുകാവ്യപതഗങ്ങളുടെയെന്നപോലെ മഹാകാവ്യഗരുഡ

ന്മാരുടെ സഞ്ചാരം അത്ര സുലഭമല്ലെന്നുള്ള വസ്തുത സമ്മതിക്കത്തക്കതുതന്നെ. അതിന്നു കാരണം അവയുടെ സർവ്വതോമുഖമായ അസാധാരണത്വമല്ലാതെ മറെറാന്നുമല്ല. * "ഒരു (മഹാ)കാവ്യമെഴുതി ഫലിപ്പിക്ക എന്നതു് സാമാന്യക്കാരാൽ സാധിക്കയില്ലെന്നു പ്രത്യക്ഷമാകുന്നുണ്ടു്" എന്നു സാഹിത്യകുശലനായ ശ്രീമാൻ ടി. കെ. കൃഷ്ണമേനോൻ (ബി. ഏ.) അവർകൾ പറഞ്ഞിരിക്കുന്ന അഭിപ്രായം ഇവിടെ സ്മരണീയമാകുന്നു.

കാവ്യം എത്ര ചെറിയതാണെങ്കിലും അതു സർവ്വസഹൃദയരഞ്ജകമാണെങ്കിൽ അതിൻെറ കർത്താവ് മഹാകവിയാകുന്നുവെന്ന അഭിപ്രായം ആദരിക്കേണ്ടതുതന്നെ; എന്നാൽ കാവ്യത്തിൻെറ രൂപം അനുസരിച്ചു് തദാശ്രയമായി ലഭിയ്ക്കുന്ന മഹാകവിത്വത്തിനു വ്യത്യാസമുണ്ടെന്നു സമ്മതിക്കാതെ തരമില്ല. "പൂമെത്തേലെഴുന്നേററിരുന്നു" "ദാരിദ്ര്യസ്യ ദയാലുത്വം" എന്നീ പദ്യങ്ങൾക്കു് അസാധാരണമായ രമണീയതയുണ്ടു്. ഇവയുടെ കർത്താക്കന്മാർ മഹാകവികളാണെന്നും പറയാം. എങ്കിലും ഇവയുടേയും, രഘുവംശം മുതലായ മഹാകാവ്യങ്ങൾ ചമച്ചവരുടേയും മഹാകവിത്വങ്ങൾ ഒരുപോലെ ഘനം തൂങ്ങുന്നവയാണെന്നു പറയാവുന്നതല്ല. രഘുവംശത്തിലെ ഏതെങ്കിലും രണ്ടു പദ്യങ്ങളോ ഭാഗങ്ങളോ മാത്രം പ്രത്യേകം എടുത്തു് അവയുടെ കർത്താവ് മഹാകവിയാണെന്നു നിഷ്പ്രയാസം സ്ഥാപിക്കാം. എന്നാൽ ഈ മഹാകാവ്യം മുഴുവനും രചിച്ച തത്കർത്താവിന്നു സിദ്ധമായിരിയ്ക്കുന്ന മഹാകവിത്വത്തിൻെറ മുൻപിൽ, ഒന്നോ രണ്ടോ പദ്യങ്ങളുടേയൊ ഭാഗങ്ങളുടേയൊ കർത്തൃത്വംകൊണ്ടു മാത്രം ലഭിയ്ക്കുന്ന മഹാകവിത്വം ക്ഷുദ്രതരമായിരിക്കും. തിരിയിലും പന്തത്തിലും തീവട്ടിയിലും സ്ഥിതിചെയ്യുന്ന അഗ്നി ഒന്നാണെങ്കിലും ആശ്രയസ്ഥാനാനുരൂപമായ ലഘുത്വവും ഗുരുത്വവും അതിന് ഉണ്ടെന്നുള്ളതു് അനുഭവസിദ്ധമാകുന്നു.

"പർവ്വതേ പരമാണൌ ച
പദാർത്ഥത്വം പ്രതിഷ്ഠിതം."

* രുക്മാംഗദചരിതം മഹാകാവ്യത്തിൻെറ അവതാരിക. വശം ൨൭.

എന്ന കവിവാക്യത്തിന്റെ രഹസ്യം ഇവിടെ വിസ്മരിക്കാവുന്നതല്ല.

മഹാകാവ്യപ്രസ്ഥാനത്തെ ശാസ്ത്രീയമായ മാൎഗ്ഗത്തിൽനിന്നു ഭ്രംശിപ്പിച്ച്, ആകൃതിക്കും പ്രകൃതിക്കും ലഘുത്വം വരുത്തി വികലമാക്കി അന്യഥാകരിച്ച്, അതിന്റെ കാലം കഴിഞ്ഞില്ലെന്നു സമൎത്ഥിക്കുന്നതിനെക്കാൾ കാലം കഴിഞ്ഞുവെന്ന അഭിപ്രായംതന്നെ സ്പൃഹണീയവും അകൃത്രിമവും ആയിരിക്കുന്നു. പൂൎവ്വാചാൎയ്യന്മാരുടെ നിയമങ്ങളെ ആദരിക്കേണ്ടതില്ലെന്നു സിദ്ധാന്തിക്കുന്നവർ, അവയ്ക്കു് ഇന്നയിന്ന ദോഷങ്ങൾ ഉണ്ടെന്നു വിശദമാക്കേണ്ടതാകുന്നു.

പുരാണകഥകളെ 'തിരിച്ചും മറിച്ചും' രചിക്കുന്ന കാവ്യങ്ങളോടു നവീനന്മാൎക്കു രുചി കുറഞ്ഞുകാണുന്നു. രാജ്യചരിത്രകഥകളോടാണു് അവൎക്കു് ഇഷ്ടം. ഈ രുചിഭേദത്തെപ്പററിയും അല്പം വിചാരിക്കേണ്ടതുണ്ടു്.

പുരാണേതിഹാസങ്ങൾക്കു് അസാധാരണമായ ഒരു മാഹാത്മ്യം ഉണ്ടെന്നാണു ഭാരതീയരുടെ വിശ്വാസം. അതു് അവയുടെ സൎവ്വോന്നതമായ സാഹിത്യവൈഭവത്തെ ആശ്രയിച്ചു മാത്രമല്ല നിലനില്ക്കുന്നതു്. പൌരസ്ത്യരുടെ സംസ്കാരം, വിശ്വാസം, വിചാരം, ധൎമ്മം, ആചാരം, ജീവിതം മുതലായവയെ ഉത്തമമാൎഗ്ഗത്തിൽക്കൂടി നയിക്കുന്നതിൽ അവ ഒരു പൂൎണ്ണമായ അധികാരശക്തിയെ വഹിക്കുന്നു. ഇപ്രകാരമുള്ള സാഹിത്യസമുച്ചയത്തിൽ രാമായണം, ഭാരതം, ഭാഗവതം ഇവയ്ക്കു് ഏററവും പ്രധാനമായ ഒരു സ്ഥാനം ഉണ്ടു്. ഇവ കൂടാതെ സ്വാദേശ്നിഷ്ഠയുള്ള ഒരു ഭാരതീയനു ജീവിയ്ക്കുവാൻ തന്നെ സാധിക്കയില്ലെന്നു പറയാം. ഈ കാവ്യപരമ്പരയുടെ ജാജ്വല്യമാനമായ മകുടമാകുന്നു രാമായണം.

രാമകഥ, ഗംഗപോലെ പാവനയും ഹിമവദ്ഗിരിപോലെ സുസ്ഥിരയും സമുദ്രംപോലെ ഗംഭീരയും ആകുന്നു. ശ്രീവാല്മീകി, കമ്പർ, തുളസീദാസർ എന്നീ ത്രിമൂൎത്തികളാൽ സൃഷ്ടവും, ക്ഷേമേന്ദ്രപ്രമുഖന്മാരായ അസങ്ഖ്യം ഇതരകവികളാൽ സംവൎദ്ധിതവും ആയിരിക്കുന്ന രാമചരിതകാവ്യസാ

ഊാജ്യം ഏതുകാലത്തും യാതൊരു ക്ഷതവും സംഭവിക്കാതെ ശോഭിയ്ക്കുന്ന ഒരു സ്വാന്തരമണീയമായ ലോകമാണെന്നു പറയുന്നതിൽ അതിശയോക്തിബന്ധം ഇല്ല. ''ലോകത്തിലെ ഏററവും ഉത്കൃഷ്ടമായ കാവ്യം വാല്മീകിരാമായണമാണ്. രാമനെപ്പോലെ ഒരു നായകനേയൊ, സീതയെപ്പോലെ ഒരു നായികയേയൊ, രാവണനെപ്പോലെ ഒരു പ്രതിനായകനേയൊ ഒരിടത്തും ഒരു കവിയ്ക്കും സൃഷ്ടിയ്ക്കുവാൻ സാധിച്ചിട്ടില്ലാത്തതുകൊണ്ട് വാല്മീകിയെപ്പോലെ ഒരു കവിയും ഉണ്ടായിട്ടില്ലെന്നു പറയാം. വാല്മീകി ആദികവിയും രാമായണം ആദികാവ്യവും ആയിരിയ്ക്കുന്നതുപോലെ രാമാദികൾ നിസ്തുല്യന്മാരുമാകുന്നു'' * എന്നു സാഹിത്യസാരവേദിയായ ശ്രീമാൻ ഡാക്ടർ കെ. ശങ്കരമേനോൻ എം. ഏ. എൽ. ടി. അവർകൾ ഒരു സന്ദർഭത്തിൽ അഭിപ്രായപ്പെട്ടിരിക്കുന്നു. രാമായണത്തിൻെറ അന്യാദൃശമായ മാഹാത്മ്യം ഏറെക്കുറെ ഈ അഭിപ്രായത്തിൽനിന്നു ഗ്രഹിക്കാം. പ്രാചീനന്മാരായ പല മഹാകവികളും ഈ അഭിപ്രായംതന്നെ ഭിന്നരൂപങ്ങളിൽ പ്രകാശിപ്പിച്ചിട്ടുണ്ട്. കവികൾക്ക് എന്നപോലെ ജനസമുദായത്തിനും രാമായണത്തോടു സവിശേഷം ഒരു ഭക്തി ഇക്കാലത്തും നിലനിന്നുവരുന്നു.

സാധാരണമായി രാജ്യചരിത്രവിഷയങ്ങളോട് ഭാരതീയക്ക് ആദരം കുറയും. അഭിപ്രായങ്ങൾ മാറി മാറി വരുന്നു എന്നതു് ചരിത്രങ്ങളുടെ ഒരു ദോഷമാകുന്നു. കൽക്കട്ടയിലെ ഇരുട്ടറയിലേയും കളിപ്പാൻകുളത്തിലേയും കുപ്രസിദ്ധങ്ങളായ സംഭവങ്ങൾ കൃത്രിമങ്ങളാണെന്ന് ഇന്ന് ചില ചരിത്രപണ്ഡിതന്മാർ അഭിപ്രായപ്പെടുന്ന അഥവാ സ്ഥാപിക്കുന്ന സംഗതി ഇവിടെ ഉദാഹരണത്തിനു് എടുക്കാം. പുരാണകഥകളിൽ കാണുന്നതുപോലെ സദ്ഗുണഭൂയിഷ്ഠന്മാരായ നായകന്മാർ ചരിത്രങ്ങളിൽ ദുർല്ലഭമാകുന്നു. സാധാരണജനങ്ങൾക്കു പുരാണപുരുഷന്മാരോടു സഹജമായി കാണുന്ന ഭക്ത്യാദരങ്ങൾ ചരിത്രപുരുഷന്മാരോടു സംഭവിക്കാവുന്നതല്ല; സംഭവിക്കുന്നുമില്ല. ഹിന്ദുക്കൾ പുരുഷാർത്ഥങ്ങളായി ഗണിച്ചു ആദ്

* ഭാഷാരാമായണചമ്പു ഒന്നാംഭാഗത്തിൻെറ അവതാരിക.

രിച്ചുവരുന്ന ധമ്മാത്ഥകാമമോക്ഷങ്ങളുമായി ബന്ധിക്കപ്പെട്ടാത്തവയാണു രാഷ്ട്രചരിതങ്ങൾ. ഈ സങ്ഗതികളെപ്പററിയെല്ലാം വിചാരിച്ചാൽ മഹാകാവ്യങ്ങളിൽ ഇതിവൃത്തമാകുവാനുള്ള യോഗ്യത ചരിത്രകഥകൾക്ക് അത്യന്തം വിരളമാണെന്നു തെളിയും. സംസ്കൃതത്തിലും ഭാഷയിലും രാഷ്ട്രചരിത്രപരങ്ങളായ ചില കാവ്യങ്ങൾ ഉണ്ടായിട്ടുണ്ടല്ലോ. അവ നോക്കിയാൽ ഈ അഭിപ്രായത്തിൻെറ സാധുത്വം മനസ്സിലാക്കാം. ചരിത്രകാവ്യങ്ങൾ പ്രായേണ അതാതു കാലങ്ങളിൽ മാത്രമേ ശോഭിക്കുകയുള്ളു. എന്നാൽ ഭാരതീയക്ക് അവരുടെ പൌരാണികസാഹിത്യം നിത്യയൌവനസൌഭാഗ്യത്തെ വഹിയ്ക്കുന്ന ഒന്നാകുന്നു. ഈ ഉത്കഷ്ത്തിന് ഒരു കാലത്തും കേടു തട്ടുന്നില്ല.

ഈ കാവ്യത്തിൽ പരിശുദ്ധമായ രാമായണത്തെ കഥാവസ്തുവായി സ്വീകരിക്കുവാനുള്ള കാരണം ഇവിടെ വ്യക്തമായല്ലോ.

"പവിത്രമത്രാതനുതേ ജഗദ്യുഗേ
സ്മൃതാ രസക്ഷാളനയേവ യൽകഥാ
കഥം ന സാ മദ്ഗിരമാവിലാമപി
സ്വസേവിനീമേവ പവിത്രയിഷ്യതി."

എന്ന പദ്യമുഖംകൊണ്ടു്, ശ്രീഹഷകവിസമ്രാട്ട് നൈഷധീയചരിതത്തിന് ഉണ്ടെന്നു വ്യക്തമാക്കുന്ന പവിത്രത, രാഘവാഭ്യുദയത്തിന് ഉണ്ടെന്ന് എനിക്കും അഭിമാനിക്കാവുന്നതാണ്.

രാഘവാഭ്യുദയത്തിൽ ഇരുപത്തിരണ്ടു സർഗ്ഗങ്ങൾ ഉണ്ടു്. വിശ്വാമിത്രമഹഷി ദശരഥമഹാരാജാവിൻ്റെ അടുക്കൽ ചെന്നു്, യാഗരക്ഷയ്ക്കായി ശ്രീരാമനെ തൻെറ കൂടെ അയയ്ക്കണമെന്നു അപേക്ഷിയ്ക്കുകയും, രാജാവു് വിസമ്മതം പ്രകാശിപ്പിച്ചു എങ്കിലും ഒടുവിൽ രാമലക്ഷ്മണന്മാരെ അയയ്ക്കുകയും ചെയ്യുന്ന കഥാംശം ഒന്നാംസർഗ്ഗത്തിൽ അടങ്ങിയിരിക്കുന്നു. രണ്ടിലെ കഥാവസ്തു താടകാവധമാണ്. മൂന്നാം സർഗ്ഗത്തിൽ രാമലക്ഷ്മണന്മാരുടെ ആശ്രമവാസം വണ്ണിച്ചിരി

ക്കുന്നു. പുരാതനമായ ഗുരുകുലവിദ്യാഭ്യാസരീതിയുടെ ഒരു ഛായ ഈ സർഗ്ഗത്തിൽ കാണാം.

൫, ൬, ൭, ൮, ൯, ൧൦, ൧൧, എന്നീ സർഗ്ഗങ്ങളിലെ കഥ അഹല്യാമോക്ഷമാണ്. ഈ കഥ സവിസ്തരം വർണ്ണിച്ചിട്ടുണ്ട്. പരദാരലമ്പടത്വംകൊണ്ടു ദേവേന്ദ്രനും പരപുരുഷപ്രാപ്തികൊണ്ട് അഹല്യയ്ക്കും സംഭവിച്ച അധഃപതനത്തിന്റെ സ്വഭാവം ഈ സന്ദർഭത്തിൽ വർണ്ണിച്ചതു് ഏതാദൃശങ്ങളായ അധർമ്മങ്ങളുടെ നിന്ദ്യതയെ കാണിക്കുന്നതിനാകുന്നു. പുരാണകഥാമാർഗ്ഗത്തിങ്കൽനിന്ന്, കാവ്യത്തിന്റെ സ്ഥിതിക്ക് ആവശ്യമെന്നു തോന്നിയ ചില വ്യതിയാനങ്ങൾ പ്രകൃതത്തിൽ ഞാൻ ചെയ്തിട്ടുണ്ട്. അഹല്യയുടെ സുദീർഘമായ ഒരു സ്തോത്രമാകുന്നു പതിനൊന്നാം സർഗ്ഗത്തിലെ വസ്തു. പുരാണങ്ങളിൽ കാണുന്ന വിവിധങ്ങളായ സ്തോത്രരീതികളെ ഈ സർഗ്ഗത്തിൽ ഞാൻ അനുകരിച്ചിരിക്കുന്നു.

പതിമ്മൂന്നാംസർഗ്ഗത്തിലെ വിഷയം ജനകവിശ്വാമിത്രന്മാരുടെ ധർമ്മാധർമ്മവിചാരമാകുന്നു. ഭാഷാകാവ്യങ്ങളെ സംബന്ധിച്ചിടത്തോളവും ഏതാദൃശമായ ധർമ്മവിചാരരീതി പുതിയതാണെന്നു പറയണം. നൈഷധീയചരിതാദി കാവ്യങ്ങളിലെ ചില അംശങ്ങളെ മനസ്സിൽ വച്ചുകൊണ്ടാണ് ഈ സർഗ്ഗം എഴുതിയതു്. ധർമ്മാദിശാസ്ത്രങ്ങളിലെ വിവിധരഹസ്യങ്ങൾ ഈ സർഗ്ഗത്തിൽ അടങ്ങിയിട്ടുണ്ട്.

സീതാസ്വയംവരത്തിനു വന്നുചേർന്നിരിക്കുന്ന ജനങ്ങളുടെ വിവിധസ്വഭാവങ്ങളെ പതിന്നാലാംസർഗ്ഗത്തിൽ വർണ്ണിച്ചിരിക്കുന്നു. പഴയ ഭാഷാചമ്പുക്കളിലും മററും കാണുന്ന വർണ്ണനാപ്രസ്ഥാനത്തെയാണ് ഇവിടെ അനുകരിച്ചിരിക്കുന്നതു്.

പത്തൊൻപതാംസർഗ്ഗത്തിൽ ഈരണ്ടെണ്ണം ഇടവിട്ടു വരുന്ന പദ്യങ്ങൾക്ക് രണ്ടു പാദങ്ങളിൽ യമകം നിബന്ധിച്ചിരിക്കുന്നു. ഭാഷാകാവ്യങ്ങളിൽ യമകകല്പനയെ സംബന്ധിച്ചിടത്തോളവും ഇതു് ഒരു പുതിയ രീതിയാകുന്നു.

ഇരുപതാമത്തേതായ ചിത്രസർഗ്ഗത്തിൽ ചിത്രപ്രസ്ഥാനത്തിന്റെ വിവിധരൂപങ്ങളെ കാണിച്ചിട്ടുണ്ട്. ഈ

സർഗ്ഗത്തിന്ന കൊടുത്തിരിയ്ക്കുന്ന ടിപ്പണി വായനക്കാൎക്ക പ്രയോജനകരമായിരിക്കുമെന്നു വിശ്വസിയ്ക്കുന്നു.

ഒരു ഗൃഹസ്ഥന്റെ ധൎമ്മപരമായ മാതൃകാജീവിതരീതിയെ വൎണ്ണിയ്ക്കുന്നതാണ് ഇരുപത്തിരണ്ടാമത്തെ സർഗ്ഗം.

നായകന്റെ, താടകാവധം അഹല്യാമോക്ഷം ധനുൎഭഞ്ജനം പരശുരാമവിജയം എന്നീ അമാനുഷങ്ങളായ പ്രവൃത്തികളേയും തന്നിമിത്തം ഉണ്ടായ അഭ്യുദയത്തേയും ആസ്പദമാക്കി കാവ്യത്തിന് രാഘവാഭ്യുദയം എന്നു പേർ കൊടുത്തിരിയ്ക്കുന്നു.

'കൈരളീമഹിളതന്മങ്ഗല്യ'മായ 'സജാതീയദ്വിതീയാക്ഷരപ്രാസ'ത്തെ പ്രയോഗിയ്ക്കുന്ന കാൎയ്യത്തിൽ എനിയ്ക്കുള്ള നിർബന്ധത്തെ ഞാൻ ഈ കാവ്യത്തിൽ സംരക്ഷിച്ചിട്ടുണ്ട്. ഇതരങ്ങളായ ശബ്ദാലങ്കാരങ്ങളും ഈ കാവ്യത്തിൽ സുലഭങ്ങളാകുന്നു.

അഭ്യുദയം എന്ന മങ്ഗലപദംകൊണ്ട് അങ്കിതങ്ങളായവയാകുന്ന രാഘവാഭ്യുദയത്തിലെ സർഗ്ഗാന്തപദ്യങ്ങൾ എല്ലാം; ഓരോവിധമുള്ള മങ്ഗലപദങ്ങളുടെ മുദ്ര നൈഷധീയചരിതാദികാവ്യങ്ങളിലെ സൎഗ്ഗാവസാനപദ്യങ്ങളിൽ നിബന്ധിച്ചിരിയ്ക്കുന്നതിനെ അനുകരിച്ചാണു രാഘവാഭ്യുദയത്തിൽ ഇപ്രകാരം ചെയ്തിരിക്കുന്നതു്. ഇങ്ങനെ ചെയ്യുന്നതു് പൂൎവ്വാചാൎയ്യശാസനത്തിനും അനുകൂലമാകുന്നു. 'വിജയശ്രീ' എന്ന മങ്ഗലപദമാണു രഘുവീരവിജയത്തിലെ സൎഗ്ഗാന്തപദ്യങ്ങളിൽ ഘടിപ്പിച്ചിരിക്കുന്നതെന്നുകൂടി ഇവിടെ പറഞ്ഞുകൊള്ളട്ടെ.

രാഘവാഭ്യുദയം നിൎമ്മിക്കുവാൻ ആരംഭിച്ച കാലത്തു ശരീരത്തിനും മനസ്സിനും പലവിധം ക്ലേശങ്ങളും അവശതകളും നേരിട്ടുകൊണ്ടിരുന്നു. എന്നാൽ കാവ്യം പൂൎണ്ണമായതോടുകൂടി അവയെല്ലാം ശമിച്ചു സ്വാസ്ഥ്യത ലഭിച്ചതായി അനുഭവപ്പെട്ടു. ഭഗവത് കഥാവൎണ്ണനത്തിന്റെ മാഹാത്മ്യമാണ് ഈ സ്ഥിതിഭേദത്തിനു കാരണമെന്നു ഞാൻ ദൃഢമായി വിശ്വസിക്കുന്നു. ശ്രീരാമചരിതത്തോട് എനിയ്ക്ക് ഈവിധം സംഭവിച്ച അമിതമായ ഭക്തിയും വിശ്വാസവും തന്നെയാണ്,

പിണ്ടും രാമചരിതവർണ്ണനരൂപമായ രഘുവീരവിജയത്തിൻെറ വിരചനയ്ക്കു് എന്നെ പ്രേരിപ്പിച്ചതെന്നും ഇവിടെ പ്രസ്താവിക്കേണ്ടതുണ്ടു്.

ഈ പുസ്തകത്തിൻെറ 'പ്രൂഫ്' (കരടു) പരിശോധിച്ചും മററും പ്രസാധനഭാരം വഹിച്ചതു് അപ്രതിമപണ്ഡിതനും സാഹിത്യാന്തരീക്ഷത്തിലെ പ്രജ്വലജ്യോതിസ്സും ആയ ഇ. വി. രാമൻനമ്പൂരി അവർകളാകുന്നു. ബഹുലങ്ങളായ കൃത്യാന്തരങ്ങളുടേയും പരതന്ത്രതകളുടേയും ഇടയിൽ ഈ കൃത്യം ഭംഗിയായി നിർവ്വഹിച്ച രാമൻനമ്പൂരിഅവർകളോടു് എനിയ്ക്കുള്ള കൃതജ്ഞത വാക്കുകൊണ്ടു പ്രകാശിപ്പിക്കുവാൻ സാധിക്കുന്ന ഒന്നല്ലെന്നു മാത്രമേ ഇവിടെ പറയുവാനുള്ളു.

പരിഷ്കൃതമായ മുദ്രാലയപ്രവത്തനംകൊണ്ടു ഭാഷാഭിവൃദ്ധിയ്ക്കു വിവിധസഹായങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നവരും പ്രസിദ്ധന്മാരും ആയ 'കമലാലയ'പ്രവത്തകന്മാരോടു്, പുസ്തകത്തിൻെറ മുദ്രണം ഹിതമായി നിർവ്വഹിച്ചതിൽ, എനിയ്ക്കുള്ള അഗാധമായ കൃതജ്ഞതയെക്കൂടി ഇവിടെ രേഖപ്പെടുത്തേണ്ടിയിരിക്കുന്നു.

താഴെ കാണിക്കുന്ന മഹാകവിവാക്യത്തിലെ ഗംഭീരതത്വം, പുരോഭാഗികളെ ഓമ്മിപ്പിച്ചുകൊണ്ടു് ഈ അവതാരികയെ അവസാനിപ്പിച്ചുകൊള്ളുന്നു.

"യുക്തോയമാത്മസദൃശാൻ പ്രതി മേ പ്രയത്നോ-
നാസ്ത്യേവ തജ്ജഗതി സർവ്വമനോഹരം യത്
കേചിജ്ജ്വലന്തി വികസന്ത്യപരേ നിമീല-
ന്ത്യന്യേ യദഭ്യുദയഭാജി ജഗത്പ്രദീപേ.

൧൧൧൫ ഇടവം ൨൯.
പേരാമ്പ്ര, വടക്കേമലയാളം. } വടക്കുമ്പൂർ രാജരാജവമ്മരാജ ാ.

# വിഷയാനുക്രമണിക.


| | | |
|---|---|---|
| സർഗ്ഗം | ൧. | ദശരഥനും വിശ്വാമിത്രനും. (വിശ്വാമിത്രൻ യാഗരക്ഷയ്ക്കായി ദശരഥനോടു ശ്രീരാമനെ ആവശ്യപ്പെടുന്നതും ദശരഥൻ രാമലക്ഷ്മണന്മാരെ അയയ്ക്കുന്നതും.) |
| ,, | ൨. | താടകാവധം. |
| ,, | ൩. | ആശ്രമവാസം. |
| ,, | ൪. | വനവർണ്ണനം. |
| ,, | ൫. | വസന്തവർണ്ണനം. |
| ,, | ൬. | അഹല്യയും ദേവേന്ദ്രനും. |
| ,, | ൭. | ദേവേന്ദ്രന്റെ വിരഹം. |
| ,, | ൮. | ഗ്രീഷ്മവർണ്ണനം. |
| ,, | ൯. | സന്ധ്യാവർണ്ണനം. |
| ,, | ൧൦. | അഹല്യേന്ദ്രസമാഗമം. |
| | | ഗൗതമശാപം. |
| | | അഹല്യയുടെ ശാപമോക്ഷം. |
| ,, | ൧൧. | അഹല്യയുടെ സ്തുതി. |
| ,, | ൧൨. | മിഥിലാപുരവർണ്ണനം. |
| ,, | ൧൩. | ജനകനും വിശ്വാമിത്രനും. (ധർമ്മാധർമ്മവിചാരം) |
| ,, | ൧൪. | വിവാഹാഘോഷം. |
| ,, | ൧൫. | പ്രഭാതവർണ്ണനം. |
| ,, | ൧൬. | നായികാവർണ്ണനം. |
| ,, | ൧൭. | രാജസഭാവർണ്ണനം. |
| ,, | ,, | ചാപഭഞ്ജനം. |
| ,, | ൧൮. | ശ്രീരാമാദികൾ സീതാദിദേവിമാരെ വിവാഹം കഴിയ്ക്കുന്നതു്. |
| | ,, | യാത്രയയപ്പു്. |
| ,, | ൧൯. | പരശുരാമദർശനം. |
| ,, | ,, | യുദ്ധോത്സാഹം. |
| ,, | ൨൦. | യുദ്ധം. |
| ,, | ൨൧. | അയോദ്ധ്യാപ്രാപ്തി. |
| | ,, | വർഷവർണ്ണനം. |
| ,, | ൨൨. | അയോദ്ധ്യാവാസം. |

2054
A.44
Sri Krishna Vilasam Library Malayinkeel.
SRI KRISHNA VILASAM READING ROOM * MALAYINKEEL *

ശ്രീ

# രാഘവാഭ്യുദയം

## മഹാകാവ്യം.

ഒന്നാംസൎഗ്ഗം

ശ്രീമാൻ നൃപാലമണി പങ്ക്തിരഥൻ, സമസ്ത-
ക്ഷേമാഢ്യമാം നിജപുരത്തിൽ വസിച്ചിടുമ്പോൾ,
ഭൂമാനുഭാവമിയലും മുനി കൌശികൻ, ത-
ദ്ധാമാന്തരത്തിലൊരുനാളുപയാതനായി. ൧

ദൂരത്തിൽനിന്നു വരുമുത്തമനാം മഹൎഷി-
ഹീരത്തിനെ ത്വരിതമേററതിരേററിളേന്ദ്രൻ
ചാരത്തിരുത്തിയുദിതപ്രമദാശ്രുവായ-
ന്നേരം തദീയപദസേചനമാചരിച്ചു. ൨

മോദത്തൊടും വിമലഭക്തിയൊടും മുനീന്ദ്ര-
പാദത്തിൽ വീണു വിനമിച്ച നൃപൻെറ മെയ്യിൽ
ഖേദഘ്നമാം ചരണതീൎത്ഥമണഞ്ഞു പുണ്യ-
ശ്രീദം സുജാതഫലമാക്കി തദീയജന്മം. ൩

അന്നുല്ലസിച്ചു ബഹുധാതുലസമ്മഹസ്സു
ചിന്നും മഹീഭൃദധിപൻെറ മുഖത്തുനിന്നും
മിന്നും വിശുദ്ധതരമായ രസം നികാമം
തന്നുള്ളിലാന്നൊരു സരസ്വതി നിൎഗ്ഗളിച്ചു:— ൪

„ശ്രീമൻ! ഭവൽപദപയോരുഹപാതപാംസു-
സ്തോമം വഹിപ്പതിനു തക്കൊരു പുണ്യപൂരം
മാമൽകഭാഗ്യവിഭവാലിയലുന്ന ഞാനി-
ന്നീ മന്നിൽ നൽസുകൃതികൾക്കധിനാഥനായി. ൫

ഇന്നസ്മദീയസുകൃതാവനിരുട്ടു പൂത്തു-
വെന്നല്ല കാച്ചു ഫലപൂൎണ്ണവുമായിവന്നു,
തന്നാവ്യസങ്ഗമവശാ;ലിനിയെൻെറ വംശ-
ത്തിന്നന്ന്യമില്ല ഭവുകം ഭവിതവ്യമായി. ൩

ചെന്തീയ്ക്കുമഗ്രദഹനം കലരുന്ന മട്ടിൽ
വൻതീവ്രമായുമധികം ഭുവി ശാന്തമായും
ചിന്തീടുമാഷസുമഹസ്സുപെട്ടും ഭവാന്മാർ
സന്തീൎണ്ണസങ്കടമഹാൎണ്ണവർ വന്ദ്യരാക്കും. ൪

നവ്യങ്ങൾ യജ്ഞനിര ചെയ്യുവതിന്നു വേണ്ടും-
ദ്രവ്യങ്ങൾ തത്ര സുതരാം സുലഭങ്ങളല്ലേ?
ദിവ്യം വരോടജനിവാസസുഖാനുഭൂതി
ഭവ്യം വിപക്ഷഗദവൎജ്ജിതമല്ലയോ തേ? ൫

തൽപാദസേവ വഴിപോലെ മുറയ്ക്കു ചെയ്തു
കെല്പാൎന്നു വിദ്യകൾ പഠിപ്പവർ ശിഷ്യരെല്ലാം
ഉൽപാടിതാഘർ വിനയാദിഗുണൈരഘഭ്രഷാ-
നല്പാദ വാച്ചുടജഭൂവിൽ വസിപ്പതില്ലേ? ൬

കാലത്തു വൃക്ഷനിര വേണ്ടതുപോൽ നനച്ചു-
മാലസ്യമററു മൃഗപോതഗണത്തെയെല്ലാം
മാലഞ്ചിടാതെ ഭുവി കാത്തുമനല്പസൌഖ്യ-
മോലുന്ന താപസകുമാരികൾ വാഴ്‌വതില്ലേ? ൭

ഭൂവിങ്കലുത്തമർകണക്കടിയിങ്കൽ വന്നു
സേവിപ്പവൎക്കുടയ താപമശേഷമാററി
ആവിൎഭവൽഫലഗണേന മഹോന്നതത്വം
താവി ദ്രുമങ്ങളഖിലം വിലസിപ്പതില്ലേ? ൮

പാപത്തിൽ വീണു വലയുന്നവർ ഞങ്ങൾ, തീവ്ര-
താപപ്രഭഞ്ജനപടുക്കൾ ഭവാദൃശന്മാർ;
ചാപല്യമാണു കുശലോക്തിക,ളെങ്കിലും മൽ-
പ്രാപഞ്ചികസ്ഥിതി നിനച്ചിവ വേണമല്ലോ. ൨൨

ഇന്നാഗമിച്ചതു വിശേഷമൊടേതുകാര്യ-
ത്തിന്നാകിലും കനിവൊടെന്നൊടുരച്ചുവെന്നാൽ
നന്നായതിങ്ങുതകുവൻ; ഭവദീയമാശീ-
സ്സൊന്നാണു മൽകുലഭവക്കഖിലാഗ്രഗണ്യം." ൨൩

പുത്രൻമധുപ്രഭവധാരയെ വാരിജംപോ,-
ലത്തവ്വിൽ വാക്സുധ ധരാവിധുവീവിധത്തിൽ
ചിത്തത്തിൽ മുത്തൊടു പൊഴിച്ചു, തരങ്ഗമാലാ-
ന്ത്യത്തം ശമിച്ച കടൽപോലതിശാന്തനായി. ൨൪

അത്യക്തസദ്രസമൊടൊത്തു സുവർണ്ണഭാസ്സാ-
ന്ത്യത്ഥമഞ്ജുപദയായഥ നൽപ്രസാദാൽ
കൃത്യഗ്ര്യഭാവനിലപൂണ്ട വരിഷ്ഠവാക്കാ-
യത്യദ്ഭിതീയവദനത്തിലുദിച്ചിതേവം:— ൨൫

"ഭ്രുവല്ലഭപ്രവര! പാരിലജാത്മജാഢ്യ-
ഭാവം ഭവാനു ജനനാൽ കലരുന്നമൂലം
ഏവം വചിപ്പതധികം ചിതമാണു പാർത്താൽ
താവൽകവംശഭവരാഗ്ഗുരുപൂജകന്മാർ. ൨൬

ആസക്തമായി വിശദം വിലസും സുമിത്രോ-
ല്ലാസത്തൊടാബ്ഭുവനജാതവികാസമേകി
ത്രാസം ദ്വിജാവലിയിൽ മാച്ചു ഭവൽപ്രഭാത-
ശ്രീ സർവ്വദാ തെളിവു ലോകരിലേററിടുന്നു. ൨൭

തണ്ടാകെ വിട്ടയി! ഭവാനുലകിൻഭരത്തെ-
പ്പണ്ടാവഹിച്ച മുതൽ വിശ്രമമേററനന്തൻ
കൊണ്ടാടിടുന്നൊരു ഭവൽസ്തുതി കേട്ടു വന്നു
തണ്ടാരിൽമാനിനി പദം തവ സേവചെയ്‌വൂ! ൧൮

പുല്ലായി കാശ,മമൃതം മൃതമായിതത്ര-
യല്ലാ ശിവൻെറ ജടയിൽ ശശി പോയൊളിച്ചു,
വല്ലാതെ താഴ്ന്നൊഴുകിടുന്നിതു ഗങ്ഗ, വിശ്വ-
മെല്ലാം ഭവാൻെറ സുയശസ്സു പരന്നമൂലം! ൧൯

ഐരാവതം ദിവി വെറും കരിയായി, ദുഗ്ദ്ധ-
വാരാശി ഭങ്ഗമൊടു കാതരഭാവമാൎന്നു,
താരാധിനാഥനധികം ജളവൃത്തിയായീ
പാരാകെ നിൻ പുതിയ കീൎത്തി പരക്കയാലേ. ൨൦

കുന്ദം സുമന്ദരുചിയായ്, സുധതൻെറ മാന-
കന്ദം മുടിഞ്ഞിതു, വിവൎണ്ണത പൂണ്ടു പാലും,
തൻദൎപ്പമശ്ശിവഗിരിയ്ക്കുമകന്നു മന്നിൽ
നിൻദംഭമററ നവകീൎത്തി പരന്നമൂലം. ൨൧

നാരായണൻ വിലസുമുള്ളൊടു ചേൎന്നമന്ത-
സ്സാരാൽ ശ്രിതക്ഷിതിഭൃദാൎത്തിഭരം ഹരിച്ചും
നേരായ് പ്രശസ്തമതിയാലഭിവൃദ്ധിയാണ്ടും
വാരാശിപോലെ വിലസുന്നു ഭവാൻ ഗഭീരൻ. ൨൨

തന്നിൽപെടും വിവിധസദ്ഗുണധാടിമൂലം
മന്നിൽ പരം പരഗുരുത്വമഭിവ്രജിപ്പാൻ
ഉന്നിദ്രഭാഗ്യമുളവായ ഭവാനൊടൊപ്പ-
മിന്നിജ്ജഗത്ത്രയമതിങ്കലൊരുത്തനുണ്ടോ? ൨൩

വാക്കാൽ മധുപ്രതിഭടസ്ഥിതി പൂണ്ട വൻക-
യ്യൂക്കാർന്നമുഗ്രത പരം സമരത്തിലേന്തി
ആക്കായകമ്രരുചികൊണ്ടലമാത്മഭ്രശ്രീ-
ഭാക്കായ് ത്രിമൂർത്തികളൊടൊത്തു ഭവാൻ ജയിപ്പൂ! ൨൪

എത്തവ്വമാശയവിശാലത ചേർന്നു, ചാരു-
വൃത്തപ്രഗല്ഭതയൊടൎത്ഥഭരം വഹിച്ചും,
മുത്തൻപിലാൎന്നു സുരസാശ്രയസൽപദത്തോ-
ടൊത്തദ്യ വാഴ്‌വൊരു ഭവാൻ കൃതിരത്നമല്ലോ? ൨൫

സാരാനുഭാവനിധിനാഥത പൂണ്ടു, പാരിൽ
പേരാൎന്ന പുണ്യജനപൂജിതപാദനായി,
ശ്രീരാജമൌലിപദസേവപെട്ടും ഭവാങ്ക-
ലാ രാജരാജപദമെത്ര യഥാൎത്ഥമോൎത്താൽ! ൨൬

ആയാസമുണ്ടു പറവാനതുപോൽ ഗുണാത്മാ-
വായാവസിയ്ക്കുമൊരുനിൻ സവിധത്തിലെത്തി
സ്വീയാഭിവാഞ്ഛ പറവാനിട ചെറ്റു തന്ന
മായാത്ത മൽസുകൃതമെങ്ങനെ ഞാൻ പുകഴ്ത്തും?" ൨൭

ഈമട്ടു തന്റെ മഹിമോല്ബണമാം ഗുണാഗ്ര്യ-
സ്തോമം പുകഴ്ത്തി വിരമിച്ച മഹൎഷിയോടായ്
കാമം സുദശ്ശനിഖിലാരിപുരൻ ധരിത്രീ-
സോമൻ തദാ സുമതിമൌലി പറഞ്ഞിതേവം:— ൨൮

"സൂരാനപായോദ്ഭവനിവൻ ഭവദീയതൃക്കാൽ-
ത്താരാശ്രയിച്ചു സസുഖം നിവസിച്ചിടുമ്പോൾ
സാരാവഹം ചില ഗുണങ്ങളെനിയ്ക്കുദിയ്ക്കി-
ല്ലാരാണു മറ്റൊരുവനിന്നഭിമാനമേല്പാൻ? ൨൯

ലോകക്ഷേമഗ്രഹമണയ്ക്കുകയാം സ്വധർമ്മ-
മാകെ പ്രശസ്തമതിയങ്ങു നടത്തിടുമ്പോൾ
ലോകത്തിലീക്ഷിതിതലേന്ദ്രരിലാത്മനീന-
ശോകപ്രസക്തലവമെങ്ങനെ സംഭവിക്കും? ൩൦

കാമം ഭവൽപ്രകടിതപ്രചുരപ്രശംസാ-
സാമർത്ഥ്യമിന്നു വിധുരാശയനാക്കിയാലും
ഭൂമൻ! ത്വദുക്തഗുണലേശമെനിക്കിരിക്കി-
ലീമന്നിലെന്നെയതു നിത്യകൃതാർത്ഥനാക്കും.'' ൩൧

പ്രസന്നതാങ്ങിയുടെ കാമുകനേവമസ്താ-
യാസം മനോഹരവചസ്സു കഥിച്ചനേരം
ധീസത്വശാലി സരസം നൃപകീർത്തനത്തി-
ന്നാസക്തിയോടു മുനി പിന്നെയുമേവമോതി:— ൩൨

''ഒന്നായ് വിളങ്ങിന ഭവാന്റെ ഗുണം പുകഴ്ത്താ-
നിന്നാരുമല്ല പടു, മന്ദനതിങ്കലീഞാൻ
എന്നാണു മന്മതമിളേന്ദ്ര! ഭവാന്റെ പക്ഷ-
മെന്നാലിഹോക്തമതിരററതുമെന്നുവന്നു. ൩൩

മന്നിൽ പ്രതാപതപമോടധികം ശരത്താൽ
മിന്നിക്കടുത്ത നിണമാരി ചൊരിഞ്ഞു പോരിൽ
ഉന്നിദ്രനായ് സുരഭിതൻനിലയാൽ ശ്രിതാളി-
തന്നിൽ പരം ശിശിരഭാവമുപേതമാക്കി; ൩൪

എല്ലായ്പ്പൊഴും ഷഡൃതുധർമ്മവിലാസസമ്പ-
ത്തുല്ലാസമോടഭിവഹിച്ചു ഹിമസ്ഥിതൻ നീ
വല്ലായ്മ വിട്ടുലകു കാത്തു വരുമ്പൊഴാർത്തി-
യില്ലാതെ വന്നതിലൊരദ്ഭുതമില്ല തെല്ലും! ൩൫

പാപാംബുധിയ്ക്കു കലശപ്രഭവൻ, ഭവാന്ത-
സ്താപാദ്രിപാടനപടിഷ്ഠകഠോരവജ്രം,
നാപായമായ നവകാവ്യകലാവിലാസ-
വ്യാപാരസിദ്ധിവിനവന്ധ്യശരച്ഛശാങ്കൻ; ൩൬

കൌസല്യതൻ മൃദുകടാക്ഷകദംബഭൃംഗാ-
വാസത്തിനുള്ള കമലം കളധൌതകമ്രം,
നൈസർഗ്ഗികം മഹിമതൻ മണിപീഠം,മന്ത-
സ്ത്രാസപ്രദാർക്കരുചി, ശത്രുതമഃകുലത്തിൽ; ൩൭

വൈരിവ്രജത്തിനുടെ വൻബലമാം നദിയ്ക്കു
പൂരിച്ച കാർശ്യമരുളുന്ന നിദാഘകാലം,
ഭൂരിക്ലമാൽ തദരിനാരികൾതൻ നവാശ്രു-
വാരിയ്ക്കു വർഷ,മനഘർക്കമരദ്രുകന്ദം; ൩൮

ദൈത്യർക്കു നിത്യശനിപീഡ നിജപ്രതാപാ-
ലത്യന്തമേകുമശനിപ്രതിമാനഭാവൻ,
സത്യസ്ഥിതൻ വിധി നിജപ്രിയതന്റെ കേളീ-
കൃത്യത്തിനായ് ഭുവി ചമച്ച വിശിഷ്ടഹർമ്മ്യം;' ൩൯

ഭൂമണ്ഡലത്തിലിതുപോലെവനും പുകഴ്ത്തു-
മാമട്ടു ധന്യത പെടുന്ന ഭവാനെയെന്നും
സാമർത്ഥ്യമോടു ദിവി വാഴ്ത്തുവതിന്നു വാക്കിൻ-
ക്ഷാമം ബൃഹസ്പതിയുമേററു കുഴങ്ങിടുന്നു. ൪൦

വൈർയ്യനചയപ്രഥിതവാരിധിയെദ്ധൃതാത്മ-
വീർയ്യപ്രചണ്ഡഭുജമന്ഥരഭൂധരത്താൽ
ധൈർയ്യം തഴച്ചു വിമഥിച്ച ഭവാന്റെ മാറാം-
പർയ്യങ്കസീമ്നി ജയലക്ഷ്മി കളിച്ചിടുന്നു. ൪൧

പാരുൽകടാത്മബലമോട്ട ഭവാൻ ഭരിച്ചു-
പോരുമ്പൊഴും നിശിചരാവലിയാൽ വിഷാദം
ചേരുന്നു; ലോകരുടെ കമ്മഫലാനുഭൂതി-
യാരും നിനയ്ക്കുകിൽ മറിച്ചു വരില്ലതെല്ലും. ൪൨

ദുമ്മാഗ്ഗവൃത്തികൾ നിശാചരർ തന്റെ നീച-
കമ്മാതിലോലുപതകൊണ്ടു വനത്തിൽ ഞങ്ങൾ
ശമ്മാപ്തി വിട്ടു മരുവുന്നു, തപസ്സിലോക-
ധമ്മാദിയും പ്രജനിതപ്രതിബന്ധമായി. ൪൩

ഹോമം കഴിച്ചുയരുമുത്തമമായ ധൂമ-
സ്തോമത്തിനാൽ വിലസിവന്ന വരോടജങ്ങൾ
വൈമത്യമേന്തിന നിശാചരർമൂലമാത്തി-
ധാമങ്ങളായ് ചിരമശുദ്ധി വഹിച്ചിടുന്നു. ൪൪

ഭൂകാലരാകിന നിശാടരിയററുമഗ്ര-
ശോകാഗ്നി നിത്യവുമകത്തെരിയുന്നമൂലം
സ്തോകാഘരാമൃഷികൾ ഞങ്ങളപേതയാഗർ
വൈകാതെ വൻശമികളായിതുകാലമെങ്ങും. ൪൫

വീയ്യാതിരേകനിധിയായ ഭവാൻ ധരിത്രി
നിയ്യാതുധാനകുലയാക്കുവതിന്നുവേണ്ടി
ധൈയ്യാദി ചേന്ന തവ രാമനെ യാഗരക്ഷാ-
കായ്യാപ്തി നേടുവതിനിപ്പൊഴയച്ചിടേണം. ൪൬

ബാലൻ ഭവത്തനുജനെന്ന വിചാരബാധ-
യ്ക്കാലംബമാക്കരുതു ഹൃത്തിഹ, രാമനോത്താൽ
ശ്രീലൻ സുദശനകരൻ നിജസൽപ്രതാപം-
മൂലം വരിഷ്ഠഹരിയാണറിയാമതാക്കും.'' ൪൭

മാനംപെടും മഹിതനാം മുനിയേവമോതി
മൌനം വഹിച്ചളവു തത്ര യദൃച്ഛയായി
ആനന്ദമക്ഷികളിലാക്കുമിയററുവോര-
സ്സൌനപ്രശസ്തതനു രാമനുപാഗമിച്ചാൻ. ൪൮

തന്നങ്ഗസങ്ഗമവശേന വിഭൂഷണൌഘ-
ത്തിന്നഞ്ചിതാഭയരുളിഗ്ഗുരുവിന്നടുക്കൽ
ചെന്നന്നവൻ വിലസി, രാജസമീപഭൂവിൽ
ഖിന്നത്വമററധിഗതൻ ബുധനെന്നപോലെ. ൪൯

'മേലിൽ ക്ഷപാചരകുലാടവിയെ പ്രതാപ-
ത്താലിദ്ധവേഗമൊടു നിർഭരഭസ്മമാക്കാൻ
ചേലിൽ ജഗത്തിലുളവായി വിളങ്ങിടുന്ന
മാലിന്യമററ നൃപധർമ്മമഹസ്സിതെന്നോ; ൫൦

ലോകക്കു കൺതെളിവിനായമൃതാർദ്രസമ്പ-
ദാകമ്രധാര ചൊരിയും നവമേഘമെന്നോ,
വൈകല്യമററ ജഗതീസുകൃതാതിരേക-
പാകം പ്രകാമരുചിരം തനു പൂണ്ടതെന്നോ; ൫൧

കല്യാമഹല്യയുടെ പാപകദംബമാകു-
മല്ലാകെ നീക്കുമരുണോദയവേലയെന്നോ,
ഉല്ലാസവായ്പു മിഹിരാന്വയദുഗ്ദ്ധവാർദ്ധി-
യ്ക്കെല്ലായ്പ്പൊഴും ഹിതമൊടേകിടുമിന്ദുവെന്നോ; ൫൨

ഭൂനന്ദിനീസുകൃതസൂനവനിയ്ക്കനന്ത-
മാനന്ദപൂരമരുളുന്ന വസന്തമെന്നോ,
പീനപ്രതാപനിധി ഭാർഗ്ഗവരാമബാഹു-
മാനദ്രുഭങ്ഗകരമായ കുഠാരമെന്നോ;' ൫൩

വൻകാശമാനവരകാന്തി വഹിച്ചു സച്ചിത്-
സങ്കാശമാനവവപുസ്സിയലുന്ന രാമൻ
ശങ്കാഭരം മുനിവരന്നു സമസ്തലോക-
പങ്കാപഹപ്രഥിതദൎശനനേവമേകി. ൩൪

ലീലാക്ലമാൎഗ്ഗശിഥിലീകൃതകേശ,മൃദ്വ-
ാലാപമാധുരി, മൃദുത്വഹസദ്ബിസാംശം,
ലോലാരവിന്ദനയനം, നവഘൎമ്മതോയ-
ത്താലാൎദ്രമായ് സരളകാന്തി വളൎന്ന വക്ത്രം; ൩൫

സന്ദശ്ശചിത്തത സുധാപ്രസരത്തിനേകം-
മന്ദസ്മിതം, കനിവു ചേൎന്നൊഴുകും കടാക്ഷം,
കന്ദൎപ്പകാന്തിഹരമാം തനു, രത്നഹാര-
വൃന്ദത്തിനുള്ള വിഹൃതിസ്ഥലി കണ്ഠരംഗം; ൩൬

സ്വൈരം പയോധിസുതതൻ കളിമേടയായ
ോരന്തരാള,മതികോമളബാഹുവല്ലി,
ആരക്തമോഷ്ഠമതിലങ്കുരിതപ്രകാശ-
സാരള്യമാൎന്ന രദനങ്ങൾ, വിശാലഫാലം; ൩൭

ധന്യാഭമായ് വിലസുമേതണയാൻ കൊതിച്ചു
സംന്യാസവൃത്തി തുടരുന്ന വിരക്തവൃന്ദം
ധ്വന്യാത്തന്ത്രപുരഭരാലസമംബുരാശി-
കന്യാകരാഭിവഹനോചിതമപ്പദാബ്ജം; ൩൮

ഈമട്ടു മിന്നീടുമൊരാ രവിവംശഭാഗ്യ-
ധാമം സ്വദൃക്പഥനവാതിഥിയാകമൂലം
ശ്രീമത്ത്വമാൎന്ന മുനി, തന്നുടെ പൂൎവ്വപുണ്യ-
സ്തോമദ്രുമം സഫലമെന്നുടനുള്ളിലോൎത്തു: ൩൯

സ്വാമന്ദമായ ബഹുദാഹകശക്തി കണ്ണ-
വൈമത്യമെന്നിവ പെട്ടം മുനിതൻെറ വാക്യം
ശ്രീമദ്ധനഞ്ജയസമാനമമേയമായി-
ട്ടാ മന്നവൻെറ ഹൃദയത്തിൽ വളർത്തി താപം. ൩൦

സ്പഷ്ടീതപ്രഭാവനുഷിതൻ രസനാകുടീര-
ജാതങ്ങളാം വിവിധവാഗ് ഭുജഗപ്രജങ്ങൾ
ആതങ്കമന്നു ഖഗവംശമതിൽ കലാപീ-
ഭൂതം മഹത്ത്വമുയരും നൃപതിയ്ക്കുമേകി. ൩൧

ബ്രഹ്മാഢ്യനാം മുനിയിലുൾഭയവും നിജാത്മ-
ജന്മാവുതൻ വിരഹമോർത്തു വിചാരവായ്പും
അമ്മാന്യനാം നൃപനെ രാഹുവുമംബുഭൃത്തും
വൻമാലിയററമമൃതാംശുവൊടൊപ്പമാക്കി. ൩൨

ഞാനാദ്യമിങ്ങമൃതമെന്നു നിനച്ചതിപ്പോൾ
പീനാമയപ്രകടമാം വിഷമായി വന്നു;
സൂനാഞ്ചിതം സുഭഗമാലികയായ് ധരിച്ച
ഹാ! നാശദം ശമനപാശമഘാശയൻ ഞാൻ. ൩൩

പുത്രവ്യഥാവിഷമവഹ്നിയിലസ്മദീയ-
ഗോത്രം പൊരിയ്ക്കുവതിനായ് ഭൃശമാശയോടേ
സ്തോത്രങ്ങൾ ചെയ്ത മുനിയെക്കരളിങ്കലാത്മ-
മിത്രസ്ഥിതിയ്ക്കിവിടെ ഞാൻ നിരുപിച്ചുവല്ലോ! ൩൪

സ്വീയാത്മജാതവിരഹാർത്തി, മഹർഷിയിങ്കൽ
ഭീ,യാശയത്തിലിവ ചേൎന്നുഴലുന്നൊരീഞാൻ
മേയാധികാസ്ഥിരതയാന്നേതിരായ കാററി-
ലായാതപൂരഹൃതമാം ചെറുതോണിപോലായ്,' ൩൫

ആരോഗ്യമററ തനുവിൽ ഗദമെന്നപോലെ-
യോരോ വിചാരമിതി ധൈയ്യമകന്ന ഹൃത്തിൽ
ഭൂരോഹിണീരമണനേറി; നിദാഘകാലം
നേരോടകന്ന ഗഗനേ ഘനപങ്ക്തിപോലെ. ൫൬

ശോകാതിരേകനില, ശോഷിതശത്രുഗോത്രാ-
പാകാഹിതൻ, തദനു പാടവമോടടക്കി,
വൈകാതെ വാങ്മയവതംസ,മൃഷീന്ദ്രകണ്ണ-
സ്വീകാരയോഗമതിനായഥ കാഴ്ച വെച്ചു:— ൫൭

"ആക്കുള്ള രുട്ടു നവനാകവുമാശയത്തിൽ
വീക്ഷം സുരേന്ദ്രനുടെ ഗവ്വമൊരേവിധത്തിൽ
തീക്കുന്നതിന്നു പട്ടു തഢ്വിധനാം ഭവാ,നെൻ-
നേക്കുള്ളിലൊട്ടു കൃപ തോന്നിടുവാൻ തൊഴുന്നേൻ! ൫൮

തപ്പിട്ടാനു തന്നുടെ സമാധിയതിൻ മുടക്കം
കൂട്ടാൻ തുനിഞ്ഞ വനിതയ്ക്കുസമാധിയേററി
രുട്ടാലഹല്യയുടെ സോദരിയെന്നമട്ടു
മുട്ടാതണച്ചൊരു ഭവാനതുലപ്രഭാവൻ. ൫൯

ആക്കാത്രിശങ്കുവിനെ നിഗ്ഗതശോകശങ്കു-
വാക്കാൻ കഴിഞ്ഞു പരമാരുടെ കോപലേശം
ഊക്കാന്നനന്തയെയുമൻപൊട്ടു സാന്തയാക്കി-
ത്തീക്കാൻ സമത്ഥ,മയി! തഢ്വിധനങ്ങുതുല്യൻ. ൬൦

കൂലങ്കഷാമയപയോധിയിലൊട്ടനേകം
കാലംകഴിച്ചൊടുവിൽ വൻസുകൃതത്തിനാലെ
ഈ ലബ്ധനായ സുതനെത്തരുകെന്ന വാക്കു
ശൂലംകണക്കു മമ ഹൃത്തു പിളത്തിടുന്നു. ൬൧

വൻജീർണ്ണഗാത്രനിലപൂണ്ടൊരെനിയ്ക്കു നവ്യ-
സഞ്ജീവനാമലരസായനസാരനായി
പുഞ്ജീഭവദ്ഗുണമെഴും സുതനെ ത്യജിയ്ക്കിൽ
കിഞ്ജീവധാരണമിതിൻവിധമൂഴിയിങ്കൽ? ൨൮

ചണ്ഡാനുഭാവഭരയാം ഭടപങ്ക്തി ഭവ്യ-
ഭണ്ഡാരഭാണ്ഡഭരിതം ഭവനം ഭൃതാഭം
ദണ്ഡാണു വിട്ടിവതരാം, സുതവിപ്രവാസ-
ദണ്ഡാഹതിക്ഷതമെനിയ്ക്കതിദുസ്സഹം താൻ! ൨൯

ഛത്രം ശശാങ്കവിശദപ്രഭമറ്റുശോഭാ-
പാത്രം ചലച്ചതുരചാമരമെന്നിതെല്ലാം
ക്ഷാത്രം മഹസ്സിനുചിതങ്ങൾ വെടിഞ്ഞിടാം ഞാൻ,
പുത്രൻെറ വൻവിരഹദുഃഖമസഹ്യമേററം. ൩൦

എന്താണു? നിഷ്ഠുരനിശാചരതാപമെൻെറ
സന്താനമിന്നിവനശേഷമകററുമെന്നോ?
സന്താപദോൽകടതരാക്കകരം തടുക്കാൻ
ഹന്താത്മശക്തി ശരദംബുധരത്തിനുണ്ടോ? ൩൧

പോരാൽ സദാപി ഗദമുൽകടമുള്ളിലേകു-
വോരാം നിശാടരുടെ മൃത്യു വരുത്തുവാനായ്
പോരാം ഭവാനൊടൊരുമിച്ചിഹ ഞാ;നശക്ത-
നീ രാമനെന്തിനു വരുന്നു വനത്തിലേയ്ക്കായ്? ൩൨

നായാട്ടു തീൎന്നു തിരിയേ വരുവാൻ വിളംബ-
മായാലിവൻ വരുമൊരാവഴ! നോക്കി നോക്കി
സായാസമധ്വഗരൊടെൻ കഥ പൃഷ്ടചെയ്യു-
മീയാത്മജൻ തനിയെ വാണിടുമോ വനത്തിൽ? ൩൩

വന്മേദുരാത്തി തനുഭൃത്തുകളിൽ പ്രപഞ്ച-
സമ്മേളനസ്ഥിതിവശാലൊരു ശാന്തിയെന്ന്യ
മേന്മേൽ വരുന്നവ കളഞ്ഞു സുഖത്തെ നിത്യ-
മുന്മേഷമോടരുളിടുന്നു കിടാങ്ങളാൎക്കും. ൮൮

സൂരാന്വയോദ്ഭവനിൽനിന്നുമൊരത്ഥിയിഷ്ടം
ചേരാതെ പോകുമയശഃപ്രഥമോദയത്തെ
പാരാതകാമമതിയങ്ങു വരുത്തിടാതു-
ത്താരാൎന്ന വാഞ്ഛയതു മാററുക മററുമട്ടിൽ." ൮൯

തത്താദൃശം വദനപുഷ്കരജം നൃപന്റെ
സത്തായ വാങ്മഴയകത്തു കടന്നമന്ദം
ആത്താതിവീൎയ്യമതിയാം യതിസത്തമന്റെ
ഹൃത്തായ ശുക്തികയിൽ മുത്തു പെരുത്തു ചേൎത്തു. ൯൦

ദേഹാഭിമാനനിലകൊണ്ടതിയായ പുത്ര-
സ്നേഹാന്ധ്യമാൎന്ന നൃപതിയ്ക്കു തെളിച്ചമേകി
മോഹാദി നീക്കുമൊരു വാക്യമഹസ്സൃഷീന്ദ്ര-
ജിഹ്വാരണിസ്ഥലിയിൽ നിൎഭരമുദ്ഭവിച്ചു:— ൯൧

പ്രോരം തവാഭ്യുദയദം മദഭീഷ്ടമേകാൻ
വൈരസ്യമേൽക്കരുതു പുത്രവിയോഗഭീയാൽ,
ഭാരം ഭയന്നു നിജമൌലിയിൽ വീണ രത്ന-
ഹാരത്തെയാരുടനെടുത്തു പരിത്യജിയ്ക്കും? ൯൨

പേരിന്നിണങ്ങുമുദയൽകമനീയകാന്തി
പേറിത്തിളങ്ങുമുടലാൎന്നൊരു രാമനേ നീ
ഭ്രൂ രിക്തശോകലവയായ് വരുവാൻ ജവേന
ഭൂരിപ്രിയം വിടുക ലക്ഷ്മണനോടുകൂടി. ൯൩

വാസം സസത്ത്വവനരാശിയിലെന്നുമുള്ളിൽ
ത്രാസംപെടാതെ കലരും ഹരിയിക്കുമാരൻ
ആസംഗതോൽകടമ്പലൻ ഹരിവാസമെന്ന-
മാസക്തമാം വനമതിൽ കൃതഭീകനാമോ?

SRI KRISHNAVILASAM READING ROOM MALAYINKEEZH

പാരിൽ സദാപി കമലാനന്ദിതമായ് ഘനശ്രീ
പൂരിച്ചു മാനപദമാന്നെഴമിസ്സുതങ്കൽ
നേരിട്ടു ചെന്നധികതാപഭരം വളത്താ-
നാരിന്നു ശക്തനൊരു ശത്രു ജഗത്ത്രയത്തിൽ? ൭൪

ഭൂവിങ്കലാത്മജനകാന്തികവാസമൊന്നു
കൈവിട്ടുവെങ്കിലുമതന്ന്യമുടൻ ലഭിച്ചും
ആവിഷ്ടകൌതുകഭരം സകലാത്രനായി
മേവിച്ചിരം വിലസിടും ഭവദീയപുത്രൻ. ൭൫

ഹൃത്തായ ഭിത്തികയിലബ്ഭയരൂപചിത്ര-
കൃത്താവിലം വിരഹതൂലികകൊണ്ടു മന്ദം
തത്താപമൂത്തനവകൃത്രിമചിത്രപങ്ക്തി
ചേത്തീടുവാനിടവരുത്തരുതെന്നപേക്ഷ.'' ൭൬

ഏവം വിശിഷ്ടവശി വാങ്മയധാര ദോഷ-
വൈവശ്യമാകെയകലുംപടി ചെയ്തനേരം
ഭൂവല്ലഭന്നു നിജമാം കദനഭ്രമത്തിൻ-
ഭാവം ക്രമത്തിലധികം വിധിപോൽ ശമിച്ചു. ൭൭

അത്തവ്വിലാമയമകന്നു വിശുദ്ധമായ
ചിത്തത്തിലാനരപതിയ്ക്കു തെളിച്ചമേറവു;
പിത്തം ശമിച്ചുടനസൃക്പരിശുദ്ധി ചേന്ന
മർത്ത്യന്റെ മെയ്യിലതുലം ബലമെന്നപോലെ. ൭൮

എത്രയ്ക്കു മാത്രമതുനാളകതാരിലുവ്വീ-
വൃത്രപ്രമാഥി തെളിവേററവുമാവഹിച്ചു
അത്രയ്ക്കു രാവണജയോദയലക്ഷ്മിതൻെറ
വിത്രസ്തമാം മനസി മങ്ങലുമേറിവന്നു. ൩൦

കാകുത്സ്ഥവംശകമനീയകലാപധീര-
മാകുന്നൊരദ്ദശരഥൻ സുതനേ മുനിയ്ക്കായ്
ഏകുന്നതിന്നുടനറച്ചു; തമസ്സകന്നു-
പോകുമ്പൊഴുള്ള തെളിവോക്കിതു യുക്തമല്ലോ. ൩൧

സ്വാരാട്പ്രഭാവനഥ ലക്ഷ്മണനോടുകൂടി
ശ്രീരാമനെ ത്വരിതമേകി മുനീന്ദ്രനായി;
വാരാശി ഭാസ്സു തടവും നവകൌസ്തുഭത്തെ
നാരായണന്നു കുതുകേന കൊടുത്തപോലെ. ൩൨

ജാതാദരം സുതനെ നൽകിയനേരമവ്വീ-
നേതാവുതൻ മിഴി പൊഴിച്ച മുദശ്രുവഷം
പൂതാമരാവലി ചൊരിഞ്ഞ നവീനസൂന-
വ്രാതാതിവൃഷ്ടിയുടെ പൂവ്വജമായിവന്നു. ൩൩

ധീരത്വമാന്ന നൃപതിയ്ക്കവരെക്കൊടുത്ത
നേരത്തുദിച്ച കുതുകാശ്രുവതിന്നിമേലിൽ
ക്രൂരം നിശാചരകുടുംബിനിമാക്കിരിയ്ക്കു-
വോരശ്രുപാതനടനത്തിനു നാന്ദിയായി. ൩൪

തന്നങ്കത്തടത്തിൽ നിമിഷംപ്രതി വാച്ചുയൻ
വന്നുള്ള തത്തനുജവത്സലതാദ്രുമത്തിൽ
അന്നുദ്ഭവിച്ച പരമാമുപദേശരൂപം
ചിന്നുന്ന വാക്ഫലമവക്ക് കൊടുത്തു മന്നൻ. ൩൫

"തുംഗപ്രതാപനിധിയിമ്മുനിതൻെറ പാദ-
സംഗത്തിനാലഘഹരം പുരുപാംസുപൂരം
ഭംഗം വെടിഞ്ഞനിശവും തലയിൽ ധരിപ്പിൻ!
മംഗല്യമേല്പതിന്നിതുത്തമമാർഗ്ഗമത്രേ. ൯൬

അച്ഛൻ വിശിഷ്ടമതിയീവശി, താപസസ്ത്രീ-
യിച്ഛയ്ക്കൂമുത്തരുള്ളമമ്മയുമിന്നിമേലിൽ,
ചിച്ഛക്തിചിന്നമുടജങ്ങൾ പുരങ്ങൾ, സൌഖ്യ-
മച്ഛം ഭവിപ്പതിന്നിതിൽപരമെന്തുവേണം? ൯൭

സത്യം ദമം വിനയമീശ്വരഭക്തിയൈക-
മത്യം ദയാർദ്രത നയപ്രതിപത്തി ദാനം
കൃത്യപ്രസക്തി മുതലായ ഗുണങ്ങൾ നിങ്ങൾ
നിത്യം ഭജിപ്പി,നിവയഭ്യുദയപ്രദങ്ങൾ. ൯൮

ധീരത്വമെന്നതു വിപത്തിലുയന്നഹംഹ-
ങ്കാരം സുസമ്പദുദയത്തിലുമേററിടാതെ
വൈരം രിപുക്കളൊടുമററു സമത്വമേതു-
നേരത്തുമാരൊടുമിയന്നു വസിച്ചിടേണം. ൯൯

ആപൽസുഖങ്ങളിലൊരേവിധമാം മനസ്സു
പാപത്തിലേറെ വിമുഖത്വമതീവശാന്തി
സ്വാപത്തിലും വിമലമീശ്വരചിന്ത ഹൃദ്യാ-
ലാപം മിതം വചനമെന്നിവ സത്തമങ്ങൾ. ൧൦൦

പ്രത്യക്ഷദൈവമുലകിൽ ഗുരുവെന്നുറച്ചു
കൃത്യക്ഷമത്വമൊടു സന്നയമാർന്നു നിങ്ങൾ
അത്യർത്ഥമത്തൊടു ഗമിയ്ക്കുവി,നാത്മസമ്പൽ-
സ്ഥിത്യർത്ഥമൈശ്വരമനുഗ്രഹവും ഭവിയ്ക്കും." ൧൦൧

സന്നീതിമാൻ നൃപതി പുത്രരൊടേവമോതി-
പ്പിന്നീട്ടു സന്മധുരമായ് മുനിയോടുരച്ചു:—
"ഇന്നീവിധം തനുജരിൽ പ്രിയവായ്പുമൂലം
ചൊന്നീടുവാൻ തുനിവതാണു ഭവാനൊടല്പം. ൧൦൨

തെക്കും വടക്കുമറിയാത്തവർ മന്ദരാകു-
മിക്കുട്ടികൾക്കമതുപോലെ കുലത്തിനും മേ
മേൽക്കുന്നതിയ്ക്കു കരുണാരസപൂർണ്ണമാം നിൻ-
ദൃക്കുററ ബന്ധു,വിനി ഞാൻ പറയേണ്ടതുണ്ടോ? ൧൦൩

താതൻ തഥാ ജനനി സോദരർ ദൈവമുള്ളിൽ
സ്ഫീതപ്രകാശമരുളും ഗുരുവെന്നിതെല്ലാം
ശ്രീതങ്കുമെൻെറ തനുജക്കു ഭവാനൊരാളാ-
ണേതൽകുലാഭ്യുദയവും ത്വദധീനമെന്നും.'' ൧൦൪

ഇഷ്ടാനുകൂലമതിനുത്തരമോതി ഹൃഷ്-
ടുഷ്ടാശയൻ തദനു യാത്രയുരച്ചു മന്ദം
ശിഷ്ടാഭർ കുട്ടികളുമൊത്തു ദിദൃക്ഷുലോക-
പൃഷ്ടാന്തമായ വഴിയേ മുനി യാത്രചെയ്താൻ. ൧൦൫

പോകും കുറച്ചുവഥ വഴിയ്ക്കു തിരിഞ്ഞുനിൽക്ക-
മാകുണ്ഠമായ് ജനകനുള്ള മുഖത്തു നോക്കും
തൂകും തദാശ്രുവിതുമട്ടു നൃപൻെറ ജീവ-
നാകുന്ന പുത്രയുഗമാമുനിയെത്തുടന്നു. ൧൦൬

ശ്രീയുറെറാർത്തനുജയുഗ്മമകന്നു ദൂരെ-
പ്പോയുള്ള നേരമുരുനിദ്ര പുരിയ്ക്കു മാന്ദ്യം—
ആയുസ്സു നൽസുകൃതമെന്നിവയററവന്നു
ഹാ! യുക്തയാം മൃതിയുടൽക്കു കണക്കു—ചേർത്തു. ൧൦൭

പിന്നാലേ സഞ്ചരിച്ചീടിന രഘുസുതരോ-
ടൊത്തു കൌതൂഹലാത്മാ-
വന്നാളായോഗി, സന്ധ്യാമയവിഗളദസൃ-
ഗ്ഗാത്രിയായ് രാത്രിയെങ്ങും
വന്നാതങ്കം വളർത്തുംപൊഴുതഥ വനഭൂ-
വിങ്കൽ വാഴ്‌വോരൃഷീന്ദ്രൻ-
തന്നാതിത്ഥ്യം വരിച്ചുഭൃദയമൊടു തദീ-
യാശ്രമത്തിങ്കൽ വാണാൻ. ൧൦൮

———*———

## രണ്ടാംസർഗ്ഗം

ശ്രുതീതിഹാസാദികളഭ്യസിയ്ക്കും
യതീന്ദ്രബാലക്കിയലും നിനാദം
ക്ഷിതീശപുത്രന്മാരൊടു തത് ത്രിയാമ-
യതീതയായെന്നു വിളിച്ചുണർത്തി. ൧

ധരാതലത്തിങ്കലതേവരെത്തൻ-
കരാളദോർമ്മണ്ഡലലീല കാട്ടി
നിരാമയം വാണ തമസ്സിനെല്ലാം
വിരാമകാലം വിശദം ഭവിച്ചു. ൨

നിറത്തിനാൽ തന്റെ സഹോദരത്വം
പരം വഹിയ്ക്കുന്ന തമസ്സശേഷം
ധരയ്ക്കകം വിട്ടു വിഷാദമേറെറാ
കരഞ്ഞു കൂട്ടത്തൊടു കാക്കയെങ്ങും? ൩

നാശം വിചാരിച്ചു ചടച്ച രാവാം
കൃശാംഗിതന്നസ്ഥിലവങ്ങൾപോലെ
പ്രശാന്തശോഭം ചിലതങ്ങുമിങ്ങും
ഭൃശാഭമാം വാനിലുഡുക്കൾ മിന്നി. ൪

ബാലാൎക്കദീപദ്യുതിതൻ വികാസ-
ത്താലാ നിശാന്തം വിശദാഭമാക്കി
ചേലാന്നു പാടീ ഹരിദിക്കു പക്ഷി-
ജാലാരവത്താൽ പല കീൎത്തനങ്ങൾ. ൫

മരിച്ച രാത്രിയ്ക്കിയലും ശരീര-
മെരിയ്ക്കുവാൻ തീൎത്ത ചിതയ്ക്കു തുല്യം
ഹരിയ്ക്കെഴും ദിക്കിലൊരുഗ്രഭാസ്സു
പരിസ്ഫുരിച്ചു ദഹനാഭമെങ്ങും. ൬

ഭ്രമംപെടും വണ്ടുകൾ വാനിലും നൽ-
ക്ഷമയ്ക്കകത്തും വിചരിച്ചിതെങ്ങും
അമന്ദസാരൻ തപനൻ മുറിച്ച
തമസ്സിനേന്തും ശകലങ്ങൾപോലെ. ൭

ഇനൻ ഹനിച്ചോരു തമോഗണത്തി-
ന്നിനം സ്വകം കൎമ്മബലം നിമിത്തം
അനൎഗ്ഗളം ഭൃങ്ഗവപുസ്സു പൂണ്ടു
പുനഃ പുനൎജ്ജന്മമെടുത്തു മന്നിൽ. ൮

സ്വനാഥനെത്തും കഥ കുക്കുടത്തിൻ-
നിനാദമൂലം ഹൃദി താൻ ഗ്രഹിയ്ക്കേ
അനാവിലം നേത്രപുടം തുറന്നു
വനാന്തപാഥോജിനി നിശ്വസിച്ചാൾ. ൯

പൌരസ്ത്യദേശത്തിലുദിച്ച സച്ചിൽ-
സൂരൻ തദാ കണ്ടറിയുംവിധത്തിൽ
പാരം വിളക്കീ രുചിയാൽ തമസ്സിൻ-
പൂരംപെട്ടും ദിക്കുകളാകെയെങ്ങും. ൧൦

അല്പം വിടൎന്നുള്ള സുമത്തിൽനിന്നു-
മുൽപന്നമായ് ജൃംഭിതമായ ഗന്ധം
സൽപാവനം പൂണ്ട വിഭാതവാത-
മുൽപാടനംചെയ്തു വിയുക്തചിത്തം. ൧൧

കരം ചലിപ്പിച്ചുദയാദ്രിശയ്യാ-
ന്തരത്തിലൎക്കൻ ശിശുമോദമോടെ
ചിരം കളിയ്ക്കുന്നതു കണ്ടു കാന്തി-
ഭരം മുഖത്താൎന്നിതു ദിഗ്വധുക്കൾ. ൧൨

കരത്തിലുഗ്രം വല വാളുമൊന്നാ-
ന്തരത്തിലാം കുന്തവുമേന്തി മോദാൽ
നിരന്നു കൂട്ടാൎന്നു കിരാതർ വേട്ട-
യ്ക്കിറങ്ങി ജായാഭുജമോചിതന്മാർ. ൧൩

തദാശ്രമത്തിൻ തരളേതരശ്രീ
തദാ പരം തുന്ദിലമായ് വിളങ്ങി,
മുദാ കളിച്ചേണശിശുക്കളെങ്ങു-
മുദാരഭാസ്സങ്കണഭൂവിനേകി. ൧൪

പെരുക്കു പററാത്ത സുമങ്ങൾ പൂജ-
യ്ക്കൊരുക്കിയും, വൃക്ഷഗണം നനച്ചും,
രുരുക്കളെ മേച്ചുമൃഷീന്ദ്രബാല-
രരുക്കരായ് ചെയ്തു തദീയകൃത്യം, ൧൫

ജപം തുടങ്ങീ ചിലർ, ഹോമകർമ്മ-
പ്രപഞ്ചമാർന്നൂ ചിലർ മാമുനീന്ദ്രർ,
സപങ്കമാം സംസൃതിബന്ധമായ-
വിപത്തകററാൻ ചിലർ യോഗമേററു. ൧൬

ഘൃതാദിസദ്രവ്യസുഗന്ധമേററു
ചിതാഭനായ് തുന്ദിലനായ വായു
ഹൃതാഖിലാത്മാവിലസാരനെങ്ങു-
മതാന്തനായ് ചുററി തദാശ്രമത്തിൽ. ൧൭

ശുകാനുഗീതം മുനിവര്യനാനാ-
പ്രകാരമന്ത്രോച്ചയസാമഗാനം
പ്രകാശമേന്തുന്ന ദിഗന്തമെല്ലാം
പ്രകാമമന്നാൾ മുഖരീകരിച്ചു. ൧൮

വേദാന്തസാരങ്ങൾ നദിച്ചു സച്ചി-
ന്മോദാന്ധഹൃത്തോട്ടു കിളിക്കിടാങ്ങൾ
തദാ ധരിത്രീരുഹകോടരം വി-
ട്ടദാന്തഭാസ്സോട്ടു പറന്നു ചുററി. ൧൯

പ്രകാശമായ് ദിക്തതി, ഹൃദചികാസ-
വികാരദൻ വീശി നിശാന്തവാതം,
പികാവലീഗീതി മുഴങ്ങിയന്നി-
പ്രകാരമായ് മാറി ജഗത്സ്വഭാവം. ൨൦

ക്ഷമാതലം വാസരലക്ഷ്മിയന്നാ-
ളമായമീമട്ടു വിളക്കിയപ്പോൾ
കുമാരരോടൊത്തൃഷി ഗാധിജാതൻ
ക്രമാലുടൻ ചെയ്തു വിഭാതകൃത്യം. ൨൧

പടന്ന ബാഷ്പോദ്ഗതി ധൈര്യമോടൊ-
ട്ടടക്കി നിൽക്കും മുനിവൃദ്ധരോടായ്
തടസ്ഥമൊട്ടേററഴലാലിടച്ച
പെട്ടുന്ന വാക്കോടവർ യാത്രചൊല്ലി. ൨൨

"ശർമ്മം മുടങ്ങാതെ ജഗത്തിലാത്മ-
ധർമ്മം നടത്തി ക്ഷിതിചക്രമെല്ലാം
നന്മയ്ക്കു നന്മന്ദിരമാക്കി നിങ്ങ-
ളിമ്മട്ടു നിത്യം വിജയിക്കമേന്മേൽ." ൨൩

മുനീശ്വരാനുഗ്രഹമീവിധത്തിൽ
വിനീതരായേററു ശിരസ്സിനാലെ
ധുനീതടാകദ്രുശിലാദി ചേരും-
വനീതലം മൂവരുമന്നണഞ്ഞാർ.

൨൪

പലേവിധം ദുശ്ശകുനങ്ങളവ്വീ-
തലേശ്വരന്മാരുടെ മാർഗ്ഗമന്നാൾ
തുലേതരാപൽകരമെന്നു കാട്ടി-
ച്ചിലേടമല്ലെങ്ങുമുടൻ പടന്നു. ൨൫

പാതം തരുക്കൾക്കുളവാക്കിയുഗ്ര-
വാതം, പൊടിച്ചാർത്തുലകിൽ പരത്തി,
സ്ഫീതം വനാന്തത്തിലണഞ്ഞടിച്ച-
ത്യാതങ്കമാന്ധ്യത്തൊടു ചേർത്തു ചുററും. ൨൬

വൈകല്യമെന്തോ വരുമെന്നു ചേത-
ശ്ശോകമെപ്പെട്ടുമാതിരി പക്ഷിസംഘം
ആകെക്കൂട്ടുംദീനരവോദയേന
സാകം നദിച്ചു തരുശാഖതോറും. ൨൭

ക്രുകീ സൃഗാലങ്ങൾ ചെവിയ്ക്കു ശല്യ-
മേകീടുമാമട്ടതിതൈക്ഷ്ണ്യമോടെ,
ഭ്രു കീഴമേലായ്മറിയുംവിധത്തി-
ലാകീർണ്ണദൌസ്ഥ്യത്തിനധീനമായി. ൨൭

പരിഭ്രമിയ്ക്കും കളഭങ്ങളെത്തൻ-
കരത്തിനാൽ താങ്ങിയെടുത്തിഭങ്ങൾ
സ്വരക്ഷ നേടുന്നതിനായ് ഗുഹാഭ്യ-
ന്തരങ്ങളിൽച്ചെന്നു പതുങ്ങി വാണു. ൨൮

അയത്നലബ്ധം പ്രിയമുഗ്ദ്ധമാർതൻ-
സ്വയംഗ്രഹാശ്ലേഷമിയന്നു വേടർ
ഭയത്തിനാൽ കമ്പിതരായ് നികുഞ്ജാ-
ലയത്തിലെത്തീട്ടൊളിവോടു പാർത്തു. ൩൦

ക്ഷണം നിജംബാലനെ മെയ്യോടേ ചേ-
ർത്തണച്ചു പേടിച്ചു പതുങ്ങി മാറി
തൃണത്തിനാൽ തൻതനുവാകെയേണീ-
ഗണം തദാ മൂടി വസിച്ചു കാട്ടിൽ. ൩൧

അടിച്ചുതാൻ വീഴ്ത്തിയതാം ഗജത്തെ
വെടിഞ്ഞഹോ! സിംഹഗണങ്ങൾ പോലും
പൊടിഞ്ഞ ഹൃത്തോടു ദരീഗൃഹത്തിൽ
കടന്നു നിശ്ശബ്ദത പൂണ്ടിരുന്നു. ൩൨

വരാനിരിയ്ക്കും നില കാട്ടിടുന്ന
കരാളമാം ദുശ്ശകുനത്തിനേയും
അരാജിതം തദ്വനഭൂവിനേയും
നരാധിപന്മാരിതുമട്ടു കണ്ടു. ൩൩

മലയ്ക്കുനേരാം ഹൃദയത്തിലൊട്ടും
മലപ്പു കൂടാതവർ മൂന്നുപേരും
അലക്ഷ്യമായ് യാത്രതുടന്നു; ധൈര്യം
കലന്നിടുന്നോരഴലേല്പതുണ്ടോ? ൩൪

അടക്കമെററംബുദനാദഗർവ്വ-
മടക്കിടുംമാററതിതീക്ഷ്ണമായി
ഉടൻ കടുംനിസ്വനമൊന്നു കാട്ടിൽ
കടന്നു തൽകർണ്ണപുടം പൊളിച്ചു. ൩൫

പെട്ടെന്നു കൂസാതവർ മുമ്പിലത്തെ-
മട്ടപ്പൊഴും യാത്രതുടന്നു ധൈര്യാൽ;
തിട്ടം മതിസ്ഥൈര്യമതീവ ചേരും-
കൂട്ടർക്കു പുല്ലാണു വിപത്തശേഷം. ൩൬

നഭഃസ്പൃഗാകാരമൊടുച്ചനാദാൽ
പ്രഭഞ്ജനംചെയ്തു ദിഗന്തമെല്ലാം
സഭങ്ഗമാക്കി ദ്രുമവൃന്ദമന്നാ-
ളഭദ്രയാം താടകയോടിയെത്തി. ൩൭

സ്വപാദവിന്യാസമരുത്തുമൂലം
പ്രപാതമേകിത്തരുവിൻ കുലത്തിൽ
ക്ഷപാടയാം താടകയാമുനീന്ദ്ര-
നൃപാത്മജാധ്വാവു തടുത്തു മുഷ്കാൽ. ൩൮

ഭയം വളർക്കും വിവിധാസ്ഥിമാലാ-
ചയങ്ങളിൽ ചിന്തിയ കാന്തിവായ്പാൽ
അയത്നമാധ്വാന്തകുലത്തിനൊക്കെ
ക്ഷയം ജനിപ്പിച്ചുമൊരല്പനേരം; ൩൯

നഖങ്ങളിൽ കോർത്ത മൃഗേന്ദ്രർതന്റെ
മുഖത്തിൽ നിന്നും പൊഴിയുന്ന രക്തം
അഖണ്ഡധാരം നിപതിച്ചു സന്ധ്യാ-
സഖസ്സുരൽകാന്തി നിലത്തു ചേർത്തും; ൪൦

ധാരാളമായ് ചോര പതിഞ്ഞു മിന്നു-
വോരാക്കറുത്തുള്ള കടുത്ത മെയ്യാൽ
സൂരാരുണാംശുക്കൾ വപുസ്സിലേററ
ഘോരാഞ്ജനാദ്രിക്കെതിർകാന്തി പൂണ്ടും; ൪൧

സുരാതിപാനേന മുഖത്തുനിന്നും
കരാളമായ് ചിന്നിയ നീചഗന്ധാൽ
ധാരാതലത്തിൽ പവനന്നുകൂടി-
യൊരാമയം ചേർത്തുമശുദ്ധിമൂലം; ൪൨

ചോരച്ചുവപ്പാളിന കണ്ണിൽനിന്നു
ഘോരം പെരുംതീപ്പൊരിയുദ്ഗമിച്ചും,
ക്രൂരം സ്വനാസാശ്വസനാഗമത്തിൻ-
സാരത്തിനാലഭ്രമടിച്ചുടച്ചും; ൪൩

പാദപ്രപാതാഘാതിയാൽ ധരത്തിൻ-
പാദത്തിനും നിർഭരകമ്പമേകി
നാദപ്രപഞ്ചൈകമയസ്വഭാവാൽ
സാദം ദിഗന്തങ്ങളിലേകിയും താൻ; ൪൪

ഇടയ്ക്കിടെക്കണ്ട മൃഗവ്രജത്തെ-
ക്കടന്നു താഡിച്ചു പിടിച്ചതിന്നും
മടക്കമേൽക്കാത്തൊരു താടകാഖ്യ
മുടക്കിയുൾക്കോട്ടമവൾക്കു മാറ്റും. ൪൫

സ്വകാത്തദന്തദ്യുതിയാൽ നഭസ്സി-
ലകാലവിദ്യുൽപ്രഭതാനണച്ചും
പ്രകാമകീലാലമിയററി മേഘ-
പ്രകാശയായ് താടക കേളിചെയ്കാം. ൪൬

കരങ്ങളിൽ ഭീകരമാം ഭുജങ്ഗോൽ-
കരംവളച്ചായവളിട്ടിരുന്നു,
ചിരം മഹീദ്രോഹമഹാവ്രതാർത്ഥം
തരത്തോടേ കെട്ടിയ കാപ്പുപോലെ. ൪൭

അനീതിയായ് ചെന്നു പിടിച്ചു കൊന്നു
മുനീന്ദ്രരെത്തിന്നു മഖം മുടക്കി
സ്വനീചഭാവം വെളിവാക്കിയും ത-
ദ്വനീതലം താടകയന്നിളക്കി. ൪൮

കടുപ്പമേറും നിജമൃത്യുകാല-
മടുത്തതിൻലക്ഷണമായിരിയ്ക്കാം
പടുത്വമേന്തും വികൃതിത്തരങ്ങൾ
തടസ്ഥമില്ലാതവൾ കാട്ടിയേററം. ൪൯

നിരാമയം മിന്നിന തൻകുലത്തിൻ-
വിരാമമേകുന്നതിനാവനത്തിൽ
സരാമനായ് വന്ന മുനീന്ദ്രനേ നിർ-
ഭരാഘയാം രാക്ഷസി കണ്ടു കോപാൽ. ൫൦

കഴിച്ചിടാം നിൻകഥയെന്നു കണ്ണു
മിഴിച്ചു ചെന്തീപ്പൊരി ചിന്തിയെങ്ങും
അഴിഞ്ഞ കേശത്തെയൊതുക്കിയേതു-
മൊഴിച്ചിടാതായവൾ പാഞ്ഞടുത്തു. ൫൧

ശരപ്രയോഗത്തിനു മാമുനീന്ദ്ര-
നുരച്ചിട്ടും മുൻപു കയർത്തു രാമൻ
അരം നിശാടയ്ക്കിയലും പെരുത്തോ-
രുരസ്സിലേയ്ക്കാശുഗമാശുവിട്ടു. ൭൨

ശ്രീരാമബാണം ബലമോടുചെന്നി-
ട്ടാ രാക്ഷസിയ്ക്കുള്ള പരുത്ത മാറിൽ
ആരാലസുക്കൾക്കു പുറത്തു പായാൻ
ദ്വാരാഗ്രിമം വിസ്തൃതമൊന്നു തീർത്തു. ൭൩

സദോഷയാം രാക്ഷസിതൻ കനത്ത
മേദോദ്ധരം പൂണ്ട വപുസ്സു ദേവൻ
സ്വദോർദ്വയീവിക്രമദേവതയ്ക്കു
മോദോദ്ഗമത്താൽ ബലിയായി നല്കി. ൭൪

അരം തൃണംപോലവൾ മാറിലേറ്റ
ശരം പറിച്ചാഞ്ഞു നിലത്തെറിഞ്ഞു
അരക്ഷണംകൊണ്ടു നൃപാലർ നില്ക്കു-
മൊരാസ്ഥലത്തേയ്ക്കു കുതിച്ചു പാഞ്ഞു. ൭൫

സുതീക്ഷ്ണമാം സായകമൊന്നുകൂടി
ക്ഷിതീശ്വരൻ വിട്ടതു മാറിലേൽക്കേ
അതീവ സന്താപമിയന്നു ഭഗ്ന-
പ്രതീകയായ് രാക്ഷസി വീണു മന്നിൽ. ൭൬

നൃപൻ തദാ യോഗിവരിഷ്ഠർതന്റെ
വിപന്മയഗ്രന്ഥിയൊടൊത്തുതന്നെ
പ്രപന്നയാം രാക്ഷസിതൻ കടുത്ത
സപങ്കമാം ജീവിതവും ഹരിച്ചു. ൭൭

ഉച്ച്വസനംകൊണ്ടുലകത്തിനെല്ലാം
ഹൃച്ചഞ്ചലാവസ്ഥ വളർത്തിയേററം
ഉച്ചണ്ഡയാം രാക്ഷസി ശോകമുള്ളിൽ
വാച്ചാക്ഷണം തന്നെ വെടിഞ്ഞു ജീവൻ. ൪൮

സ്ഫുരൽപ്രഭാതാർക്കമഹസ്സു മങ്ങു-
മൊരഞ്ചിതസ്ത്രീമയകാന്തിപൂരം
നരർഷഭൻ രാമനു കണ്ണുകൾക്കു
തരത്തൊടപ്പോളതിഥീഭവിച്ചു. ൪൯

വരിഷ്ഠസൌന്ദര്യ്യമരന്ദസത്തിൻ-
ഝരിയ്ക്കു ചേരുന്ന വിഹാരഭൂവായ്
ഗരിഷ്ഠഭാസ്സാർന്നു നതാംഗി മോദ-
സരിത്തിൽ മുക്കീ നൃപചിത്തമന്നാൾ. ൫൦

ശരാഭിഘാതാൽ സ്വകരാളദേഹ-
മരാജിതം വിട്ടു വിമോക്ഷമേന്തി
സുരാംഗനാരൂപമൊടാനിശാട
നരാധിപൻ രാമനു മുന്നിൽ മിന്നീ. ൫൧

പ്രമോദബാഷ്പം നയനത്തിൽനിന്നു
വിമോചനം ചെയ്തവൾ ചൊല്ലി മന്ദം:—
„നമോസ്തു തേ ദേവ ദയാനിധേ! ഞാൻ
സമോക്ഷയായ് വന്നു ഭവൽപ്രസാദാൽ. ൫൨

നിശാചരീരൂപമെടുത്തു മൌഢ്യ-
വശാൽ പുരാ ചെയ്തു പെരുത്ത പാപം
പ്രശാന്തമായ് നിൻകരുണാർദ്രവീക്ഷാ-
വിശാലശൃംഗാടകപാന്ഥയാം മേ. ൫൩

വേദം ഹരിച്ചോരസുരൻ നിമിത്തം
ഖേദം ജഗത്തിന്നു ഭവിച്ചകാലം
മോദത്തോടേ മീൻവടിവായ നിന്റെ
പാദം മദീയാർത്തി ഹനിച്ചിടട്ടേ! ൩൪

ധർമ്മാവനത്തിന്നു പുരാ ജഗത്തിൽ
കൂർമ്മാഞ്ചിതാകാരമെടുത്ത നിന്നെ
നിർമ്മായമോർത്തംബുജമഞ്ജുകാന്തി-
മർമ്മാപഹം നിൻകഴൽ കുമ്പിടുന്നേൻ! ൩൫

മന്നിന്നു മുൻകാലമുദിച്ചുയന്നു
വന്നിഷ്ടരാപത്തു കുറയ്ക്കുവാനായ്
പന്നിയ്ക്കെഴും വിഗ്രഹമാവഹിച്ച
നിന്നിർമ്മലം പാദമിഹാശ്രയം മേ. ൩൬

സമ്പൂജ്യനാകും ബലിയോടൊരുണ്ണി-
നമ്പൂരിയായ് ചെന്നു ജഗത്തശേഷം
മുമ്പൂർജ്ജിതത്തോടു ഹരിച്ച നിയ്യി-
ങ്ങെമ്പൂർവ്വപാപം നിഹനിച്ചിടേണം. ൩൭

പുരാ സമുദ്രത്തിലധഃപതിച്ച
ധരാതലം കേരളമുററയത്തി
വിരാജിതൈശപ്യമണച്ച നിന്റെ
പരാഭമാം കാലവലംബമെന്നും. ൩൮

ധരയ്ക്കുവേണ്ടീട്ടവതാരമോരോ-
തരത്തിലേവം പലതാന്ന നിന്നെ
നരഷഭാകാരമെടുത്ത സാക്ഷാൽ
പരൻ പുമാനെന്നറിയുന്നിതാ ഞാൻ," ൩൯

സ്തവങ്ങളാലന്നവളേവമുർവീ-
ധവന്നു കൌതൂഹലമേററമേകി
നവപ്രഭാകഞ്ചുകിതാഭ്രയായി-
ട്ടിവം വിമാനസ്ഥിതയായ് ഗമിച്ചാൾ. ൧൦

അനിശമതുലമായാഡംബരംകൊണ്ടു നാനാ-
മുനികളുടെ മഖത്തെത്താൻ തകൎക്കുന്ന മൂർഖൻ
അനിയതമതി, മാരീചാഹ്വയൻ, രാമബാണാ-
ശനിയിലുടയഭീയാലബ്ധിയിൽ പോയ് മറഞ്ഞാൻ. ൧൧

ഖലതരമതിയായീടുന്ന മാരീചനന്നാ-
ജ്ജലനിധിയിൽ നിവാസം തത്ര കൈക്കൊണ്ടനേരം
അലമതുവരെയാതങ്കാബ്ധിയിൽ പാൎത്ത വിപ്രാ-
കുലരുടനതിൽനിന്നും യോഗിമാർ മേൽക്കരേറി. ൧൨

വശികൾക്കു നിത്യമഴലേററമേകുമ-
ന്നിശിചാരിയാകിയ സുബാഹുതന്നെയും
പിശിതാശവാച്ച നിജപത്രിപങ്ക്തിതൻ-
പശി തീൎത്തിടുന്നതിനു നല്കി രാഘവൻ. ൧൩

യതികൾ തൻെറ മഖത്തിനു ചേൎന്ന ദു-
സ്ഥിതികളാകെ ഹനിച്ചു സകൌതുകം
ക്ഷിതിയിലഭ്യുദയത്തെ വളൎത്തിയ-
ഗ്ഗതി തുടൎന്നിതു പിന്നെയുമന്നവർ. ൧൪

—(o)—

## മൂന്നാംസൎഗ്ഗം.

ഭ്രുവലാന്തകകുമാരയുക്തനായ്
പാവനൻ മുനി ദിനാന്തവേലയിൽ
സ്വാവലോകനസമുന്മുഖൈണമാ-
മാവരാശ്രമതലത്തിലെത്തിനാൻ. ൧

ക്ഷീണതീക്ഷ്ണത കലൎന്നു പദ്മിനീ-
പ്രാണനാഥനുടെ ചണ്ഡമണ്ഡലം
ശോണമായ്, തദനു പശ്ചിമാശയാ-
മേണദൃക്കിനതു കണ്ഠഭൂഷയായ്. ൨

ദുസ്തമഃപ്രകരമൊക്കെയൂക്കിനാൽ
ധ്വസ്തമാക്കി വിജയിച്ച ഭാനുമാൻ
ശസ്തമായരുണഭാസ്സുതാൻ വഹി-
ച്ചസ്തപൎവ്വതമുടിയ്ക്കു രത്നമായ്. ൩

ദൃക്കടഞ്ഞു തനുകാൎശ്യമാൎന്നു ഹാ!
രുക്കണഞ്ഞു ഹതവായുവായുടൻ
ഊൎക്കകന്നു രുതമോ വിമൂഢമായ്-
ച്ചാക്കടുത്തു നിപതിച്ചു വാസരം. ൪

കോരകാഞ്ജലിയൊടൊത്തു വണ്ടുത-
ന്നാരവച്ഛലട കലൎന്നു മന്ദമായ്
സ്സൂരനോടിവളെ വിട്ടിടൊല്ലയി-
ന്നേരമെന്നു നിഗദിച്ചു പദ്മിനി. ൫

കാലവൈഭവമകററി നിൎത്തുവാൻ
മേല പാൎക്കിലൊരുവന്നുമെന്നുതാൻ
വേലയിൽ പതിതനായ് മറഞ്ഞൊര-
ക്കാലദേവഗുരുവന്നു കാട്ടിനാൻ. ൰

കൂട്ടുകാരൊടു കലൎന്നു കൌതുകം
പെട്ടു ഗോനിരയെ മുൻനടത്തിയും
പാട്ടു പാടിയുമുടൻ വനാന്തരം
വിട്ടുപോയിടയബാലരൊക്കെയും. ൧

വങ്കലപ്പുയൊരു തോളിലേററിയ-
പ്പങ്കമാൎന്ന തനുവോടു കൎഷകർ
ഹുങ്കണഞ്ഞ വൃഷഭങ്ങളം ചൂഴെയാ-
തങ്കമററഥ തിരിച്ചു കൂട്ടരായ്. ൨

ഉല്ലസന്നവവിഭൂഷകൊണ്ടു സം-
ഫുല്ലകാന്തി തനുവിന്നു ചേൎത്തുടൻ
വല്ലഭാഗമനമോൎത്തു വാണു നൽ-
പല്ലവാധരികൾ മന്ദിരങ്ങളിൽ. ൩

ഏകനംബരതലാൽ പതങ്ഗന-
സ്തോകവേഗമൊടധഃപതിയ്ക്കവേ
ശോകവാൎദ്ധിയിലുടൻ പതങ്ഗപങ്ക്തിയ-
ന്നാകെ വിട്ടു ഗഗനത്തെയന്യവും. ൪

ജാതഗൎവ്വമൊടു സൎവ്വലോകദൃക്-
ചേതനാത്മനവശോണിതോൽകരം
പ്രീതമാമ്പടി കുടിച്ചു ദുസ്തമോ-
ജാതമാകിന പിശാചസഞ്ചയം. ൫

പൎവ്വതം, തരു,സമുദ്രമെന്നുവേ-
ണ്ടുൎവ്വരാവലയമപ്പൊഴൊന്നുപോൽ
ഗൎവ്വമേററമിയലും തമസ്സിനാൽ
സൎവ്വവും ബത! ധൃതൈകരൂപമായ്. ൧൨

ആൎത്തി ചേൎത്തു, വിചരദ്വിജാവലീ-
വൃത്തിയൻപൊടു മുടക്കിയാകവേ
മുത്തിണങ്ങിയ തമീതമീചരീ-
മുത്തിളയ്ക്കു ഗദമേകി നിൎഭരം. ൧൩

പാരിലൊക്കെയുമുടൻ പടൎന്ന വൻ-
ക്രൂരിരു,ട്ടഭികഗേഹമെത്തുവാൻ
ദൂരിതാഘമിഹ സഞ്ചരിയ്ക്കുമാ-
നാരിമാൎക്കൊരു സഹായമായ് തദാ. ൧൪

വൃക്ഷശാഖയിലിരുന്നു, തൽക്ഷണം
രൂക്ഷനാദമുളവാക്കി മൂങ്ങകൾ;
രാക്ഷസാളി നരമാംസഭക്ഷണാ-
കാംക്ഷ പൂണ്ടു ഭുവി ചുററിയെങ്ങുമേ. ൧൫

ക്ഷുദ്രമാംസമിരയാക്കി മത്തരായ്
ഹൃദ്രസത്തൊടു സൃഗാലർ ക്രുകിനാർ;
നിദ്ര വിട്ടു വിചരിച്ചു നിൎഭരാ-
ഭദ്രമേകിയുലകിന്നു തസ്കരർ. ൧൬

“സൂരനസ്തഗതനാ,യിനിസ്സുധാ-
സാരനിന്ദു വരു”മെന്നു കൌതുകം
പാരമേന്തിയ കുമുദപതിയ്ക്കതി-
ക്രൂരമാമിരുളിയററി സങ്കടം. ൧൭

ജീവിതേശ്വരരെയെങ്ങുമേ തിര-
ഞ്ഞാവിലാനനമിരുന്നു കേണിട്ടും,
ഭുവിലെങ്ങുമഥ ചുററുമീവിധം
രാവിലാർത്തിയൊടു വാണു ചക്രികൾ. ൧൮

ചൂതസായകകഥാദരിദ്രമായ്
പൂതമാകുമൊരു കൌശികാശ്രമം,
ജാതനിർമ്മലദിനാന്തകാന്തിയാൽ
സ്ഫീതമപ്പൊഴുതിലേന്തി വൈഭവം. ൧൯

ശാന്തശഷ്പശുകമായ കോടരോ-
പാന്തമാർന്നു തരുവൃന്ദമൊക്കെയും
കാന്തമാകുമുടജാങ്കഭുവവി-
ഭ്രാന്തഗോമൃഗകിശോരജാലമായ്. ൨൦

ഗ്രന്ഥമപ്പൊഴുതു കെട്ടിവച്ചു തദ്-
ബന്ധമല്പസമയം ത്യജിച്ചുടൻ
ചന്തമോടൃഷികുമാരർ വാപിയേ
ചിന്ത വിട്ടഥ ഗമിച്ചു കൂട്ടമായ്. ൨൧

സ്നാനമാർത്തകുതുകേന ചെയ്തു ചി-
ദ്ധ്യാനമാർന്നു നിവസിച്ചു യോഗികൾ;
ഗാനമീശ്വരകഥാത്മകം ഹിതാൽ
ദീനമററൃഷിവധുക്കൾ പാടിനാർ. ൨൨

സ്വീയനാഥവിരഹവ്യഥയ്ക്കന-
ധ്യായമെന്നുമിയലും രഥാങ്ഗികൾ
ആയതാഭ പെടുമാശ്രമത്തിൽ നി-
ർമ്മായഹർഷമൊടു വാണു രാവിലും. ൨൩

നൈശമാകിന മഹസ്സുതൻ സമാ–
വേശമേവമിയലുംതദാശ്രമം
ഭ്രുശതക്രതുതന്തുഭവക്കു മ–
ത്താശയത്തിനു വളർത്തിയേററവും. ൨൪

ക്രുലസങ്ഗതകുശാഗ്രഡോലനോ–
ദ്വേലലീലയനിശം വഹിപ്പവൻ
ബാലമാരുതനിളക്കയാൽ സദാ
ലോലപങ്കജവിലാസമേല്പതായ്; ൨൫

ശിഷ്ടമാമുനികൾതൻ കളേബരാത്
ഭ്രഷ്ടമാം ഭസിതരേണുവേല്ക്കയാൽ
പുഷ്ടമച്ഛസിതകാന്തിചേൎന്നതി–
സ്പഷ്ടമുന്നതവിശുദ്ധി വായ്പതായ്; ൨൬

പാപമുള്ള ജനതയ്ക്കതീവ ദുഷ്–
പ്രാപമായ്, സരസഭാവയുക്തമായ്,
താപമൊക്കെയുമകററിയേററവും
ശ്രീപദം പണിയുവോക്കു ചേപ്പതായ്; ൨൭

നിത്യവിസ്തൃതപദ്മകൈരവാ–
ദ്യുത്ഥനൎഘസുമസൌരഭോദ്ഗമം
ക്ഷത്യപേതരുചിചേൎന്നു ചക്രകാ–
പത്യമോഹനവിഹാരമാൎന്നതായ്; ൨൮

നല്ലതാകുമൊരു വാപിയിൽ, ധരാ–
വല്ലഭന്റെ സുതർ പോയ്ക്കുളിച്ചുടൻ
അല്ലലെന്നതറിയാതൃഷീന്ദ്രനൊ–
ത്തുല്ലസിച്ചു കൃതസാന്ധ്യകൃത്യരായ്, ൨൯

വൃക്ഷമൂലഫലപകചയുക്തമാം-
ഭക്ഷണം ഹിതമശിച്ചു രാത്രിയിൽ
അക്ഷതാഭരവർ നിദ്രതൻ സമു-
ദീക്ഷണത്തിനഥ ഗോചരാശരായ്. ൩൦

ആർഷവൃത്തിയതിനൊത്തമട്ടിലുൽ-
കർഷമോടവിടെയാക്കുമാരകർ
ഹർഷമാർന്നു ചിലനാൾ വസിച്ചു ദുർ-
ദ്ധർഷനാകുമൃഷിതന്റെ ശിഷ്യരായ്. ൩൧

മേലിലച്ഛഭസിതം ധരിച്ചു നൻ-
മൌലിയിൽ ബഹുജടാഭരത്തൊടേ
ചേലിയന്ന ചെറുതോലുടുത്തു ഭൂ-
പാലപുത്രർ മുനിവൃത്തി പൂകിനാർ. ൩൨

ഭാസമാനമകുടത്തിനാൽ സമു-
ല്ലാസമേററമിയലേണ്ട മൌലിയിൽ
ശ്രീസമഗ്രരവർ പൂണ്ടിതുദ്ഗ്രഥിതാ-
യാസമുൽകടജടാവിബന്ധനം. ൩൩

ക്ഷൌമനിർമ്മിതവരിഷ്ഠശയ്യയിൽ
പ്രേമമോടധിശയിച്ചിടേണ്ടവർ
ഭൂമഹേന്ദ്രസുതർ തീക്ഷ്ണമാം കുശോ-
ദ്ദാമശയ്യ നിജതല്പമാക്കിനാർ. ൩൪

വന്ദികൾക്കുടയ പാട്ടു കേൾക്കയാൽ
വൻദിനോദയമറിഞ്ഞെണീല്പവർ
മന്ദിയാതെ ശുകികൾക്കെഴും രസ-
സ്യന്ദിഗീതമതിനാൽ വിബുദ്ധരായ്. ൩൫

ഹാരവും, രുചിരകുണ്ഡലപ്രഭാ-
പൂരമാൎന്ന വളയെന്നിതൊക്കെയും,
ആ രസേശ്വരകുമാരർ വിട്ടു നൽ-
ചാരമാക്കിയുടലിന്നു ഭൂഷണം. ൩൬

പൎണ്ണസംഹതികൾകൊണ്ടു കെട്ടിയുൽ-
കീൎണ്ണഭാസ്സൊടധികം പ്രശാന്തമായ്
പൂൎണ്ണചിദ്രുചി പരിസ്ഫുരിയ്ക്കുമ-
പ്പൎണ്ണശാല തദനൎഘഗേഹമായ്. ൩൭

പൂത്തിടാതെ ഫലപങ്ക്തിയേററവും
മെത്തി വൃക്ഷനിര വിസ്ഫുരിപ്പതും,
കത്തിടും ദഹനനിൽ പതിച്ചു രു-
ക്കെത്തിടാതെ ശലഭം കളിപ്പതും; ൩൮

വൈരമററു പുലി, പാമ്പു, മാൻ, വൃകം,
ഘേരവാളി, ഹരിതൊട്ട ജീവികൾ
പാരമാരൊട്ടുമിണങ്ങി ലീലചെയ്-
വോരവസ്ഥ സരസം ലഭിപ്പതും; ൩൯

രാട്ടിനുള്ള തനുജക്കു തത്ര ഹൃ-
ത്തട്ടിനേകി നിതരാം കുതൂഹലം;
നാട്ടിലീസ്ഥിതികൾ കാണുവാൻ തരം
കിട്ടിടുന്നതു ചുരുക്കമല്ലയോ? ൪൦

വന്നു ഗാത്രമൊട്ടു ചേൎന്നു ലീല ചെ-
യ്യുന്ന മാൻശിശുവിനേ കുതൂഹലാൽ
മന്ദമാൎദ്രത കലൎന്നണച്ചു തൻ-
സ്തന്യമേകി മരുവുന്ന സിംഹികൾ, ൪൧

പ്രേമമാർന്ന മുനികൾക്കടുത്തുപോയ്
ഹോമസാധനമെടുത്തു സർവ്വവും
കാമമട്ടിശി കളിച്ചിടുന്നു മാൻ-
വാമതൻശിശു വിമുക്തശോകമായ്. ൪൨

തൈലവർത്തികൾ പെടാതിരിയ്ക്കിലും
സ്ഥൂലവിഗ്രഹമിയന്നു പാവകൻ
സ്വാലഘുദ്യുതി പരത്തിടുന്നു ചി-
ല്ലീല ചിന്നുമുടജത്തിലെങ്ങുമേ. ൪൩

തങ്കരോഗ്രത കുറച്ചു സർവ്വമാ-
തങ്കമാർക്കുമിയലാത്തൊരാവിധം
തങ്കമൊത്ത കതിരർക്കനാശ്രമ-
പ്രാങ്കണത്തിലരുളുന്നു നിത്യവും. ൪൪

നിത്യസന്നിഹിതയൌവനോദയ-
ദ്യുത്യനർഘകൾ മുനീന്ദ്രകന്യമാർ
അത്യസഞ്ജനിതകാമമാർ സദാ-
പ്യത്യജദ്വ്രതകൾ പാർപ്പു നിർഗ്ഗദം. ൪൫

തമ്മിലുള്ള വിമതത്വമററു തൻ-
സന്മനഃസ്ഥിതിയൊടൊത്തു ജീവികൾ
വന്മിട്ടുകൊട്ട ചരിച്ചിടുന്നതാ-
യമ്മഹീശസുതർ കണ്ടു വിസ്മയാൽ. ൪൬

ഭൌതികപ്രകൃതിശക്തിയേയുമീ-
മാതിരിയ്ക്കു വിജയിച്ചു വൻപരായ്
ഭൂതി ചേർത്തഖിലവും വശീകരി-
ച്ചീതിവിട്ടവിടെ വാണു യോഗികൾ. ൪൭

സ്ഥൂലധാടികൾ പടന്നിടുന്ന ഭൂ–
പാലകക്കുടയ രാജ്യലക്ഷ്മിയെ
മാലകന്നു മുനിവൃത്തി പൂണ്ട സദ്–
ബാലരാമവർ നിനച്ചു തുച്ഛമായ്. ൪൮

കല്ലു ചേന്നു വിലസും കിരീടവും
പുല്ലുതന്നെ നൃപലക്ഷ്മിയും തഥാ;
തെല്ലു സൌഖ്യമിവ ചേരുവോക്കുദി–
യ്ക്കില്ലുദഗ്രഗദവും വരും ക്രമാൽ.' ൪൯

ശ്രീവിലാസമിയലും മഹാശ്രമ–
ക്ഷ്മാവിഭാഗമതുകണ്ട വേലയിൽ
ഈവിധം ഹൃദി നിനച്ചു കൌതുകാ–
ലാ വിശിഷ്ടത കലന്ന രാഘവർ. ൫൦

വൃദ്ധരായ നിജപൂർവ്വർ മുൻപു സം–
സിദ്ധരാകുവതിനേററ വൃത്തിയേ
തദ്ധരാകുശലമേൽക്കുവാൻ മുറ–
യ്ക്കിദ്ധരാഗമവർ പൂണ്ടു ശൈശവേ. ൫൧

കൂട്ടുകാർ മുനികുമാരരൊത്തഘം
വിട്ടു മിന്നുമുടജത്തിലന്നവർ
ഒട്ടുമത്തലറിയാതൃഷീന്ദ്രർതൻ–
മട്ടു വാണു വിഗതാന്യചിന്തരായ്. ൫൨

രാവിലേ കുളി, ജപം, പഠിപ്പുതൊ–
ട്ടാവിശിഷ്ടതരകൃത്യമന്നവർ
ആവിലത്വമിയലാതെ ചെയ്തു ഹൃൽ–
പൂവിലേകി ഗുരുവിന്നു കൌതുകം. ൫൩

കാട്ടിൽനിന്നു വിറകാനയിച്ചു, മാൻ–
കുട്ടികൾക്കു ചെറുപുല്ലു നൽകുക,
ഒട്ടിതേവിധമെഴുന്ന കൃത്യമ–
മ്മട്ടിലന്നവർ നടത്തി സർവ്വവും. ൩൪

എന്തുതന്നെ ഗുരു ചൊൽകിലും ഹിതം
ചിന്തുമുള്ളൊടതു ചെയ്തു സാദരം
പന്തു പാട്ടു മുതലായതിങ്കലുൾ–
ഭ്രാന്തു വിട്ടു നിവസിച്ചു രാഘവർ. ൩൫

ക്രൂരചേർന്നവർ പഠിച്ചുകേറിടും–
തോറുമുന്നതഗുണങ്ങളൊക്കെയും
പേറുമാശയമിയന്നു താപസ–
ന്മാരുമദ്ഭുതമിയന്നിടുംവിധം. ൩൬

ഗൌതമാദി മുനിവര്യർ തീർത്ത നൽ–
പൂതശാസ്ത്രനിരയിങ്കലൊക്കെയും
സ്ഫീതവൈഭവമതുല്യധീബലോ–
പേതരാമവരിയന്നു സത്വരം. ൩൭

മോദമോടതിവിശിഷ്ടമാം ധനു–
ർവ്വേദമാഗമവുമർത്ഥശാസ്ത്രവും
ആദരത്തൊടു പഠിച്ചരാതിസം–
ഭേദനത്തിനവർ വൻപു നേടിനാർ. ൩൮

നിന്ദ ലൌകികസുഖങ്ങളിൽ, ചിദാ–
നന്ദചിന്തയിലതീവ സക്തിയും,
വൻദമാദിയുമുദിച്ചുവാണു സ–
ദ്വന്ദനീയപദരായ ബാലകർ. ൩൯

നാശഹീനമൊരുവസ്തു മാത്രമെ-
ന്നാശയത്തിലറിവാൻ തുടങ്ങവേ
ധീശരമൈകരതർ ചിത്സുഖത്തില-
ന്നാശവെച്ചു നിവസിച്ചു നിത്യവും. ൯൦

മേൽ ക്ഷമയ്ക്കധിപതിത്വമേൽക്കുവാൻ
ദക്ഷഭാവമുളവായിടേണ്ടവർ
സൽക്ഷമാദി സുഗുണം കലർന്നുതാൻ
രൂക്ഷഭാവമിയലാതെ മേവിനാർ. ൯൧

സന്നയം ഹൃദി കലർന്നു മിന്നുമ-
ച്ഛിന്നവീര്യമിയലുന്ന കുട്ടികൾ
ഉന്നതപ്രകൃതിതൻഗുണങ്ങളാ-
ലന്നിണക്കി മൃഗപങ്ക്തിതന്നെയും. ൯൨

വന്യമാം കളഭവും വൃകങ്ങളും
സ്തന്യപാനരതിയോടിരിയ്ക്കിലും
തന്നടുത്തവരെയൊന്നു കാണുകിൽ
ചെന്നുചേർന്നു മടിയിൽ കരേറിടും. ൯൩

കാട്ടുജന്തുനിരയും തദീക്ഷണം
വിട്ടു കാൽക്ഷണവുമാവസിയ്ക്കുവാൻ
ഒട്ടുമോർത്തിടുകയില്ല ഹൃത്തിലാ-
മട്ടു തൽപ്രകൃതിയിൽ പ്രിയത്തിനാൽ. ൯൪

പുഷ്ടമായനുദിനം മൃഗാവലി-
യ്ക്കിഷ്ടമോടശനമേകിടാതെ താൻ
ശിഷ്ടരാമവരശിയ്ക്കയില്ല നിഷ്-
കൃഷ്ടമിക്കണിശമുണ്ടു നിത്യവും. ൯൫

പ്രേമമോടവർ നനച്ചിടുംതരു-
സ്തോമമൊക്കെയുമനർഘപുഷ്പവും
കാമനീയകഫലങ്ങളും കല-
ന്നാമയസ്ഥിതി പെടാതെ വാഴ്കയായ്. ൩൬

ആദ്യമായ് ത്തരുഗണങ്ങൾ പൂത്തുടൻ
ഹൃദ്യമായ കുസുമം വഹിയ്ക്കവേ
ഹൃദ്യനല്പകുതുകം കലന്നവി-
ട്ടുദ്യമുത്സവമിയന്നു ബാലകർ. ൩൭

പല്ലവാവലി കളിച്ചുകൂടിയും
തെല്ലണഞ്ഞവർ തൊടില്ലൊരിയ്ക്കലും;
ഫുല്ലപത്രനിരയൊന്നുമേ പറി-
യ്ക്കില്ല ചെറുമശനത്തിനെങ്കിലും. ൩൮

സ്വാകന്മഷാശയഗുണാവലികൊണ്ടു സർവ്വ-
ലോകക്ഷമഭ്യുദയമന്നവരേറ്റമേകി,
നാകം രചിച്ച മുനിയൊത്തു ഗദാനുബന്ധ-
വൈകല്യമററ വിപിനത്തിൽ വസിച്ചു നിത്യം. ൩൯

## നാലാം സൎഗ്ഗം.

കലകളുടെ തികച്ചിൽ മാനമേറും-
നിലയഥ യുക്തജനപ്രിയാനുഭാവം,
പലഗുണമിവ ചേൎന്നു മിന്നിയുൎവ്വീ-
വലഹരപുത്രരനുഷ്ണഭാസ്സുപോലെ. ൧

അതിമൃദുനവഭാവമാൎന്നു വൃത്ത-
സ്ഥിതികളിയന്നു രസോദയാൎത്ഥമേന്തി
ക്ഷിതിപതിസുതരുല്ലസിച്ചു ദിവ്യ-
ദ്യുതിതടവും നവകാവ്യമെന്നപോലെ. ൨

നലമൊടവരെയന്നു രാക്ഷസൌഘാ-
കുലത പെടും ധര കണ്ടു മോദമേന്തി;
ജലദകലിതമഭ്രമാതപത്താൽ
കുലമുരുകും പുതുസസ്യരാശിപോലെ. ൩

കലകളെയവർതൻ ഹൃദന്തമൂലംക്കൊ-
ണ്ടലഘുഗുണാവലിയായ് ബഹിർവമിച്ചു;
ജലകണികകളെ ഗ്രഹിച്ചു മുക്താ-
ഫലനിരയേ ഭുവി ശുക്തിയെന്നപോലെ. ൪

അവരതുലധനുഷ്പ്രയോഗവിദ്യാ-
പ്രവരപയോനിധി ഗോഷ്പദീകരിക്കേ
അവശമടിമുതൽക്കുദഗ്രരക്ഷോ-
നിവഹജയധ്വജമുച്ചമുച്ചലിച്ചു. ൫

ക്ഷമയിലവരുദഗ്രമായ ദോഷാ-
ഗമമൊരുമാതിരിയും പെടാതെതന്നെ
വിമലബുധഗുരുപ്രഭാവമേന്തി-
സ്സുമഹിമ ചേൎന്നു വസിച്ചു ചിത്രമന്നാൾ. ൬

അതിരസമൊട്ടു തത്ര സവ്വസമ്പൽ-
സ്ഥിതിയൊട്ടു രാജകുമാരർ വാണിട്ടമ്പോൾ
യതിവരനൊരുനാൾ വിദേഹമാം ഭൂ-
വതിലണയാനവരൊത്തു യാത്രയായി. ൭

ക്ഷിതിപതിയുടെ പുത്രർ പോവതോർത്തി-
ട്ടതികദനം കലരുന്ന ചിത്തമോടേ
യതികളവിടെ വാണു, നിർഭരാശ്രു-
സ്രുതിയെ വഹിച്ചു തപസ്വികന്യമാരും. ൮

തലയഴലൊടുയർത്തി, നിശ്ചലത്വം
നിലയിലിയന്നു, തൃണം മുഖത്തിൽനിന്നും
നിലമതിലുടനിട്ടു, കുട്ടിയേയും
കലിതവിചാരവശേന നോക്കിടാതെ; ൯

നരവരരെ വഴിയ്ക്കു കണ്ടിടാതാം-
വരെയുമുദശ്രുവിയന്ന നീണ്ടകണ്ണാൽ
പരമുടജമൃഗങ്ങൾ നോക്കി; പിന്നെ-
ക്കരളു കരിഞ്ഞു കരഞ്ഞു കൂട്ടമോടേ. ൧൦

കിളി കളനിനദം ത്യജിച്ചു, നൃത്ത-
ക്കളിയെ വെടിഞ്ഞു മയൂരശാബകങ്ങൾ,
അളി കമലവനത്തെ വിട്ടു ശോകാൽ,
ദളിതമനസ്സൊടലഞ്ഞു സിംഹപോതം. ൧൧

കളിയിൽ വിരസമാന്നു സല്ലകിത്തെ-
ത്തളിരുകൾ വിട്ടു ഗജേന്ദ്രപോതകങ്ങൾ
വെളിവു ഹൃദി പെടാത്തപോലെ മററ-
ങ്ങളിലതിസംഭ്രമമോട്ടു ചുററിയെങ്ങും. ൧൨

വരി, നൃപസുതരേത്തുദിക്കിൽ വച്ചാ–
ണരിയ രസേന കൊട്ടപ്പുതാസ്ഥലത്തെ
ഹരിണപടലി, നോക്കിയശ്രു വീഴ്ത്തി–
ക്കരിയുമകത്തൊട്ട നിന്നു മന്ദിതാശം. ൰൩

അവരുടെ വിരഹം നിമിത്തമേററം
വിവശതചേൎന്ന വരോടജത്തെയന്നാൾ
നൃവരസുതർ മൃഗദ്രുമാനകമ്പാ–
ദ്രവമതി പൂണ്ടു മടിച്ചു വിട്ടുപോകാൻ. ൰൪

കരകലിതഘടാംബുവർദ്ധിതശ്രീ–
ഭരലസിതാഗ്ര്യലതാദ്രുമങ്ങളേയും
പുറകെയണയുമാ മൃഗങ്ങളേയും
നരവരരാമയമാൎന്നു വിട്ടുപോയാർ. ൰൫

അതിമഹിമ പെട്ടം നൃപാലരന്നാ–
യതിയെ മുറയ്ക്കു തുടൎന്നുതാൻ നടന്നു;
ദ്യുതി നിരുപമമാൎന്ന സൽപുരാണ–
സ്മൃതികൾ സദാ നിഗമത്തെയെന്നപോലെ. ൰൬

അടവിയതു നിശാടവാസപൂൎണ്ണം
സ്ഫുടകുതുകത്തെയവക്കു ഹൃത്തിലേകി,
ഭടനിബിഡിതമാം രണോർവ്വിയതുൽ–
കടബലമുള്ള മഹാരഥക്കുപോലെ. ൰൭

ച്യുതി നിശിചരരേകുമാവനാന്ത–
ക്ഷിതിയിലണഞ്ഞവരന്നു വിസ്മരിച്ചു;
ക്ഷതിപെട്ടുമുടലിൽ പ്രഭാവവീൎയ്യ–
ദ്യുതി തടവുന്ന നവൌഷധങ്ങൾപോലെ, ൰൮

വരവിശിഖധനുർവ്വിലാസമേന്തും–
കരമൊട്ട കാണികളിൽ പ്രമോദമേകി
നരവരരൃഷിയൊത്തു കാനനാഭ്യ–
ന്തരഗതരായ് വിചരിച്ചു വീതശങ്കം. ൧൯

വിഗളിതനവസൂനവൃഷ്ടിയാലാ–
നഗനിരയും, കളമായ പാട്ടിനാലേ
ഖഗകുലവുമകന്മഷേക്ഷണത്താൽ
മൃഗതതിയും നൃപരേസ്സമാദരിച്ചു. ൨൦

വനതലഗതദേവതാവിമുക്തം
ഘനസുമവൃഷ്ടി തദീയമൌലിയിങ്കൽ
അനഘരുചി വളർത്തി; ഗന്ധവാനാ–
മനിലനമന്നവരിൽ പ്രമോദമേറ്റി. ൨൧

നരവരസുതർതൻ പരാക്രമം നിർ–
ഭരമതുനാം വിഷയീകരിച്ചു കാട്ടിൽ
നിരവധി വനദേവതാളി പാടി–
പ്പുരമരസത്തെ മൃഗാവലിയ്ക്കുമേകി. ൨൨

ദ്രുവരനിര സുഗന്ധയായ് ചരിയ്ക്കും–
പവനനിളക്കിന മഞ്ജുശാഖയാലേ
ജവമവരെ ഹിതേന വീശി യാത്രാ–
ഭവപരിതാപമൊഴിച്ചു സേവചെയ്തു. ൨൩

ഫലതതി, കുസുമങ്ങൾ, തേൻതുടങ്ങി–
പ്പലപല കാഴ്ചകൾ വെച്ചു ഭക്തിപൂർവ്വം
നലമൊടടി വണങ്ങുമാക്കിരാതാ–
വലിയെയലം കൃപയാർന്നനുഗ്രഹിച്ചും; ൨൪

സ്വജനകനൊടു പോരിലേററു തോററാ-
രുജയൊടു കാട്ടിലണഞ്ഞു വേടരായി
സ്വജനതതിയെയും വെടിഞ്ഞു രാജ-
വ്രജമമരുന്നതു കണ്ടു ശോകമേററം; ൨൫

സ്വകരകലിതമാം ധനുസ്സിൽ നോക്കി-
ശ്ശുകലിതഹൃത്തൊടു വെമ്പിടും മൃഗത്തെ
സകരുണമധുരാവലോകനത്താൽ
പ്രകടരസത്തൊടിണക്കിയും ഹിതേന; ൨൬

ബലമധികമിയന്ന കാസരൌഘം
വിലസിന സസ്വരനിർത്ധരങ്ങളേയും
പല കപികൾ കളിയ്ക്കുകൊണ്ടു ശാഖാ-
കുലമിളകുന്ന മഹീരുഹങ്ങളേയും; ൨൭

രയമുടയ നദങ്ങളേയുമഭ്രോ-
ച്ചയരുചിരോച്ചധരാധരങ്ങളേയും
അയനമതിൽ മുറയ്ക്കു കണ്ടുകണ്ടുൾ-
പ്രിയമൊടു വിഭ്രമമേററമല്പമല്പം; ൨൮

ചരണജനിതമാം വപുഃശ്രമത്തിൻ-
ഭരമതിടയ്ക്കിടെയാ മരച്ചുവട്ടിൽ
ധരയിലധിവസിച്ചു തീർത്തു പിന്നെ-
പ്പുരമരസാൽ ഗതി മന്ദമായ്ത്തുടർന്നും; ൨൯

നവരുചിരവിലോചനങ്ങളാലേ
കുവലയമാല വനാവലിയ്ക്കു ചേർത്തും
അവരഴലറിയാതെയങ്ങു പൃത്ഥ്വീ-
ധവസുതർ യോഗിയുമൊത്തു യാത്രചെയ്താർ. ൩൰

മുനിയവരൊടുരച്ചു:—„ഹിംസ്രജന്തു-
സ്വനിതമിയന്നു ഭയേന കാണുവോരിൽ
പനിയരുളുവതായ് മഹത്ത്വമാളും-
വനിയിതു ധീരതയോടു നിങ്ങൾ കാണ്മിൻ! ൯

ധൃതബഹുഫലരാജി ചേർന്നനല്പം
നതതരുപങ്ക്തി കലർന്നു പൂക്കളെങ്ങും
വിതറി വിലസുമീവനാന്തമക്ഷി-
യ്ക്കുതനുകുതൂഹലമാർക്കുമേകുമല്ലോ. ൧൦

ഇളയ തൃണഗണം ഭുജിച്ചു കാററ-
ത്തിളകിന ചാരുതരുക്കൾ തൻ ചുവട്ടിൽ
ഇളയിലുരുവിഹാരജക്ലമത്തെ-
ക്കളവതിനിങ്ങു കിടപ്പു മാൻകിടാങ്ങൾ. ൧൧

നിരവധി ഹരിവർയ്യരെങ്ങുമഭ്യ-
ന്തരമതിലുള്ള പെരുത്ത 'മുഷ്ക്കി'നാലോ
പരമിതരഹരിയ്ക്കുഴം കരത്തെ-
ച്ചിരമകമേ വനമേല്പതില്ല തെല്ലും. ൧൨

അകമതിലുരുസത്ത്വവും തമസ്സും
വികലത വിട്ടു വഹിയ്ക്കുമീവനാന്തം
പ്രകടസുമഗളദ്രജോവിലാസ-
പ്രകരവുമേററു പരിസ്ഫുരിച്ചിടുന്നു. ൧൩

അനുപമതരമാം രജോവിലാസ-
ത്തിനു കളിമന്ദിരമായി മോടിയേററം
തനുവിലഭിവഹിയ്ക്കുമീവനശ്രീ
നനു നടിപോൽ പഥികാശയം ഹരിപ്പൂ. ൧൪

ഗഗനതലമതിൽ കടന്നു മൂഷ്ക്കാൽ
ഖഗനിരതൻ ഗതിയെത്തടുത്തിതിങ്കൽ
നഗതതി നവവിന്ധ്യലീല കൈക്കൊ-
ണ്ടഗണിതഭീതികഥം ലസിച്ചിടുന്നു. ൩൭

സകലഖഗകുലാശ്രിതം പദം പൂ-
ണ്ടകലുഷമിങ്ങു ശിവാനുഷങ്ഗമോടേ
പ്രകടഭുജഗഭ്രഷയൊത്തരണ്യ-
പ്രകരമിതേല്ലു നിതാന്തമുഗ്രഭാവം. ൩൮

കരികളുടെ കടം ത്കത്തുടച്ചും
പെരിയ മദത്തൊടസൃഗ്രസം കുടിച്ചും
ത്വരിതമഥ നദിച്ചുമുച്ചമായ് വൻ-
ഹരികളിതിൽ പല ദിക്കിലും ചരിപ്പൂ. ൩൯

സ്ഫുടവിവരമൊടേ വയോവിലാസം
തടവിയിതിങ്കലുയന്ന സദ്ദ്രുമങ്ങൾ
അടവിയിലനിശം മൃഗവ്രജത്തിൽ
തടവുപെടാതരുളുന്നു രക്ഷയെന്നും. ൪൦

തരുനിരയുടെ കൊമ്പുതോറുമെങ്ങും
വിരുതൊടു ചാടിയുമൊട്ടു പല്ലിളിച്ചും,
പുരുരുചിയൊടു സൽഫലം ഭുജിച്ചും
പെരുകിയ മുത്തൊടു വാനരം കളിപ്പൂ. ൪൧

ഹരി, പെരുകിന കൈത്തരിപ്പു തീക്കാൻ
ത്വരിതമണഞ്ഞു പിടിച്ചുടിയ്ക്കുമൂലം
അരിയ ശിലയുടഞ്ഞിടിച്ചിലേല്ക്കും
ഗിരികുലമാണിവ കാണ്മതിങ്ങു മുമ്പിൽ. ൪൨

പല പല നിറമാന്ന പൂക്കളെങ്ങും
നിലമതിൽ വീണു തിളങ്ങിടുന്നു കണ്ടാൽ
വിലസിതബഹുവർണ്ണമായ പട്ടീ-
യുലകിൽ വിരിച്ചതുപോലെ തോന്നുമാൎക്കും. ൪൩

പകലുമിരുളടഞ്ഞു സൂൎയ്യരശ്മി-
യ്ക്കകമണയാൻ കഴിയാത്തൊരീവനത്തിൽ
വികലിതനയനാഭയാലുലൂക-
പ്രകരസമം മരുവുന്നു ജീവിവൃന്ദം. ൪൪

പകയുടയ തമസ്സിലിങ്ങു ഭീതി-
ത്തികവകമേ നിതരാം വഹിയ്ക്കുകൊണ്ടോ
സ്വകരമിതിലണപ്പതില്ല കാന്തി-
പ്രകരമിയന്ന ദിനേശചന്ദ്രർപോലും. ൪൫

മലകളിവ ചിലപ്പൊളത്യുദഗ്ര-
ജ്വലനനിപീഡിതമായ ധാതുവൎഗ്ഗം
ഉലകിലുരു വമിച്ചു നാട്ടിനെല്ലാം
വിലയമതീവ ഗദേന ചേൎത്തിടുന്നു. ൪൬

ജനകനുടെ മടിയ്ക്കകത്തു ഹൃത്തിൽ
ഘനകുതുകേന കിടാങ്ങളെന്നപോലെ
വനഗതധരസാനുവിങ്കലേറി-
ക്കനയമൊടൊത്തു മൃഗം കളിച്ചിടുന്നു. ൪൭

പെരിയ ദവഹുതാശനീവനത്തിൽ
ത്വരിതമണഞ്ഞു ഹനിയ്ക്കിലും മൃഗത്തെ
കരികലമൊരു ജന്തുവിന്നു മാത്രം
കരിനില പിന്നെയുമൻപൊടേകിടുന്നു. ൪൮

ശിലയിലിഭഗണങ്ങൾ കൊമ്പുകുത്തി-
ത്തല ഹതിചെയ്തു വഴിയ്ക്കു പോയിടുമ്പോൾ
ചിലപൊഴുതിഹ കാലു തെററി വീണാ-
മലയവധൂക്കൾ സഗർഭമാർ മരിപ്പൂ. ൪൯

ദരിയിലധിശയിച്ചു കേളി ചെയ്യും
ഹരിയുടെ ഹിക്കൃതി കേട്ടഭീകരെപ്പോയ്
ത്വരിതമിഹ കിരാതമുഗ്ദ്ധമാർ പൂ-
ണ്ടരികിലണഞ്ഞു രമിപ്പു മാനമെന്ന്യേ. ൫൦

ഇരുകരകളിലും നിറഞ്ഞുനിൽക്കും
തരുനികരങ്ങൾ പൊഴിക്കുമാസ്സുമത്താൽ
പുരുമധുരതയും തണുപ്പുമെങ്ങും
സുരുചിയുമേററ നദീശതം ലസിപ്പൂ. ൫൧

സുനയനിധികളാം മഹീശരാൽ ത-
ജ്ജനതതിയെന്നതുപോലെ സസ്യവൃന്ദം
ദിനമനുവനനിമ്നഗാശതത്താൽ
ഘനരസമേററഭിവൃദ്ധി പൂണ്ടിടുന്നു. ൫൨

കരകളിലിയലും നികുഞ്ജവേശ്മാ-
ന്തരമതു വിട്ടു കിരാതിമാർകൾ നിത്യം
വരരൊട്ടുമൊരുമിച്ചിരുന്നു പാടി-
സ്സരസമരുത്തു നിഷേവ ചെയ്യുതായും; ൫൩

കരമതിലുദകം ഗ്രഹിച്ചുമച്ച-
സ്വരമൊടു ഹൂൽകൃതിയൊത്തുദച്ചമിച്ചും
ദിരദശിശുകദംബമന്വഹം നിർ-
ഭരകുതുകേന കളിച്ചിടുന്നതായും; ൫൪

ബിസവലയമഭീകമുക്തമേററം
രസമൊടു തിന്നു മനോജ്ഞനാദമോടെ
അസമശരവിലാസമാൻ ലീലാ-
പ്രസരമൊടന്നഗണം രമിപ്പതായും; ൭൨

മുതല മുതലഭങ്ഗവീയ്ക്കമേല്പോ-
രതനുപയോമൃഗരാശിയെപ്പിടിപ്പാൻ
ദ്രുതമിഹ വലയിട്ടു ദാശവൃന്ദം
സുതനുജനത്തൊടുമൊത്തു നില്പതായും; ൭൩

കമലവനഗൃഹാങ്കണപ്രദേശ-
ഭ്രമണകുതൂഹലിയായ വാതപോതം
വിമലസുഖമണപ്പതായുമെങ്ങും
സുമഹിതനിമ്നഗയുണ്ടിതാ ലസിപ്പൂ. ൭൪

വിലസിതജലമേകഭാഗമാൻം
ജലമിയലാതെയുമങ്ങു മററിടത്തിൽ
പലവളവുകളും തിരിച്ചിലും ചേർ-
ന്നലസത പൂണ്ടിതു മന്ദമായ് ഗമിപ്പൂ. ൭൫

ചടുലതയൊടണഞ്ഞു കാനനത്തിൻ-
നടുവിൽ വളഞ്ഞു തിരിഞ്ഞു മന്ദമായി
കടുവിഷമൊടിഴഞ്ഞിടുന്നു ശബ്ദ-
ത്തൊടു നദി ഘോരഭുജങ്ഗിയെന്നപോലെ. ൭൬

കുടിലപഥഗതാത്മവൃത്തിയാലൊ-
ട്ടിടിവു പരം കരകൾക്കു കൂടിയേകി
ത്രുടിതവിനയയായ ധൂർത്തയെപ്പോൽ
തടിനി ചരിച്ചതിമോദമേന്തിടുന്നു. ൭൭

ചെറുതിനെ വലുതീക്രമേണ തമ്മിൽ
കരബലമോടു ഹനിച്ചിതിൽ ഝഷൌഘം
നരപതി കലരാതെ ദുഷ്പ്രഭൂതം
പെരുകിയ നാട്ടിലെ മട്ടു കാട്ടിടുന്നു. ൯൧

ഇതിഹ രുചിരഫേനഭൃതി,ഹംസ-
സ്ഥിതി, സരസീരുഹപത്രചാരുചർമ്മം
ദ്യുതിയൊടിവ വഹിച്ചു സത്ത്വഹൃത്താം
യതിയുടെ തുല്യത ചേൎന്നു മിന്നിടുന്നു. ൯൨

ഘനസമയമണഞ്ഞിടുമ്പൊഴുഗ്ര-
സ്വനമെഴമാറിതു സങ്ഗതക്കശേഷം
അനിലവശഗയായ് സപങ്കയായി-
ട്ടനതരചഞ്ചത ചേർപ്പു യക്ഷിപോലെ. ൯൩

ക്ഷിതിധരമുകളേറി നോക്കിയെന്നാൽ
ദ്യുതി തടവും രജതാത്മരേഖപോലെ
അതിലഘുതനുവായ് സരിത്തു രാജി-
പ്പതിഹ നമുക്കു മിഴിയ്ക്കു ലക്ഷ്യമാകും. ൯൪

അകലുഷവിഭവം കലൎന്നു, ശാസ്ത്ര-
പ്രകരമൊടൊത്തവസാനഹീനമായും,
വിതലത തടവാതഗാധമായും
പ്രകടവിലാസമിതബ്ധി പൂണ്ടിടുന്നു. ൯൫

ദിനമണി നിജഗൌരവത്തെ വിട്ടു-
ട്ടനനിര തോയമിതിങ്കൽനിന്നു വാങ്ങി
സനയമെവിടെയും പൊഴിച്ചു ലോക-
ത്തിനു നിതരാമഭിവൃദ്ധി ചേർത്തിടുന്നു, ൯൬

ശിവനുടെ ജടയാം വനത്തിൽ വാഴും-
നവകളഹംസമഹസ്സു ചേൎന്ന ചന്ദ്രൻ
ഇവനുടെ സുതനാണു്, കൌസ്തുഭാഖ്യ-
പ്രവരമണിയ്ക്കുമിതണ്ഡി ജന്മഭൂമി. ൩൭

ധരണിധരകുചങ്ങളിൽ പ്രസൂനോൽ-
കരവരമാലിക ചേൎത്തു കാനനശ്രീ
സരളരുചിരചന്ദനാദിനാനാ-
ഭരണഗണത്തൊടുമൊത്തു മിന്നിടുന്നു. ൩൮

വനതതിയിതു നിത്യവും നവശ്രീ
ജനകത പൂണ്ടു ഹരിയ്ക്കു വാസഭൂവായ്
അനവധിധരസംശ്രിതാന്തമായും
ഘനരുചിയോടു പരിസ്ഫുരിച്ചിടുന്നു. ൩൯

സതതവുമകമേ ചിദാത്മചിന്താ-
വ്രതനിരതതപമിയന്നു താപസന്മാർ
ധൃതനിരുപമയോഗവൃത്തി പൂണ്ട-
ക്ഷതകുതുകേന വനത്തിൽ വാണിടുന്നു. ൪൦

വയഃസ്ഥിതിവിലാസമേററലമശോക-
ബാണോല്ബണാ-
ശയം തടവി രക്തനായ് മരുവുമീ-
വനാധീശ്വരൻ
സ്വയം ഘനപടത്തിനെ സ്ഫുടമക-
ററിയഭ്രാങ്ഗനാ-
പ്രിയയ്ക്കുടയ മേനിയിൽ സപദി ചെയ്വു
സംശ്ലേഷണം. ൪൧

നാനാമട്ടാൻ നൈസർഗ്ഗികരുചിരവിലാ-
സങ്ങൾ കാണിച്ചു സച്ചിജ്-
ഞ്ജാനാനർഘാനുഭാവം തടവുമൃഷികൾതൻ-
ശുദ്ധമാം വാസഭൂവായ്
സ്ഥാനാഭിവ്യാപ്തദിവ്യൌഷധനിരപെടുമി-
ക്കാനനബ്രഹ്മമെന്നും
പീനാനന്ദപ്രകാശാകൃശകുശലഭരം
നമ്മളിൽ ചേർത്തിടട്ടേ." ൨൨

കാന്താരത്തിൻപ്രഭാവസ്ഥിതി പലതുമിതേ-
മട്ടു വർണ്ണിച്ചു ചൊല്ലി-
സ്സ്വാന്താമോദം നൃപന്മാക്കരുളി മുനിവരൻ
വിശ്രമം പൂണ്ടനേരം
ശാന്താകാരപ്രകാശൻ ക്ലമമഖിലമക-
റ്റീടുവാനസ്തശൈല-
പ്രാന്താതിത്ഥ്യം വഹിച്ചട്ടിനപതി കടലിൽ-
ച്ചാടി നീരാടുവാനായ്. ൨൩

ശ്രീമജ്ജ്യോതിഷ്പ്രപഞ്ചത്തിനു ജഗതി വിനേ-
താവു, തച്ചക്രവാകൌ-
സ്തോമത്തിൻ ദുർവ്വിയോഗാമയനടനകലാ-
പശ്ചിമാങ്കോപദേശി,
ഓമൽപാഥോജിനീമന്ദിരഘടിതകവാ-
ടാവലീപാടനോൽകൻ,
കാമം സാക്ഷാൽ ത്രയീസംശ്രിതതനു ഭഗവാൻ
സൂരനസ്തം ഗമിച്ചു. ൨൪

വന്നിദ്രാപാരതന്ത്ര്യം വരകമലിനിയിൽ
ചേർത്തു തൻപാദസേവാ-
സന്നിഷ്ഠാവൃത്തി ചേരുന്നൊരു ദിവസവരാ-
ങ്ഗിയ്ക്കു വേർപാടു നല്കി

മന്നിൽ ധ്വാന്തവ്രജത്തിന്നഭിനവതരമാ-
മുത്സവം താൻ ജനിപ്പി-
ച്ചുന്നിദ്രാതങ്കമുൾക്കൊണ്ടഥ രവി ചരമാം-
ഭോധിയിൽ ചെന്നുചേൎന്നു. ൫൭

താനെന്നും പാശിയോടൊത്തനിശമമരുമാ-
ത്തനദ്ധിയായ്ച്ചേൎന്നു തുങ്ഗ-
സ്ഥാനഭ്രംശം ഭവിച്ചാവസുഗണമഖിലം
നഷ്ടമായ്ത്തീൎന്നു വേഗം
ദീനം മേൽ പൂണ്ടഭദ്രം പതനനില കല-
ൎന്നംബരം കൂടിയില്ലാ-
ത്തൂനം കൈക്കൊണ്ടു ചണ്ഡദ്യുതി ചരമദശാ-
ധീനനായ് ഹീനവൃത്തൻ. ൫൮

ഘോരം നിശാനിശിചരിയ്ക്കുയലുന്ന വായിൽ
സൂരൻ തദാ പിശിതപിണ്ഡതയാവഹിയ്ക്കെ
സാരജ്ഞനമ്മുനിയൊരാശ്രമഭ്രുവിലെത്തി-
സ്സ്വൈരം ധൃതാഹ്ലദയർ രാഘവരൊത്തു മേവി. ൫൯

——:o:——

## അഞ്ചാം സൎഗ്ഗം.

ഖലരായ രാക്ഷസരെ വെന്നമൂലമ-
ന്നലകം തെളിഞ്ഞു സുഖമാൎന്നു കേവലം,
പലമട്ടിലുള്ള വിഷയാശ വി,ട്ടച-
ഞ്ചലമായ മാമുനിമനംകണക്കിനേ. ൧

വനമണ്ഡലത്തിൽ മൃഗയൂഥമെങ്ങുമ-
ന്നനഘം ചരിച്ചു തടവേതുമെന്നിയേ;
ഘനമായ് വളൎന്ന കഫബന്ധമാകെവി-
ട്ടനപായമാമുടലിൽ വായുപോലവേ. ൨

അതുനാൾവരെയ്ക്കുമുടജങ്ങളുള്ളിലാ-
യതുലം വഹിച്ച കദനത്തെയത്ര്യയും
പൊതുവേ വമിച്ചു, ബഹുവൎദ്ധിതോല്ലസൽ-
ക്രതുഹോമജാതനവധൂമരൂപമായ്. ൩

ശ്രുതിമണ്ഡലത്തിനു വിശുദ്ധി ചേൎപ്പതാം
ശ്രുതിനാദമെങ്ങുമൊരുപോലഭംഗുരം
അതിയായ് മുഴങ്ങുമുടജങ്ങൾതാൻ സ്വദൃ-
സ്ഥിതി നീങ്ങിയെന്നതുരചെയ്തിതുച്ചമായ്. ൪

തനിയേ മുനീശ്വരകുമാരകൎക്കു ത-
ദ്വനിയിങ്ക,ലിന്ധനകുശാദി നേടുവാൻ
അനിശം ചരിയ്ക്കുവതിനാശരൌഘമാം
ശനിയൊത്തു ഭീതിയുമകന്നിതാകവേ. ൫

ബലമോടു ജന്മജലരാശിയെക്കട-
ന്നലമക്ഷനിഗ്രഹവിധാനലോലരായ്
അലഘുപ്രമോദമൊടു ദിവ്യലക്ഷ്മിതൻ-
നിലയന്നു കണ്ടു നിവസിച്ചു യോഗികൾ. ൬

യമബാധനിത്യമകലത്തിലാകുവാൻ
യമസേവ ചെയ്തു മരുവും മഹർഷിമാർ
ക്രമമോട്ടമൽകടഭവം നശിയ്ക്കുവാ-
നമലം ഭജിച്ചു ഭവസൽപദം സദാ. ൭

ഫലഭാരനമ്രതരശാഖഭൃദ്രുഹം
വിലസൽസുഖോദകനദീസുദീർഘികം
അലമസ്തഭീതിമൃഗജാലമാവന-
സ്ഥലമന്നു സിദ്ധജനസേവ്യമായ് സുഖം. ൮

സ്ഥിരസത്വമായി വിപിനം, ശമത്തിനാൽ
നരനല്ല മാനസതലം കണക്കിനേ,
സരസം പറന്നു വിഹരിച്ചു ശാരികാ-
നിര ബാലരെന്നവിധമങ്കണങ്ങളിൽ. ൯

കളഭങ്ങൾ, കാനനനദീശതങ്ങളിൽ
കളഭൃംഗതാരവസനാഥകണ്ഠരായ്
സുലഭപ്രമോദഭരമാന്നു പദ്മിനീ-
കുലഭങ്ഗകേളിയൊട്ടു കൃത്തടിച്ചിതേ. ൧൦

ശരിയായ് വിടിന്ന സുമപങ്ക്തി മന്ദമായ്
ചൊരിയുന്ന ചാരുതരസൌരഭത്തിനാൽ
ഗരിമാനുഭാവമൊട്ടു സഞ്ചരിച്ചു സം-
ഭരിതാത്മശുദ്ധിധനനാവനാനിലൻ. ൧൧

തടവീഷലെങ്കിലുമുദിച്ചിടാതെയാ-
സ്തടവീയ്യശാലികൾ നൃപാലനന്ദനർ
അടവീതടത്തിൽ വിചരിയ്ക്കവേ ഗദ-
സ്പൃട,വീണ്ടുമാട്ടിശി വരാതൊഴിച്ചുപോയ്. ൧൨

അലമച്ഛതോയതടിനീതടാന്തഭൂ-
തലജാതബാലതൃണപങ്ക്തി നിത്യവും
സുലഭം ഭുജിച്ചുടജഗോക്കൾ കൌതുകാ-
കുലരായതൊടൊത്തു വിഹരിച്ചു കാടതിൽ. ൧൩

ധരണീവലാന്തകകുമാരർ തൻെറ സം-
ചരണം നിമിത്തമടവിയ്ക്കിതേവിധം
തരസാ നവീനമഥ ജീവനേററതാ-
യൊരവസ്ഥ ചേൎന്നു പുരുഭൂതിവായ്പിനാൽ. ൧൪

അമിതാഭരന്നവർ ചരിച്ചു ഗൌതമൻ
യമിവാണിരുന്നൊരുടജത്തിലെത്തിനാർ
ഭ്രമിയാതെയന്നു; നയസംയുതൻ പരി-
ശ്രമിതന്നഭീഷ്ടമണയുന്നപോലവേ. ൧൫

സരസം വിലാസരുചിവല്ലികൾക്കെഴും-
നിരയോടു ചേരുമവിടം വനസ്ഥലം
ധരയിൽ കുമാരഹൃദയത്തെയശ്രമം
തരസാ ഹരിച്ചതിഹ യുക്തമെത്രയും. ൧൬

കുശികാത്മജൻ മുനി പറഞ്ഞു:—"ഗൌതമൻ
വശി ശാസ്ത്രസഞ്ചയപയോധിപാരഗൻ
നിശിതാശയൻ ഭുവി വസിച്ചൊരാശ്രമം
ദൃശി ചേൎക്കുമേ കുതുകമേതുമൎത്ത്യനും. ൧൭

നിജപത്നി താപസിയഹല്യയൊത്തു പ-
ങ്കജജനൊത്ത തത്ത്വനിധിയാത്തപോധനൻ
രുജയെന്നതൊന്നുമറിയാതെ ധാൎമ്മിക-
വ്രജവന്ദ്യനിസ്ഥലിയിൽ വാണിതേറെനാൾ, ൧൮

യതികൃത്യമൊത്തിഹ ഗൃഹസ്ഥവൃത്തിയും
മതിമാൻ നടത്തി നയമോൎത്തു താപസൻ;
സതിയാമഹല്യയുമതീവ തൽപദം
പതിവായ് ഭജിച്ചു ഹിതമോടു മേവിനാൾ. ൧൯

വിഷനിൎവ്വിശേഷവിഷയാശവിട്ടു ചി-
ദ്വിഷയൈകചിന്തനവിശുദ്ധചിത്തനായ്
വിഷമാക്ഷനിഗ്രഹവിശാരദാശയൻ
വിഷമാക്ഷസേവയൊടു വാണു നിത്യവും. ൨൦

സ്മരവീരബാഹുബലവാരിധിയ്ക്കു നിൎ-
ഭരമായ കോളരുളിടുന്ന കാലമായ്
സരസം വസന്തമൃതുവന്നൊരിയ്ക്കലീ-
വരമാം വനത്തിനൊരു കൂട്ടുകാരനായ്. ൨൧

അതുനാൾവരെയ്ക്കു ശിശിരത്തൊടൊത്തു ചേൎ-
ന്നതുലം മദത്തൊടു തിമിൎത്ത മന്മഥൻ
അതു നഷ്ടമാമളവിതാ വസന്തമാം
പുതുമിത്രമെത്തിയതിലാൎത്തു നിസ്ത്രപം. ൨൨

സ്മരനാണു സാഹസമിയന്നതെങ്കിലും
ധരയിൽ ക്ഷയം ശിശിരമേന്തി നിൎഭരം;
പരമാവികാസനിലയെന്നതോ സുമോൽ-
കരമാന്റു; കാൺക വിധിയോഗമദ്ഭുതം. ൨൩

പുതുതായ് വരുന്ന മധുകാലമുള്ളില-
ന്നതുലാൎത്തി ചേൎപ്പതറിയാതെ കാമികൾ
ക്കതു ദുഃഖകാരി ശിശിരം നശിയ്ക്കയാൽ
കുതുകം വഹിച്ചതു നശിച്ചിതപ്പൊഴേ. ൨൪

സുതരാം നശിച്ചു ശിശിരം വസന്തമാ-
ഗതമായുമില്ല തരുണക്ഷിതിന്നിടെ
ദ്രുതമല്പമൊന്നു നെടുവീർപ്പിടുന്നതി-
ന്നതകീ കുറച്ചുദിവസാംശലേശകം. ൨൫

ജലരൂപകപ്രകൃതി നീ വിടേണമി-
സ്ഥലമെന്നു ചൊല്ലി മധുകാലമാഗതൻ
ബലമററുലഞ്ഞ ശിശിരത്തൊടേററതി-
ത്തുലകിങ്കൽ നിന്നതിനെ വെന്നകറ്റിനാൻ. ൨൬

മധുവിൻസമാഗമമഹോത്സവത്തിലാ-
മധുപാളി പാടി മധുരസ്വരത്തൊടെ
വിധുതാങ്ഗകത്തൊടതിഭങ്ഗിയായ് ലതാ-
വധുനൃത്തമാടിയനിലാനുകൂലയായ്. ൨൭

കരളിന്നു ചേർന്നപടി സഖ്യമേററു തൻ-
കരമോടു കോർത്തു കരമിട്ടുപോലവേ
സ്മരനും വസന്തവുമൊരേവിധം ഹിതാൽ
ധരയിൽ ചരിച്ചു യുവലോകവന്ദിതർ. ൨൮

രസമോടു കേതകസുമാന്തരങ്ങളിൽ
പ്രസരിച്ചിടും പുതുപരാഗപാളിയെ
അസമാസ്ത്രബന്ധു മലയാശുഗാർഭകൻ
രസയിൽ പരത്തി വിഹരിച്ചു നീളവേ. ൨൯

ഹിമധാര വന്നു നിപതിയ്ക്കയാലതി-
ക്ലമമാർന്നു ഹന്ത! ഹതമായതേവരെ
അമലാങ്ഗസൌഭഗമകന്നിരുന്നൊരാ-
ക്കമലാകരങ്ങൾ കമലാകരങ്ങളായ്, ൩൦

ദിനമായതിങ്കൽ മധുകാലയോഗമാ-
വനലക്ഷ്മിയാൾക്കു സരസം ഭവിയ്ക്കവേ
ജനതയ്ക്കശേഷമതു കാമസൂതിയാ-
യനഘപ്രദം വിലസി മന്നിലാകവേ. ൩൧

മണമെന്നതൊട്ടുമിയലായ്കകൊണ്ടു നി-
ർഗ്ഗുണമായ് ഭവിച്ച വനകർണ്ണികാരകം
ഗണനീയവർണ്ണനിലകൊണ്ടുമാത്രമ-
ങ്ങണയില്ല പൂജ്യനിലയെന്നു ചൊൽവതാം. ൩൨

തരുണീസമാഗമസുഖം പരിത്യജി-
ച്ചുരുശോകമോടു മരുവുന്ന കൂട്ടരെ
തരുപങ്ക്തിയന്നുപഹസിച്ചു ശാഖയിൽ
പെരുകുന്ന ഗൌരസുമമെന്ന കൈതവാൽ. ൩൩

സ്ഥിതിയിൽ സ്ഥിരത്വമിയലാതെ പൂക്കൾതൻ-
തതിയിൽ പറന്നു കളിയാടി വണ്ടുകൾ;
ക്ഷിതിയിൽ പ്രപഞ്ചവശരാം നരക്കെഴും
മതി ശുഷ്കലൌകികസുഖത്തിലെന്നപോൽ.
൩൪

പല ദിക്കിലും നികരമോടു വണ്ടുതൻ-
കുലമുല്ലസിച്ചു യുവവൃത്തമൊക്കെയും
മലരമ്പനന്നറിയാൻ പറഞ്ഞയ-
ച്ചുലകിൽ ചരിയ്ക്കുമവർ ചാരർ പോലവേ. ൩൫

രസമോടു മാന്തളിരശിച്ചു വന്മദാ-
ലസമായ് ഭവിച്ച കുയിലിന്റെ കൂജനം
രസയിങ്കലന്നിഹ വിയുക്തയുക്തർത-
ന്നസുവും ഹരിച്ചു കരളും സമാനമായ്. ൩൬

തരുണീസശിഞ്ജിതപദാഭിഘാതമ-
ന്നരുളുന്ന ദോഹദമെഴാതശോകവും
പെരുതാം ചുവപ്പൊടു ലസിച്ചു കാമനാം
വിരുതൻ തൊടുത്ത ദഹനാസ്ത്രമെന്നപോൽ. ൩൭

വനിതാജനങ്ങളൊരുമിച്ചു ചേൎന്നു പൂ-
വനിയിൽ കടന്നു കലിതാത്മകൌതുകം
അനിലോപസേവയൊടു പൂ പറിച്ചുകൊ-
ണ്ടനിശം കളിച്ചു യുവലോകമദ്ദിനം. ൩൮

ചിലർ പാട്ടു പാടി, നവമാം നികുഞ്ജഭൂ-
നിലയത്തിൽ വാണു ചിലർ, ലാത്തിയെങ്ങുമേ
ചിലർ, മാല കെട്ടി ചിലർ, പൂവറുത്തു മൂ-
ത്തലമാൎന്നു മറവു ചിലർ മദ്യസക്തരായ്. ൩൯

പ്രമദാജനങ്ങളതുനാം സുതാളക-
ക്രമമോടു രാഗകലനാഭിരാമമായ്
സുമവാടിയിൽ പ്രിയരുമൊത്തുത്സവാ-
ഗമധാടി വാഴ്ത്തിയിതുമട്ടു പാടിനാർ:— ൪൦

ഫലമുണ്ടൃതുക്കളുലകിങ്കലെങ്കിലും
ഫലമില്ലതെല്ലമഘദങ്ങളൊക്കെയും
അലരമ്പദേവനസുവാം വസന്ത! നീ
വിലയമ്പെടാത്ത വിലയമ്പൊടേന്തുവോൻ. ൪൧

ഭവദീയദോൎബ്ബലസഹായമേൽക്കയാൽ
ഭവനെജ്ജയിച്ചു ഭവുകേന മന്മഥൻ
അവനിയ്ക്കകത്തിഹ ഭവാനൊരുത്തനാ-
ലവലേപമേല്ക്കുമൃതുവംശമൊക്കെയും. ൪൨

വധുവിൻകുലത്തിനുടെ മാനമൊക്കെയും
വിധുതാഭമാക്കിലുമതന്യരീതിയിൽ
വിധുരത്വമററഥ കൊടുത്തിടും ഭവാൻ
മധുവാക്ക് നൽകിടുവതില്ലനുഗ്രഹം? ൪൩

സരസീരുഹാസ്രസൂനിയല്പം ശരത്തിനും
വരഗാത്രിതൻെറ സവിലാസദൃക്കിനും
ധരയിങ്കലേററവുമസാദ്ധ്യമായതും
വിരവോടു ചെയ്തു വിജയിച്ചിടുന്നു നീ. ൪൪

അരസാർദ്രസൂനയുവലോകമസ്മര-
സ്മരദുഗ്രവിക്രമശതം സനിദ്രമായ്
ധര മുൻപു വാണ നിലയൊക്കെ മാറി നിൻ-
വരവൊന്നുകൊണ്ടു പുതുതായിതെങ്ങുമേ. ൪൫

കണ താഴെയിട്ടു കരരം മങ്ങിയാമയോല്-
ബണനായിതേവരെയിരുന്ന മന്മഥൻ
തുണ നീയണഞ്ഞു ചുണ പൂണ്ടഭീകർതൻ-
ഗണമന്ധമാക്കി മരുവുന്നു ധൃഷ്ടനായ്. ൪൬

സവിലാസസൂനരുചി വാടി, മോടിതൻ-
വിവിധത്വമാന്ന തരു, ചാരുഗീതിയാൽ
ചെവികൾക്കു സൌഖ്യമരുളും പികാളി,യെ-
ന്നിവ കാട്ടിടുന്നു ഭവദീയവൈഭവം. ൪൭

പറയേണ്ട സാന്ത്വമൊഴി,യശ്രു തെല്ലുമേ
ചൊരിയേണ്ട; വേണ്ട നമനം പദങ്ങളിൽ;
വരഗാത്രിമാർ കൃതശതാപരാധരാം
വരരേയുമിന്നു പുണരുന്നു ഹൃദ്രസാൽ. ൪൮

വിലയററുപോയ ചെറുകാററുമിന്നു നിൻ-
ബലമററതാകിയ സഹായമേൽക്കയാൽ
തുല വിട്ടു വീര്യ്യവശമായ കാമി ഹൃൽ-
കുലപവ്വതാവലി കുലുക്കിടുന്നതേ. ൭൯

ക്ഷതി വിട്ടു രാഗമതിലിന്നു പഞ്ചമം
ക്ഷിതിയിങ്കലാദിമമതായി, ചന്ദ്രനും
ദ്യുതിമൂലമിപ്പൊഴമൃതാംശുവായ് ഭവൽ-
സ്ഥിതിതന്നെയായി ഗുണഹേതുവേതിനും. ൮൦

ധരയിൽ ഭവാനുടെ സഹായമല്പവും
തരമോടു ചേൎന്നു ലഭിയാതിരിയ്ക്കുകിൽ
വിരസൻ ശശിയ്ക്കു,മുടൽ വിററുതിന്നൊരാ-
സ്മരനും വസന്ത! കഴിയുന്നതെന്തുവാൻ? ൮൧

മധുരം സ്വഭാവമധുതം കലൎന്നു സ-
ദ്വധുവിൻകുലത്തിനു വരിഷ്ഠദൈവമായ്
വിധുരത്വമററു വിലസും വിശിഷ്ടനാം
മധുവാക്കു നേത്രമധുവാകയില്ല നീ! ൮൨

അടിതൊട്ടു തൻെറ മുടിയോളവും പ്രഭാ-
ജടിലങ്ങളായ കുസുമവ്രജങ്ങളെ
വടിവോടു ചാൎത്തി മരുവുന്നതാം വനീ-
തടി നേത്രമോദമുളവാക്കുമേവനും. ൮൩

സുതരാമിതേവരെ വിലാസമെന്നിയേ
ഹതമായ സൂനനിര നിൻെറ സങ്ഗമാൽ
ധൃതസൽപ്രഭാഭരധനോത്കരം കലൎ-
ന്നിത മിന്നിടുന്നു ചെറുതുനമെന്നിയേ. ൮൪

ജയ ഭോ! വസന്ത! യുവലോകമാനസ-
പ്രിയ! ചൂതസായകബലദ്രുബീജമേ!
അയതാത്മവൈഭവജിതാഖില! പ്രഭോ!
ജയ സർവ്വമംഗലസരിൽപ്പയോനിധേ! ൪൫

ഉലകിങ്കലെങ്ങുമൊരുപോലെ ശക്തനായ്
വിലസും ഭവാനെയതിഭക്തിപൂർവ്വകം
അലസാക്ഷിയൊത്തു ബത! പൂജിയാത്തവൻ
തുലയാൻ പിറന്നതുലയററദുർഭഗൻ. ൪൬

വനിതന്റെ ഭാഗ്യനിധിയായതും ഭവാൻ,
വനിതാഭിമാനധനസാരവും ഭവാൻ,
ജനിതാഭനങ്ഗഭവനാശ്രയം ഭവാൻ,
കനിവിന്നു കണ്മകളിരണ്ടുവും ഭവാൻ! ൪൭

മതിതൻകരത്തിനിയലുന്ന കോമള-
ദ്യുതിയും ഭവാൻ, സുമനിരയ്ക്കു ഗന്ധവും;
ക്ഷിതിയിൽ സമസ്തരമണീയവസ്തുവിൻ-
തതിയൊത്തു ചേർന്നു വിലസുന്നതും ഭവാൻ. ൪൮

യുവതീഘനസ്തനവിയോഗജവ്യഥാ-
വിവശതപമൊട്ടുമുളവാക്കിടൊല്ല നീ;
ഇവരിൽ സദാപി കനിവേകണം മനോ-
ഭവ! താഴ്മയോടു പണിയുന്നു നിൻപദം.” ൪൯

“രസമോടു ഗീതിയിതു പാടുവോക്കു തെ-
ല്ലസമാശുഗാത്തിയണയില്ലൊരിയ്ക്കലും
ബിസഗാത്രിതന്റെ സവിലാസസംഭ്രമാ-
ലസസല്ലമോത്സവവുമെന്നുമൊത്തിടും.” ൫൦

ഇതി ഗാനനിർമ്മലസുധാതരങ്ഗിണീ-
സ്രുതിയാൽ ചെവിയ്ക്കു ശിശിരത്വമേററവും
അതികൌതുകത്തൊടുളവാക്കി നാരിമാർ
പതിമാരൊടൊത്തു കളിയാടി ഡോളയിൽ. ൯൪

പരമാത്മകാന്തയുടെ കണ്ണു കേതകോൽ-
കരധൂളിപാളി നിപതിച്ചു മൂടവേ
തരമോർത്തു തൽപതി സപത്നിതൻമുഖ-
ത്തരമാത്തരാഗമൊടു ചെയ്തു ചുംബനം. ൯൫

സ്മരദത്തപുഷ്പഭരമാൻറ സൽസുമാ-
ഭരണാഭയോടു വിലസുന്ന വല്ലിയെ
വരഗാത്രിയെന്നൊരുവനോർത്തു വിഭ്രമാൽ
സരസം പുണൎന്നു പരിഹാസപാത്രമായ്. ൯൬

കരളിങ്ങണഞ്ഞു മമ കട്ടെടുത്ത നീ
പരമിന്നു ബന്ധനമിയന്നിടേണ്ടവൻ
ഗിരമേവമോതിയൊരു തന്വി മാലികാ-
നിരയാൽ വരിഞ്ഞതികപാണി കെട്ടിനാൾ. ൯൭

അരുണത്വമുൾക്കൊള്ളുമധരയുഗളത്തിലാനഘ-
ച്ചെറുപോറൽ ചേർത്ത വിടനങ്ങു കാണവേ
സ്മരദാഭ പൂണ്ട പുതുമുല്ലമാലയെ-
ത്തിരുകീടിനാളൊരുവൾ തൻകചങ്ങളിൽ. ൯൮

“കചമൊട്ടഴിഞ്ഞു; നവഘൎമ്മബിന്ദുവിൻ-
നിചയത്തിനാലുടൽ നനഞ്ഞു സർവ്വവും;
കുചചന്ദനാഭയുമകന്നു, കാററിനാൽ
വിചലിച്ചു ചിന്നിയളകങ്ങളൊക്കെയും, ൯൯

സുമവിഭ്രമത്തൊടരികത്തണഞ്ഞതാം-
ഭ്രമരങ്ങളോഷ്ഠമതിലേകി ഹാ! ക്ഷതം
മമ തോഴി! ദുർഘടവഴിയ്ക്കുപോയതി-
ശ്രമമേററു നിൻെറ നിലയീവിധത്തിലായ്. ൯൭

പതിതന്നടുത്തിന്നിയെനിയ്ക്കു വേണ്ടി നീ
ഗതി ചെയ്തിടേണ്ട സഖി! ഭദ്രമസ്തു തേ''
ഇതി ദൂതിമാരൊടു പറഞ്ഞു സങ്കടം
പതിയുന്ന ഹൃത്തൊടു വരാങ്ഗിമാർ ചിലർ. ൯൮

„കൃശഗാത്രി! കേരംക്ക വളരെ ശ്രമിച്ചു നിൻ-
വശചിത്തനാക്കിയിവനേ വരുത്തി ഞാൻ
ഭൃശമിന്നിയുള്ളതിഹ നിൻെറ ഭാരമാം
നിശയായി ചെയ്തിടുക വേണ്ടതൊക്കെയും. ൯൯

വെറുതേ നിനച്ചു ദിവസം പരിത്യജി-
യ്ക്കരുതിങ്ങു പോയ ദിവസം ലഭിയ്ക്കുമോ?"
വിരുതോടൊരുത്തിയിതുമട്ടുരച്ചു ത-
ത്തരുണാങ്ഗയോഗ്യമൊരുവരംക്ക നൽകിനാരം. ൱

ഒരുമാല ശക്തിയൊടു മോളിലേയ്ക്കെറി-
ഞ്ഞുരുവേഗമോടു തലയിൽ ഗ്രഹിയ്ക്കവേ
വിരുതൻ യുവാവൊരുവനാത്മതനൂപിയാരം
തരുമാർദ്രചുംബനസുഖത്തെ നേടിനാൻ. ൱൧

ഒരുവൻ തദീയതനുഗാത്രിയോടു സ-
ത്തരുവൃന്ദകോമളസുമാദി തന്നുടെ
പെരുകും ഗുണങ്ങരം വിവരിച്ചു ചൊല്ലിയ-
ങ്ങൊരുമിച്ചു ചേർന്നഥ നടന്നു മന്ദമായ്, ൱൨

SRI KRISHNAVILASAM READING ROOM

"തന്വംഗാത്രി! പിച്ചിലത കാൺകിതിന്നക-
ത്തണുപോലുമില്ല കടുപിച്ചതെങ്കിലും
അനയേന പിച്ചിയിതിനെപ്പറിക്കയാൽ
ഘനകേശി പേരിതിനു സാൎത്ഥമല്ലയോ? ൩൭

ധൃതഗുച്ഛഭാരനതമായ് സ്മരാശുഗോ-
ചിതമാമശോകലത കാൺകോമളേ!
ഇതനൎഘമായ തവ ഗാത്രമോടിയെ-
സ്സുതനോ! ഹരിച്ചു ഞെളിയുന്നിതേററവും. ൩൮

ചെറുകാററുമൂലമിളകുന്ന ശാഖയാം
കരമൊട്ടുകാട്ടിയളിവൃന്ദഹുംകൃതാൽ
വിരവോടു നമ്മളെ വിളിയ്ക്കുമീലതാ-
വരഗാത്രിയെസ്സുമുഖി! കാണ്മതില്ലയോ? ൩൯

ഇതജാതമാത്രനൊരു നൽക്കുരയിൽക്കിടാ-
വതനിഷ്ടമുത്തൊടുദിതാല്പനാദനായ്
കൃതകുജനേന നിജമാതൃചുംബനാ-
ഞ്ചിതനായിടുന്നു മൃദുഭഗ്നപല്ലവൻ. ൪൦

ക്ഷിതിയിങ്കൽനിന്നുമുയരെപ്പറന്നുപോ-
വതിന്നായ് ശ്രമിയ്ക്കുമുടനേ പതിച്ചിടും
മതി മങ്ങിടാതെയെഴുനേൽക്കുമീവിധം
സതി! നമ്മരാളശിശുലീല കാണ്ക നീ." ൪൧

വിടനാമൊരുത്തനൊരു തന്വിതന്നുരഃ-
പടമാത്തലീലയൊടു താൻ ഹരിയ്ക്കവേ
ഘടസുസ്തനീമണി ചെടിയ്ക്കിടെക്കട-
ന്നുടനേ മറഞ്ഞിതു, നിരാശനായ് പ്രിയൻ. ൪൨

പകലഖിലവുമേവം പൂവനത്തിങ്കലോരോ-
വക ലളിതവിനോദത്തിങ്കലാസക്തിയോടെ
വികലഗദമിരുന്നാമാധവശ്രീവിലാസം
സകലമനുഭവിച്ചാർ ഭാഗ്യവാന്മാർ യുവാക്കൾ. ൪൯

ഏവം തൻ വൈഭവംകൊണ്ടുലകഖിലമുട-
ച്ചൊന്നു വാർത്തെങ്ങുമൊപ്പം
കൈവച്ചുദ്യജ്ജയത്താൽ പ്രഥമരസമഹാ-
രാജ്യപട്ടാഭിഷേകം
വൈവശ്യം വിട്ടു പൂണ്ടായുവജനപടലീ-
ഭാഗ്യസർവ്വസ്വമാകും
ഭാവം കൈക്കൊണ്ടുതാനഭ്യുദയമൊടു വിരാ-
ജിച്ചു കാലം വസന്തം. ൫൦

——✻✻——

## ആറാംസർഗ്ഗം.

മുനികുലപതിയാകും ഗൌതമൻ കൈപിടിച്ചോ-
രനിതരഗുണമേന്തും തന്വിയന്നാളൊരിയ്ക്കൽ
വനിയിലിവിടെ മുന്നം വാഴ്‌വതീക്ഷിച്ചനങ്ഗ-
പ്പനി തടവി മഹേന്ദ്രൻ തത്സമീപത്തിലെത്തി. ൧

അലർശരനതിശക്തൻ; തന്വി സൌന്ദര്യ്യസമ്പ-
ജ്ജലധിയിൽ വിഹരിക്കും വീചിമാലാകലാപം;
സ്ഥലമതു ജനരിക്തം പൂവനം; സ്ത്രീവിധേയൻ
വലഹര;നുതുവോർത്താൽ മന്മഥപ്രാണബന്ധു. ൨

ഇവ സകലവുമൊത്താലപ്പൊഴുണ്ടാമവസ്ഥ-
യ്ക്കുവശതയൊടധീനത്തിങ്കലായ് വേഗമിന്ദ്രൻ
അവളൃഷിവധു, വർദ്ദിക്കാശ്രമം, താൻ തുടങ്ങും-
നവകുനയമിതിമ്മട്ടെന്നിതെല്ലാം മറന്നാൻ. ൩

ദരശിഥിലിതകേശം പൂണ്ടു, മാറത്തുനിന്നും
മരവുരി കുറെ മാറി, സച്ഛിന്നമാമാസ്യമോടേ
കുരുനിര വിചലിച്ചും പൂവരുത്തുല്ലസിയ്ക്കും-
വരതനു വലവൈരിയ്ക്കുത്സവം കണ്ണിനേകി. ൪

അരുളുമവളെ നോക്കാനായിരം കണ്ണു നൽകാ-
ത്തൊരു വിധിയെ വിനിന്ദിച്ചീടിനാനിന്ദ്രനെന്നാൽ
അരിശമൊടതു മേലിൽ ഗൌതമൻ ധാതൃതുല്യൻ
തരുവതു കരളിങ്കൽ തെല്ലുമോർത്തില്ല മന്ദൻ. ൫

അതിയമനിധിയായ് വൻന്യായശാസ്ത്രാബ്ധിയാകും-
യതിയുടെ വധുവിങ്കൽ പാരമന്യായമായി
മതി നിപതിതമായ് വന്നിന്ദ്രനന്നാളനർഘ-
ദ്യുതിയുടയ തദംഗം നോക്കിയീവണ്ണമോർത്താൻ. ൬

"വിടരുടെ ഹൃദയത്തിൽ കാമസന്താപരൂപോൽ-
കടതമികളെയെന്നും മുറവുമുണ്ടാക്കുവാനായ്
ശഠതയൊടു വിരിഞ്ചൻ തീർത്ത വൻക്രൂരിരുട്ടിൻ-
ഘടയിതു കചമെന്നായ് ചിന്തയറേറാരുരപ്പു. ൭

തിമിരപടലസഖ്യം ചേരുമീ വേണി കണ്ടാ-
ലമിതനയനസൌഖ്യം ചിത്രമേതാളുമേൽക്കും,
യമിതമിതു ബലാലെന്നാലുമത്യന്തമാഭം
പ്രമിളിതവിസ്തൃതശ്രീ പൂണ്ടു താൻ മിന്നിടുന്നു. ൮

പകലപഗതശോഭാസാരനാണിന്ദു, പങ്ക-
പ്രകരജനനമേന്തും പദ്മമത്യന്തനീചം,
വികസദതുലതേജഃകന്ദസൌന്ദര്യ്യഭൃത്താം-
പികമൊഴിയുടെ വക്ത്രം നിസ്തുലംതന്നെ മന്നിൽ. ൯

സ്സുരനരപതി വാഴും വൈഭവം ചേർന്ന സാക്ഷാൽ
പുരമിവളുടെ വക്ത്രം കിം ന നേത്രാഭിരാമം;
സരളതയൊടിതിങ്കൽ, ചില്ലിയാകും പതാകാ-
വരയുഗളമഭങ്ഗം സങ്ഗതം പാറിടുന്നു. ൧൦

അകലുഷരുചിയേന്തും ഹാസഗങ്ഗാപ്രവാഹം
നികടമതിലിണങ്ങിക്കാമനാം വിശ്വനാഥൻ
സ്വകമഹിമ പുലർത്തിപ്പാർക്കുമീയാസ്യമദ്ധ്യൽ-
സകലഗുണഭരത്താൽ കാശിപോലുല്ലസിപ്പൂ. ൧൧

ദ്ദ്യുതിസരിതി സദാപി സ്നാനമാർന്നും സിതശ്രീ-
പതിയുമമലഹാസാകാരമാം ഭൂതി പൂണ്ടും
ശ്രുതിപദപരിസേവാവൃത്തി ചേർന്നും, വിരക്ത-
സ്ഥിതിയുടയ ദൃഗന്തം രക്തമാക്കുന്നു ചിത്തം. ൧൨

വിഷവുമമൃതവും ചേർന്നൊന്നിലായുല്ലസിപ്പാൻ
വിഷമത പരമുണ്ടെന്നല്ലയോ നാം നിനപ്പൂ
സുഷമ പൊഴിയുമിപ്പെൺമൌലിതൻ കാന്തികുല-
ങ്കഷചടുലകടാക്ഷം രണ്ടിനും സ്ഥാനമത്രേ. ൧൩

സുരദനനവമുക്തൌഘാഭതൻധാമമാകും-
സ്സുരദധരമിതോർത്താൽ ബ്രഹ്മനിർഭേദമാകാം
പരമിതിനെ നിഷേവിച്ചീടുമായോഗവാന്മാർ
ചിരമതുലസുഖത്തിന്നേററമാതിഥ്യമേൽപ്പൂ. ൧൪

അകലിതമണിഹാരം തന്വിതൻ ചാരുകണ്ഠം
ശകലിതതരമാക്കും കാമികൾക്കുള്ള ചിത്തം;
പികനിരയുടെ പുത്തൻപഞ്ചമത്തിൻ പ്രപഞ്ചം
വികലത ദൃഢമേൽക്കും ന്യൂനമേതദ്രവത്താൽ. ൧൫

ക്ഷിതിധരനികരത്തെസ്സന്തപിപ്പിച്ചു ഞാൻ മു,-
മ്പതിനു പകരമിപ്പോളെന്നെയപ്പുവ്വതൌഘം
സതിയിവളുടെ വക്ഷോജാകൃതിശ്രീ വഹിച്ചി-
ട്ടതിബലമൊട്ടു ദുഃഖിപ്പിച്ചു സന്തുഷ്ടിയേല്പൂ. ൧൬

സരസമധികതുങ്ഗാവസ്ഥ സദ്വൃത്തഭാവ-
സ്മരണമിവ ബഹിർഭാഗത്തിലായ് മാത്രമേന്തി
ഉരസിജയുഗമുള്ളിൽ കക്ശതാം പെരുത്താർ-
ന്നരമെവന്നുടെ ഹൃത്തും ധൂർത്തതുല്യം മഥിയ്ക്കും. ൧൭

സ്മിതപരിമളഭ്രതിച്ഛാത്തണിഞ്ഞേററമഭ്യൽ-
സിതരുചിയൊടഭങ്ഗം യോഗിസംസേവ്യമായി
അതനുകദനഭാരാൽ മോക്ഷസൌഖ്യം വളർത്തും
ചിതമുരസിജയുഗ്മം ശ്രീഗിരീശാഭയേല്പൂ. ൧൮

സ്വകമഹിതബലത്താൽ വിന്ധ്യനെത്താഴ്ത്തിവെച്ചും
സകലമഭികധൈര്യാംഭോധിതൻ പാനമാന്നും
പ്രകടിതഘടജാതപ്രൌഢലീലാഭമായി-
പ്പികമൊഴിയുടെ വക്ഷോജന്മയുഗ്മം ലസിപ്പൂ. ൧൯

കലിതനിജമഹസ്സാൽ വൈഷ്ണവം നല്പദത്തിൻ-
നിലയിലുമുദരം വൻവൈഭവം പൂണ്ടിടുന്നു;
ബലികളുടെ നിഷേവാവൃത്തിയോടൊത്തനേകം
ബലികളുടെ മദത്തെത്താഴ്ത്തിടുന്നുണ്ടിതെന്നും. ൨൦

ഗുരുത ജഘനമേറെപ്പൂണ്ടുതാൻ മിന്നിയാലും
പുരുലഘുത യുവാക്കൾക്കേററമിന്നേകിടുന്നു;
വിരുതൊട്ടു ലഘു, മദ്ധ്യം, ഹൃദ്യമാഭ്യാസമേകാൻ
ഗുരുനിലയെ വഹിപ്പൂ ചിത്രമേതദ്വിലാസം! ൨൧

കരമതിമൃദുശാഖാസുന്ദരം, നിർഭരശ്രീ-
സുരഭിലമിതു നാഭീവൃത്തഗത്താന്തരാളം,
സരളവലികളീമട്ടുള്ള പൂമേനി കണ്ടാൽ
കരളഖിലമെവർക്കും ക്ഷുബ്ധമായ് പോകുമപ്പോൾ. ൨൨

കദളിയുടെ കുലത്തിൽ ഘോരമത്യുഗ്രമാകും
മദമഖിലമകററും പീനമാമൂരുയുഗ്മം,
മൃദമരുളിന ജങ്ഘാതല്ലജം, പങ്കജശ്രീ-
പദയുഗമിവയെല്ലാമോക്കിലത്യന്തരമ്യം. ൨൩

ഒരുവനമറിയാതീയുഗ്രമാം കാനനത്തിൽ
തരുണിമണിയെ മന്ദൻ തീർത്തുവല്ലോ വിരിഞ്ചൻ
നിരുപമമിവൾതൻനൽഗാത്രസൌന്ദര്യമോർത്താ-
ലരിയ വനതലത്തിൽ ചന്ദ്രികയ്ക്കൊപ്പമത്രേ. ൨൪

ഘനസുഷമ തിളങ്ങും പൂക്കളെത്രയ്ക്കുമാത്രം
വനമതിലുളവാകുന്നുണ്ടു; സദ്രത്നവൃന്ദം
അനുപമമിരുൾ ചിന്നും വാരിധിയ്ക്കുള്ളിലുണ്ടാ-
മനുചിതമതിതന്നേ സൃഷ്ടികർത്താവു നൂനം. ൨൫

അരസികനൃഷിയെങ്ങാന്ഗൌതമൻ? മാന്മഥശ്രീ-
സുരഭിലത കുളുർക്കെച്ചിന്നുമിത്തന്വിയെങ്ങോ?
ഖരവിടപമെഴുന്നോരില്ലിയിൽ പിച്ചകത്തിൻ-
വരലതിക വളർത്തിച്ചേർത്തു മന്ദൻ വിരിഞ്ചൻ. ൨൬

സതിയിവൾ നിജജായാവൃത്തി പൂകുന്നകാലം
പതിവിനപരമാകും ബ്രഹ്മസൌഖ്യത്തിനായി
ക്ഷിതിയിലലല്പയുമായാൾ മന്ദനാം; സുരതേരിൽ
ദ്യുതിയൊടു നിവസിപ്പാൻ ദീപമെന്തിന്നു കൊൾവൂ. ൨൭

തരുണിയിവളിദാനീം പ്രേതഭൂവിങ്കൽ നട്ടു-
ള്ളൊരു മലയജവല്ലിയ്ക്കൊപ്പമായിസ്ഥലത്തിൽ
അരുചിരമതിയാമിഗ്ഗൌതമൻ തന്റെ പാദം
പരുഷതയൊടു കഷ്ടം ശോച്യയായ് സേവചെയ്‌വൂ. ൨൮

വിലസിതമണിഭൂഷാവൃന്ദസമ്പൎക്കമൂലം
സുലഭമഹിമ ചിന്നി പ്രോല്ലസിയ്ക്കേണ്ട മെയ്യിൽ
അലഘുഭസിതമാന്നും തോലുടുത്തും വരാങ്ഗീ-
കുലമകുടി മുനിസ്ത്രീവേഷമേന്തുന്നു കഷ്ടം! ൨൯

സ്മരരസികത തെല്ലും താൻ ധരിയ്ക്കാതിരിപ്പോ-
രരസികനിവസല്ലപ്പത്നിയായ്ത്തന്നമൂലം
സരസയിവൾ നികാമം മ്ലേച്ഛവൎഗ്ഗം ഗ്രഹിയ്ക്കും
പരമനിഗമവിദ്യയ്ക്കൊപ്പമായ് സന്തപിപ്പൂ. ൩൦

അനലസദൃശനാകും ഗൌതമൻതങ്കൽനിന്നി-
ഗ്ഘനരുചിരകലാപം കയ്യിലാക്കുന്ന കാൎയ്യം
മനസി കരുതുവാനും മേല; പാമ്പിൻഫണത്തിൽ
കനയമൊടു മണിയ്ക്കായേതവൻ കയ്യു വെയ്ക്കും? ൩൧

മമ ഹിതമിവളോടായ് ചൊല്ലുകിൽ കേൾക്കുമോ;മൽ-
ശ്രമമപകടമായിത്തീരുമോ കാലദോഷാൽ;
സുമശരവിശിഖാഗ്നിജ്വാലതൻമുന്നിലിന്നീ-
യമനിധിയുടെ കോപത്തിയ്യുതത്യന്തശീതം. ൩൨

അപകടമുളവാമെന്നോൎത്തു കാൎയ്യം തുടങ്ങാ-
തുപഗതഭയമോടേ വാഴവോൻ മന്ദനത്രേ;
അപരിമിതബലം പൂണ്ടുദ്യമിയ്ക്കുന്നവൎക്കാ-
യുപഗതഗദമെന്തും സാധ്യമെന്നാപ്തവാക്യം." ൩൩

വലമഥനനഹല്യാഗാത്രസംവീക്ഷണത്താൽ
പലവിധമിതി ചിന്താക്രാന്തമാം സ്വാന്തമേന്തി
അലസമതി നികാമം വിദ്യയെപ്പോൽ വരാങ്ഗീ-
കുലമണിയെ ലഭിപ്പാനുദ്യമം മന്ദമാർന്നു. ൩൪

സുരവരനെയടുക്കൽ കാൺകയാൽ സംഭ്രമത്തോ-
ടരമധികമൊതുങ്ങിത്തെല്ലുമാറിസ്സലജ്ജം
മരവുരി നിജ മാറത്തിട്ടു കർത്തവ്യചിന്താ-
തരളതയൊടു തന്വീരത്നമല്പം പരുങ്ങീ. ൩൫

അതിഥി സുരവരൻതാനെന്നറിഞ്ഞപ്പൊഴല്പം
മതിയിലുദിതമാമസ്സംഭ്രമം മാററി മന്ദം
സതിയവൾ മൃദുലജ്ജാസിക്തമായോരപാങ്ഗ-
ദ്യുതി ചെവിവരെ നീട്ടിച്ചേർത്തു വിട്ടാനവങ്കൽ. ൩൬

അവൾ മൃദുഹസിതത്താൽ ദുഗ്ദ്ധവാരാശിവീചീ-
നിവഹമഹിമ കാട്ടിശ്ശാന്തമായിപ്പുതുക്കെ
വിവശത പരഭൃത്തിൻ തന്വികൾക്കേകുമദ്യ-
ദ്രവമധുരിമ തിങ്ങും വാക്കിവണ്ണം പറഞ്ഞാൾ:— ൩൭

“അഗവിമത! ഭവാനിന്നേതു ദിക്കിങ്കൽനിന്നാ-
ണഗതികളിവർ വാഴും കാട്ടിലുൾപ്പുക്കതിപ്പോൾ?
അഗളിതസുകൃതൻ നിൻപാദസമ്പർക്കമൂലം
സുഗതഭവുകമായീ നൂനമിക്കാടശേഷം. ൩൮

മലയഗിരിതടത്താൽ ദക്ഷിണാശയ്ക്കു തുല്യം
തിലകരുചി ഭവാനാൽ ചേർന്ന തദ്ദ്യോവിൽനിന്നോ
മലമകളുടെ നൽത്തുമന്ദഹാസക്കുഴമ്പാ-
ല്ലലമലിയൊരു വെള്ളിക്കുന്നിൽനിന്നോ വരുന്നൂ? ൩൯

ചിരമസുരഗളാന്തപ്രാന്തസംവാന്തരക്തോൽ-
കരനദികളിലെന്നും ലീല ചെയ്യുന്ന വജ്രം
സുരരിലവിരതം നൽദ്രവ്യമേകീടവേ നിർ-
ഭരമവരുടെ സൌഖ്യാവസ്ഥ ചൊല്ലേണ്ടതുണ്ടോ? ൪൦

കലിതസുഖർ ഭവാനെപ്പോലെയുള്ളോക്കരണ്യ-
സ്ഥലികളിവ ചരിപ്പാൻ ക്ലേശമൊട്ടേകിയേക്കാം
വലിയ കുഴികൾ കുന്നും കണ്ടകം കല്ലു ഹിംസ്രാ-
വലിയുമുടയ ദേശം ദുർഗ്ഗമം തന്നെയാകും. ൪൧

ഇവിടെയരികിലാണെന്നാശ്രമം നിസ്തുലാച്-
ച്ഛവി പെട്ടമവിടെപ്പോയ് വിശ്രമിച്ചല്പനേരം
വിവിധഫലഗണത്താൽ ക്ഷീണവും തീർത്തു പിന്നെ-
ദ്ദിവി വിഗതവിളംബം ചെന്നുചേരാം ഭവാനും. ൪൨

സ്ഫുരിതകനകഹർമ്മ്യത്തിങ്കൽ വാഴും ഭവാനെ-
ച്ചെറിയ കുടിലിലേയ്ക്കായ് ഞാൻ ക്ഷണിക്കുന്നതോ-
അരിയൊരു മറയത്തം തന്നെയാണെങ്കിലും ന- [ർത്താൽ
ല്ലറിവെഴുമവിടുന്നോർക്കില്ലിതെൻകുററമായി. ൪൩

ധൃതരുചി മണിഹർമ്മ്യം മഞ്ചമാച്ചന്ദ്രശാലാ-
ശതമനുപമയന്ത്രപ്രൌഢിയിത്യാദിയൊന്നും
ഹതവിഭവകമാമിക്കാട്ടിലില്ലെങ്കിലും സം-
യതമതികൾ വസിയ്ക്കും മന്ദിരം വന്ദ്യമാകും." ൪൪

പുരികളിൽ നിവസിയ്ക്കും നാരിമാർ തൻ മിരട്ടും
മറിവുമടവുമൊന്നും ചേർന്നിടാതുള്ളമായി
പരിചിതനയമേവം തന്വി ചൊല്ലുന്ന കേട്ടാ-
സ്സുരപരിവൃഢനുള്ളിൽ പേർത്തുമാനന്ദമാർന്നു. ൪൫

സ്മരനുടെ വിശിഖത്താൽ ഛിദ്രിതപ്രായമായി
ത്വരയൊടുടവു ചേർന്നോരിന്ദ്രഹൃത്തിങ്കൽ നിന്നും
വിരളതയൊടു ധർമ്മാധർമ്മതത്ത്വാദിചിന്താ-
ഭരസലിലമശേഷം ചോൎന്നതോ യുക്തമല്ലോ. ൪൭

ത്വരിതമഥ മനോജന്മാസ്ത്രമേറവുള്ള ചൂടാൽ
കരിയുമകമൊടിന്ദ്രൻ വാക്കിവണ്ണം പൊഴിച്ചാൻ;
പരിണതബലമേന്തിപ്പൊട്ടുമാഗ്നേയമാം വൻ-
ഗിരിയുരുകിയൊലിയ്ക്കും ധാതുവർഗ്ഗത്തിനെപ്പോൽ. ൪൮

"സതി ഭവതിയുരയ്ക്കും വാക്കിനെല്ലാം പ്രഹർഷോദ്-
ഗതി തടവി നികാമം നന്ദി ചൊല്ലുന്നിതാ ഞാൻ!
ക്ഷിതിയിലിവിടെ നീ നില്ക്കുന്നകണ്ടങ്ങജാർത്തി-
ക്ഷതി പെടുമകമോടേ വന്നു ഞാൻ നിന്നടുക്കൽ. ൪൯

സുതനു! മമ ഹൃദന്തക്ഷേത്രഭൂവിൽ കടന്നി-
ട്ടതനു,കുസൃതി ചെയ്യോരാമയപ്പേക്കൃഷിയ്ക്കായ്
ഹിതമുടയൊരു നിൻ വാഗ്വൃഷ്ടി വൻപുഷ്ടി നൽകി-
ബ്ഭൃതഫലവശമാക്കിത്തീർത്തു ഹാ! തൽപ്രയത്നം. ൫൦

സുരവനിതകൾ തൻ നൽഗണ്ഡഭിത്തിസ്ഥലത്തിൽ
സരസഖലുസുവർണ്ണപത്രം തീർപ്പതിൽ ശില്പിയാം ഞാൻ
അരസികമതിയാണെന്നോക്കുവാൻ ന്യായമുണ്ടോ?
നിരവധി മമ ഭാഗ്യം പാട്ടു നാട്ടാർക്കശേഷം. ൫൧

വലിയവരുടെ പിമ്പേ നീതിയും ന്യായവും പോ-
മുലകിലിതു നടപ്പാണെന്ന കാര്യം നിനച്ചാൽ
അലസമിഴി! നയം കൈവിട്ടതല്ലെൻറവാക്യം
മലർശരഹതനാണെന്നാകിലും ധാർമ്മികൻ ഞാൻ. ൫൨

കരുണയൊടണുവായ് നീ സമ്മതിച്ചീടിലെൻ നിർ-
ഭരമഹിമ വഹിച്ചീടുന്ന പൊന്നിൻകിരീടം
സുരതരുനിര ഗോവിത്ത്യാദിയെല്ലാമുടൻ നിൻ-
ചരണസരസിജത്തിൽ കാഴ്ചയായ് വെച്ചിടാം ഞാൻ. ൬൨

മതിമുഖി! വെറുതേ നീ ചണ്ഡചാർവാകനിൽ പോയ്
സ്ഥിതിയുടയ മഹത്താമാത്മവിദ്യയ്ക്കു തുല്യം
മതിയിലതനഗന്ധം സന്ധരിയ്ക്കാതിരിയ്ക്കും-
യതിവരനെ നിഷേവിച്ചെന്തിനേവം തപിപ്പൂ? ൬൩

ഘനസുഷമ പൊഴിയ്ക്കും നവ്യരത്നപ്രകാണ്ഡം
കനകലസിതസൂത്രത്തിങ്കൽ മിന്നേണ്ടതല്ലോ;
വിനയൊടതു പരുത്തിപ്പൊട്ടനാരോടു ചേക്കും
കുനയമൊടെതിരായീ നിൻെറയീയോഗിയോഗം. ൬൪

ചലദളികുലഝങ്കാരാകുലം കാനനാന്ത-
സ്ഥലമിതു ജനരിക്തം കുഞ്ജമത്യന്തരമ്യം
നലമൊടുടനിതിൽപ്പോയ് വേണ്ടപോൽ കേളിചെയ്യാ-
നലസത കരുതീടൊല്ലല്പമെന്നാലുമിപ്പോൾ. ൬൫

സതതമിവിടെ നിന്നെക്കാട്ടിലീമട്ടു യോഗ-
വ്രതനിയമവിധിയ്ക്കായ് വിട്ട മന്ദൻെറ ചിത്തം
മിതമതു പരമാണുപ്രായമെന്നുള്ളതൊക്കും
മതമവനുടെ ശാസ്ത്രപ്രോക്തമത്യന്തയുക്തം." ൬൬

ഇതി സുരപതി ചൊല്ലും വാക്കുകേട്ടിട്ടനല്പം
മതിയിളകി വികാരാധീനയായ് തന്വി വേഗം;
അതിരസമൊടു നേരേനിന്നു നന്നായ് സ്തുതിച്ചാ-
ലതിലുടനിളകീടാത്തുള്ള പെണ്ണില്ല പാരിൽ. ൬൭

അരമുദിതവികാരാവസ്ഥ തെല്ലൊന്നടക്കി-
ക്കരളിനുടയ ഹഷം ചെററു കാണിച്ചിടാതെ
സുരവരനൊടു കോപം വ്യാജമായ് കാട്ടിയന്നാൾ
വരതനു; വനിതാഹൃത്തത്ത്വമാർ കണ്ടു മന്നിൽ? ൯൮

തത്വരിതമവളുരച്ചാ:—ളൊട്ടനേകംവിധത്തിൽ
ചരിതമഹിമ ചിന്നും വന്ദ്യരാം തത്വദത്വിധന്മാർ
പെരിയ കുനയമാർഗ്ഗത്തിങ്കലായ് കാലുവെച്ചാ-
ലുരഗപെട്ടമൊരു നീതിയ്ക്കാരിനിപ്പാലകന്മാർ. ൯൯

വിവിധമഹിതശാസ്ത്രം തീർത്തു ലോകത്തിനെല്ലാ-
മവിരളമറിവേകും വിജ്ഞരാം തത്വദത്വിധന്മാർ
അവശതയൊടധർമ്മം ചെയ്യുതാവേലികേറി-
ബ് ഭുവി വിളവുകൾ തിന്നുംമട്ടതാൻ കഷ്ടമല്ലോ. ൱

പരവനിത—വിശേഷിച്ചിന്നു ഞാൻ താപസസ്ത്രീ,
സുരമഹിത! സുധർമ്മാധീശനല്ലോ ഭവാനും,
പരമറിവു പെട്ടന്നോർ കാലുവെയ്ക്കാൻ മടിയ്ക്കും-
സരണിയിലൂടനോടിക്കേറുവാനോർത്തിടാമോ? ൱൧

നിജ ഹൃദയവികാരം ധീരരെല്ലാമടക്കും,
രുജയൊടതു സഹിയ്ക്കാതല്പരോ കാട്ടുകാട്ടും,
വ്രജതിവിഷയാശാവൃത്തിയേന്തും മനസ്സിൻ-
വിജയമതു പെട്ടന്നോർതന്നെ സാക്ഷാദ്ബുധന്മാർ.
൱൨

ചലനമണു വിപത്താൽ മന്ദരേല്ക്കും; കുലുക്കം
ബലമെഴമഴലാലും വിജ്ഞർ കൈക്കൊൾകയില്ല;
അലഘു രവികരത്താൽ വററിടും വാപിയെന്നാൽ
ജലധി വിലയമേല്ക്കില്ലൊട്ടമൌർവ്വാഗ്നിയാലും. ൱൩

വസനനികരഭാണ്ഡം ഗർദ്ദഭംപോലെ, ഗന്ധ-
പ്രസരനിധി മദത്തെട്ടുഷ്ഠനക്രം കണ്ടക്കേ,
കുസുമനിര കുരങ്ങൻപോലെ, സദ്ധൎമ്മരിക്തൻ
കുസൃതിമതിയിലേററം വ്യൎത്ഥമായ് ജ്ഞാനമേൽപ്പൂ. ൬൪

ഒരുവിധവുമധൎമ്മം ചെയ്തിടൊല്ലങ്ങു; പിന്നെ-
സ്സുരുചിരതനു മിന്നും നാകനാരീജനങ്ങൾ
വിരുതുടയവർ തൻനാട്ടിങ്കലുള്ളപ്പൊളെന്നിൽ
പുരുഹിതമുളവാകാൻ യുക്തിയില്ലൊന്നുകൊണ്ടും.'' ൬൫

"മതി-മതി" ഹരി ചൊല്ലീ:-"ത്തത്വധൎമ്മങ്ങളോരോ-
ന്നിതിലുമധികമോതുന്നോരെ ഞാൻ കണ്ടിരിപ്പൂ;
ക്ഷിതിയിലബലമാർ തൻ ചാരുസദ്വൃത്തി,വിത്ത-
സ്ഥിതിയുടയവരെക്കാണുമ്പൊളേ ദൂരെ മാറും. ൬൬

സരസമിവനെയേവം നീ മിരട്ടേണ്ടസംഖ്യം
വരതനുമണിമാരെപ്പാട്ടിൽ ഞാൻ ചേൎത്ത വൻപൻ;
നിരവധി വിലയാൎന്നും കൂട്ടിവെച്ചിട്ടൊടുക്കം
വിരവൊടനുസരിയ്ക്കുംമട്ടവൎക്കുള്ളതല്ലോ. ൬൭

അറിവുമധികമാകും ന്യായവും തമ്പി! നീയി-
ന്നരുളിയതു നയംതാനെങ്കിലാകട്ടെയെന്നാൽ
വെറുമൊരു വഴിപോക്കൻ നമ്മെ നീയങ്ങുജന്മ-
ജപരപരവശനാക്കിത്തീൎത്തതധൎമ്മമാമോ? ൬൮

നയമനയമിതെല്ലാം നമ്മൾ കല്പിച്ചതല്ലേ?
നിയമമതുളവാക്കുന്നോൎക്കതില്ലാതെയാക്കാം;
സ്വയമിതു നിരൂപിച്ചാൽ സ്പഷ്ടമാം; ശക്തർതന്നുൾ-
പ്രിയമിതരജനങ്ങൾക്കൊക്കെ വൻനീതിതന്നെ. ൬൯

ചില വിടർ വിരുതേരും സ്ത്രീകളോടായ് പ്രതാപം
പലതുമധികമായിച്ചൊല്ലിട്ടുംപോലെയൊന്നും
ചലമിഴി! നിഗദിയ്ക്കുന്നില്ല ഞാനിപ്പൊളെൻനി-
സ്തുലമഹിമകളെല്ലാം നാട്ടിലാർ കേട്ടിടാത്തോൻ? ൧൦

സകലബുധരിലുംവെച്ചഗ്ര്യനാമെന്നൊടിന്നീ-
വക സുതനു! വദിപ്പൂ നീതി നീ സാഹസത്താൽ;
തികവുടയ മഹത്താം വാർദ്ധിയിൽ ശാരദാഭ്ര-
പ്രകരമലസമായിച്ചാററിട്ടും മാരിപോലെ. ൧൧

കുലചിലയൊടനങ്ങൻ വന്നെതിക്കുന്നമൂലം
പലവക നയമോതാൻ നേരമില്ലിപ്പൊളൊട്ടും
സുലളിതതരഗാത്രാശ്ലേഷസന്തോഷമാകും-
ജലധിയിൽ വിഹരിപ്പാൻ സമ്മതം നല്ക വേഗം." ൧൨

നികാമമഴലേറിട്ടും മതിയൊടൊത്തു വൃത്രാരിയി-
പ്രകാരമരുളീടവേ വിരസചിന്തയായെന്നപോൽ
സ്വകാശയമനങ്ഗസംശിഥിലമെങ്കിലും ഭാവഭേ-
വികാരമതു കാട്ടിടാതവരു ഗമിച്ചു തന്നാശ്രമം. ൧൩

ചേതസ്സിങ്കൽ ഭ്രമം ചേർത്തവളഥ നികടം
　　വിട്ടുപോയീടവേ ധീ-
ചൈതന്യം താഴ്ന്നപേതാഭ്യുദയനപഗത-
　　പ്രാണസന്ധാരണാശൻ
സ്സീതം മാനോഭവാസ്ത്രപ്രകരശതമൃത-
　　പ്രായനായ് മന്ദമിന്ദ്രൻ
പ്രേതം പോകുന്നപോലങ്ങനെ നിജനിലയ-
　　ത്തിങ്കലേയ്ക്കായ് തിരിച്ചാൻ. ൧൪

—— ** ——

# ഏഴാംസർഗ്ഗം.

അഗാധമാമാമയസാഗരത്തിൽ
വിഗാഹനം ചെയ്തു വിമൂഢനായി
മൃഗാക്ഷിയെത്തന്നെ നിനച്ചുകൊണ്ടു-
ന്നഗാന്തകൻ തന്റെ പുരത്തിലെത്തി. ൧

കുറച്ചുനാളന്നവനുഗ്രതാപ-
ഭരം കരൾക്കുള്ളിലൊതുക്കിയെന്നാൽ
ശരദ്ഘനാങ്കുരകമെത്രനേരം
മറച്ചു നിൽക്കും പ്രളയാർക്കബിംബം? ൨

അന്നാമുനി സ്ത്രീമണിവിഗ്രഹത്തെ
നന്നായ് പ്രതിഷ്ഠിച്ചു നിജാശയത്തിൽ
തന്നാമയം നീങ്ങിടുവാൻ ഭജിച്ചു-
വന്നാൻ വിധിയ്ക്കൊത്തവിധം മഹേന്ദ്രൻ. ൩

ഉന്നിദ്രമായ് വീണിടുമശ്രുവാരി-
തന്നിൽ കുളിച്ചും വിജനസ്ഥലത്തിൽ
വന്നിഷ്ഠയാൽ വാണുമവൻ സമൌനം
തന്നിഷ്ടസിദ്ധിയ്ക്കു തപസ്സു ചെയ്താൻ. ൪

അക്കാട്ടുമാപ്പൂവനമാവസന്ത-
മാക്കായമാഹാത്മ്യവുമാവപുസ്സും
എക്കാലവും ഹൃത്തിലിതൊക്കെയെല്ലാ-
തോർക്കാൻ കഴിഞ്ഞില്ലവനന്യമൊന്നും. ൫

ചിരാൽ ഭവിക്കും വലുതാകുമശ്രു-
ഭരാതിവർഷോദ്ഗതിയെബ്ഭയന്നോ
സുരാധിപാസ്യാംബുരുഹത്തെ ഹാസ-
മരാളവൃന്ദങ്ങൾ വെടിഞ്ഞിതന്നാൾ. ൬

സ്വമാനസത്തിൽ സ്ഥിതയായ യോഗി-
സ്ത്രീമാന്യതൻ തുല്യത പൂകുവാനോ
സുമാശുഗാത്തൻ ഹരി കൈവെടിഞ്ഞാൻ
സ്വമായ നിദ്രാശനവൃത്തിപോലും. ൭

കിടക്കുമൂഠംഭ്രാന്തി കലൎന്നെണീയ്ക്കും
നടക്കുമൊട്ടല്പമിരിയ്ക്കുമെങ്ങും
പിടച്ചസംബന്ധമുരയ്ക്കുമോരോ-
ന്നിടയ്ക്കിടയ്ക്കീവിധമായ് മഹേന്ദ്രൻ. ൮

ചിലപ്പൊളൾക്കണ്ണു മിഴിച്ചു ബാഷ്പാ-
വിലൻ ദിഗന്തങ്ങളിലൊക്കെ നോക്കും
വിലക്ഷനായ് നേത്രമടച്ചു യോഗി-
നിലയ്ക്കിരിയ്ക്കും ചിലനേരമിന്ദ്രൻ. ൯

അവൻെറ സഞ്ജീവിതനാടകത്തി-
ലിവണ്ണമത്യുഗ്രവിഷാദരങ്ഗം
നവം ഭവിച്ചു വിധി വാമനായാ-
ലെവക്കു വിണ്ണും വിഷമാകയില്ല. ൧൦

ചാരുപ്രഭം താപസി തൻെറ പീന-
മൂരുദ്വയത്തിൻസ്മൃതി ചേൎക്കയാലോ
വാരുററ തന്വീമണി രംഭ തൻെറ
പേരും വലാരിയ്ക്കു വലച്ചിലേകി. ൧൧

മനസ്സിലാ യോഗിനിതൻമുഖേന്ദു-
വനല്പഭാസ്സോടു ലസിച്ചിടുമ്പോൾ
അനങ്ഗതാപക്കടൽ വേലിയേററം
കനത്തു കൈക്കൊണ്ടതു യുക്തമല്ലോ. ൧൨

സുമങ്ങളുദ്യൽകുലിശങ്ങളായി
വിമർദ്ദിതാഭം തൃണമായി വജ്രം
അമന്ദമല്പം സമയത്തിനുള്ളി-
ലമർത്ത്യഭൃവിന്ദ്രനു കയ്ച്ചിതെങ്ങും. ൯൩

ചിത്രങ്ങളിൽ കാമുകർ ഗൃദ്ധനാരീ-
ഗാത്രങ്ങൾ പുൽകുന്നതു കാൺകവേതാൻ
നേത്രത്തിൽനിന്നശ്രു പൊഴിച്ചു ശോക-
പാത്രം തദങ്ഗം വിചലിച്ചിതെങ്ങും. ൯൪

ലീലാവിനോദം സുഹൃദഗ്ര്യരൊത്തു-
ള്ളാലാപമാക്കാമ്യകലാവിഹാരം
വിലാസിനീനർത്തനമെന്നിതെല്ലാം
വലാന്തകന്നന്നു വെറുത്തിതേററം. ൯൫

അനുക്ഷണം വാച്ചതനുപ്രഭാവം
തനുപ്രഭാവമ്പവനിൽ കുറഞ്ഞു
അനുദ്ഗതസ്ഥൈര്യ്യമനാര്യ്യകാമം
തനുവ്യഥാബാധ വരുത്തുമാക്കും. ൯൬

പ്രശസ്തസൂനവ്രജഭങ്ഗിമൂലം
ഭൃശം വിരാജിപ്പൊരു നന്ദനത്തിൽ
സശങ്കമിന്ദ്രൻ ഹതഭാഗധേയ-
വശംവദൻ ചെന്നൊരുനാൾ കടന്നാൻ. ൯൭

വാടാതെഹൃദ്യം തെളിതേനൊഴുക്കി-
യീടാനു സൌരഭ്യവിജൃംഭണത്താൽ
സ്സുടാഭ കൈക്കൊണ്ടു വിടന്നു ഭങ്ഗി-
വിടാതെ പുഷ്പങ്ങൾ നിറഞ്ഞതായും; ൯൮

ഗങ്ഗാസരിത്തിൻ കുളുർനീരിൽ മുങ്ങി,-
ബ്ഭൃങ്ഗാവലീനാദജപത്തൊടൊത്തും,
തുങ്ഗാഭമെത്തും മലയാനിലൻെറ
സങ്ഗാലെവക്കും കുളിർ ചേപ്പതായും; ൧൯

നികാമമാരാമകുലത്തിലുള്ളാ-
സ്വകാധിപത്യത്തെ ലസൽപ്രതാപം
പികാരവംകൊണ്ടു വിളംബരംചെ-
യ്തുകാലസദ്വൈഭവമേല്പതായും; ൨൦

ഹിതാനുകൂലം വിവിധാഗ്ര്യപുഷ്പ-
ശതാവൃതം ശയ്യയണഞ്ഞിണങ്ങി
അതാന്തരായ് കിന്നരർ കേളി ചെയ്യും-
ലതാഗൃഹൌഘങ്ങൾ ലസിപ്പതായും; ൨൧

ഫലം വഹിയ്ക്കാൻ ശ്രമമാന്ന ശാഖാ-
കുലം കുനിഞ്ഞൊട്ടു ചുവട്ടിലെങ്ങും
ജലം കുടിച്ചിട്ടുയൊടേ മൃഗങ്ങ-
ളലം കളിക്കും ദ്രുമപങ്ക്തി പൂണ്ടും; ൨൨

ഒക്കുംവിധം ചെററു തളിത്തിടാതെ-
പൂക്കുന്നതായിസ്സമബന്ധമെന്ന്യേ
വായ്ക്കും ഫലം തിങ്ങി നിറഞ്ഞുമെങ്ങും-
നില്ക്കും സുരദ്രുക്കൾ പെട്ടുന്നതായും. ൨൩

വസന്തസഖ്യം കലരാതെ നിത്യം
പ്രസന്നസൌഭാഗ്യമഭൌമമേററം
രസപ്രദം മിന്നിന നന്ദനത്തി-
ലസത്തപനാമാവലവൈരി ചെന്നാൻ. ൨൪

ആനന്ദമേകീടുമെതിന്റെ കോണ-
സ്ഥാനത്തിലത്ത്യാശ മുഴുത്തു ലോകം
പാനം സ്വഭുക്ത്യാദി വെടിഞ്ഞു നിത്യം
പീനം തപംചെയ്തു വസിച്ചിടുന്നു; ൨൫

പ്രിയം വളർത്തും സുരനാരിമാർതൻ
സ്വയംഗ്രഹാശ്ലേഷസുഖാനുഭോഗാൽ
അയന്ത്രിതാഹ്ലാദദമേതു ഭൂതി-
ചയത്തിനെല്ലാമധിവാസഭൂവാം; ൨൬

സുമം പൊഴിയ്ക്കും രുചിരം രജസ്സാ-
ലമന്ദമസ്സത്ത്വസമൃദ്ധിയേന്തി
തമസ്സുതൻബന്ധവുമററ,നങ്ങൻ
സമർത്ഥനായ് താമസമേതിലേൽപ്പൂ; ൨൭

മനസ്സിലെന്തെങ്കിലുമാഗ്രഹിച്ചു-
നിനയ്ക്കിലപ്പോളതു നൽകിടാനായ്
അനന്തകല്പദ്രുമപങ്ക്തിയെങ്ങു
ഘനപ്രഭാവത്തൊടു കാത്തുനിൽപ്പൂ; ൨൮

സന്താനവൃക്ഷം വിറകേതുദിക്കിൽ
ചിന്താമണിക്കല്ലവിടെശ്ശിലൌഘം
ഹന്താമൃതം താൻ ജലമേതിലേതിൽ
സന്താപവാക്കർത്ഥദരിദ്രമെന്നും; ൨൯

ഫുല്ലാരവിന്ദാമലകൈരവങ്ങ-
ളുല്ലാസമേകും കുസുമവ്രജങ്ങൾ
എല്ലായ്പൊഴും രാത്രിദിനാദിഭേദ-
മില്ലാതെ യഥാപിയലങ്കരിപ്പൂ; ൩൦

ആ നന്ദനാഭിഖ്യ യഥാർത്ഥമായി-
ത്താനൻപൊടേന്തീടിന പൂവനത്തിൽ
വാനത്തിനെല്ലാമധിപൻ മനസ്സി-
ലാനന്ദമേല്ക്കുന്നതിനായ് കടന്നാൻ. ൩൧

ജാതാഘനാമായവനന്നമൂല്യ-
ശ്രീതാവുമാപ്പൂവനമേകി താപം;
ഏതാകിലും പാപികൾപോം പ്രദേശം
പാതാളമെന്നോതുവതെത്ര സത്യം! ൩൨

സ്സുരാതുരന്മാക്കിവിടെക്കടുത്ത-
പരാജയം താൻ ഫലലാഭമെന്നായ്
സുരാജിതദൃക്കൾ വിഹങ്ഗനാദാൽ
സുരാധിപന്തന്നൊടു ചൊല്ലിയന്നാൾ. ൩൩

വെയ്‌ലാൽ പെടും താപമകന്നിടാനായ്
ഹാലാഹലാംഭോധിയിൽ മുങ്ങിടുംപോൽ
മാലാർന്നൊരിന്ദ്രൻ സ്സുരദോർബലാഗ്നി-
ജ്വാലാത്തമാമസ്ഥലിയിൽ കടന്നാൻ. ൩൪

പുത്തൻ നറുന്തേന്മണമേററു ശൈത്യ-
വിത്തം പൊഴിയ്ക്കും നവവാതപോതം
ചിത്തവ്യഥാപീഡിതനാം മഹേന്ദ്ര-
നത്തവ്വിലുഗ്രാനലവഷ്മമായി. ൩൫

ആപീനരാഗം ഭ്രമരവ്രജത്താൽ
പേപീയമാനം മധു വാർന്നൊലിച്ചും
വാപീശതത്തിങ്കലെഴും സുമൌഘം
ഹാ! പീഡയന്നിന്ദ്രനു ചേർത്തിതേററം. ൩൬

വിലാസമേന്തും നവകോകിലാളി
കിലാളിവൃന്ദത്തൊടു ചേൎന്നതിങ്കൽ
തുലാധികം കൂട്ടിയ ഗാനഘോഷം
വലാന്തകന്നന്തകനാദമായി. ൩൭

കൂടാരമദ്രിക്കിലടിച്ചു ശൌൎയ്യ-
ത്തോടാവസിയ്ക്കുന്ന മനോജനന്നാം
പേടാം പ്രതാപം പെടുമിന്ദ്രനായ് പോ-
രാടാൻ നിനച്ചായതിനായൊരുങ്ങി. ൩൮

അശോകവഹ്ന്യസ്ത്രമതീവ കോപ-
സുശോണദൃക്കങ്ങുഭവൻ തൊടുക്കെ
സശോകമശ്രൂദകവാരുണാസ്ത്രം
കൃശോദയൻ പൂണ്ടതിനെത്തടുത്താൻ. ൩൯

തുടൎന്നനങ്ഗൻ ഭ്രമരൌഘമാമൽ-
കടം പയോദാസ്ത്രമെടുത്തു വിട്ടാൻ
ഉടൻ സ്വനിശ്വാസകമാരുതാസ്ത്രം
മടങ്ങിടാതേററു തൊടുത്തിതിന്ദ്രൻ. ൪൦

ചക്രാശുഗം കൈയിലെടുത്തനങ്ഗൻ
വക്രാനുഭാവൻ സുതരാം തൊടുക്കെ
ശക്രൻ തടുക്കാൻ ഗതി തെല്ലു കാണാ-
താക്രന്ദനംചെയ്തു വിമൂകതകണ്ടും. ൪൧

വൈമത്യമോടന്നുടനേററു കാമ-
നീമട്ടു ചെയ്തോരു മഹാരണത്തിൽ
സാമൎത്ഥ്യമൊക്കെപ്പതറിപ്പറന്നു-
ധീ മങ്ങി വല്ലാതെ കുഴങ്ങിയിന്ദ്രൻ. ൪൨

കരർക്കകം ദുസ്സഹമായ താപ-
ജ്വരത്തിനാൽ പീഡിതമായ് സുരേശൻ
കരഞ്ഞിവൻ പിച്ചു പിടിച്ചപോലെ
പറഞ്ഞിതോരോ മൊഴിയർത്ഥമെന്യേ. ൪൩

"അക്കാളകൂടം ചെവിയിൽ പൊഴിയ്ക്കും-
ധിക്കാരിയാമിക്കുയിലിന്റെ വക്ത്രം
ഊക്കാർന്നു പൊത്തുന്നതിനാരുമില്ലേ?
മൽകാലദോഷം മികവാർന്നുവല്ലോ. ൪൪

തീവാരി മെയ്യിൽ ചൊരിയുന്ന പാപി-
യീവായുവെശ്ശൃംഖലകൊണ്ടു കെട്ടി
പോവാതെയെങ്ങും തടവിങ്കലാക്കിൻ,
ചാവാതവൻ ചത്തു വലഞ്ഞിടട്ടേ. ൪൫

വെട്ടിൻ മുറിയ്ക്കിൻ പൊടിയാക്കുവിൻ ന-
ന്മൊട്ടിട്ടുനിൽക്കും പുതുമുല്ലയെല്ലാം;
കാട്ടിക്കൊടുക്കാ,മിവയെത്തുണയ്ക്കു
കൂട്ടി സ്മരൻ പോരിനൊരുമ്പെടുന്നു. ൪൬

നിറഞ്ഞു ചെന്താമര നിന്നിടുന്ന-
സരസ്സിതെല്ലാമുടനേ നികത്തിൻ;
സ്മരൻ ജഗദ്ദ്രോഹി ശരങ്ങളില്ലാ-
തിരന്നു വല്ലാതെ കുഴങ്ങിടട്ടെ. ൪൭

ഈ വഞ്ജുരോചിസ്സറിയാതെ വന്നു-
നീ വൻപു മന്ദൻ ശുകമേ! നടിപ്പൂ;
പാവത്തമോർത്തിന്നിയടങ്ങി നിൻ ദുർ-
ഭാവത്തിനായുസ്സു വളർത്തിടാ ഞാൻ." ൪൮

പിച്ചാലസംബന്ധമിവണ്ണമോരോ-
ന്നുച്ചാവചം ചൊല്ലിയലഞ്ഞു ചുററി
ഏച്ചാപലം വാച്ചവനന്നനങ്ങ-
സച്ചാപശക്തിയ്ക്കടിമത്തമാന്നാൻ. ൪൯

കോപിച്ചു ചൊന്നാൽ ഫലലാഭമൊട്ടും
പ്രാപിക്കയില്ലെന്നറിവാന്നൊടുക്കം
പാപിഷ്ഠനിന്ദ്രൻ മൃദുസൌമ്യഭാവം
വ്യാപിച്ച വാക്കീവിധമോതി വീണ്ടും. ൫൦

"നന്മാന്തളിരൊത്തു പറിച്ചെടുത്തു
തിന്മാൻ തരുന്നേൻ പികരാജബന്ധോ!
എന്മാനിനീമുത്തിനെയൊന്നു കണ്ടീ-
വന്മാൽ കുറച്ചൊന്നറിയിയ്ക്കുമോ നീ? ൫൧

വായോ! മഹാത്മൻ മലയാചലോത്ഥ!
നീ യോഗ്യനെന്നുള്ളതു സുപ്രസിദ്ധം
ആ യോഗിനീമുത്തമരും ഗൃഹത്തിൽ
പോയോ ഭവാൻ, മദ്വ്യഥ ചെററു ചൊന്നോ? ൫൨

പോയില്ലയെന്നോ പറയുന്നു, യാത്ര-
യായീഭവാനെങ്കിലുടൻ ഗമിയ്ക്കു
സ്ഥായിയ്ക്കു നൽകും തവ മാഗ്ഗമദ്ധ്യേ
ഭൂയിഷ്ഠഭവ്യം വനദൈവതങ്ങൾ. ൫൩

രൂപം പെടാതുള്ളൊരു വായുവോടെൻ-
താപം കടന്നോതിയതെന്തിനീ ഞാൻ
ആപന്നനെൻ വാക്കിതു കേൾക്കുവോരാ-
ക്ഷേപം നികാമം നിഗദിയ്ക്കയില്ലേ? ൫൪

ഗജാധിപ! സ്വാഗതമസ്തു നിത്യം
നിജാശയത്തിന്നനുകൂലവൃത്ത്യാ
രുജാപ്തിയെന്ന്യേ കരിണീവതംസം
സുജാതലീലം മരുവുന്നതില്ലേ? ൫൫

സ്വാങ്ഗപ്രഭാനിന്ദിതഹേമമായും
തുങ്ഗസ്തനാനമ്രശരീരമായും
അങ്ഗ! സ്മരിയ്ക്കും മമ ജീവനേ നീ
ഭങ്ഗം പെടാതിന്നൊരു നോക്കു കണ്ടോ? ൫൬

നീ കണ്ടുവെന്നോതുവതൊട്ടു സത്യ-
മാകുന്നിതെന്നെന്മതമല്ലയെങ്കിൽ
ആകമ്രമാം തന്മൃദുമന്ദയാനം
വൈകല്യമറ്റേതുവിധം, ലഭിയ്ക്കും? ൫൭

ഞാൻ പിച്ചനെന്തോ പിഴ ചൊന്നതോർത്തു
കമ്പിച്ചിടൊല്ലാശയമല്പവും തേ
വൻപിച്ച നീ തെല്ലു തുണച്ചിടേണം
പൊൻപിച്ചകപ്രൌഢലതേ! നമോസ്തു. ൫൮

രസം തഴയ്ക്കും മധുവാൽ നനച്ചു
ബിസം പ്രിയയ്ക്കേകിന ഹംസമേ! നീ
അസത്ത്വനാമെന്നെയനുഗ്രഹിയ്ക്കിൽ
പ്രസന്നമാമെൻനിലയാകെ വേഗം. ൫൯

അത്തീ! സദാ മൽക്കരളിങ്കലാള-
മത്തീ കെടുത്താൻ തുണയാകുമോ നീ?
ചെത്തീ! കുറച്ചുൾക്കനിവാർന്നുടൻ നീ
ചെത്തീടണം മാമകതാപബന്ധം;'' ൬൰

ഈവണ്ണമോരോന്നു പറഞ്ഞു സാശ്രു-
സ്രാവം കരഞ്ഞും പ്രിയയെത്തിരഞ്ഞും
ദേവവ്രജാധീശ്വരനാധി മൂത്തു
പാവം! പരുങ്ങി പ്രകടം കുഴങ്ങീ. ൩൧

ചൈതന്യമെല്ലാം ഹതമായിടിത്തീ-
പാതം പെരുത്തോററ മരം കണക്കേ
ഹാ! തൽക്ഷണം പാകഹരൻ നിലത്തു
വീതപ്രഭം വീണു വിനഷ്ടസത്വൻ. ൩൨

വേലാതിഗാവേഗമിയന്നു കാളും
മാലാകവേ വിസ്മൃതമാകമൂലം
വലാന്തകന്നപ്പൊഴുദിച്ച മോഹ-
വിലാസമന്നുററൊരു ബന്ധുവായി. ൩൩

വികാരമില്ലുംഭ്രമമില്ല മൂത്തിൻ-
പ്രകാശമില്ലാർത്തിയുമേകമെല്ലാം
സ്വകാൽ തമോദ്വൈതനിഷേവണത്താൽ
പ്രകാമമന്നീനില പൂണ്ടിതിന്ദ്രൻ. ൩൪

നീരാകവേ വററിയ വാർദ്ധിപോലെ-
യൈരാവതം വീഴ്ത്തിയ വിൺമരംപോൽ
ആരാൽ തമസ്സാർന്ന വികർത്തനൻപോൽ
കാറാൽ മറഞ്ഞുള്ള ശശാങ്കനെപ്പോൽ; ൩൫

ഗർവ്വാർന്ന വിജ്ഞാനമതെന്നപോലെ
ദുർവ്വാശി കോലും ശ്രമമെന്നപോലെ
നിർവ്വാണമാമഗ്ന്യചലേന്ദ്രനെപ്പോൽ
ചാർവ്വാകരാൽ ഖണ്ഡിതമാഗമംപോൽ; ൩൬

സനിദ്രനാം കേസരിയെന്നപോലെ
സുനിശ്ചലൻ പശ്ചിമവായുപോലെ
തനിയ്ക്കുയൎന്നുള്ളൊരു മോഹവായ്പാൽ
തനിഷ്ഠസത്വാവസ്ഥിതി പൂണ്ടിതിന്ദ്രൻ. ൧൭

നിലത്തുവീണിന്ദ്രനുദഗ്രമോഹാ-
കുലൻ കിടക്കുന്നതു കണ്ടനേരം
വിലക്ഷണം പൂണ്ടു നിലയ്ക്കു ഭേദം
കലൎന്നിതെങ്ങും പ്രകൃതിയ്ക്കുപോലും. ൧൮

കാറംബരത്തിൽ പടരാതെതന്നെ
ഘോരം ദിഗന്തങ്ങളിരുണ്ടിതെങ്ങും;
ദുരന്തമാം മാന്ദ്യമിയന്നു തീക്ഷ്ണ-
കരൻ തമോബാധ പെടാതെയന്നാൾ. ൧൯

സംഭിന്നഗോത്രൻ ഹരി വീണകണ്ടാ-
രംഭിച്ച നൃത്തം ശിഖി കൈവെടിഞ്ഞു;
സ്തംഭിച്ചു വൃക്ഷം, പികമന്ധമായീ,
ഗംഭീരനിശ്ശബ്ദത പൂണ്ടു സിന്ധു. ൨൦

തിന്നാനെടുത്തുള്ള ബിസം മുഖത്തു-
നിന്നാപതിച്ചുള്ളതറിഞ്ഞിടാതെ
തന്നാധി ബന്ധിച്ചവിധം ഭ്രമിച്ചു-
നിന്നാൻ തദാ തന്നെ മറന്നു ഹംസം. ൨൧

ശുകങ്ങൾ "ഹാ ഹാ"മയനാദമാൎന്നു,
പകൎന്നു ഭാവം ഭ്രമരത്തിനെല്ലാം,
അകത്തു നല്ലോളമതിൻവിഹാര-
മകന്നുടൻ നിശ്ചലമായി വാപി. ൨൨

ശുകങ്ങൾ തൻ കുട്ടികളെഗ്ഗണിക്കാ-
തുരുവ്യഥം നോക്കിയിതങ്ങുമിങ്ങും;
പെരുത്ത ദീനാരവമാന്നു പൈക്കൾ
വരുത്തിയദ്രിക്കിനു ശോച്യഭാവം. ൩൨

ആകാശമെങ്ങും പുക വാച്ചപോലുൾ-
പ്രകാശമില്ലാതെ വിവണ്ണമായി;
നികാമമന്നാ നദികൾക്കുമേററം
വികാരഭേദം വിശദം ഭവിച്ചു. ൩൩

മുമ്പിച്ചപോലങ്ങനെ നന്മരത്തിൻ-
കൊമ്പിൽക്കളിച്ചുള്ള കപോതപോതം
വെമ്പി വ്യഥാഗർഭിതഹുംകൃതത്താൽ
സമ്പിഷ്ടമാക്കീ ഹൃദി ധൈര്യമാക്കും. ൩൪

പ്രമോദശോകങ്ങൾ പെടാതനന്ത-
തമോമയബ്രഹ്മവിലീനഹൃത്തായ്
സുമോല്ലസന്നന്ദനഭൂവിലന്തർ-
ഭ്രമോദയാൽ വീണു കിടന്നിതിന്ദ്രൻ. ൩൫

അത്യന്തവേഗം വനദൈവതൗഘം
പ്രത്യക്ഷമായ് ത്തന്നികടത്തിലെത്തി
ശൈത്യം വളൎത്തും വിവിധോപചാര-
കൃത്യങ്ങൾ ചെയ്യുന്നതിനുദ്യമിച്ചു. ൩൬

സൌരഭ്യമേന്തും പുതുചന്ദനത്തിൻ-
സാരം കുളൂക്കെപ്പനിനീരിണക്കി
മാറത്തൊഴുക്കിത്തെളിവുറ്റ് ഭവിയ്ക്കും-
മാറന്നു വേണ്ടും പരിചയ്യ ചെയ്യാർ. ൩൭

രാമച്ചമച്ചന്ദനനീററിൽ മുക്കി-
ക്കാമം തണുപ്പിച്ചമൃതാർദ്രമാക്കി
ആമന്ദമായ് ശീതളവായുവേൽക്കാൻ
സാമർത്ഥ്യമോടായവർ വീശിയന്നാൾ. ൯൯

സരസ്സിൽനിന്നും മൃദുവാം മൃണാളാ-
ങ്കുരം പറിച്ചിന്ദുശിലാരസത്തിൽ
അരച്ചു കർപ്പൂരപരാഗപാളീ-
സുരഞ്ജിതം നെററിയിൽ മന്ദമിട്ടാർ. ൱

പലവിധമവരേവം ചെയ്തു ശീതോപചാരം
വലമഥനനു ഹൃത്തിൽ ചെററു നൽബോധമേകി;
അലസനവനുറക്കംവിട്ടെണീയ്ക്കുംവിധത്തിൽ
ബലമഥ മിതമേന്തിക്കണ്ണു രണ്ടും മിഴിച്ചാൻ. ൱൧

ധീഗംഭീരത്വമററാത്തനുബലമഖിലം
താഴ്ന്നു മന്ദാഭനായി
പ്രാഗല്ഭ്യം വിട്ടു ലജ്ജിച്ചവശതയൊടു നിൽ-
ക്കുന്ന വൃത്രാരിതന്നെ
വേഗം താങ്ങിപ്പിടിച്ചുള്ളൂദയമരുളി-
യമ്പോടു തൻമന്ദിരാന്തർ-
ഭാഗത്തിൽക്കൊണ്ടുവിട്ടാർ കരുണ കലരുമ-
ക്കാട്ടുദൈവങ്ങളന്നാൾ. ൱൨

——:o:——

## എട്ടാംസർഗ്ഗം.

വലഭിത്തിനെഴും മനോജശോകാ-
നലനുള്ളൂക്കധികം വളർത്തുവാനോ
ഉലകിൻനില തപ്തമാക്കുമത്യു-
ജ്ജ്വലമാം കാലമണഞ്ഞു വേനലന്നാൾ. ൧

വിളറി ക്ഷതി പൂണ്ടിടച്ചു ക്രൂട്ടം-
ഗളമുൾക്കൊണ്ട പികാളിതൻസ്വനത്താൽ
ഗളദശ്രു വസന്തലക്ഷ്മി മന്ദി-
ച്ചുളവററാമയമാർന്നു യാത്ര ചൊന്നാൾ. ൨

തനതായ മധൂപസേവ വിട്ടാ-
വനലക്ഷ്മിയ്ക്കു മദം കുറഞ്ഞനേരം
കനമാർന്ന മനസ്സിയന്നു ഭൃംഗ-
സ്വനമാം ചാപലവാക്കു കേട്ടിടാതായ്. ൩

ധൃതശീതളപൂതസൌരഭശ്രീ
ഹതമായിക്കുസുമങ്ങൾ മങ്ങിയെങ്ങും
വിതതാഭ വെടിഞ്ഞു പുഷ്പവാടീ-
ശതമാ വാടിയ വക്ത്രമാവഹിച്ചു. ൪

ഇലയൊക്കെയുണങ്ങിയും കൊഴിഞ്ഞും
ഫലസമ്പത്തു രുചിവ്യപേതമായും
ഉലകിൽ ക്ഷിതിരുട്കുലങ്ങൾതൻ വൻ-
നില ദൌർഭാഗ്യമിയന്നു വേനൽമൂലം. ൫

സ്വരസാത്മകമാകുമർത്ഥമാകെ-
ത്തരസാ സൂര്യനു നൽകി മെയ്യിലെങ്ങും
വിരളാഭ വഹിച്ച സൽസരിത്തിൻ-
നിരയന്നുത്തമവൃത്തി കാട്ടി മന്നിൽ. ൬

ധരയിൽ കടു തീക്കനൽക്കഴമ്പിൻ-
നിര വാരിച്ചൊരിയുന്ന വേനലന്നാൾ
സ്മരദാഹകഫാലനേത്രരോചിർ-
ഭരപങ്ക്തിയ്ക്കൊരു നല്ല തോഴനായി. ൭

ഹ്രദവും നിജതീരഗദ്രുഭേദ-
പ്രദമായുള്ള മഹാപ്രവാഹവായ്പും
മദവും പ്രണശിയ്ക്കുമാറുകൾക്കു-
ള്ളുദരം നിർഭ്ഭരശാന്തവൃത്തി നേടീ. ൮

ധൃതഹംസസുനൂപുരാർദ്രനാദാ-
ഞ്ചിതയായുള്ള നദീവധൂടിയന്നാൾ
ഹിതമോടതിമഞ്ജുമന്ദയാനാ-
ന്വിതയായ്ക്കാന്തനെ നോക്കി യാത്രയായാൾ. ൯

കളവും പുരുചാതകത്തിനേന്തും-
ഗളവും ശോഷമിയന്നു ചൂടുമൂലം;
വിളറീ വനികൾക്കെഴും സുമശ്രീ
വിളയും വക്ത്രവുമെട്ടുദിക്കുമൊപ്പം, ൧൦

മൃതിയമ്മധുവിന്നു ചേർത്തു പാന്ഥ-
ക്തിയാം രക്ഷയണച്ചു ഘർമ്മകാലം
ക്ഷതി വിട്ടു ഹരിപ്രഭാവസമ്പൽ-
സ്ഥിതി കൈക്കൊണ്ടു ജഗത്തടക്കിയെങ്ങും. ൧൧

കരളിൽ കടുതാപമേറു പാരം
വരളും ബിംബമിയന്ന വാസരേശൻ
കരമായിരവും കടത്തി നീട്ടി-
ത്തരസാ ഭുവിലെഴും ജലം കുടിച്ചാൻ, ൧൨

ദിനനായകനന്നുദഗ്രമാം തീ-
ക്കനലിൻകാന്തി കളിയ്ക്കുമാതപത്താൽ
കനമാന്നിളയെപ്പൊരിച്ചു സവ്വം
ജനതയ്ക്കുള്ളൊരു ചാർ പിഴിഞ്ഞെടുത്താൻ. ൧൩

തടവററ പടീരപവ്വതത്തിൻ-
തടഭൂ വിട്ടു വരുന്ന വായുപോലും
സ്ഫുടമുൽകടമായ ചൂടിനാല-
ന്നുടലിൽ ദുസ്സഹമായ താപമേകി. ൧൪

പകലുച്ചയിലാതപേന നീറി-
പ്പുകയും മേനി വഹിച്ചു ദിക്കശേഷം
ദ്രുകദംബമതിൽ കടന്നു പക്ഷി-
പ്രകരം നിർഭരമൌനവൃത്തി പൂകി. ൧൫

രവിയന്നഥ തീക്ഷ്ണഭാനുവായാൻ,
ഭുവി നീരിന്നമൃതാഖ്യ സാത്ഥമായി,
ഛവി മങ്ങിയുലഞ്ഞു സൂനജാലം
വിവിധം പാരമസൂനവൃത്തി നേടി. ൧൬

രുചിരം ജലമാകവേ ഹരിച്ചും
പ്രചിതം താപമിളയ്ക്കുതീവ ചേത്തും
സുചിരം ദിവി മിന്നുമക്കനന്നാ-
ശ്ശുചിതൻ പ്രൌഢി നികാമമാവഹിച്ചാൻ. ൧൭

സരസീരുഹബന്ധു നാട്ടുകാർതൻ-
കരളിൽ ചേന്നൊരു മുത്തെടുക്കിലും താൻ
ത്വരയോടതവക്കു നൽകി ഘമ്മോൽ-
ക്കരബിന്ദൂദ്ഗമമെന്ന കൈതവത്താൽ, ൧൮

കരതാരുദരത്തിൽ വെച്ചുപേത-
ജ്വരമശ്രുസ്രുതിയോടു മോളിൽ നോക്കി
ചിരമാ ഹതഭാഗ്യർ കർഷകന്മാർ
ഖരനാം ദുർവ്വിധിയെപ്പഴിച്ചിതേററം. ൧൯

ചിതചന്ദനസൌരഭാർദ്രമാരാം-
സുതനുക്കൾക്കിയലും ഘനസ്തനത്തിൽ
ദ്രുതമന്നു വിരുന്നുകാരനായാൻ
സതതം നൽക്കുളിരാർന്നു മന്ദവാതം. ൨൦

വരവാണികൾതൻ മുഖേന്ദു ചുംബി-
ച്ചുരമന്നാളിലുരഃപടത്തെ നീക്കി
സരസം മൃദുമെയ് തലോടിയും ത-
ദ്വരർതൻ ലീല വഹിച്ചു ഗന്ധവാഹൻ. ൨൧

ഉലകിൽ തലകീഴമേൽ മറിയ്ക്കാൻ
ബലമുൾക്കൊണ്ടു ചരിച്ചു മട്ടു മാറി
അലമന്നനിലന്നെഴുന്ന നാമം
നിലയില്ലാത്തവനെന്നൊരർത്ഥമേന്തി. ൨൨

രവിബിംബമുടച്ചു രേണുവാക്കി-
ബ്ഭുവി വർഷിപ്പതുപോലെ തൈക്ഷ്ണ്യമാളി
സുവിനാശദമാതപം കടന്നാ-
ന്നവിശങ്കം പെരുതായെരിച്ചു ലോകം. ൨൩

ഖരമാം പനി പൂണ്ടു ഘർമ്മനീരിൽ
തരസാ നീന്തി വലഞ്ഞ ലോകരേററം
സരസം പനിനീരിലാണ്ടു മുങ്ങി-
ക്കുളിൽ ചേർന്നു ഗദം കുറച്ചു ചിത്രം! ൨൪

ജലപാനമതിന്നു മാൎഗ്ഗമില്ലാ-
തലയും ഗോനികരം കടുത്ത ദാഹാൽ
തല കാഞ്ഞു തളൎന്നു ധൂമ്രമായാ-
കുലമാം ദിക്കതിൽ നോക്കി നാല്പപാടും. ൨൫

നവപത്മദളങ്ങൾകൊണ്ടു കേളീ-
ഭവനം തീൎത്തു ബിസാൎദ്രശയ്യയിങ്കൽ
സ്വവരാങ്ഗനയൊത്തു വാണു ഹംസം
ദിവസം പോക്കി തദാന്യചിന്തയെന്ന്യേ. ൨൬

സ്വലസദസു നഷ്ടമാകിലപ്പോൾ
സുലഘുത്വം വരുമാക്ഷമെന്ന തത്ത്വം
ജലമററനിലാപ്തികൊണ്ടു പാറി-
ത്തുലയും ക്ഷുദ്രഘനം വെളിപ്പെടുത്തി. ൨൭

വിവിധൌഷധരാജിയാകവേ ത-
ച്ഛവി കൈവിട്ടു വരണ്ടു വീഴ്കമെന്ന്യേ
രവിതൻെറ കരങ്ങളേൽക്കമൂലം
ഭുവി വാടിക്കരിയാൻ തുടങ്ങിയെങ്ങും. ൨൮

അതിയായ കരുത്തിനന്നു ചേരും-
കതിരുകൾക്കൊണ്ടതു കണ്ടു താപമേററോ,
ക്ഷതി,ശാലികളിൽ പെട്ടന്ന പുത്തൻ-
കതിർ, പൂണ്ടനു വിവൎണ്ണമാക്കി വക്ത്രം? ൨൯

അതിഘോരതരാതപാഗ്നിയിങ്കൽ
പതിവായ് പാൎത്തു തപിയ്ക്കുമദ്രിഗന്തം
യതിയെന്നതുപോലുദഗ്രമൌന-
സ്ഥിതിയുൾച്ചേൎയ്ക്കു വഹിച്ചു വേനലിങ്കൽ, ൩൦

വെളിയിൽ ചെളിയുദ്ഗമിച്ചു ഭാസ്സ-
റെറാളി കൈവിട്ട വനാന്തവാപിയിങ്കൽ
ഗളിതാഘമണഞ്ഞു കാസരൌഘം
വെളിവിൽ ക്രീഡ തുടൻു മുങ്ങിയെങ്ങും. ൩൧

സ്വയമബ്ധിയിൽ നിന്നു നീരെടുത്തി-
ട്ടുയരെപ്പൊങ്ങി നഭസ്ഥലങ്ങളിലെങ്ങും
നിയതം വിചരിച്ചു ശുഭ്രശോഭോ-
ദയമന്നാരു ശ്ലഥബന്ധമാന്ന മേഘം. ൩൨

വിലസന്നവതോരണാമലശ്രീ-
സുലഭം വാനിനു ചേത്തു സാരസങ്ങൾ
ജലരാശിയിലെത്തി മുങ്ങുവാൻ പു-
ഷ്കലനാദേന പറന്നിതന്തിതോറും. ൩൩

ചടുവാക്കുകളും സഖീജനത്തിൻ-
പടുവാം പ്രേരണയും പെടാതെതന്നെ
ചടുലാക്ഷികൾ മാറിൽനിന്നു മാററീ
ചുടുവസ്ത്രം സ്വയമേവ കാന്തർ കാണ്കെ. ൩൪

ദ്രുമപങ്ക്തികൾതൻ ചുവട്ടിലായ്ത്തൻ-
ചുമടാകെത്തലയിങ്കൽ നിന്നിറക്കി
ക്ഷമയിങ്കൽ വസിച്ചു കാററമേററാ-
ശ്രമമുക്കന്നു കുറച്ചു പാന്ഥവർഗ്ഗം. ൩൫

നവമാനമകററിയുല്ലസല്ലോ-
ത്സവമാനന്ദമേകി നാരിമാരിൽ
പവമാനനണഞ്ഞു ചേത്തു നവ്യം
ശിവമാ നല്ല ദിനാന്തവേലയിങ്കൽ. ൩൬

മകരങ്ങൾ ജലം കുറഞ്ഞ വാപി-
യ്ക്കകമേ ചത്തുമലന്നു പൊങ്ങിയെങ്ങും
ബകവൃന്ദമവയ്ക്കുട്ടത്തുപററി-
സ്വകമാം ശുക്രദശാപ്തിയാദരിപ്പൂ. ൩൭

ഇനരശ്മികൾകൊണ്ടെരിഞ്ഞു നീറി-
ത്തനതാം ചേതനയററ ജീവിവൃന്ദം
ഘനരാജി പടന്നിരുണ്ടൊരാ ദുർ-
ദിനമുണ്ടാകുവതിന്നു കാത്തിതന്നാൾ. ൩൮

ധനമററു,മവസ്ഥ കാട്ടിടും ദുർ-
ജനപങ്ക്തിയ്ക്കു സമാനമായ് ഘനൌഘം
കനമൊക്കെയകന്നു മാനമേറി-
ത്തനതാമുച്ചത കാട്ടി നാമമാത്രം. ൩൯

കരമൊട്ടു കടത്തിവെച്ചു നാട്ടാർ
വിരസാവസ്ഥ വഹിച്ചിടുംവിധത്തിൽ
ധരയിൽ പരിതാപമേകിയക്കൻ
നരപാലാധമനെന്നപോലെയന്നാൾ. ൪൦

കുറെ മുമ്പു വസന്തലക്ഷ്മിയാൾതൻ-
സരളാശ്ലേഷമിയന്നിരുന്ന ദേശം
പരമിപ്പൊഴെരിഞ്ഞിടുന്നു വെയ് ലാൽ;
ധരയിൽ സുസ്ഥിരമല്ല ഭാഗ്യമാക്കും. ൪൧

അളിഝംകൃതമെങ്ങുമില്ല; നമ്മാൻ-
കളിയി,ല്ലില്ല മൃഗങ്ങൾതൻപ്രചാരം,
കിളിതൻ രവമില്ല; വേനലുച്ച-
യ്ക്കിളകൈക്കൊണ്ടൊരവസ്ഥയെത്ര ഭീമം! ൪൨

ധനി ദുർവ്വിധിയാൽ ക്ഷയിച്ചിടുമ്പോ-
ളനിശം തെണ്ടികൾ വമ്പു കാട്ടിടുംപോൽ
ധുനി വററിയ കണ്ടു വേനലിങ്കൽ
ജനിതപ്രൌഢി വഹിച്ചു തൽപ്രപൌഘം. ൪൩

ഖഗനായകനേകനക്രമത്താൽ
ഗഗനം ഭ്രുവൊടുമൊത്തെരിച്ചു വാഴ്കേ
ഖഗമുൽകടഭീ പടൻ, മററൊ-
ന്നഗനീഡം പകലും വെടിഞ്ഞതില്ല. ൪൪

അരിയോരു നിജാതപാഗ്നിയിൽ ഭ്രു-
വെരിയിയ്ക്കുന്ന പരാക്രമാബ്ധിയന്നാൾ
കരിതന്നഭിവൃദ്ധി ചേർത്തിതെങ്ങും
ഹരി; തൻ ബന്ധുവതാമരാതി; കാലാൽ. ൪൫

ഭവതാപവിഷണ്ണരാം നരന്മാർ
ശിവതൻ ചാരുപദത്തെയെന്നപോലെ
അവശസ്ഥിതിദാഹമൂലമേററാർ
നവമാകും പ്രപയെസ്സമാശ്രയിച്ചാർ. ൪൬

പല നവ്യലതാശതത്തിനാൽ പു-
ഷ്കലഭാസ്സോടു രചിച്ച കുഞ്ജഭ്രുവിൽ
ചലദൃക്കുകളൊത്തു വാണു നേരം
ചിലവാക്കീ സുഖമോടു ഭാഗ്യവാന്മാർ. ൪൭

അലസാതെ ദിനാന്തവേലയിൽ പു-
ഷ്കലസാരസ്യമെഴും വധൂജനങ്ങൾ
വിലസദ്ദ്യുതി ചേർന്ന വാപിയിൽ പോയ്-
ജലലീലാമഹിതോത്സവം ഭജിച്ചാർ. ൪൮

വരർതൻ കരതാർ പിടിച്ചു മന്ദം
കരളിന്നൊത്ത വിധം വിനോദമോതി
സരസീരുഹഭദ്രമുദ്ര നന്നായ്
ധരയിൽ ചേർത്തു വധുക്കൾ സഞ്ചരിച്ചാർ. ൪൯

സമരൂപവയോവിലാസമേന്തും-
കമനീയാംഗികൾ കാന്തരൊത്തുകൂടി
സമദം വിചരിച്ചു ചെന്നുചേർന്നാർ
സുമനസ്സിൻ സുമഹസ്സെഴും സരസ്സിൽ. ൫൦

ഇടതിങ്ങി നിറഞ്ഞുനിന്നു നന്നായ്
വിടരും പൂക്കളതിക്ഷമാ മണത്താൽ
ഉടലിൽ പുതുസൌഖ്യമാഗതക്കായ്-
ത്തടവില്ലാതെ സദാ കൊടുപ്പതായും; ൫൧

പുതു പൂമ്പൊടിയിൽ കിടന്നുരുണ്ടും
കുതുകാൽ തേന്മയമായ ലാല പെയ്തും
അതുനാം സരസീരുഹാങ്കണത്തിൽ
ചതുരൻ വായു സുതൻ കളിപ്പതായും; ൫൨

വിലസൽഖഗവധുകാന്തിഭാക്കായ്
വിലയററുള്ള സുദർശനാഭയേന്തി
അലസാതെ പദം ഭജിപ്പവർക്കാ-
കുലഭാവം മുഴുവൻ മുടിപ്പതായും; ൫൩

ജലനം സുമനോനിഷേവ പൂണ്ടാ-
ലിളയിൽ കാന്തിസമൃദ്ധി പൂകുമെന്നായ്
കളവററു പരിഷ്കരിപ്പതാം തൻ-
നിലയാലൻപൊടു കാട്ടിടുന്നതായും; ൫൪

സുകവീശ്വരകാവ്യമെന്നപോൽ ത-
ന്നകമേ ചിന്തിന ഭാവമാകെയെങ്ങും
സ്വകമാം രസശുദ്ധികൊണ്ടു കാട്ടി-
ത്തികവേന്തുന്ന നവപ്രസാദമാന്നും; ൪൫

കരകൾക്കിടയിൽ പടന്നുമെങ്ങും
നിരയായും വിലസും തരുവ്രജത്താൽ
വിരളാതപതാപമായ് ദ്വിജാളീ-
സ്വരവാചാലിതമായ് ഭവിപ്പതായും; ൪൬

വിജയിപ്പൊരു സൽസരസ്സടത്തെ-
ബ്ഭജനംചെയ്തു തദാ വധുക്കളന്നാൾ
രുജ വിട്ടു കളിച്ചു നവ്യകാവ്യ-
വ്രജസമ്പത്തിനെയാ രസജ്ഞർപോലെ. ൪൭

അകളങ്കവികാസമിന്ദ്രിയങ്ങൾ-
ക്കകമേ നൽകിന വാപി നാരിമാരിൽ
പ്രകടം പ്രിയമേററി, മായ വിദ്യാ-
വികലന്മാക്കു ധനാദിയിൽക്കണക്കേ. ൪൮

കചശൈവലമാസ്യപങ്കജം, നൽ-
കുചചക്രം വിശദാളകാളിവൃന്ദം
പ്രചുരം രസശുദ്ധിയും പെട്ടും സ്ത്രീ-
നിചയം കണ്ടിതു വാപി തത്സമാനം. ൪൯

വരഗാത്രികളാഗമിച്ച നേരം
കരളിൽ പേത്ത കുതൂഹലത്തെയന്നാൾ
തരളോന്നതഫേനരൂപമായി-
ത്തരസാ തത്ര വെളിപ്പെടുത്തി വാപി. ൫൦

ധൃതകൌതുകമന്തികസ്ഥമാരാം-
സുതനുക്കൾക്കിയലും ഗണത്തെ വേഗം
ചിതമോടെതിരേററു ഹംസനാദാ-
ഞ്ചിതയായ് സ്വാഗതമോതി വാപിയന്നാൾ. ൩൪

തരളാക്ഷികൾതൻ നിഷേവമൂലം
കരളിൽ പാപമെവൎക്കുമേല്ക്കുമെന്നായ്
സ്വരസം കലുഷത്വമേററിളക്കം-
തിരളും വാപി തദാ വെളിപ്പെടുത്തി. ൩൫

നവഹംസനിനാദഗീതി, ഭൃങ്ഗ-
പ്രവരന്മാരുടെ നിസ്വനാത്മവാദ്യം
ഇവ ചേൎന്ന വധൂപയോവിഹാരോ-
ത്സവമന്നാൾ വിജയിച്ചു വാപിയിങ്കൽ. ൩൬

പ്രകടോച്ചകുചം സുതോയബിന്ദു-
പ്രകരോപാത്തമുഖം ചലദ്ഭുജാഗ്രം
സകലാരവന്ത്രപുരം വരാങ്ഗീ-
നികരം വാപിയിലീവിധം ലസിച്ചു. ൩൭

രഹിതാഭരണാഭമാകിലും ത-
ന്മഹിതം മഞ്ജുമഹസ്സെഴും ശരീരം
മഹിയിൽ സുതരാമകൃത്രിമശ്രീ-
മഹിമയ്ക്കുള്ള ഗുണം തെളിച്ചു കാട്ടി. ൩൮

ചിലർ തൻസഖിമാരോടൊത്തുചേൎന്നും
പലമട്ടുള്ള വിനോദവാക്കുരച്ചും
ജലമദ്ധ്യമതിൽത്തുടിച്ചു നീന്തി-
ത്തുലയററുള്ള കുതൂഹലം വഹിച്ചാർ. ൩൯

ദ്രുതമന്നൊരു തന്വി ഹംസചഞ്ചു-
ക്ഷതമാം കൈരവകുഡ്മളത്തെ നോക്കി
ധൃതനിർഭരലജ്ജയാന്നു വക്ഷ-
സ്സതു കൈകൊണ്ടു മറച്ചു കൈതവത്താൽ. ൭

ഇണയെപ്പിടികിട്ടിടാതെ ശോകോല്ക്-
ബണഹൃത്തായ് കരയുന്ന ചക്രിതന്നെ
ക്ഷണമന്നു പിടിച്ചു കാന്തനോടൊ-
ത്തണയിച്ചങ്ങൊരു തന്വി തുഷ്ടയായാൾ. ൮

ദ്യുതി പൂണ്ട കചവ്രജത്തിനേന്തും-
പ്രതിബിംബത്തെയൊരുത്തി കണ്ടു നീററിൽ
മതിയിൽ ഭയസംഭ്രമങ്ങൾ പൂണ്ട-
പ്പതിയെച്ചെന്നു പുണന്നു ഗാഢഗാഢം. ൯

ക്രമമററിഹ നീന്തിയും തുടിച്ചും
രമണന്മാരൊടു ചേന്നു ഗീതമാന്നും
സുമനസ്സു പറിച്ചു ചൂടിയും തൽ-
കമനീമുത്തുകൾ മേവി വാപിയിങ്കൽ. ൰

പ്രിയനാത്മസപത്നിതൻ ഗളത്തിൽ
സ്വയമബ്ജാഹ്വവണച്ചു കണ്ടൊരുത്തി
നയനം പുരുശോണമാക്കവേ ദുർ-
ന്നയമോടംഭസി മുങ്ങിയസ്സമത്ഥൻ. ൰൧

വിരുതോടൊരു തന്വി പേരിലേന്തു-
ന്നൊരു രാജതചമവന്ധ്യമാക്കുവാനോ
അരുണാംബുരുഹാതപത്രമന്ന-
പ്പെരുമാൾതന്റെ മുടിയ്ക്കു ചേത്തിതന്നാൾ. ൰൨

കുതുകാൽ സലിലം മുഖത്തിലാക്കി-
ട്ടതുലം ഫൂൽകൃതമാന്റു മോളിലേയ്ക്കായ്
അതുവിട്ടടനേ പിടിയ്ക്കവേ ത-
ച്ചതുരൻ ചുംബിതനായ് സ്വകാന്തയാലെ. ൩൬

പടുവെന്നു നടിച്ചതേവിധം ചെ-
യ്തിടുവാനദ്യമമാന്റു മറെറാരുത്തൻ,
വിടുവിഡ്ഢി മടങ്ങവേ വെറുത്തൻ-
പൊടു തൽകാമിനിയുച്ചമായ് ചിരിച്ചാൾ. ൩൭

ചൊടിയോടൊരു കാമുകൻ ജലത്തി-
ന്നടിയേ ചെന്നൊരു തന്വിയേ ഗ്രഹിയ്ക്കെ
ഞൊടികൊണ്ടവളൂടറിഞ്ഞു മുങ്ങി-
പ്പിടിപൂണ്ടോത്തവർ പൊങ്ങിയൊട്ടു ദൂരേ. ൩൮

വാരാളും വാരുണാശാകൃശതനുവിനെഴും
പോർമുലക്കുങ്കുമച്ചെ-
ഞ്ചാറാമാറിൽ പരന്നീടിനവിധമരുണാ-
കാരമക്കൻ വഹിയ്ക്കെ
നീരാട്ടത്തിങ്കൽനിന്നാവനിതകൾ വിരമി-
ച്ചന്നു തദ്വാപി കൈവി-
ട്ടാരാദാത്മപ്രിയാംസാകലിതകരകളായ്
യാത്ര മന്ദം തുടന്നാർ. ൩൯

നേരോടക്കെട്ടഴിച്ചിട്ടൊരുമുടി, മൃദുവ-
സ്ത്രാന്തസന്ദൃശ്യമാനം
സ്വാരോജദ്വന്ദ്വമാർദ്രാനനമരുണിതദൃ-
ക്കുച്ചലിയ്ക്കും കടാക്ഷം
ആരോചിസ്ശീതമാകും ഹസനമിവയൊടും
പോം വധൂരാജിയന്നാൾ
മാരോന്മാദം, തദീക്ഷാഹിതമുടയവിടർ-
ക്കേകി മാർഗ്ഗത്തിലെങ്ങും. ൪൦

അന്തർഭ്ഭാഗത്തനല്പം മദമുടയൊരുലൂ-
കങ്ങൾതൻ ക്രന്ദനത്താൽ
ധ്വാന്തക്രീഡാമഹാനാടകമതിനിയലും
നാന്ദി താൻ ചൊല്ലി മന്ദം
സ്വാന്തത്തിങ്കൽ സ്വകീയാഭ്യുദയദശ നിശാ-
ദേവി കണ്ടാഗമിയ്ക്കെ
സ്വന്തം ഗേഹങ്ങളിൽ തദ്വനിതകൾ രമണ-
ന്മാരൊടൊന്നിച്ചു ചെന്നാർ. ൭൮

——:o:——

# ഒമ്പതാം സർഗ്ഗം.

ഇതെന്തിത്രയായിട്ടുമീയക്കനസ്തം-
ഗതശ്രീകനാകാത്തതെന്നായ് വധുക്കൾ
ധൃതക്രോധശോണാക്ഷിയാൽ നോക്കകൊണ്ടോ
പതംഗൻ തദാ മണ്ഡലാരുണ്യമേന്തി? ൧

ക്ഷയം ജീവികൾക്കൊക്കെയുണ്ടെന്ന തത്ത്വം
സ്വയം കാട്ടിയദ്ദേവദേവൻ വിവസ്വാൻ
വിയത്തിങ്കൽനിന്നും തദാ നഷ്ടരോചി-
ഷ്ഠയൻ ചെന്നു വാരാശിയിങ്കൽ പതിച്ചാൻ. ൨

അതന്ദ്രം ക്ഷണം പശ്ചിമാശാവധൂടീ-
വതംസാങ്കഭാവം വഹിച്ചക്കബിംബം
ഗതശ്രീകമായപ്പൊഴുഗ്രാന്ധകാരം
സ്വതന്ത്രം ദിഗന്തം ഭരിയ്ക്കാൻ മുതിർന്നു. ൩

പടിഞ്ഞാറെഴം പവ്വതത്തിൻെറ മോളിൽ
പിടിച്ചു ദവോഗ്രാനലൻ, തൽപ്രകാശം
തടിച്ചംബരത്തിങ്കലെത്തിപ്പരക്കും-
പടിയ്ക്കുങ്ങു ദിക്കാന്നു വൻഭാവഭേദം. ൪

സപവയ്യാപ്ലചൈതന്യമൊക്കെക്ഷയിച്ച-
ച്ചുവപ്പാകൃതിയ്ക്കേററമേററിനേശൻ
ജവം താൻ പയോരാശിയെസ്സങ്ഗമിച്ചാൻ;
ഭവത്തെശ്ശമം വിട്ടവൻ രാഗിപോലെ. ൫

നഭസ്സാത്മകണ്ഠത്തിലേന്തുന്ന രത്നം
പ്രഭയ്ക്കാകവേ മാന്ദ്യമുൾക്കൊണ്ട നേരം,
ശുഭശ്രീ വെടിഞ്ഞുള്ള വാനിങ്കലെങ്ങും
വിഭങ്ഗം തമസ്സെത്തിനോക്കിത്തുടങ്ങി. ൬

അലക്ഷ്മീകമാകും സരോജാകരത്തിൻ-
കുലത്തെ ത്യജിച്ചന്നു ഭൃങ്ഗങ്ങളെല്ലാം
അലഞ്ഞൊട്ടു ചുററിത്തിരിഞ്ഞാമ്പലിൽ പോയ്
സ്ഥലം കൈയ്ക്കലാക്കുന്നതിന്നുദ്യമിച്ചാർ. ൭

പ്രശസ്തങ്ങൾ രത്നങ്ങൾ ധാരാളമായ് തൻ-
വശത്തിങ്കലുൾക്കൊണ്ട രത്നാകരത്തിൽ
ഭൃശം വാസരശ്രീമണീതല്ലജം ചേ-
ന്നശങ്കം പതിച്ചു ദിനാന്തോദയത്തിൽ. ൮

പ്രകാശം തമോവൃത്തിയീമട്ടെഴം ത-
ദ്വികാരങ്ങൾ ഹഷാമയങ്ങൾക്കു തുല്യം
നികാമം വിമിശ്രങ്ങളെന്നുള്ള തത്വ-
പ്രകാരം പഠിപ്പിച്ചിതന്ധം ദിഗന്തം. ൯

രുജാബാധിതാങ്ഗം ദിനാധീശബിംബം
നിജാങ്കത്തിലാമന്ദമന്ദം പതിയ്ക്കേ
സുജാതാനുകമ്പം തരങ്ഗാർദ്രഹസ്ത-
വ്രജാന്തത്തിനാൽ സ്വീകരിച്ചാൻ പയോധി. ൧൦

പതങ്ഗൻ തദാ പശ്ചിമാംഭോധിയിങ്കൽ
പതദ്ബിംബനായ് പാഞ്ഞു മജ്ജിച്ചനേരം
പതങ്ഗങ്ങളെല്ലാമതീവോഗ്രശോക-
വ്രതം പൂണ്ടനാഥങ്ങളായ് സംഭ്രമിച്ചാർ. ൧൧

സ്ഫുരൽസൂരതേജസ്സകന്നന്ധകാരം
പരന്നുൾഭ്രമം പൂണ്ടു ദിക്കാകെയപ്പോൾ
പരം ബ്രഹ്മവിജ്ഞാനമററുള്ള ലോകോൽ-
കരത്തിൻ മനംപോലെ ശൂന്യാഭമായി. ൧൨

തിളക്കം പെട്ടും സൂരബിംബാത്മകം തൻ-
ഗളത്തിങ്കലെത്താലി പൊയ്പ്പോയമൂലം
മിളദ്ഘോരവൈധവ്യശോകാർത്തയായി-
ത്തളർന്നാപതിച്ചാൻ ദിക്കാകെ മോഹം. ൧൩

നിശാദേവിയാകുന്ന തൻ തോഴിതന്നെ-
ക്കൃശാഘേന പിമ്പേ നടത്തിപ്പതുക്കെ
കൃശാന്തപ്രകാശം തിളങ്ങുന്ന സന്ധ്യാ-
വിശാലാക്ഷി രങ്ഗപ്രവേശം തുടർന്നാൾ. ൧൪

ദ്വിജന്മാർ ജപോദ്യുക്തരായ് രത്നദീപ-
വ്രജത്താൽ പ്രകാശിച്ചു ഗേഹങ്ങളെല്ലാം;
വ്രജദ്ദിവ്യഭൂഷാഗണം ചാർത്തി വേഗം
നിജപ്രൌഢി കാട്ടിത്തുടങ്ങീ വധുക്കൾ. ൧൫

കളിക്കോപ്പു കൈവിട്ടുടൻ ബാലകന്മാർ
കുളിച്ചുറ്റുഭസ്മം ധരിച്ചുറ്റ ഭക്ത്യാ
ഒളിപ്പൊൻവിളക്കത്തിരുന്നീശനാമം
തെളിച്ചുന്നു പാടിബ് ഭജിക്കാൻ മുതിന്നാർ. ൧൬

ഇരുട്ടായ ഹാലാഹലം താൻ വമിച്ചും
പെരുക്കും സൃഗാലാരവച്ചീററൽ പൂണ്ടും
കരുത്താന്ന രാവായ സപ്പം കടന്നി-
ട്ടുരുപ്രാഭവാദ് ഭീതി ലോകത്തിനേകി. ൧൭

സ്വകം ചാരു തേജസ്സു വിട്ടു ദിഗന്തം;
പകർന്നൂ സുസന്ധ്യോദയത്തിൻപ്രകാശം;
പകൽക്കണ്ടൊരപ്പൂതചൈതന്യസമ്പ-
ത്തകന്നൂ; ശമം പൂണ്ടു ഭൂ പുത്തനായി. ൧൮

തൃണം സ്വാദുമൂലം ഫലം ചമ്മമോരോ-
ഗ്ഗുണം ചേന്ന പുഷ്പങ്ങളിത്യാദിയെല്ലാം
ഇണക്കി ഗ്രഹിച്ചുറ്റുമാം പണ്ണശാലാ-
ങ്കണം പ്രാപ്തരായാർ തദാ യോഗിബാലർ. ൧൯

ഉണക്കാൻ പുറത്തിട്ട നീവാരമെത്തി
ക്ഷണം തിന്നുമേണങ്ങൾതൻപോതകത്തെ
അണഞ്ഞങ്ങു മാററീട്ടുടൻ താപസസ്ത്രീ-
ഗണം വാരിവെച്ചീട്ടുവാൻ കോപ്പുകൂട്ടി. ൨൦

അരണ്യദ്രുസൂനാത്തശീതോദമാകും
സരസ്സിൽ തദാ ചെന്നുചേന്നാർ മുനീന്ദ്രർ;
മരക്കൊമ്പിൽനിന്നും ചലദ്ചല് കലം ചെ-
ന്നരം കെട്ടുഴിച്ചാർ മുനിസ്ത്രീജനങ്ങൾ. ൨൧

അനങ്ങാത്തതാം ശാഖമേലേറി രമ്യ-
സ്വനം വിട്ട പക്ഷിവ്രജം ചേന്ന വൃക്ഷം
ഘനം സേ്വന്ദ്രിയൌഘം നിയന്ത്രിച്ചടക്കം
മനസ്സിൽപ്പെട്ടും യോഗിയോടൊപ്പമായി. ൨൨

ഹനിച്ചങ്ങു ജന്തുക്കളെത്തൻശിരസ്സിൽ
തനിച്ചേന്തിയുഗ്രായുധം പൂണ്ടു കയ്യിൽ
തനിഷ്ടാഭമെത്തും കിരാതക്ക് ഹൃത്താർ-
കനിഞ്ഞന്നു തത്സ്ത്രീകൾ ശുശ്രൂഷചെയ്താർ. ൨൩

മൃതം ജന്തുവൃന്ദത്തെ വീക്ഷിച്ചു ചേത-
സ്സതത്യന്തസന്തൃപ്തമായാ വധുക്കൾ
ദ്രുതം നാഥരെ പ്രേമനീഹാരധാരാ-
ശതം പാഞ്ഞ നേത്രങ്ങളാൽ പൂജചെയ്താർ. ൨൪

പ്രിയൻ വിട്ട സദ്വാസരസ്ത്രീയ്ക്കു പൂകാൻ
സ്വയം പല്ലവാൽത്തീൎത്ത നൽത്തല്പമായി
വിയന്മണ്ഡലം സാന്ധ്യശോണപ്രകാശോ-
ച്ചയം പൂണ്ടു ശോഭിച്ചിതന്നേരമെങ്ങും. ൨൫

സ്സൂരിയ്ക്കും പ്രതാപം നശിച്ചിട്ടു ജീവി-
ച്ചിരിയ്ക്കേണ്ടെനിയ്ക്കെന്നു ചിന്തിച്ചു വേഗം
എരിച്ചങ്ങു സന്ധ്യാഗ്നി വാനിൽ തദാനീം
മരിയ്ക്കാനൊരുമ്പെട്ടു മാനീ വിവസ്വാൻ. ൨൬

ക്ഷമയ്ക്കുള്ളിലെങ്ങും സദാ സഞ്ചരിയ്ക്കും-
തമസ്സാം ഭുജങ്ഗങ്ങളിൽ ഭീതി വാച്ചോ
സുമപ്രൌഢസൌഗന്ധ്യസാരസ്യവീചീ-
നിമഗ്നൻ തദാ ചുററി മന്ദം നഭസ്വാൻ? ൨൭

ഗൃഹസ്ഥാശ്രമം പദ്മിനീയുക്തനായ് പൂ-
ണ്ടിഹത്തിൽ പ്രിയം വിട്ടു വൃദ്ധൻ വിവസ്വാൻ
മഹത്തായ പാശ്ചാത്യശൈലത്തിലേറ്റും-
ഗുഹയ്ക്കുള്ളിലായ് ചെന്നു വാണാൻ തപസ്വി. ൨൮

ഹരിശ്രേഷ്ഠനൻപോടധോലോകമെത്താൻ
തിരിയ്ക്കുത്തരം നോക്കി നാട്ടിങ്കലെങ്ങും
കരിങ്കൂരിരുട്ടിൻെറ വേഷം വഹിച്ചു-
ക്കരിക്കൂട്ടമാത്മാധികാരം പുലർത്തി. ൨൯

സ്വഗാനം തുടന്നാരുലൂകങ്ങൾ, താളം
സൃഗാലങ്ങൾ ഹുങ്കാരപൂരാൽ പിടിച്ചാർ,
ദൃഗാഘാതദം ധ്വാന്തവൃത്തം തദാ ദർ-
ഭഗാഭം പിശാചുക്കളെങ്ങും നടിച്ചാർ. ൩൦

ഗരിഷ്ഠാഭമാം പശ്ചിമാശാഗ്നിഭ്രഷ്ട-
ത്തെരിഞ്ഞങ്ങു പൊട്ടിസ്രവദ്ധാതുവർഗ്ഗം
തെരിയ്ക്കുന്നു വാനിൽ പരക്കുംവിധം സം-
സ്ഫുരിച്ചൂ തദാ സാന്ധ്യതേജഃകദംബം. ൩൧

തമസ്സൈന്യമാഞ്ഞുന്നു രാവാം വിപക്ഷാ-
ഗ്രിമൻ ചെയ്ത പോരിൽ ദിനാഖ്യൻ നൃപേന്ദ്രൻ
ശ്രമം പൂണ്ടു സന്ധ്യാസ്രവദ്രക്തപൂരോട്-
ഗമസ്വാങ്ഗനായ് വീണു ഭിന്നാക്കകണ്ഠൻ. ൩൨

നഭസ്സാകുമാ വൈശ്യനബ്ധിയ്ക്കു ദിവ്യ-
പ്രഭം സൂരരൂപം മണീതല്ലജത്തെ
ശുഭം താരലക്ഷം ധനത്തിൽ വിലയ്ക്കാ-
യുഭങ്ഗം കൊടുത്താൻ മടിയ്ക്കാതെയന്നാൾ. ൩൩

വിടുത്താനഴിച്ചിട്ടു കൈകൊണ്ടു ചിന്നി-
ച്ചിടും ദിഗ്വധൂക്കൾക്കെഴും കേശമെന്നോ,
കടുംമൂങ്ങകൾക്കക്ഷിയിങ്കൽ തെളിച്ചും
കൊടുക്കും നവീനാഞ്ജനസ്രാവമെന്നോ; ൩൪

നിശാരൂപതാപിഞ്ഛരത്നദ്രുവിന്മേ-
ലശാന്തം പടർന്നുള്ള പണ്ണങ്ങളെന്നോ;
പിശാചുക്കൾതൻ വായിൽനിന്നുദ്ഗമിയ്ക്കും-
ഭൃശാതങ്കമേകുന്ന ധൂമൌഘമെന്നോ; ൩൫

സ്ഫുടം രാത്രിയാകും ദ്വിപത്തിന്റെ മെയ്യിൽ
പടർന്നുള്ള വൻരോമജാലങ്ങളെന്നോ;
കടന്നുഗ്രരാവായ വൻവാപിയിങ്കൽ
പെടും ലോലനീലാഭശൈവാലമെന്നോ; ൩൬

ശ്രമം പൂണ്ടു സന്ധ്യാഖ്യമാം മന്ദരത്താൽ
വിമർദ്ദിച്ച രാവാം കടൽക്കുള്ളിൽനിന്നും
ക്രമം വിട്ടു പൊങ്ങിപ്പടർന്നൂഴി കാൽക്കീ-
ഴമർത്തും വിഷപ്രാന്തസമ്രാട്ടതെന്നോ; ൩൭

ചിരം ഭ്രാന്തി നൽകി സ്വതന്ത്രാധികാരം
പരത്തിജ്ജയിയ്ക്കുന്ന വൻക്രൂരിരുട്ടാൽ
നരക്ക്ഷിയന്നങ്ങു, ദൈവാനുക്രൂലേ-
തരക്ക്രമം പോലെ, വൈഫല്യമാന്നു. ൩൮

സ്വവക്ഷസ്സിൽ മിന്നാമിനുങ്ങിൻമിഷത്താ-
ലവദ്യാസ്ഥിമാലാശതത്തെദ്ധരിച്ചും
നവം ക്രൂരിരുട്ടാം കരിഞ്ചേല പൂണ്ടും
ഭുവം രാത്രിയാം രാക്ഷസസ്ത്രീ ഭജിച്ചോൾ, ൩൯

വരാങ്ഗീകചവ്രാതവിഖ്യാതസഖ്യം
ചിരാലേററു കാളാംബുദശ്രീ കെട്ടത്തി
വിരാജൽകളിന്ദാത്മജാനീലനീരി-
ന്നൊരാചാൎയ്യനായ്ധ്വാന്തമെങ്ങും ചരിച്ചു. ൪൦

പരം ദൈവതം തസ്കരന്മാൎക്കു, രാവാം-
വരസ്ത്രീയ്ക്കു പുത്തൻതമാലാവതംസം,
ചിരപ്രാൎത്ഥിതം മൂങ്ങകൾക്കുത്സവാഡംബ-
രം, ക്രൂരിരുട്ടാൎന്നു നാനാപ്രഭാവം. ൪൧

തരുക്കൂട്ടമംഭോധിമാൎഗ്ഗം നഭസ്സും
പെരുംകുന്നു ഗൎത്തം വനം നാട്ടുമെല്ലാം
ഇരുട്ടിൻെറ വക്ത്രോദരഗ്രസ്തമായി-
പ്പുരുക്കേൽക്കയാലൈകരൂപ്യം വഹിച്ചു. ൪൨

ധരയ്ക്കുള്ളശേഷം തമോരൂപമായ് നി-
ൎഭരം മാന്ദ്യമേന്തീടുമാ വേളയിങ്കൽ
മരക്കൊമ്പിലായ് വാണുലൂകങ്ങളന്ത-
സ്സുരൽകൌതുകത്തോടു ഗാനം തുടൎന്നാർ. ൪൩

സുസന്ധ്യാദ്രുമം പേൎത്തു വീഴ്ത്തീട്ടുമച്ചം
സ്വപസത്തേ്വന മഞ്ഞായ നീഹാര പെയ്തും
അസത്തായ രാവാം ഗജം വന്നു ഭൂവാം-
പ്രസന്നാബ്ജിനിയ്ക്കേകി കാലുഷ്യമേററം. ൪൪

നിലയ്ക്കല്പഭേദം ഭവിച്ചു തമസ്സിൻ-
കൊലയ്ക്കുള്ള കാലം സമീപിച്ചിതെന്നായ്
ഛലം വിട്ടു പൂൎവ്വാദ്രിയിങ്കൽ തദാ നി-
ശ്ചലം കാണുമാ വെണ്മ മന്ദം കഥിച്ചു. ൪൫

നികാമം സുധാസാരകർപ്പൂരരേണു-
പ്രകാശം തിളങ്ങുന്ന നൽപൂനിലാവാൽ
സ്വകാഡംബരം കാട്ടി ലോകത്തിനെങ്ങും
വികാസം ജനിപ്പിച്ചുദിച്ചാൻ ശശാങ്കൻ. ൪൬

കലാധാമമത്തുങ്ഗസർവ്വജ്ഞചൂഡാ-
ലലാമം ശശാങ്കൻ വിളങ്ങുമ്പൊളെങ്ങും
വിലാസം ഭവിച്ചാത്തമോവൈഭവത്തിൻ-
കലാശം ജനിച്ചെന്നതോ യുക്തമല്ലോ! ൪൭

ധരാദേവിതൻ കൂരിരുൾഭൂതബാധാ-
കരാളാർത്തിയന്നിന്ദുവാം മന്ത്രവാദി
വിരാമത്തിലാകാൻ ജപിച്ചിട്ട ഭസ്മം
വിരാജന്നവജ്യോൽസ്നയാം കൈതവത്താൽ. ൪൮

ചകോരങ്ങൾ വക്ത്രത്തെയും കൈരവൌഘം
സ്വകോശവ്രജത്തേയുമൊപ്പം വിളന്നാർ
അകോപം രമിയ്ക്കും വധൂസീൽകൃതിശ്രീ
വികോന്നിദ്രഗാനത്തൊടൊപ്പം മുഴങ്ങി. ൪൯

സ്വമര്യാദ കൈവിട്ട ദുഗ്ദ്ധാബ്ധി കേറി
ക്ഷമയ്ക്കുള്ള വന്നാക്രമിയ്ക്കുന്നുവെന്നായ്
ഭ്രമം ചേർത്തു തന്വീസുഹാസാർദ്രസമ്പൽ-
സമപ്രാഭവം ജ്യോത്സ്ന മന്നിൽ പരന്നു. ൫൦

സ്വമാകം വിയോഗാദ്ഗദം പൂണ്ട രാവാം-
സുമാങ്ഗിയ്ക്കുഴം മേനി മന്ദം സുധാംശു
അമായം ഹിമാശീതമാകും കരത്താൽ
സമാലിങ്ഗനംചെയ്തിതപ്പോഴനല്പം. ൫൧

ഇരുട്ടത്തു പാടങ്ങളിൽ ധാന്യവും കാ-
ത്തിരിയ്ക്കുന്ന സാധുക്കളിന്ദൂദയത്തിൽ
തെരിയ്യെന്നഥാഹ്ലാദവിക്ഷുബ്ധരായി-
ച്ചുരിച്ചുച്ചമായ്പാട്ടു പാടിത്തകത്താർ. ൭൨

പികം കൂട്ടു കൈവിട്ടു നൽച്ചന്ദ്രികാശ്രീ-
പകർന്നുള്ള കൊമ്പത്തിരുന്നിട്ടുപോലെ
സ്വകം ഗാനനാനാവിലാസങ്ങൾ പാടി-
ത്തകത്തുപ്പൊള്ളുത്സാഹപൂർവ്വം വസിച്ചൂ. ൭൩

സ്വസൌധങ്ങളിൽ ചന്ദ്രശാലാതലത്തിൽ
ബിസൌഘോല്ലസദ്ഗാത്രിമാരോടുകൂടി
രസൌൽകൃഷ്ട്യമോടിന്ദുവേ വാഴ്ത്തിയേവം
സുസൌമ്യസ്വരം പാടി തത് കാമുകന്മാർ. ൭൪

"നാനാനക്ഷത്രഫേനാവലി ചിതറുമൊരീ-
യഭ്രവാരാശിയിങ്കൽ
പീനാഹ്ലാദേന കൈയ്യൊണ്ടിട്ടമൃദുപതയെ-
പ്പേർത്തുമനാതഥമാക്കി
സൂനാസ്ത്രൻ തൻെറ ജീവപ്രതിമമഹിമതാൻ
നിത്യമേന്തും ഭവാനേ
ഞാനാരാധിപ്പൂ കാമിവ്രജസുകൃതഭരാ-
ധാരമേ! ശീതഭാനോ! ൭൫

ആത്തക്ഷേമം നിലാവാകിയ വസനവരം
താൻ ധരിച്ചും, വപുസ്സിൽ
പുത്തൻ നീഹാരബിന്ദുപ്രകരരചിതമാം
ശുഭ്രഹാരം വഹിച്ചും,
പേർത്തന്നക്ഷത്രരൂപാമലസുമനിവഹം
ചാർത്തിയും രാത്രിയായോ-
രിത്തന്വീമുത്തുരാജൻ! തവ മഹിമ പെട്ടം
രാജ്ഞിപോലുല്ലസിപ്പൂ. ൭൬

കാമം കാളും തമസ്സിൻപടലമെവിടെയും
　　ദൃക്കിനാംക്കൊണ്ടതെല്ലാം
തൂമഞ്ഞിൻധാരയാലൂക്കൊട്ടു സപദി ഹനി-
　　ച്ചോഷധീശാഗ്രിമൻ നീ
പ്രേമത്തോടാദിവൈദ്യൻതിരുവടിയുടെയ-
　　മ്മൌലിയിൽ പാത്തിട്ടുന്നു
സാമത്ഥ്യം പൂണ്ട നിൻവൈഭവമഖിലജനാ-
　　രാധ്യമെന്നായിവന്നു! ൨൧

പുഷ്ടം ചേതോവിയോഗജ്വരഭരമിയലും
　　പദ്മിനിത്തയ്യലാളെ-
ക്കഷ്ടം! നീഹാരകല്ലോലിനിയിലിഹ കുളി-
　　പ്പിച്ചു നൽക്കൌമുദിപ്പാൽ
ഇഷ്ടംപോൽത്താനശിപ്പിച്ചിതു; ദൃഢതരമൂർ-
　　ച്ഛാഗമം പൂണ്ടിദാനീം
നഷ്ടം തജ്ജീവിതം ഹാ! ഹിമകര! മുറിവൈ-
　　ദ്യക്കു നീ മുഖ്യനായി. ൨൨

വാരാശിയ്ക്കാത്മജൻ നീ ത്രിപുരഹരശിരഃ-
　　പ്രാന്തകാന്താരവാപീ-
തീരാലങ്കാരഹംസം, കുമുദകുലകുടും-
　　ബങ്ങൾതൻ പുണ്യപൂരം,
താരാസാമ്രാജ്യസിംഹാസനസുഷമയതിൻ-
　　ജീവിതം ധ്വാന്തപൂര-
സ്സാരാടോപം മഥിച്ചീടിന കരമിയലും
　　നീ സമാരാധ്യനാകും. ൨൩

പൊട്ടപ്പാറപ്പുറത്തും പരിമൃദുപവമാ-
　　നാഗമത്തിങ്കലൊട്ടു-
ക്കാട്ടം ചെയ്യുന്ന ചെന്നെൽത്തലകളുടയ പാ-
　　ടത്തിലും കാട്ടിലും നീ
വാട്ടം കൂടും ശ്മശാനത്തിലുമണിമണിസൌ-
　　ധത്തിലും തൂനിലാവിൻ-
ക്കൂട്ടം വഷിച്ചിടുന്നു; മഹിമ തടവുവോ-
　　ക്കൊക്കെയും തുല്യമല്ലോ. ൨൪

കാട്ടിൽ തുള്ളിക്കളിയ്ക്കും മൃഗനിരകളിലും
സൌധഭൂവിങ്കൽ വാഴും
രാട്ടിന്നും രാഗശൂന്യാശയരരിയ തപ-
സ്സാന്ന യോഗീശ്വരക്കും
പാട്ടിൽ തൻകാമിനീസങ്ഗമനിരതമന-
സ്സാകുവോക്കും ഭവാൻ ഏ-
ത്തട്ടിൽ തുല്യം വിളക്കുന്നിതു നിരുപമിതാ-
ഹ്ലാദമേദസ്സമന്ദം. ൩൧

നാനാനക്ഷത്രരൂപാസമകുസുമഗണം
ചേൎന്നു മിന്നുന്ന രാവാം
പീനാനഘദ്രുമത്തിൻ പരിമളഭരിതം
മഞ്ജരീഹീരമെന്നായ്
ഞാനാരാലോർപ്പു നിന്നെത്തവ തനുവിലെഴും
തുന്നിലാവായ തേനിൻ-
പാനാൎത്ഥം വന്നുചേരും ഭ്രമരനികരമാ-
ണിക്കളങ്കം വിശങ്കം. ൩൨

താപത്താൽ കാന്തസങ്കേതകമണവതിനായ്
പായുമാസ്ത്രീകളേകും-
ശാപത്തിൻമൂൎത്തിയാവാം തവ വപുഷി മഷി-
യ്യൊത്തു മിന്നും കളങ്കം;
വ്യാപിയ്ക്കും രോഹിണീനിർഭരമൂലകളിലെ-
ബ്ഭൂരികസ്തൂരികാങ്കാ-
ലേപം താനെന്നുമാവാം; തവ സുഷമയതിൻ-
മാററതേറുന്നുവല്ലോ. ൩൩

ജീവൻ നീ കാവ്യകാര,ക്കതനുവിനിയലും
വിശ്വവിഖ്യാതവീൎയ്യ-
ത്തുവൻപിൻബീജ;മെന്നല്ലബലകളുടെ സൌ-
ഭാഗ്യസവ്വാവലംബം;
വൈവശ്യാപേതനായോരൃതുവരനു വല-
ങ്കയ്യു, നീയില്ലയെന്നാൽ
ദ്യോവസ്സൌരഭ്യമററുള്ളല,രനഘമണീ-
രിക്തമാമഞ്ജി, നൂനം. ൩൪

സൌരഭ്യം നിത്യവും മൽക്കവനമതിന്നു നീ
    ചേക്കണം; പ്രേമകോപം
ദാരങ്ങൾക്കേന്തിയെന്നാൽ കളയണമമൃതാ-
    സാരപാതത്തിനാലെ;
സാരസ്യം ചേൎന്നു യുക്തക്കുടയ സകുതുകാ-
    നുഗ്രഹം ദീൎഘമായു-
സ്സാരം നൽകട്ടെ നിന്നിൽ, തുഹിനകര!നമ-
    സ്തേസ്തു കാമൈകബന്ധോ!" ൩൭

ആ നല്ല രാത്രിയുടെ രമ്യതയന്നൊരോരോ-
ഗാനങ്ങളാലുമുരലീലകളാലുമേവം
ആനങ്ഗതന്ത്രവശരായ യുവാക്കൾ മാനി-
ച്ചാനന്ദമുററനുപമാഭ്യുദയേന വാണാർ. ൩൮

——**——

## പത്താംസർഗ്ഗം.

അന്നഹല്യയൊരുനാൾ വിഷാദസം-
പന്ന, നിർഭരവിചാരമഗ്നയായ്
തന്നുടുത്തുടയ പുഷ്പവാടിയിൽ
സന്നതാങ്ഗി നിവസിച്ചിതന്തിയിൽ. ൧

ക്ഷോണിയിൽ തറയിൽ വാണു മൌലിയെ-
പ്പാണികൊണ്ടു പണി പൂണ്ടു താങ്ങിയും
വേണി സംശിഥിലമായുമാൎത്തിയാൽ
താണിടയ്ക്കു മുഖ,മശ്രു തൂകിയും; ൨

ജാതതാന്തിവശഗണ്ഡമോട്ടമ-
ച്ചേതനാബലമകന്ന കണ്ണൊടും
സ്ഫീതപാണ്ഡുമുഖമോട്ടമാമയോ-
പേതയായ് മരുവി പാവപോലവൾ. (യുഗ്മകം) ൩

നെററിയിൽ ചെറുവിയർപ്പുതുള്ളിമേൽ
പററി മിന്നിയവരം തൻ വരാളകം
കാററിനാൽ സ്തനതടത്തെ വിട്ടടൻ
തെററി മാറി മൃദുവല്കലങ്ങളും. ൪

ഭ്രാന്തഭൃങ്ഗനിരതൻഗളാന്തരോ-
ദ്ഭ്രാന്തമായ മൃദുനാദഗീതിയും;
കാന്തസൂനമണമാർന്ന സദ്ദ്രുമ-
പ്രാന്തയായ നദിതൻ പ്രവാഹവും; ൫

ലീലചെയ്യു വിഹഗങ്ങളം കൌതുകാ-
ലോലഹൃത്തോടമരും ദ്രുമങ്ങളും;
കോലപങ്ക്തി നവനിർത്ധരാംഭസാം
ജാലമാർന്ന സമദം തകർപ്പതും; ൬

കണ്ടതില്ലവരം, നഭസ്സിൽ നിന്നു ഭ്രം-
ചാണ്ട താരയതുപോലെ തന്വിയാരം
ഇണ്ടൽ പൂണ്ടു നിവസിച്ചു; സങ്കടം
പൂണ്ടവർക്കിരുതം സമസ്തവസ്തുവും. (വിശേഷകം) ൭

ഹൃത്തിൽ മുൻപതനു നട്ട ശോകമാം-
വിത്തിടയ്ക്കിഹ മുളച്ചു വൃക്ഷമായ്
പൂത്തിണങ്ങിയ സുമങ്ങരം തന്വിയാരം
വീഴ്ത്തിയശ്രുകണമെന്ന കൈതവാൽ. ൮

ആനനത്തിലഴലോടു നോക്കി വൻ-
ദീനമേററധികനഷ്ടചേഷ്ടനായ്
മ്ലാനവക്ത്രമൊടു നിന്നു പങ്കുകൊ-
ണ്ടാനവരംക്കുടയ ശോകമേണവും, ൯

അക്കാന്തി സഖിയെന്നപോലെ ത-
ട്ടിക്കപോലസദൃശസ്തടങ്ങളിൽ
തൽകരേണ നവകുങ്കുമദ്രവം
തേയ്ക്കുവാൻ സപദി കോപ്പിടുന്നതും; ൧൦

കൂട്ടുവിട്ടു വഴി തെററിയാമയം
പെട്ടു ചുററുമിണയെസ്സസംഭ്രമം
കാട്ടുദന്തികൾ തിരഞ്ഞു കാണവേ
കാട്ടുമാ പ്രിയവികാരചേഷ്ടയും; ൧൧

ആട്ടമേയ്ക്കുമിടയക്കിടാങ്ങളാ-
ക്കാട്ടു വിട്ടഥ തളൎന്നു കൂട്ടരായ്
പാട്ടുപെട്ടു രുജ പൂണ്ടു മണ്ഡലമു-
ള്ളോടജങ്ങളെ നയിച്ചിടുന്നതും; ൧൨

കൊന്ന പക്ഷിമൃഗപങ്ക്തിയെക്കുറി-
ച്ചുന്നതം പല മിടുക്കു ചൊല്ലിയും
ദൃന്നയത്തൊടു വഴക്കടിച്ചുമ-
ച്ഛിന്നഗർവ്വൊടു കിരാതർ പോവതും; ൧൩

തോയരാശി ബലിസദ്മഭൂവിലായ്
പോയണഞ്ഞിടുമശീതഭാസ്സിനായ്
സ്വീയമായ തിരയാം കരത്തിനാ-
ലായപോലെ വഴി കാട്ടിടുന്നതും; ൧൪

മന്ദമായ് നദി സരിപ്പതും ശുകീ-
വൃന്ദമക്കളകളം പൊഴിപ്പതും
ഇന്ദുശില്പി ഹരിദന്തഭിത്തിമേ-
ലന്നു വെള്ള വെളിവോടു തേപ്പതും; ൧൫

ഭ്രുവതീവിധമനേകരൂപമായ്–
ബ്ഭാവഭേദനില പൂകിടുന്നതും
ആ വധൂടിയറിയുന്നതില്ലക–
പ്പൂവവർക്കു വിഹതാഭമാകയാൽ. (കുളകം) ൧൬

പീവരാമയവികാരമഗ്നയാ–
യാവരാങ്ഗിയിതുപോലെ വാഴവേ
ദേവരാജനരികിൽ ഗമിച്ചു ദുർ–
ഭാവരാഗമതി ചൊല്ലിയീവിധം:— ൧൭

"മാനിനീമഹിതയായ നിന്റെ പൂ–
മേനി പുൽകുവതിനാശ വായ്ക്കയാൽ
ഗ്ലാനി ചേരുമിവനിൽ ത്വദീക്ഷണ–
ശ്രീ നിരർഗ്ഗളമണയ്ക്കുകോമളേ! ൧൮

ശങ്ക വേണ്ട സതതം നിനക്കു ഞാൻ
കിങ്കരൻ ത്രിദിവലോകനായകൻ
നിങ്കഴൽക്കരികിൽ നിൽക്കവേ ഭയാ–
തങ്കമെന്തിനു വൃഥാ വഹിപ്പു നീ? ൧൯

സ്നാനസജ്ജപമഖാദി വൃത്തിയെ–
ത്താനറിഞ്ഞു മരുവുന്ന വൈദികൻ
ആ നപുംസകമനങ്ഗതന്ത്രവി–
ജ്ഞാനശൂന്യമതിയെന്തു ഗൌതമൻ? ൨൦

മൃത്തു, ദണ്ഡു, കുടവും, കുലാലനും,
ചിത്തു, തന്തു, പരമാണുവീവിധം
ഓർത്തുതന്നെ മരുവുന്ന ദുർഭഗൻ
ചിത്തജോത്സവരസം ഗ്രഹിയ്ക്കുമോ? ൨൧

സുന്ദരീജനതതിയ്ക്കു നിർഭരാ-
നന്ദദൻ സുമുഖിയെങ്ങു ഞാൻ മഹാൻ?
നന്ദനാഹമുടൽ മാമകം മതി-
സ്പന്ദമേതൊരു സതിയ്ക്കുമേകിടും. ൨൨

എന്നെയോർത്തനിശമെത്ര നാരിമാർ
ഖിന്നഹൃത്തൊടമരുന്നു? തൽഫലം
ഇന്നു നീയൊരുവൾ മൂലമായ് ഭജി-
യ്ക്കുന്നതിന്നിഹ വിധിച്ചു മേ വിധി. ൨൩

അന്നുതൊട്ടിവനിതേവരെയ്ക്കുമ-
ത്യുന്നതം ഹൃദി തഴച്ച സങ്കടം
നിന്നൊടെങ്ങനെ കഥിപ്പു? മദ്വപു-
സ്സൊന്നു നോക്കിലറിയാമതൊക്കെയും. ൨൪

വാന്തഭാസ്സുടയ നേത്ര,മാസ്യവും
താന്തമായ കവിളും, കൃശാംഗവും
സ്വാന്തരംഗഹതി പൂണ്ടൊരെൻ വ്യഥാ-
ക്ലാന്തവൃത്തിയെ വദിപ്പതില്ലയോ? ൨൫

ഇന്ദുചൂഡനുടെ പാദസേവ മേ
നിന്നു ചന്ദ്രികയിലുള്ള ശങ്കയാൽ;
മന്ദവായുവിലുദിച്ച പേടിയാൽ
നന്ദനം മമ ഹലാഹലാഭമായ്. ൨൬

നന്മരാളികളമർത്ത്യഗംഗയിൽ
തന്മനഃപ്രണയിലാളിതാംഗിമാർ
ഉന്മദിയ്ക്കുവതു കണ്ടു കണ്ണുനീ-
രെന്മനസ്വിനി! പൊഴിച്ചു ഞാൻ ചിരം. ൨൭

നൂതനം മൃദുമൃണാളമാലികാ-
ജാതമെന്നുരസി തോഴർ ചേർക്കവേ
ഭീതനെന്നപടി ഞെട്ടിയശ്രുസ-
മ്പാതസേചനമതിന്നണച്ചു ഞാൻ. ൨൮

ഭ്രാന്തനെന്നവിധമദ്ധരാത്രിയിൽ
താന്തനായ് ദ്രുതമെണീററനിദ്രനായ്
ഞാന്തനിച്ചു ഭവനാങ്കണങ്ങളിൽ
ക്ലാന്തഹൃത്തൊടു ചരിച്ചിതേറെനാൾ. ൨൯

ഭിന്നകൈരവകുടീകവാടനായ്
മിന്നവേ ശശി നിശോദയങ്ങളിൽ
ഉന്നതാഗ്നിശിഖയിൽ പതിച്ചവൻ-
തന്നവസ്ഥ ബഹുനാൾ വഹിച്ചു ഞാൻ. ൩൦

ഹേമസാരസരജസ്സുഗന്ധിയാം-
ത്തൂമരുത്തു പെരുമാറി വീശവേ
ആമയാലപഗതാത്മബോധനായ്
കോമളാംഗി! ഭുവി വീണു ഞാൻ ചിരം. ൩൧

വാനണഞ്ഞു നിരയായ് ചരിക്കുമാ-
പാനമത്തമളിപങ്ക്തി കാൺമു ഞാൻ
നൂനമങ്ഗജനെനിയ്ക്കു തീർത്തൊര-
മ്ലാനമായ കൊലമാല പോലവേ. ൩൨

ക്ഷാമനാമരിയമന്ത്രവാലിയാ-
രാമസൂനജരജസ്സുഭസ്മകം
കാമമപ്പികരവാൽ ജപിപ്പതു-
ദ്ദാമമിട്ടു മമ ചേർപ്പു കമ്പനം. ൩൩

ആർത്തിയെന്ന കഥ തന്നെ തെല്ലുമേ
ഏത്തിൽ മുന്നമറിയാതിരുന്ന ഞാൻ
പേർത്തിതിൻവിധമവസ്ഥയേൽക്കയാൽ
ചത്തിടാതഹഹ! ചത്തമട്ടിലായ്. ൧൪

ഘോരസൂരകരതപ്തമാം കരിം-
പാറയിൽ തുഹിനധാരയെന്നപോൽ
മാരപീഡ പെട്ടമെന്നിൽ നിൻ സുധാ-
സാരമാം മിഴി പതിയ്ക്കണം ക്ഷണം. ൧൫

നന്മരങ്ങൾ മൃദു വായുവേററിതാ
നന്മയോടിളകിടും ശിരസ്സിനാൽ
നമ്മൾതൻ നവസമാഗമത്തിനായ്
സമ്മതത്തെയരുളുന്നു സമ്മദാൽ. ൧൬

അർദ്ധസഞ്ചലിതപിഞ്ചരികാഞ്ചലൻ
മുഗ്ദ്ധനിമ്മയിൽ മൃദുസഞ്ചരത്തിനാൽ
സ്നിഗ്ദ്ധഗാത്രി! സരസാനുവാദമു-
ണ്മിദ്ധമൃത്തൊട്ടു തരുന്നു കാണ്കെ നീ. ൧൭

നല്ല വല്ലികൾ പടന്നു ചുററിയുൽ-
ഫല്ലകാന്തി പെട്ടമിത്തരുക്കളെ
മല്ലനേർമിഴി!യടുത്തു കണ്ടു ഞാ-
നല്ലലെത്ര സമയം സഹിച്ചിടും? ൧൮

നിന്നപാങ്ഗമണയാതെ ദൂരെ നിൽ-
ക്കുന്ന മന്ദമതിയെന്നെ നിർദ്ദയം
സന്നതാങ്ഗി! വിഹസിപ്പൂ കുന്ദഭാ-
സ്സെന്ന കൈതവമിയന്നു വല്ലികൾ. ൧൯

നീവിയിൽ കരമിതൊട്ടണയ്ക്കുവാൻ
നീ വിശിഷ്ടമതിയാജ്ഞ നൽകുകിൽ
ഭാവി ശോഭനമെനിയ്ക്കനങ്ഗസം-
ഭാവിതാഖിലജയോദയത്തിനാൽ. ൪൦

മിയ്ക്കതും ശിഥിലബന്ധമാകുമി-
ത്വൽകചം സുഭഗമായൊതുക്കി ഞാൻ
പൂക്കൾകൊണ്ടു പുതുമാല കെട്ടി ന-
ല്ലാക്കമോടതിലണിഞ്ഞിടട്ടെയോ? ൪൧

കാതരാക്ഷി! നവപല്ലവങ്ങൾതൻ-
കാതൽ നിർമ്മലവതംസമാക്കി ഞാൻ
കാതണയ്ക്കുവതിനാജ്ഞ നൽകിൽ നിൽ-
ക്കാതരക്ഷണമിടയ്ക്കു ചെയ്തിടാം. ൪൨

നിങ്കുളിർക്കവിളിലേററമീവിയ-
ർപ്പങ്കുരിയ്ക്കുവതു മാച്ചിടാം,മതിൽ
തങ്കുമിത്വദധരാരുണാഭതാൻ
കുങ്കുമാഭയരുളട്ടെ മേൽക്കുമേൽ. ൪൩

തൂമധുദ്രവസുഗന്ധിയാം ബിസ-
സ്തോമശയ്യയിലണച്ചു നിന്നെ ഞാൻ
സൌമനസ്യമൊടു പല്ലവങ്ങളാൽ
കോമളാങ്ഗമിതു വീശിടട്ടെയോ? ൪൪

തന്വി! നിന്നുടെ കുചങ്ങൾ ഞാനുമായ്-
ച്ചേർന്നിണങ്ങു,മവ മത്സുഹൃത്തുകൾ;
ഉന്നതാദ്രികുലവൈഭവത്തെയുദ്-
ഭിന്നമാക്കുവതിൽ ഞങ്ങൾ കൂട്ടുകാർ. ൪൫

സാരമാകിന ഹരിപ്രഭാവമൊ-
ട്ടേറെയുള്ള തവ മധ്യവും പ്രിയേ!
ഹാ! രസപ്രദമെനിയ്ക്കു, ബന്ധു നീ
സാരസാക്ഷി! തനുഭാസ്സിനാലുമേ. ൪൬

പൂതമാം ഭവദപാങ്ഗപങ്ക്തി തൻ-
ദ്യോതമാനപരിപാതമെൻഗളേ
സ്ഫീതമക്ഷവലയൌഘമാലയായ്
ശ്രീ തരട്ടെ തരളാക്ഷി! മേൽ ക്ഷണം." ൪൭

സ്വാവശസ്ഥിതി സമസ്തമേവമ-
ദ്ദേവനായകനരച്ചു വിശ്രമം
ആവഹിച്ചു; വിരതസ്വകേകനായ്
കേവലം ശിഖി ശരത്തിലെന്നപോൽ. ൪൮

ഓളമററ കടൽപോലെയും മഴ-
ക്കോളകന്ന ഘനമെന്നപോലെയും
നീളവേ ഹരിയടങ്ങി, നീരുതൻ-
മേളമററ വനദന്തിപോലെയും. ൪൯

നിദ്ര വിട്ടു ധൃതബോധയായപോൽ
ഭദ്രഗാത്രിയവളേററു സാദരം
ഹൃദ്രസത്തൊടുമൊതുങ്ങിനിന്നിതു-
ന്നിദ്രജൃംഭിതനവാനുരാഗയായ്. ൫൦

വല്കലങ്ങൾ ശരിയായ് സ്തനങ്ങൾതൻ-
മേൽക്കണച്ചവളഴിഞ്ഞ നീവിയെ
വെക്കമെങ്കിലുമതീവ മന്ദമായ്
തൽകരേണ ദൃഢബദ്ധമാക്കിനാൾ. ൫൧

ഹ്രീവശാൽ പകുതി മങ്ങി രാഗസ-
ത്താവഹിച്ച മുഖമർദ്ധരാജിതം
രാവതിങ്കലിനഭാസ്സൊടേ ഹിമ-
സ്രാവമേററ കമലത്തൊടൊപ്പമായ്. ൩൨

തപിട്ടിയന്ന മിഴികൊണ്ടു "ദേവ! നിൻ-
പാട്ടിലാണിവ"ളതെന്നു മന്ദമായ്
മട്ടിടഞ്ഞമൊഴി ചൊല്ലിയെങ്കിലും
കാട്ടിയില്ലവൾ പരുങ്ങലല്പവും. ൩൩

തന്നുരോരുഹതടാലറിഞ്ഞിടാ-
തെന്ന നാട്യമൊടു വല്കലത്തിനെ
കന്നൽനേർമിഴി നിലത്തിലിട്ടെട്ടു-
ക്കുന്നതിന്നു സരസം ശ്രമിക്കവേ; ൩൪

വാസവൻ 'സുമുഖി! വേണ്ട തെല്ലുമാ-
യാസ'മെന്നുടനുരച്ചു കൌതുകാൽ
ഭാസമാനമതെടുത്തു കയ്യിലു-
ല്ലാസമോടു മൊഴി വീണ്ടുമോതിനാൻ:— ൩൫

"ഏതു നൽത്തരുവിൽ നിന്നെടുത്തതാ-
ണോതുകെൻ സുമുഖി! തോലിതുത്തമം
സ്വാതുലാമലഗുണോദയത്തിനാൽ
കൌതുകത്തെയിതു ചേർത്തിടുന്നു മേ. ൩൬

പട്ടിനെസ്സുപദി താഴ്ത്തിവെയ്ക്കുമാ-
മട്ടിണങ്ങുമിതിനുള്ള മാർദ്ദവം
തപിട്ടിതൊക്കെ നിരുപിയ്ക്കിലാക്കുമം-
ത്തട്ടിലേല്ക്കുമതിയായ വിസ്മയം." ൩൭

പാകഭിത്തഥ തുടൎന്നുരച്ചു; "നൽ-
പാകമോടു തവ മാറിലോമലേ!
കൈകൾകൊണ്ടു തന്ന തൊട്ടിടാതിടാം
നീ കനിഞ്ഞൊരനുവാദമേകണം." ൬൮

ഈ വിധത്തിലുരചെയ്തുടക്കമ-
ദ്ര്യാവിനീശനൊടു ശുഭ്രഹാസിനി
ഭൂവിളക്കിയരുതെന്നുരയ്ക്കിലും
മേവി നിന്ന നിലവിട്ടിടാതെ താൻ. ൬൯

ഭിന്നരോമയവൾ, തന്നടുക്കലായ്
നിന്ന നാകപതിതൻെറ തോളതിൽ
സ്വിന്നമാം കരമണച്ചു ഭാഗ്യസം-
പന്നനാക്കി ഹരിയെസ്സകൌതുകം. ൭൦

"ത്താവകാനുമതിയെന്നിയേ കട-
ന്നാവകത്തൊഴിൽ തുടങ്ങുകില്ലിവൻ
നീ വഹിയ്ക്കരുതു ഭീരു! ഭീതി ഞാൻ
കേവലം തവ വിധേയനല്ലയോ?" ൭൧

സ്ത്രീവശീകരണതന്ത്രവേദിയാം
ദേവരാജനിതി ചാടുവാക്കിനാൽ
ആ വരാങ്ഗിയെ മയക്കി മന്മഥ-
പ്പാവയാക്കിയവളേയുമാക്ഷണം. ൭൨

ശിഷ്ടമെന്തിനരുളുന്നു! സല്ലതാ-
പുഷ്ടമായ കുടിലിൽ കടന്നവർ
ഇഷ്ടമോടു നവസൂനതല്പസം-
വിഷ്ടരായ്—, ഹൃദി കൃതാൎത്ഥനായ് സ്മരൻ. ൭൩

ദാവതാപവിവശൻ ഗജം ജല-
സ്രാവമാർന്ന നദിയെക്കണക്കിനെ
ദേവനാഥനതനവ്യഥാർത്തന-
പ്പാവനാംഗിയുടെ മേനി പൂകിനാൻ. ൩൰൪

ശിഷ്ടകാവ്യകലയെക്കുതാർക്കികൻ
ദുഷ്ടവാദനിരകൊണ്ടുപോലവേ
കഷ്ടമാ ഹരി നിജാപ്തിയാൽ മുനി-
ശ്രേഷ്ഠപത്നിയിലണച്ചു കല്മഷം. ൩൰൫

ഉച്ചലന്മൃദുപതാകമാർദ്രമാ-
യുച്ചമുദ്ഗളിതശങ്ഖനാദമായ്
സ്വച്ഛദർശിതവിനോദമുത്സവം
മെച്ചമൊന്നുടനവൾക്കു ജാതമായ്. ൩൰൬

ഭൂമിഭൃൽകുലവിമർദ്ദനത്തിനായ്
ഹാ! മികച്ചുമധികാരമുള്ളതായ്
യാമിനീശമുഖിയോടു ചേർന്നൊര-
ക്കാമിയാം ഹരി വെളിപ്പെട്ടുത്തിനാൻ. ൩൰൭

സത്സരോജമുകുളത്തിൽനിന്നുടൻ
നിസ്സരിച്ചു നവമൌക്തികോൽകരം
നിസ്സമാർദ്രനിനദം പൊഴിച്ചിത-
ന്നസ്സലായ്ത്തദനു ചാരു ശങ്ഖവും. ൩൰൮

സൂനബാണഗദമായ കെട്ടിൽനി-
ന്നൂനമററു ദൃഢമുക്തി നേടുവാൻ
ആ നതാംഗിയുടെ ബാഹുവല്ലിതൻ-
പീനബന്ധനമണഞ്ഞു വാസവൻ. ൩൰൯

മാരദേവമഹനീയസങ്ഗരാൽ
സാരമായ ബഹളം ഭവിയ്ക്കവേ
സൈ്വരമററു സുമനസ്സുകൾക്കുമേ
പാരമേററ പരിപീഡയെത്രയും. ൧൦

ജാതയോഗമവർ ദിവ്യമന്മഥാ-
ദ്വൈതതന്ത്രസുരഹസ്യവേദികൾ
സ്ഫീതമുജ്ജ്വലസുഖം ഭജിച്ചു സം-
പ്രീതരായി വിഗതാന്യചിന്തിതർ. ൧൧

വാനതിൻപതി സുഘർമ്മവാരിയിൽ
സ്നാനമാൻ തദ്ദരോരുഹാദ്രിഗൻ
സൂനബാണകുലദേവതാപദ-
ധ്യാനമോടു നിവസിച്ചു യോഗിയായ്. ൧൨

സൈ്വരമായ് സശരചാപമങ്ങെഴും-
മാരനിൽ ഭയമിയന്ന മൂലമോ
സാരസാക്ഷിയുടെ ലജ്ജ തൽക്ഷണം
ദൂരെ മാറിയവിടം വെടിഞ്ഞുപോയ്! ൧൩

തോടയം മുതലതിവ ഹൃദ്രസ-
ത്തോടനങ്ഗകഥ ഹാ! കളിയ്ക്കിലും
ളൂടു പൂകിയ കലാശമല്ലവും
തേടുവാൻ തരമിയന്നതില്ലതിൽ. ൧൪

പേർത്തിണക്കിയവളേ മടിയ്ക്കുകം
ചേർത്തിരുത്തി മൃദുലാളനങ്ങളാൽ
ആർത്തിപോംപടി രമിച്ചു കാമസം-
പൂർത്തി നേടി നിവസിച്ചു വാസവൻ. ൧൫

അതനുസുഖവിനോദാഹ്ലാദവാരാശി വീചീ-
വിതതിയിലവർ നീന്തി ക്രീഡ ചെയ്തും രസിച്ചും
ഹിതമൊടു രഹിതാന്യക്ലേശരായീവിധത്തിൽ
ധൃതകുനയമനേകം നാഠം നയിച്ചാരശങ്കം. ൩൭

മടിയിലവളെ വച്ചും മഞ്ജുവാക്കുച്ചരിച്ചും
ഘടിതരസമണച്ചും ഘർമ്മനീരം തുടച്ചും
കുടിലകചമഴിച്ചും കെട്ടിയും താൻ രസിച്ചും
ഞൊടിയൊടു സമമിന്ദ്രൻ പോക്കി നാളൊട്ടനേകം. ൩൮

അരുതു ശഠ! തൊടൊല്ലെ'ന്നുദ്ഗതപ്രേമകോപാ-
ലരുളമവളെ വേഗം സപ്രണാമാദിയാലെ
വിരുതൊടു തെളിയിച്ചിട്ടിന്ദ്രനന്നിദ്രരാഗം
തരുണിയുടെ ശരീരം പുൽകിടാറുണ്ടു ഗാഢം. ൩൯

വിരവൊടു ഹരിയാമീയെന്നെ വെന്നീടുവാൻ നി-
ന്നര മതി മുഴവൻ വേണ്ടെ'ന്നു നൽച്ചാടുവാക്യം
സുരപതി നിഗദിയ്ക്കെത്തത്ര പൊട്ടിച്ചിരിച്ചാ-
ത്തരളമിഴി തടങ്ങും പുൽകിടാറുണ്ടമന്ദം. ൪൦

പരഭൃതനിര കൂകിൽ കൂടവേ ചേർന്നു കൂകും,
ത്വരയൊടു മയിൽ നൃത്തം ചെയ്യുകിൽ ചേർന്നു തുള്ളും,
സരവമളി പറക്കിൽ പായുമിമ്മട്ടദഭ്ര-
സ്മരരസഭരിതോന്മാദത്തെയക്കൂട്ടരേന്തി. ൪൧

നവസുമനിരചൂടിശ്ശാഖയാം കയ്യണച്ചു-
ദ്ധുവരനടയഗാത്രം പുൽകിടും വല്ലി കാൺകെ
സവദനമുദിതാർത്ഥം ദനോക്കമിന്ദ്രന്റെ കണ്ടും
ജവമവരം ഭുജപാശാബദ്ധമാക്കിച്ചിരിയ്ക്കും. ൪൨

നിപതിതമകരന്ദസ്യന്ദഗന്ധോദ്ഗമത്താ-
ലപരിമിതവിലാസം പൂണ്ട ലീലാസരസ്സിൽ
ചപലരവർ ചിലപ്പോൾ ചാടിയും കൂത്തടിച്ചും
സുപരവശർ മദിച്ചും വാസരാന്തം നയിയ്ക്കും. ൭൨

പല നിറവുമിണങ്ങിച്ചിത്രഭാസ്സാർന്ന ബർഹം
വലവിമതനെടുത്താമാലതൻ രൂപമാക്കി
അലസഗമനയാൾതൻ കൊങ്കയിൽ ചാർത്തിനോക്കി-
ച്ചിലപൊഴുതു രസിയ്ക്കാറുണ്ടു മന്ദം മഹേന്ദ്രൻ. ൭൩

തരുവിലവരുഴിഞ്ഞാൽവല്ലികൊണ്ടിട്ടതിന്മേ-
ലിരുവരുമൊരുമിച്ചങ്ങേറിയാർത്താനുരാഗം
മരുദുപഗമസേവാലോലരായിച്ചിലപ്പോൾ
മരുവുമതിരസത്തോടാടിയും ഗാനമാർന്നും. ൭൪

കിളികളെ മൃദുവായിപ്പാട്ടു പാടിയ്ക്കു,മോരോ-
കളികളവർ മരാളങ്ങൾക്കു ചൊല്ലിക്കൊടുക്കും,
തെളിവൊടുയരുമോരോ പൂമ്പൊടിച്ചാർത്തിലാഴ്വീ-
ണൊളിയൊടുരുളുമിമ്മട്ടേന്തി നാനാവിനോദം. ൭൫

“മുരളക മധുപ! ത്വം നിന്നൊടായ് ചോദ്യമൊന്നു-
ണ്ടരുളുവതിനു നിന്മെയ്യാളുമീ വർണ്ണൌഘം
പരുഷരുചിയിണങ്ങും കേതകപ്പൂവിൽനിന്നോ
തരുണിയുടെ നഖാഗ്രത്തിങ്കൽനിന്നോ ലഭിച്ചൂ? ൭൬

മലയപവനപോത! സ്വാഗതം നല്ല വല്ലീ-
നിലയനമിതിലേയ്ക്കായാഗമിയ്ക്കാമിരിയ്ക്കാം
മലരിതിനുടെ ഗന്ധം ചാർത്തിടാം മെയ്യി”ലെന്നായ്
ചിലപൊഴുതവർ ചൊല്ലും, ഭ്രാന്തരെപ്പോൽ നടക്കും. ൭൭

വലഹരനമഹല്യാദേവിയും ചേൎന്ന ഹൎഷാ-
കുലതയൊടു രമിച്ചങ്ങീവിധം നാൾ നയിച്ചാർ;
അലർശരന ഹിതന്മാരായ തൊട്ടായവൎക്കീ-
യുലകു സകലമേററം പുത്തനായ് വന്നിതന്നാൾ. ൨൨

ചെറിയ പവനനേററിട്ടാടിയും വല്ലിയും സം-
ഭരിത മധുവൊലിയ്ക്കും പൂക്കളും സൽസരസ്സും
അരിമയൊടു നദിയ്ക്കും ഭൃങ്ഗവും മാനസത്തിൽ
ത്വരിതമധികമാഹ്ലാദത്തെയന്നാൾ വളൎത്തി. ൨൩

വലവിമതധനസ്സാൽ ചിത്രിതാഭം വിയത്തും
മലയുടെ തടഭ്രൂ കൈവിട്ടു പായും സരിത്തും
മലർനിരയുടെ ഗന്ധം പൂശിയെത്തും മരുത്തും
പലവിധവുമവൎക്കന്നന്തരാഹ്ലാദമേകി. ൨൪

ഹരിണശിശു കളിക്കും താഴ്വരത്തട്ടു ചേരും-
ഗിരികളുമരയന്നം നീന്തി മുങ്ങും പയസ്സും
കരികുലമദധാരാസൌരഭശ്രീ പരക്കും-
ന്ധരികളുമതുനാളിൽ കൌതുകം ചേൎത്തിതെങ്ങും. ൨൫

പീനപ്രേമാനുഭാവത്തിനു സമുചിതമാം
വൃദ്ധി കൈക്കൊണ്ടു വക്ഷഃ-
സ്ഥാനത്തോടുള്ള വേർപാടണുവുമവരുര-
ക്കത്തിലും ചേൎത്തിടാതെ
ആനന്ദാനൎഘലീലാമധുജലധിയിലെ-
ക്കോളിലാമജ്ജനം ചെ-
യ്താനന്ദം പൂണ്ടു വാണാരതുപൊഴുതമരാ-
ധീശനും തന്വിയാളും. ൨൬

ദൂരെത്താനെന്തിനോ പോയ് മരുവിയ മഹിതാ-
ത്മാവതാം താപസേന്ദ്രൻ
സൈ്വരം ശ്രീഗൌതമൻ വന്നടജഭുവി വധൂ-
മൌലിയെക്കണ്ടിടാതെ
ചാരത്തുള്ളോരു പൂവാടിയിലധിഗതനായ്;
മോഷണം രാവിലെല്ലാ-
നേരത്തും ചെയ്തിടുന്നോർ ദിവസമതു വെളു-
ക്കുന്നതോക്കില്ലയല്ലോ. ൯൨

സുരപതിയൊടുമൊന്നിച്ചുദ്ഗതപ്രേമപൂർവ്വം
സരസിജശരലീലാഭേദനാനാവിനോദം
സരസമഭിവഹിയ്ക്കും തന്നപ്രിയെത്തത്രയോഗീ-
ശ്വരനു,മവർ മുനീന്ദ്രൻതന്നെയും കണ്ടിതപ്പോൾ. ൯൩

വൈവശ്യം പൂണ്ടിളക്കത്തൊടു പരികലിത-
സ്വേദമാം മേനി,രാഗ-
ശ്രീ വല്ലാതായ്മറഞ്ഞൻപൊടു പകുതി ഹിതാൽ
പീതമോഷ്ഠം വിമുക്തം
ഭീ വൻഹൃത്സംഭ്രമംതൊട്ടവയെ വെളിവിലാ-
ക്കുന്ന വക്ത്രം നികാമം
കൈവച്ചേറെ ശ്ലഥാഭം കുചയുഗളി പരി-
മ്ലാനകണ്ണാവതംസം; ൯൪

കെട്ടാകെപ്പോയഴിഞ്ഞീടിന മുടി വിതറും
പൂമണം തൂനഖാങ്ക-
തപിട്ടാളും ഗണ്ഡമോജഃക്ഷയമുടയ മിഴി-
ക്കോണു ലുപ്താഞ്ജനാഭം
ഒട്ടാരാൽ നഗ്നമാകും തനു, ഘുസൃണരജ-
ശ്ഛായ മായുന്ന മാറീ-
മട്ടാഹാ! തത്ര നില്ക്കും വധുവെയൃഷി വീ-
ക്ഷിച്ചു നാകേന്ദ്രനേയും. ൯൫

നേത്രം രണ്ടും കലങ്ങി ത്വരയൊടരുണഭാ-
സ്സാൻറു, കോപാതിരേകാദ്
ഗാത്രം കമ്പിച്ചു, ഘർമ്മോദകകണികകള-
ങ്ങാനനത്തിൽപ്പൊടിഞ്ഞു
അത്രയ്ക്കുല്ലന്ധനായിക്കനൽനിരയെതിരാം-
കണ്ണിനാൽ മാറി മാറി-
ഗ്ഗോത്രപ്രദ്വേഷിയേയും മുനി വധുവിനെയും
നോക്കിനാനൊട്ടുനേരം. ൯൭

അരേ രേ! തോളത്തിരുന്നൻപൊടു ചെവി മുറിയെ-
ത്തിന്നിട്ടുംമട്ടെട്ടുത്തെൻ-
നേരേ കാണിച്ചുവല്ലോ മമ വലിയ സുഹൃ-
ത്തായ വൃത്രാന്തകൻ നീ;
നേരേ ഞാൻ നിന്നെയെന്നാലിനിയിവിടെ വിടി-
ല്ലേററവും നീചമാം നീ-
യ്യാരേയും കൂസിടാതുള്ളൊരു ചപലത മേ-
ലൊന്നുടൻ മാററിവെയ്ക്കും. ൯൮

കാമം സത്തായ കർമ്മത്തെയുമരിയ മദം
വിദ്യയേയും കുഭോഗ-
സ്തോമം നൽഭൂതിയേയും കുനയമുടയ വാ-
ദം ശ്രുതിശ്രീയെയുംപോൽ
നീ മന്ദൻ ഹാ! കടന്നെൻ സുതനുവിനെയശു-
ദ്ധിയ്ക്കു ലാക്കാക്കിയിട്ടു-
സ്സാമർത്ഥ്യം കാട്ടിയല്ലോ; ഫലമിതിനുടനേ-
തന്നെ ഞാൻ തന്നയയ്ക്കും. ൯൯

ഏറെക്ഷുധാർത്തി തടവും ശുനകൻ നിവേദ്യ-
ച്ചോറെന്നപോലെ മദനാനലതപ്തനാം നീ
സ്വൈരം ഗമിച്ചു മമ താപസിതൻ വിശുദ്ധി-
സാരം ഹരിച്ചതു കുറച്ചു കടന്നകയ്യായ്! ൧൦൦

സത്കാവ്യവും ധ്വനിയുമെന്ന കണക്കു ഞാനൊ-
ത്തുൾക്കാമ്പിണങ്ങി മരുവീടിന മങ്കയാളെ
ധിക്കാരി നീ ചപല-ദൂഷിത-യാക്കിയല്ലോ
നൽക്കാന്തി ചേൎന്ന നവനീതിയെ വന്മദംപോൽ. ൧൦൧

ദേവന്മാൎക്കൊക്കെ രാജാ,വഖിലനയകലാ-
വേദി, ശാസ്ത്രാൎത്ഥമെല്ലാം
ധീവൻപാലേ ഗ്രഹിച്ചുള്ളവ, നരിയ സുധ-
ൎമ്മാധിപൻ ദിവ്യനാം നീ
ഏവം നീചത്തരം ചെയ്തതു ബഹുകഠിനം!
വേലി മുന്നിൽക്കരേറി-
ക്കൈവെച്ചുപ്പൂഞ്ച തിന്നുന്നതിനു സദൃശമായ്
നീതി മേൽ കാട്ടുകേറി. ൧൦൨

കരളപ്പുരമാണുരൂപമെന്നെൻ-
വരമാം ശാസ്ത്രമുരച്ചിടുന്ന തത്ത്വം
തരളാക്ഷിയെ വിശ്വസിച്ചു മൌഢ്യം-
തിരളും നമ്മിലതീവ സാൎത്ഥമായി. ൧൦൩

ധൂൎത്താഗ്രഗ്യനാകിയൊരു നിൻെറ നവാവമാന-
മാൎത്താതിഹാസമൊടു ലോകർ പരത്തിടുമ്പോൾ
ആൎത്താപസൻ ഗുരുമഹൎഷി സദസ്സിൽ മൌലി-
താഴ്ത്താതെയെങ്ങനെ വസിയ്ക്കു,മതാമയം മേ. ൧൦൪

ആകാരത്തിൽ ഭഗം തേ ദശശതകമിതം
സംഭവിയ്ക്കട്ടെ; ദുഷ്ടേ!
നീ കാണിച്ചോരു നീചത്തൊഴിലിനനുഭവി-
പ്പിച്ചിടും ദുഷ്ഫലം ഞാൻ
ഹാ! കാഠിന്യംകലിയ്ക്കും തവ കരളിനെഴും
മിത്രമാം പാറയായി-
പ്പോകാൻ നിന്നെശ്ശപിയ്ക്കുന്നിതു കുനയഫലം
നിന്ദിതംതന്നെയാകും; ൧൦൫

ശ്രീരാമൻതൻ പദാംഭോരുഹവിസൃതരജ-
സ്സേല്ക്കുമന്നാൾവരയ്ക്കി-
ഗ്ഘോരാകാരം വഹിച്ചീടുക, തദനു ഗദം
വിട്ടു മോക്ഷം ലഭിയ്ക്കും;
മാരാതങ്കാലധർമ്മക്രിയകൾ തുടരുമ-
പ്പാപികൾക്കാകെയെങ്ങും
നേരാകും പാഠമായീടണമിവരുടെയി-
ഋത്ത്വവൃത്താന്തമെന്നും." ൧൬

ജ്ഞാനം നില്ക്കുന്നിതെപ്പോൾവരെയു,മതുവരെ
പ്രൌഢശാസ്ത്രങ്ങളുള്ളിൽ
സ്ഥാനം പൂകുന്നു, ധർമ്മം മനസി പരിലസി-
യ്ക്കുന്നിതത്തവ്വിലോളം,
നൂനം ചേതസ്സിലുഗ്രാന്ധതയൊടു കുവികാ-
രങ്ങളാൽ ക്ഷോഭമെപ്പോ-
ളീ നമ്മൾക്കേറിടുന്നി,ല്ലതുപൊഴുതു മഹാ-
ന്മാരുമത്ത്യല്പർതന്നെ. ൧൭

ഏവം ശാപം നൽകി രണ്ടാൾക്കുമൊപ്പം
വൈവശ്യാലന്ത്യാശ്രമം പുക്കു യോഗി;
ശ്രീ വർദ്ധിച്ചമ്മൌലി താഴ്ത്തിപ്പതുക്കെ-
ജ്ജീവൻ പോമ്മട്ടെത്തി വാനിങ്കലിന്ദ്രൻ. ൧൮

സുരക്കധികമദ്ഭുതം വിബുധവാരസീമന്തിനീ-
നിരയ്ക്കു പരിഹാസവും ഗുരുവിനററ കാരുണ്യവും
കരൾക്കതുലസംഭ്രമം ഹ ഹ! പുലോമജയ്ക്കും ചമ-
ച്ചരഞ്ജിതകുതൂഹലൻ ഹരി പുരത്തിൽ മേവീടിനാൻ.
൧൯

ലളിതതരവപുസ്സിൻമാർദ്ദവംകൊണ്ടു പുത്തൻ-
തളിരതു ശിലയാക്കും തന്വി,യാൾ തൽഫലം താൻ
തെളിവൊടനുഭവിക്കാൻ പോലെ തജ്ജീവിതത്തിൽ
ചുളിയുടയ നവാദ്ധ്യായത്തിലായ് കാലുവെച്ചാൾ. ൨൦

നാങ്കാണും കല്ലിതോർത്താലവളുടെ തനുവാ-
ണായതിൻമേലിലല്പം
നിങ്കാൽ ചേർത്താലഘം വിട്ടവൾ സപദി ലസ-
ന്മോക്ഷയായ് മിന്നുമല്ലോ"
വങ്കാട്ടിൽ സഞ്ചരിയ്ക്കും കുശികസുതനഹ-
ല്യേന്ദ്രവൃത്താന്തമേവം
പങ്കാതങ്കം നശിയ്ക്കുംവിധമവരൊടുര-
ച്ചന്നു വിശ്രാമമാർന്നാൻ. ൧൧൧

ശ്രുതിജലധിയിലുള്ള രത്നമായി
സ്വതിരുചി പൂണ്ട പദം ശിലാതലത്തിൽ
യതിയുടെ മൊഴിയാദരിച്ചു ചേർത്താൻ
ക്ഷിതിപകുമാരനനുത്തമപ്രഭാവൻ. ൧൧൨

ഹരിയുടെ തനുസങ്ഗമത്തിനാൽ മു-
മ്പരിയ ശിലാനില പൂണ്ട തന്വിയന്നാൾ
ഹരിയുടെ തനുസങ്ഗമം നിമിത്തം
സ്ഫുരിതമഹസ്സെഴുമാത്മരൂപമാർന്നാൾ. ൧൧൩

ഉടനവളുലകിങ്കൽനിന്നു മുമ്പു-
ള്ളുടലു വഹിച്ചെഴുനേററ താപസസ്ത്രീ,
സ്ഫുടമരികിലഖണ്ഡചിത്പ്രകാശം
തടവിന ദിവ്യവപുസ്സു തത്ര കണ്ടാൾ. ൧൧൪

സത്തക്ക് നിത്യമഖിലാഭ്യുദയം വളർത്തി-
ച്ചിത്തത്താപവർഷ്മുഷികൾക്കു പൊഴിപ്പതായി
അത്തന്വി തന്നുടെ തപഃപരിപൂർത്തി മൂർത്തി-
യൊത്തസ്ഥലത്തു വിലസുന്നതവൾക്കു കാണായ്. ൧൧൫

——(൦)——

# പതിനൊന്നാംസൎഗ്ഗം.

"ശ്രുതികളെതിന്റെ വന്ദിക,ളെതിന്റെ രഹസ്യതര-
സ്ഥിതിയറിയാതെ മറവുമുഴലുന്നിതു ദൎശനവും
യതികൾ വിരക്തമാം ഹൃദി നിനയ്ക്കുവതേതു, പര-
ദ്യുതി നികടത്തിൽ ഞാനതിഹ കാണ്മു ദയാശിശിരം. ൧

ചരണയുഗം സദാപി തവ ദേവ! നമിച്ചു വിപദ്-
ഭരദളനോത്സുകം സുകരുണാലയ നാഥ വിഭോ!
ചിരധൃതയാകുമെന്നഘപരമ്പര ദൂരിതയായ്
വരണ,മുദിയ്ക്കണം ഭവവിഷാദവിനാശനവും. ൨

ജലനിധികന്യകാകൃതപുരാതനപുണ്യതപഃ-
ഫലപരിപാകമാം മഹിതവിഗ്രഹമദ്യ പരം
അലഘുഹിതാദ് ദൃഗന്തരപഥാതിഥിയാവുകയാൽ
തുലയകലും ഗദം മമ തുലഞ്ഞിതുലഞ്ഞിതഘം. ൩

വിവിധഭവാമയാതുലഹലാഹലവാരിധിയിൽ
ഭുവി വലയുന്നവൎക്കമൃതസാരനിഷേകവശാൽ,
അവികലമഗ്ര്യരാം മുനികൾ പൂകിന സൌഖ്യമണ-
ച്ചവിരതവും തുണയ്ക്കുമഖിലേശ്വര! കാക്കുക നീ. ൪

തവ ജലപൂരിതോദരഘനാഘനകാന്തി ഭൃശം
വിവശത തേടിടും പടി വിളങ്ങിന ചാരുകചം
നവസുമനഃകുലാകലിതമാലിക പൂണ്ടു ചിരോ-
ത്സവമളികൾക്കു ചേൎപ്പതു തരട്ടെയെനിയ്ക്കു ശുഭം. ൫

ചിതറിന കാന്തിയാൽ പുരുതരംഗിതമായ മണീ-
വിതതി നിറഞ്ഞു മിന്നിന കിരീടമെനിയ്ക്കനിശം
ധൃതജനിമൃത്യുദുൎഭരവിഷാദവിപത്തു കള-
ഞ്ഞതരളമാകുമപ്പരമസൌഖ്യമിയറ്റിടണം. ൬

അലഘുവിശാലമാം നിടിലവീഥി തവാതിലസ-
ത്തിലകമഹഃപ്രചണ്ഡിലമചണ്ഡകരാർദ്ധരുചി
ഉലകു രചിച്ചു കാത്തു വിഹനിയ്ക്കുവതിന്നു സദാ
ബലമിയലുന്ന ചില്ലികളുമേകണമഗ്ര്യസുഖം. ൭

തരി ലഘുവേതിനല്ലതു ഭവാംബുധിയിങ്കൽ മഹാ-
തരിനില പൂണ്ടു ചിത്സുഖമണപ്പു വിരാഗികളിൽ
ഹരിണകിശോരലോചനസുഹൃത്തതു ദിവ്യദയാ-
ഝരി ചൊരിയുന്ന നേത്രയുഗമാശ്രയമീശ്വര! മേ. ൮

സുലളിതഹേമകുണ്ഡലയുഗത്തിലെഴും മണിതൻ-
കുലമഴകാന്തിക്കുമുരുഭാസ്സോടു മിശ്രിതമായ്
നലമൊടനല്പദർപ്പണമദർപ്പകമാക്കിന നി-
ർമ്മലരുചി പെയ്തിടും തവ കപോലതലിയ്ക്കു തൊഴാം. ൯

വിമലത മിന്നുമിന്ദുവിലുയന്ന വിലാസമരം
സമരമണഞ്ഞകററുമൊരു നിൻമുഖധാമമശം
മമ ശമനം വരുത്തുവതിനററഭിമാനമദം
നമദഹിതക്കു നീക്കുമഖിലേശ! തുണച്ചിടണം. ൧൦

വില സിത താഴ്ത്തിടുംപടി മനോഹരകാന്തിയൊടേ
വിലസിതമാകുമാർദ്രമൃദുഹാസവിലാസഝരം
തുലയുളവായിടാതുയരുമെൻ കദനാഗ്നിഭൃശം
തുലയുവതിന്നു നിർണ്ണമെനിയ്ക്കു സഹായകമായ്. ൧൧

തളിർ തളരുംവിധം തരളിതേതരകാന്തിയതിൻ-
കളിനിലമായ നിന്നധരമുന്നതരാഗരുചി
കിളിമൊഴി പത്മയാൽ സതതമാദൃതമെന്റെ വിപൽ-
ച്ചളി കഴുകിക്കളഞ്ഞധികശുദ്ധി വരുത്തിടണം. ൧൨

മദനമനം സദാപി നവമൃത്തിനു ചേക്കുവതായ്
മദനവികാരധോരണി രമയ്ക്കു വളൎത്തുവതായ്
വിദളിതകുന്ദകുട്മളകുടുംബകചേതനമായ്
രദനവിശേഷകാന്തി തവ ദേവ! ജയിപ്പു ചിരം. ൧൩

പികനിനദം നമിച്ചടിവണങ്ങിന ചാരുരവ-
പ്രകരമുതിൎപ്പതായ്, വിജിതശങ്ഖകമായ ഗളം
വികസിതസൌരഭം തുളസിമാല ലസിപ്പതെനി-
യ്ക്കകലുഷകൌതുകം മനസി നൽകണമെപ്പൊഴുമേ. ൧൪

അധികവിശാലമായ്, വിവിധഹാരമണീരുചിയാ-
ലധിഗതമായ്, ഭൃശം സുഭഗകൌസ്തുഭശോഭിതമായ്
സുധികൾ നിനപ്പതാം ഭവദുരസ്തടമെന്നുടെ ദുർ-
വിധിലിഖിതങ്ങൾ മാച്ചു സുഖമേററവുമേകിടണം. ൧൫

സ്വഗതവിശേഷപുഷ്പനിരകൊണ്ടു വിരാജിതമായ്
ഭഗവതിലക്ഷ്മി തന്നുടയ നൎത്തനമന്ദിരമായ്
അഗളിതസൌരഭം തവ ജയിപ്പൊരു മാറിടമെൻ-
ദൃഗതിഥിയാകയാലിഹ വഹിപ്പു കൃതാൎത്ഥത ഞാൻ.
൧൬

കരമനിശം വിഭോ തവ സുദൎശനഭാസുരമെൻ-
കരളിൽ വളൎത്തണം ബഹുസുദൎശനവേദ്യസുഖം
സരസപയോജശങ്ഖരുചി തേടിന കൈകളെയും
പരമപദാശയാൽ ജഗദധീശ! തൊഴുന്നിതു ഞാൻ. ൧൭

സുഗദമതേവിധം ധൃതമഹാരിയുമായനിശം
സുഗതശുഭം വിളങ്ങിന ഭുവാനുടെ ബാഹുയുഗം
അഗദത ചേൎത്തുകൊണ്ടരിയ ബന്ധുത പൂണ്ടഥ സദ്-
ഭഗമരുളുന്നു സത്തരിലതത്ഭുതമോൎത്തിടുകിൽ. ൧൮

സ്വനയവശാൽ സുവൃത്തരിലതീവ ശുഭസ്ഥിതി താൻ
കനമൊടു ചേർത്തിടും ചതുരബാഹുവിഭോ! സുഭഗം
വിനകളൊഴിച്ചു നിത്യമിഹ നിന്റെ പദാംബുജസ-
ന്മനനകലയ്ക്കു മേ ചതുരധാടി വളർത്തിടണം. ൧൯

പ്രജയെതിനോക്കുകിൽ ത്രിഭുവനോദയശില്പിപുമാ-
നജനതിദിവ്യമാസ്സരസിജത്തിനു സൂതിഗൃഹം
നിജഗഹനഭയാൽ തുലിതകൃപകമാകിന നിൻ-
സുജനിതനാഭി മേ രുജ കളഞ്ഞു തുണച്ചിടണം. ൨൦

ദ്യുതിയൊടു നീലവായ് പുയരുമംബരമോടു കയ-
ത്തെതിരിടുമാകൃതിപ്രഭ തിളങ്ങിന നാഥ! ഭവാൻ
ക്ഷതി തടവാതെ ചാർത്തിന സുപീതമഹാംബരമാ-
യതിനയനങ്ങളാലിഹ നിപീതഭമാവു ഭൃശം. ൨൧

രസയുമഭങ്ഗമായ് ക്കമലയും നിജ കൈത്തളിർകൊ-
ണ്ടസമരസേന മർദ്ദനമണയ്ക്കുമൂരുതലം
വസനവരാവൃതം രുചിരകാന്തിനികേതനമെൻ-
വ്യസനമശേഷവും ദ്രുതമകററണമുററ രസാൽ. ൨൨

ശ്രുതിയെതിനുള്ള സൈംഹികമഹാസന,മേതിനുതത്-
സ്മൃതി സചിവാളി, വന്ദികൾ പുരാണപരമ്പരയും,
ക്ഷിതി പരതത്വരൂപമെതി,നാവിധമുന്നതമാ-
മതിമഹിമാവു നിൻ ചരണരാട്ടു വഹിപ്പൂ സദാ. ൨൩

ജയ ജയ രാമദേവ! സചരാചരസർവ്വജഗ-
ന്മയരചനാസ്ഥിതിക്ഷതിവിധായക നാഥ വിഭോ!
ജയ കമലാപതേ ജയ വിഹങ്ഗമവാഹന ഭോ
ജയ ജഗതീപതേ ജയ നമോസ്തു ദയാജലധേ! ൨൪

ജളത ഹനിയ്ക്കുവോൻ ജലധിമദ്ധ്യനിവാസി ഭവാൻ
മിളദതിനിദ്രനങ്ങു ധൃതബോധവിജൃംഭിതധീ
അളവകലും മഹത്ത്വമൊടണ്ഡങ്ങളിൽവെച്ചുണ്ടു നി-
ഷ്കള വിജയിപ്പു നീ തവ വിലാസമചിന്ത്യകഥം. ൨൫

ഭവഭരസേവവിട്ട വരഭോഗികളായ മുനി-
പ്രവരർ തൊഴും ഭവാൻ ഭവനിഷേവിതദിവ്യപദൻ
തവ ശയനം തദാ മഹിതഭോഗിയിലീശ! രമാ-
ധവ ബഹുവിസ്മയം ഹൃദി തരുന്നു ഭവച്ചരിതം. ൨൬

കരളിലറിഞ്ഞുമൊട്ടറിവുവിട്ടുമനേകവിധം
പരപുരുഷ! പ്രഭോ പിഴകൾ ചെയ്തു പെരുത്തിഹ ഞാൻ,
ത്വരയൊടതൊക്കെയും ഹൃദി പൊറുത്തു കൃപാരസനിർ-
ഝരമൊഴുകും ത്വദീക്ഷണമതീക്ഷ്ണമണയ്ക്ക ഭവാൻ. ൨൭

ശ്രുതിമയവാരിധിയ്ക്കടിയിൽ മേവിന രത്നമഹാ-
ക്ഷിതി കലരും മഹാമുനികൾതന്നുടെ ഹൃൽക്കുടിയിൽ
ദ്യുതി വിതറും വിശിഷ്ടമണിദീപിക നിൻ പദമെൻ-
മതി പെരുകുന്ന കൂരിരുൾ കളഞ്ഞു വിളക്കിടണം. ൨൮

തിലഗതമെണ്ണപോലുലകിലൊക്കെ നിറഞ്ഞു ഭവാ-
നലയനിരിയ്ക്കിലും മഹിതമാഗമസൂക്തികളും
വിലപെട്ടമഗ്ര്യദർശനശതങ്ങളുമീശ്വര! നിൻ-
നിലയറിയാതെ ചുററുമുഴലുന്നു വിവാദവശം. ൨൯

പലവക രോഗമാർന്നഖിലഗർഹിതവൃത്തനുമായ്
നില വിനശിച്ചു തെണ്ടി വലയുന്നൊരു ദുർഗ്ഗതനും
ബലമിയലുന്ന നിൻനയനമേല്ക്കുകിലൈന്ദ്രപുരീ-
ചലമിഴിമാർ കടന്നവനെ മാലയിടുന്നു ഹിതാൽ. ൩൦

ഹരിമുഖമക്ഷരാവലി കുറച്ചുറിയാതെ സദാ
പെരിയൊരു മൂഢനായുഴലുവോൻെറ രസജ്ഞ ജവാൽ
ഹരിപദനിസ്സരൽസരിദഹങ്കൃതവീചിശതീ-
ഗരിമ കളിച്ചിട്ടും കവിത തീർപ്പു ഭവൽകൃപയാൽ. ൩൯

നൃപതികൾ തൻപുരം ചിരമണഞ്ഞതു കാപ്പവരും
വ്യപഗതധൎമ്മരായ് ദ്വിജകുലത്തെ ഹനിപ്പവരും
ഉപനിഷദുക്തികൾക്കു കളവോതി നടപ്പവരും
കൃപ തവ കിട്ടുകിൽ പരമസൌഖ്യപദാധ്വഗരാം. ൩൧

ഭവദമനം നതൎക്കനിശമേകിന ചാരുപദം
ഭവദമനസ്സളം കരളിലോൎത്തു തൊഴുന്നിതു ഞാൻ
തവ ശതപത്രനേത്രകരുണോദകമിന്നിതു പോ-
തവശത പററിടാത്ത നിലയെന്നിൽ വരുത്തിടണം.
൩൨

അപരമരും ഭവദ്ഭജനവൃത്തി തുടങ്ങുകിൽ നിൻ-
കൃപ രമയോടു ചേൎത്തവരിലേകുമുദഗ്രസുഖം
അപരമഹൎഷിമാർ പരവിചിന്തനഭഞ്ജിതരുക്-
ക്ഷപരമലം തൊഴും തവ മഹസ്സു ജയിപ്പു ചിരം. ൩൪

സദയമനന്തമങ്ങധിഗതാൎത്തരിലേകിന നീ
സദയമനസ്സൊടീയിവളെ മുത്തൊടു നോക്കിടുകിൽ
മദഘനരാഗഹൃൽകലുഷവൃത്തി വളൎത്തുവതാം
മദഘനവാംബുദത്തിനു പെരുത്തു ശരത്തു വരും. ൩൫

മതിയിൽ മദം വെടിഞ്ഞമരവൈരികൾ ശാന്തരണ-
ഞ്ഞതികുതുകാൽ തൊഴും ചരണതാരതു വാന്തരണം
നതിയൊടു കൃപ്പമെൻ കദനവാരിധിസന്തരണം
ധൃതിയൊടു ചേൎത്തു മേൽ പരമസൌഖ്യരസന്തരണം.
൩൬

സരസിരുഹാസനാത്മജകുമാരകരായ് ജനനം
ധരയിലിയന്നു സത്തമനിവൃത്തിവിധിസ്ഥിതരായ്
ദുരധിഗമം ദൃഢം പ്രഥമകാശ്രമധൎമ്മപഥം
ചിരമതിദുഷ്ക്കരം വിട്ടു ചരിച്ചു മുരാരി ഭവാൻ. ൩൭

ഭവജലരാശിഗക്ഷ്മതുലകോലത പൂകിന നീ
ഭുവമിഹ വീണ്ടെടുപ്പതിനധോഭുവനാന്തഗതം
നവമതിഭീകരം പെരിയ കോലവപുസ്സു സുര-
പ്രവരമഹൎഷി സംസ്തുതമിയന്നു ജയിച്ചു ചിരം. ൩൮

വരവിബുധൎഷി സംയുഗകുതൂഹലി നാരദനായ്
പിറവിയെടുത്ത മുമ്പനഘവൈഷ്ണവധൎമ്മപഥം
വിരളത കൈവരാതിഹ ശരിക്കു തെളിച്ചു ചരാ-
ചരജഗദുത്ഭവസ്ഥിതിവിനാശകനായ ഭവാൻ. ൩൯

നരനുടെ രൂപമാൎന്നിതരദുഷ്ക്കരമായ തപോ-
ഭരമൊടു വാണു പണ്ടധികമാധിവിമാഥി ഭവാൻ
പിറവിയെടുത്തു താൻ കപിലനാമകനാം മുനിയായ്
പരഗതിമൂലമന്നരുളി സാങ്ഖ്യമഹാനിഗമം. ൪൦

സുമഹിതനത്രി തൻ തനുജനെന്ന നിലയ്ക്കു ജനി-
ച്ചമലതരാത്മവിദ്യയുടെ തത്ത്വമകല്മഷമായ്
ക്രമമൊടു നല്കിനാൻ യദുമുഖൎക്കു രമാവര! നി-
സ്സമരുചിയജ്ഞനായവതരിച്ചു ദയാബ്ധി ഭവാൻ. ൪൧

സുവിദിതനാഭിതൻ മഹിമ ചേൎന്ന തനൂഭവനായ്
ഭുവി ജനി പൂണ്ടു മുൻവൃഷഭനാമകനാം മുനിയായ്
അവിരളമന്ത്യമാമനുപമാശ്രമമാൎന്നു പര-
ച്ഛവിയൊടു ധൎമ്മനിഷ്ഠയെ വഹിച്ചു ചരിച്ചു ഭവാൻ.
൪൨

അപരിമിതം ബലം തടവിടുന്ന പൃഥുപ്രഥനാം-
നൃപതിവരിഷ്ഠനായ് ഭുവി ജനിച്ചു നിനച്ചതുപോൽ
ഉപഗതവൈഭവാൽ പൃഥു വിദ്രോഹകനായ ഭവാൻ
വിപദമൊഴിച്ചു മേ വിശദകൗതുകമേകിടണം. ൪൩

ജലനിധികന്യകയ്ക്കുടയ കോമളദൃക്കകൾതൻ-
തുലയെ വഹിപ്പതിൽ പ്രകടമോദമിയന്ന വിധം
അലർശരകേതുവിൽ പെരുമ തൂകിന മത്സ്യകമാ-
യുലകിതിൽ മുൻപു നീയവതരിച്ചു ഭരിച്ചു ഭുവം. ൪൪

കടലടിയിൽ പുരാ പതിതമാകിയ മന്ദരമ-
ങ്ങടവൊടു പൊക്കുവാൻ സകലദേവവിചിന്തിതനായ്
ഉടനൊരു കൗർമ്മമാമുടലെടുത്തു സുരക്കു ഹിതം
സ്ഫുടമരുളീ ജഗത്ത്രിതയഭവ്യദനായ ഭവാൻ. ൪൫

വിമഥിതമായ വൻകടലിൽനിന്നു സമസ്തഭിഷക്-
തമർ കഴൽ കൂപ്പുവോരുടലെടുത്തു പിറന്നു ഭവാൻ,
കുമതികൾ ദൈത്യർതൻ മനസി നിർഭരമന്ധത സം-
ഭ്രമമിവ ചേർക്കുവാൻ സപദി മോഹിനിയായി ഹിതാൽ. ൪൬

വിചലിതചില്ലിയായ്, സുകിലികിഞ്ചിതരഞ്ജിതയായ്
കുചഘുസൃണപ്രഭാകബളിതോദ്യദുരഃപടയായ്
കചസുമരമ്യയായ്, മധുരനൂപുരനാദമുദ്ഗ-
പ്രചരണലീലകൊണ്ടസുരവൃത്തു ഹരിച്ചു ഭവാൻ. ൪൭

തരമൊടിടയ്ക്കിടയ്ക്കുതന്നരാഗസമുദ്ഗമനം
തിരളിന ദൃഷ്ടി സന്മധുരവാക്കിവകൊണ്ടു ഭൃശം
വിരവൊടു ദൈത്യർതൻ കരൾ മയക്കിന മോഹിനി നീ
സ്മരഹരനേയുമന്നതനദുഃഖിതനാക്കി തദാ. ൪൮

ഖരനഖരങ്ങൾ വൻസടകളെന്നിവകൊണ്ടതിഭീ-
ഭരമുടലേന്തിടും നരഹരിദ്യുതി പൂണ്ടു പുരാ,
ധരണിയിലൊക്കെയും പെരിയ പീഡ വളൎത്തിയ തൽ-
സുരകുലവൈരിതൻ കൊല കഴിച്ചു പൊഴിച്ചു ശുഭം. ൪൯

ഭുവനമശേഷവും ബലിയിൽനിന്നുമെടുത്തിടുവാൻ
നവമൊരു വാമനന്നുടയ വിഗ്രഹമാൎന്നിളയിൽ
അവനമിതാഖിലാമരകുലം സുബലം പെട്ടവോ-
രവനുടെ സന്നിധൌ സപദി ചെന്നു മഹാസ്വി ഭവാൻ. ൫൦

കുടയുമെടുത്തുടൻ നവപലാശകദണ്ഡവുമായ്
സ്ഫുടഭസിതാമലാജിനവിഭൂഷണരാജിതനായ്
ഇടയിടയിൽ സുരപ്രവരർ തൂകിന ദിവ്യസുമ-
ച്ഛടയിൽ മറഞ്ഞ നിൻ ഗതിയതിപ്പൊഴുമോൎപ്പു വിഭോ! ൫൧

ഭുവനമൊടൊത്തുതാൻ ഭുവനമബ്ബലി നൽകിടവേ
തവ തനുവിങ്കൽ മുമ്പുടയ വാമനഭാവമഹോ!
ജവമെവിടെയ്ക്കുപോയ്? ഗഗനചുംബിതപാദനഖ-
സ്രവദമിതാഭയാൽ പുതിയ ഗംഗ ചമച്ചു ഭവാൻ. ൫൨

സ്വപദപരിസ്ഫുരന്നഖസമുദ്ഗതകാന്തികൾകൊ-
ണ്ടുപഗതസൂത്രമാം മഹിതമൌക്തികമാല തദാ
ഉപരി,ചിതൻ ഭവാൻ, പ്രകടസൂത്രവശേന രചി-
ച്ചുപഗതദിഗ്വധൂകുചതടത്തിലിണക്കി ജവം. ൫൩

അവനിയിലുന്നതം മഹിമ പൂകിന ഭാൎഗ്ഗവനാ-
യവതരണത്തെയാൎന്ന തവ കയ്യിലുയൎന്ന മഴു
നൃവരകുലാങ്ഗനാങ്കുരിതഗൎഭഗബാലവസാ-
സ്രവദസൃഗാപഗാവിഹൃതി പൂണ്ടു ജയിച്ചു ചിരം. ൫൪

മരിചലതാവൃതക്രമുകകേരരസാലകമായ്
ചരിതബഹുവ്രതദ്വിജവരിഷ്ഠവിരാജിതമായ്
ഗരിമ കളിച്ചിട്ടും കവികൾ ദിവ്യർ ജയിയ്ക്കുവതാ-
മരിയൊരു കേരളം കടലിൽനിന്നുമെടുത്തു ഭവാൻ. ൯൫

എവിടെ വസിച്ചിട്ടും ദ്വിജർ വധൂജനസങ്ഗകഥാ-
വിവിധവിലാസസൌഖ്യമറിയാത്ത തപോനിധികൾ,
എവിടെ മഠങ്ങളിൽ ചെറിയ തിണ്ണകൾ സർവ്വകലാ-
ച്ഛവി വിതരുന്ന ശാലകളെവർക്കു ധനം ശമമാം; ൯൬

സ്ഫുടപരിപാകശോണിമ തിളങ്ങിന ശാലികളും
തടഗതസസ്യഭൂഷിതബഹുദ്രുമരാജികളും
നടവിടഗായകവ്രജഭടാഞ്ചിതമായ് പുര-
ച്ഛടയുമെതിന്നകൃത്രിമമലങ്കൃതി ചേർപ്പൂ സദാ; ൯൭

കളി ചെറുബാലകക്കെവിടെയുന്നതശാസ്ത്രശതം
വെളിവൊടുരച്ചുകൊണ്ടരിയ വാദമതേല്ക്കുവതാം;
കിളികളപക്ഷമായ് വിധിയുരപ്പതുമെങ്ങതിന-
മ്മിളിതമധുസ്രവാർദ്രമൃദുസൂക്തിപരമ്പരയാൽ; ൯൮

ഗിരികൾ വെടിഞ്ഞു പാഞ്ഞൊഴുകുമാപഗതൻ തതിയും
പരിമളസത്തെഴും സുമമിണങ്ങിയ കുന്നുകളും
ഹരിഗജകോകിലൈണശതശോഭിതമാം വനവും
തരികൾ പെടും തടാകവുമെതിങ്കൽ വിളങ്ങുവതും; ൯൯

ഉലകു സനാകമാക്കുമതു കേരളഭൂമി മഹാ-
ജലനിധി തന്നിൽ നിന്നജനെടുത്തു തപസ്വി ഭവാൻ
ചലദണിന്തുപുരസ്ഥാനമനോരമയാം രമയാ-
സ്ഥലഗതയായിണങ്ങി നിവസിപ്പൂ രസിപ്പൂ സദാ. ൱

ശ്രുതി പെരുകും പരാശരമുനിയ്ക്കു തനൂഭവനായ്
ക്ഷിതിയിതിലങ്ങു വന്നവതരിച്ചിതു തത്ത്വനിധി
ശ്രുതി വിഭജിച്ചു മുൻപഥ പുരാണഗണങ്ങൾ രസ-
സ്രുതിരുചിരങ്ങളൻപൊടു രചിച്ചു വളത്തി ശുഭം. ൩൧

പ്രശമികളിൽ ഭൃശം ഹൃദി വിഷാദമണച്ചതിദുർ-
ദശ ധരണിയ്ക്കു ചേർക്കുമൊരരക്കരെ വെന്നിടുവാൻ
ദശരഥപുത്രനായവതരിച്ചു ചരിച്ചിടുമ-
ങ്ങശരണയാകുമെൻ രുജ തരത്തൊടറുത്തിടണം. ൩൨

ഭരമവനിയ്ക്കു നിസ്തുലമിയററിന കംസമുഖാ-
സുരവരർതൻ കൊലയ്ക്കു ഭുവി ദേവകിതൻ സുതനായ്
മുരഹര! മേലിലങ്ങവതരിയ്ക്കുമശേഷജഗ-
ച്ഛരണദനാം ഭവാൻ മമ വരുത്തുക സദ്ഗതി മേൽ.
൩൩

ദനുജകുലത്തിനുന്നതമതിഭ്രമമേകിടുവാ-
നനുപമ! ബുദ്ധനായിളയിൽ മേലിലുമങ്ങുളവാം;
അനുഗതശിഷ്യനായഥ ചരിച്ചു കുധർമ്മപഥ-
ത്തിനു നില ചേർക്കുമന്നു നിജനാസ്തികവിദ്യകളാൽ. ൩൪

ശ്രുതികൾ പഴിച്ചിടും, പുരുപുരാണപരമ്പരതൻ-
ഗതിയെ മുടക്കിടും, പഴയ നല്ലനടപ്പിനെയും
സ്മൃതികളെയും ഭവാൻ പരിഹസിച്ചിടുമെന്തിനു മേൽ
പുതിയ മതത്തിനാൽ ജളജനത്തെ മയക്കുമഘാൽ. ൩൫

കുലഗതമാം നടപ്പടിയൊടററു നിരീശ്വരമായ്
പലവക രോഗമാർന്നരിയ മാത്സ്യകമായ നയം
ഉലകിലിയന്നു വൻകലി മുഴുത്തു ജഗത്തുലയും-
ന്നില തടവുമ്പൊഴും നീ കരുണയോടു ജനിപ്പു വിഭോ!
൩൬

കമനികൾതൻെറ ചൊല്പടി നടപ്പവരല്ലരിളാ-
രമണരു,മാഗമം വെളിവിൽ വില്പവർ വിപ്രരുമേ
കുമതികൾ വിത്തവാഞ്ഛ തടവും ശഠർ വൈദികരും
ക്ഷമയിൽ നിറഞ്ഞിടുംപൊഴുതു വന്നു ജനിപ്പു ഭവാൻ.
൯൭

കരുണയകന്നു നല്പശുവെ വിപ്രർ വധിയ്ക്കുകയും,
നരവരരാമിഷാശജനസേവ തുടങ്ങുകയും,
തരമൊടു കേശമസ്സരസനാരികൾ വില്ക്കുകയും
ധരയിതിൽ വാഴ്കവേ പെരിയ കല്ക്കി ജനിപ്പു ഭവാൻ.
൯൮

അജനവിടുന്നനേകവിധജന്മമെടുത്തു നിജ-
പ്രജകളെ രക്ഷ ചെയ്യുതിനു ദിവ്യകൃപാംബുനിധി
രുജ വിനശിച്ചു ധർമ്മവിതതിയ്ക്കു തെളിച്ചമൊടേ
വിജയമിയന്നിടാൻ സതതവും വ്രതമേല്പു ഭവാൻ. ൯൯

സ്ഥിരതയൊടാദ്യമന്തമിവയററു വിളങ്ങുകിലും
ധരണിയിലാദ്യനായതുവിധത്തിലഥാന്തകനായ്
ചിരമടിയിങ്കൽ വാണെതിനുമൊക്കൊടു മീതെയുമായ്
പരചരിതൻ ഭവാൻ പരിലസിപ്പു പരൻ പുരുഷൻ. ൱

തപനത പൂണ്ടു നീയിരുൾ ഹനിപ്പു, മരുന്നുകളിൽ
ക്ഷപയുടെ നാഥനായഥ തരുന്നു രസാദിഗുണം;
കൃപയൊടു വഹ്നിയായ്ബ് ഭുവി ഹവിസ്സു ഭജിപ്പു ഭവാ-
നപഗതജീവനായ് പവനരൂപി ജയിപ്പു സദാ. ൱൧

ജ്വലനനു ചൂടു നീ, നനു തണുപ്പു ജലത്തിനു നീ,
ചലനത നീ മരുത്തിനു, വിയത്തിനു ശബ്ദഗുണം,
ഉലകിനു ഗന്ധവും, കവിജനത്തിനു ഭാവനയും
സ്ഥലഭവിചിത്രവൈഭവമയന്ന ഭവാനൊരുവൻ. ൱൨

തിര,കടലിന്നകത്തുമളവററൊരു തീപ്പൊരിതൻ-
നിര,ദഹനങ്കലും പലവിധത്തിലുദിപ്പതുപോൽ
നിരവധി ജീവരാശിയുടെ കോടികഠ നിന്നുടെ ചിത്-
പരമമഹസ്സിൽനിന്നിഹ ജനിപ്പു വികാരവശാൽ. ൩൨

നരപതിയിങ്കലും നയമകന്നൊരു തെണ്ടിയിലും
പറയനിലും തഥാ പരമനാകിയ വിപ്രനിലും
ചെറുതണുവിങ്കലും ചിതമിണങ്ങിന മേരുവിലും
സ്ഥിരതരമാം ഭവത്പരമഹസ്സു ജയിപ്പു സമം. ൩൩

സ്വയമബലാതതിയ്ക്കുടയ ദൂഷിതമാകുമുരഃ-
ശ്വയഥുവിലും ജനം വദനഫേനജലത്തിലുമായ്
ഉയരുമുദഗ്രതൃഷ്ണയെ വഹിച്ചു മദിച്ചതിദുർ-
ന്നയമൊടു ചെയ്തിടും ചപലചേഷ്ടകളദ്ഭുതമാം. ൩൪

തരുനിര നിന്നിടുന്നു, വിചരിപ്പു പശുപ്രജവും,
വിരുതൊടു നിശ്വസിപ്പു ഭുവി ഭസ്ത്രവുമിന്നതുപോൽ
തിരുവടിയെക്കുറിച്ചു ഹൃദി ചിന്ത വെടിഞ്ഞമരും
പുരുഷർ ചതുഷ്ടയൈകരതർ ജീവിതമേല്പു വൃഥാ. ൩൫

സതതമെരിഞ്ഞിടും കനകദീപികതൻെറ മഹ-
ശ്ശതമുയരുന്ന നൽഗൃഹമിതിങ്കൽ വസിയ്ക്കുകിലും
ഹതർ നിജകണ്ണടച്ചുരിയ ക്രൂരിരുളേററിഹ ദുഷ്-
കൃതമൊടു ചുററി വൻകുഴിയിൽ വീണു തപിപ്പു ഭൃശം.
൩൬

ഉടലിതനേകമാം രുജ പടർന്നുപിടിപ്പതു, ഹൃ-
ത്തടമതിവങ്കിലം പ്രചുരരാഗമുഖാത്തികളാൽ;
ഉടനകലുന്നതിസ്സുലഘുജീവിത,മോക്കിൽ മുദം
തടവി മദിപ്പതിന്നനഘമെന്തിഹ കാണ്മു ജനം! ൩൭

സരളശരീരനായുദിതയൌവനസമ്മദനായ്
വരവനിതാജനത്തിന്ന മൃദുന്നതി ചേർത്ത പുമാൻ
അരനിമിഷത്തിനാൽ പലിതമാന്ന ചടച്ചുരുജാ-
തരളിതജീവനായ് പരിതപിപ്പതു കാണ്മു സദാ. ൧൯

സുരഭിലതീർത്ഥവും രുചി തുളുമ്പിടുമമ്പലവും
സരസപുരാണകാവ്യനിവഹങ്ങളുമെന്തിന്ന മേ
കരളിലനർഘമാം തവ പദത്തെ നിനച്ചിടുവാൻ
തരമുളവാകുകിൽ ജഗതി ധന്യത തന്നെ വരും. ൨൦

നരർ നടവേഷമാന്ന കളി പൂണ്ടു ചിരിയ്ക്കുമുടൻ
കരയുമുദഗ്രമാം രണമിയന്നു മരിയ്ക്കുമതിൽ
വിരവൊടു നാടകം കഴികിലപ്പൊഴുതെന്തു രണം?
മരണമിയന്നതാർ? ഗദവശേന കരഞ്ഞതെവൻ? ൨൧

മനസി പെരുത്തു പൊങ്ങുമിരുൾതിക്കിന ഭാവനയാൽ
കനമൊടു വൻജഗത്തുമിതിലുള്ള വിചേഷ്ടകളും
കുനയവശാൽ സ്വയം ജനമതീവ ചമച്ചു നഭോ-
വനസുമനിസ്സ്രുതമ്മധു കുടിച്ചു രസിപ്പു സദാ. ൨൨

അണിയറയൊന്നിൽനിന്നിവിടെവന്നു, തിരിച്ചിനി നാം
പണി കഴികിൽ ഗമിപ്പതുമൊരേദിശി തന്നെ ജവാൽ
ഗുണി ദൃഢമിങ്ങു നമ്മളെ നയിപ്പതുമേകനവൻ
ഗണിതസമസ്തതത്ത്വനിഹ നമ്മൾ മഹാന്ധരുമായ്. ൨൩

ഒരു ചുടുകാടു നോക്കി വിരവോടു നടപ്പവർ ഹാ!
വെറുതെയിണങ്ങിടാതെ കലഹിപ്പു വഴിയ്ക്കു സദാ;
തരുണി യുവാവു വിപ്രനരചൻ പ്രഭു രോഗികളും
കരുതുകിലങ്ങു ചെല്ലുകിലൊരേന്നില പൂകിടുവോർ. ൨൪

മലയജനീരണിഞ്ഞു മണിഭൂഷകൾ പൂണ്ടു ചല-
ദളയമിണക്കി മെച്ചമുളവാക്കിന മേനി ഭൃശം
മലവശമസ്ഥിയായ്ബ് ഭുവി കരിഞ്ഞതു കിട്ടിടുവാൻ
കലഹമിയന്നു നായ്ക്കൾ പിടിയേൽപ്പതുതന്നെ ദൃഢം. ൮൰൫

കനകകിരീടകാന്തി കളിയാടിയ മൌലി കട-
ന്നനലനിൽനിന്നെടുത്തു ഭുവി കൊത്തിയിടുന്നു ഖഗം;
കനമൊടു ബന്ധമാന്ന കരമസ്ഥിരജോമയമായ്,
തനതു ജനങ്ങളിങ്ങെവിടെയെൻെറ സമസ്തധനം? ൮൰൬

ധരണിയിലീവിധം ചപലമർത്ത്യർ വഹിയ്ക്കുവതാം-
തരളതരങ്ഗവിഭ്രമകുജീവിതവൃത്തിയെ ഞാൻ
മുരഹര! നിന്ദ ചെയ്വു, മുനിപൂജിതമാകിന നിൻ-
ചരണസരോജമെൻമനസി മിന്നണമെപ്പൊഴുതും. ൮൰൭

തവ മുഖമഗ്നി, നേത്രമിന, നശ്ചികൾ നാസികയും,
പവനനുടൽക്കു തോ,ലരിയ നൽച്ചെവി ദിക്കുകളും,
കുവലയബന്ധു ഹൃത്തു, കരമിന്ദ്രനു,മോഷധിതൻ-
നിവഹമതതച്ചാം നികര,മപ്പതി ജിഹ്വയതും. ൮൰൮

കരുതുകിലിങ്ങു നാമൊരുവർതന്നെ; മുരാന്തകനും
വരുണനുമഗ്നിയും ഭവനമിന്ദുവുമാവിധിയും
അരുണനുമിന്ദ്രനും യമനുമീയിവരുംതന്നെ വിഭോ!
വെറുമണുവദ്രിയും തൃണവുമോർപ്പു മദേകമയം. ൮൰൯

സകലചരാചരങ്ങളിലുമെന്നെയുമെന്നിലുമാ-
വക ബഹുവസ്തുപങ്ക്തിയെയുമേററവുമിപ്പൊഴുതിൽ
തികവൊടു നിൻദയാകണികകൊണ്ടിഹ കാണ്മു,രജോ-
നികരതമോവിരിക്തമകമുററു സചേതനമായ്, ൯൰

ത്യാഗം സദ്ബ്രഹ്മചര്യ്യം സമത വിനയവും
  സത്യമാത്മീയവിദ്യാ-
യോഗം ധർമ്മം തപസ്സീവക ഗുണമധികം
  വൃദ്ധമായ് വന്നൊവർക്കും
രാഗദ്വേഷാദിമൂലം പലവിധമുളവാം
  ദോഷമററവർവ്വരാന്തർ-
ഭാഗത്തിൽ ഭാഗധേയം വരണമതിനു ഞാ-
  നർത്ഥനംചെയ്തിടുന്നേൻ." ൯൧

ചേതസ്സിൽ ഭക്തി കയ്ക്കൊണ്ടിതുവിധമധികം
  നമ്രയായശ്രുനീരിൻ-
പാതത്താലാർദ്രയായി സ്തവമരുളിയൊരാ-
  ത്താപസിയ്ക്കപ്പൊഴീശൻ
പ്രീതൻ മോക്ഷം കൊടുത്താനവളഥ, ഹൃദി സ-
  ന്ദർശിതാത്മീയതേജോ-
ജാതത്താൽ ശാശ്വതാനന്ദദപരമപദ-
  ത്തിങ്കലെത്തിസ്സുഖിച്ചാൾ. ൯൨

ധീരോദാത്തൻ മഹാനമ്മുനി കുശികസുതൻ
  ദിവ്യരാം രാജപുത്ര-
ന്മാരോടൊന്നിച്ചു നാനാകഥകളതിരസോ-
  ല്ലാസമോടോതി മെല്ലെ
ഓരോ ദേശം കടന്നിട്ടഥ ജനകനൃപ-
  ഷ്ഠിയ്ക്കെഴും ദോഷ്പ്രതാപാ-
ലാരോചിസ്സാർന്നനന്താഭ്യുദയമിയലുമ-
  പ്പട്ടണത്തിൽ ഗമിച്ചാൻ. ൯൩

---:o:---

## പന്ത്രണ്ടാംസൎഗ്ഗം.

പൂമങ്ക പൂകും പുതുതാണ്ഡവത്താൽ
ക്ഷേമത്തിനെല്ലാമധിവാസഭൂവായ്
ഭൂമണ്ഡലത്തിൽ പുകൾ പെററ ദിവ്യ-
മാമപ്പുരം മൈഥിലമുല്ലസിപ്പൂ. ൧

സ്ഫുരദ്ബലാലന്യപുരായുതത്തെ
നിരൎഗ്ഗളം വെന്നൊരു തത്പുരാഗ്ര്യം
പുരത്രയം പണ്ടു ജയിച്ചു മിന്നും
ഹരപ്രഭാവത്തെ ഹസിപ്പു നിത്യം. ൨

ധാമങ്ങൾതോറും വിധിപോലെ ചെയ്യും-
ഹോമത്തിനാലുദ്ഗതമായ ധൂമം
വ്യോമത്തിലെങ്ങും പ്രചരിച്ചു വൎഷ-
ശ്രീമത്തമപ്പട്ടണമെന്നുമേല്പൂ. ൩

ആകാശഗംഗാകണികാൎദ്രമാകു-
മാകാരമേന്തുന്ന പതാക, പാറി
നാകാംഗനാതുംഗരതിശ്രമാൎത്തി
വൈകാതെ മാററുന്നിതു ലീലയാലേ. ൪

വായ്ക്കുന്ന നൽക്കുംഭഭവപ്രഭാവം
കൈക്കൊണ്ട കുംഭീശ്വരരാപ്പുരത്തിൽ
അക്കന്റെ യാത്രയ്ക്കു മുടക്കമേകി-
ച്ചൊൽക്കൊണ്ട വിന്ധ്യന്റെ മദം ഹരിപ്പൂ. ൫

നീരിന്നു നിത്യം നിധിയായ് നികാമം
പാരിച്ച മുത്താൎന്നതിലെഗ്ഗജങ്ങൾ
പൂരിയ്ക്കുമത്യുഗ്രരവത്തിനാലേ
നേരിട്ടു വാരാന്നിധിയോടുമന്നാൾ. ൬

രണസ്ഫുരന്നിസ്തുലവൈഭവശ്രീ-
യിണങ്ങി വേഗാൽ പവമാനനോടായ്
പിണക്കമേററപ്പട്ടവായ വാജി-
ഗണം, പുരത്തിൽ പ്രകടം ജയിപ്പൂ. ൧

ധീരസ്വരത്തോട്ടു കൃശാങ്ഗമായി
സൈ്വരം ദ്രുഗത്യുജ്ജ്വലകാന്തിയേന്തി
നേരററു മിന്നുന്ന വിശിഷ്ടവേഗ-
സാരത്തൊടും വാജികൾ വിഷ്ഫുരിച്ചു. ൨

ധാടിയ്ക്കു പന്തായമുരച്ചു മോളിൽ
ചാടിക്കരേറും ഭടർതൻ ഹിതംപോൽ
ഓടിപ്പറക്കും ഹയപങ്ക്തി തത്ര
മോടിയ്ക്കു നാട്ടാക്കരുളുന്നു ഹർഷം. ൩

കാലാൾബ് ഭടന്മാരരികൾക്കു നിത്യം
കാലാലയത്തിൻ വഴി കാട്ടിടുന്നോർ
വേലാതിഗപ്രൌഢബലേന യുദ്ധ-
ലീലാരതന്മാരവിടെജ്ജയിച്ചാർ. ൧൦

ഉദഗ്രമാകും നിലകൊണ്ടു വിഷ്ണു-
പദം, നിജാന്തസ്ഥജനം കണക്കെ
മുദം മിഴിയ്ക്കേകിന ദിവ്യസൌധ-
കദംബവും തത്ര ഭജിച്ചിടുന്നു. ൧൧

നീലാഭമാം നിർജ്ജരനാഥരത്ന-
ജ്വാലാപ്രചാരാലിരുളാമൊരേടം
സ്ഥൂലാത്തിയെന്നും പകലും രഥാങ്ഗ-
ജാലാശയത്തിന്നു കൊടുത്തിടുന്നു. ൧൨

സ്തനന്ധയാക്കോജ്ജ്വലരത്നജാലം
ഘനം ധരിയ്ക്കും നവഭിത്തിയെങ്ങും
അനർഗ്ഘമസ്നേഹകദീപമായി
വിനഷ്ടമാക്കുന്നു തമീവിലാസം. ൧൩

നൃത്തങ്ങൾ നൽപാഠകമാട്ടമാക്കും
ചിത്തം മയക്കുംവിധമുള്ള ഗാനം
കൃത്തഞ്ചിതം വാദ്യമിതൊക്കെയെന്നു-
മൊത്തപ്പുരം സോത്സവമുല്ലസിപ്പൂ. ൧൪

പ്രാണാധിപന്മാരൊടുമൊത്തതിങ്കൽ
വാണാരമിയ്ക്കും തരുണീജനങ്ങൾ
വീണാദിസംവാദനലീലയാല-
ക്ഷീണാശയാഹ്ലാദമുയത്തിടുന്നു. ൧൫

പൊന്മാളികത്തട്ടിലിരുന്നു ചന്ദ്രൻ-
തന്മാനിനെ സ്ത്രീകൾ പിടിച്ചിണക്കി
മമ്മാ! സ്വച്ഛന്ദഗ്ഭങ്ഗിയതിന്നു വായ്ക്കു-
മമ്മാർ പഠിപ്പിച്ചു കളിപ്പു നിത്യം. ൧൬

ചരക്കശേഷം വെളിവോടു നന്നായ്
നിരത്തിവെച്ചങ്ങു വണിഗ്വരന്മാർ
തരത്തിലോരോ മൊഴിയാൽ ജനത്തെ
മിരട്ടിടുന്നൂ ഹൃതവിത്തരെന്നും. ൧൭

വന്തിക്കൊടെത്തും മനുജക്കു ഹൃത്തിൽ
ചിന്തിച്ച സാമാനമശേഷമേകി
പന്തിയ്ക്കു നില്ക്കുന്ന വണിഗ്ഗൃഹൌഘം
കാന്തിത്തിളപ്പാ നഗരിയ്ക്കുയത്തി. ൧൮

ഹയങ്ങൾതൻ ശീഘ്രതരപ്രയാണാ-
ലുയർന്നിരുട്ടേകിന പാംസുജാലം
അയത്നമങ്ങഗ്ഗജദാനതോയാൽ
സ്വയം ശമിയ്ക്കുന്നിതു വീഥിതോറും. ൧൯

അഭങ്ഗമഗ്ര്യായുധലക്ഷഗർഭ-
മിഭവ്രജപ്രൌഢഭടാദിപൂർണ്ണം
നഭസ്ഥലസ്പർശനമാർന്നു തുങ്ഗ-
പ്രഭം പെരുങ്കോട്ട വിളങ്ങി ചുററും. ൨൦

ഗരിഷ്ഠമാമായുധപങ്ക്തികൊണ്ടു
ശരിയ്ക്കനേകാദ്ഭുതവിദ്യ കാട്ടി
പുരിയ്ക്കകത്തങ്ങൊരിടത്തു തൻകൈ-
ത്തരിപ്പു മാററിബ്ഭടർ ലീലചെയ്തു. ൨൧

വിദ്യാലയൌഘം വ്യവഹാരശാല
ഹൃദ്യാങ്ഗിമാർ ദാസികൾതൻ ഗൃഹങ്ങൾ
വൈദ്യാധിവാസോജ്ജ്വലമന്ദിരങ്ങ-
ളുദ്യാനമിത്യാദികൾ പൂർണ്ണമെങ്ങും. ൨൨

സദഗ്ര്യരാം പണ്ഡിതർ ഗീഷ്പതിയ്ക്കും
മദം കുറയ്ക്കുന്നവർ, ശാസ്ത്രവാദം
വിദഗ്ദ്ധരായ് ചെയ്തു രസിയ്ക്കുമദ്യൽ-
സദസ്സഹസ്രം പുരിയിൽ സ്ഫുരിച്ചു. ൨൩

പാതഞ്ജലന്മാർ, നിഗമാന്തപക്ഷ-
പാതം ജ്വലിയ്ക്കുന്നവർ, താർക്കികന്മാർ,
പൂതന്വാഹ്ഹത്തേന്തിന ജൈമിനീയ-
രേതദ്വിധന്മാരവിടെജ്ജയിച്ചു. ൨൪

തേമാനമില്ലാത്ത വചോവിലാസ-
ഭ്രമാവു കൂട്ടുന്നവർ സാത്വികന്മാർ
മീമാംസകന്മാരുമുദഗ്രവാദം
ധീ മാറിടാതങ്ങു നടത്തി വാണു. ൨൫

ചിത്രാനുഭാവൻ സ്മരഭ്രപനബ്ജ-
നേത്രാസഹസ്രോജ്ജ്വലസൈന്യശാലി
തത്രാധിയെന്ന്യേ യുവലോകമേക-
ച്ഛത്രാധിപത്യത്തൊടു കാത്തു വാണാൻ. ൨൬

മൃദങ്ഗനാദാകുലമേകഭാഗം
മദദ്വിപാഗർജ്ജനഭീകമന്യം
വിദഗ്ദ്ധഗാനാകലിതം പരം ദി-
ക്കദഭ്രഹേഷാവശമന്യദേശം. ൨൭

പുരാതനന്മാർ ചിരമാചരിച്ചു-
ള്ളൊരാത്മധർമ്മങ്ങളെയാദരിപ്പോർ
ധരാസുരന്മാരഗൃഹീതകാമർ
നിരാമയന്മാരവിടത്തിൽ വാണാർ. ൨൮

വേദം ജപിച്ചും, ജടയഭ്യസിച്ചും
വാദം കലൎന്നും, സ്മൃതി ചിന്തചെയ്തും
വിദഗ്ദ്ധകാവ്യങ്ങൾ മനോവിനോദ-
പ്രദങ്ങൾ പാൎത്തും ദ്വിജരുല്ലസിച്ചാർ. ൨൯

സഭാതലത്തിൽ ദൃഢമായ്മമാകും
സ്വഭാവമുൾക്കൊണ്ടു മഹീസുരന്മാർ
സഭാര്യരല്ലാതെ വസിച്ചു യോഗ-
പ്രഭാവശൃങ്ഗാടകപാന്ഥർ നിത്യം. ൩൦

നിഷ്ക്കാമരങ്ങുള്ള ജനങ്ങളെല്ലാം
നിഷ്ക്കാമലാത്യുജ്ജ്വലഭൂഷണന്മാർ
ദുഷ്ക്കാലദൂരീകരണക്ഷമന്മാർ
ശുഷ്ക്കാല്പഭോഗങ്ങളെ നിന്ദചെയ്യോർ.

KRISHNAVILASAM MALAYINKEEL

പവിത്രഷഡ്ദർശനഭാസ്സു പൂകി
സ്ഥവിഷ്ഠസർവ്വജ്ഞതയോടിണങ്ങി
പ്രവിഷ്ഫരിയ്ക്കുംമതി പൂണ്ടു വിപ്രർ
ഭുവി ത്രിനേത്രാധികമോടി നേടി. ൩൨

വ്രതാദിസംസക്തർ, മഖാദിദീക്ഷാ-
രതാശയന്മാർ, ചരിതാത്മധർമ്മർ
ഹതാമയോദ്രേകർ, ജിതേന്ദ്രിയന്മാർ
ചിതാഭ,രാലോകിതചിത്പഥന്മാർ; ൩൩

സത്യത്തിനായ് സ്വല്പമുരച്ചിടുന്നോർ
രത്യർത്ഥഭോഗത്തെ വെറുത്തിടുന്നോർ
അത്യർത്ഥമാത്മസ്തുതിയിൽ സലജ്ജർ
കൃത്യങ്ങളെത്തദ്വിധിപോലെ ചെയ്യോർ; ൩൪

യോഗത്തെ മാനിപ്പവരെന്നുമാത്മ-
ത്യാഗത്തിലുള്ളുക്കളു കാട്ടിടുന്നോർ
രാഗം മദം ദ്വേഷമിതൊക്കെയന്തർ-
ഭാഗത്തുറക്കത്തിലുമേററിടാത്തോർ; ൩൫

കർമ്മങ്ങളാസക്തി വെടിഞ്ഞു ചെയ്യോർ
നിർമ്മത്സരന്മാ,രഗൃഹീതവിത്തർ
ധർമ്മജ്ഞ,രേററം ശുചിവൃത്തർ, കാല-
മർമ്മങ്ങൾ കാണ്മോർ, മൃദുഭാഷകന്മാർ; ൩൬

വികാരമില്ലാത്തവർ, നീചസേവാ-
പ്രകാരമേല്ക്കാത്തവർ, സുസ്ഥിതന്മാർ
നികാമമാഡംബരശൂന്യർ വിപ്രർ
സ്വകാഭയാലന്നഗരം വിളക്കി. ൩൭

വാനംവരെയ്ക്കും രഥയാനമുള്ളോർ
ജ്ഞാനത്തിൽ നന്മൌനമിയന്നിട്ടുന്നോർ
ദാനത്തിനായ് സംഭൃതവിത്ത,രബ്ധി-
സ്ഥാനംവരെ ക്ഷോണിയടക്കിട്ടുന്നോർ; ൩൮

ചെറുപ്പകാലത്തു പഠിച്ചിട്ടുന്നോർ,
മുറയ്ക്കു ഗാർഹസ്ഥ്യമഥാചരിപ്പോർ,
വരർഷിമാർ തൻനില പിന്നെയേല്പോർ,
പരം പദം യോഗവശാൽ ഗമിപ്പോർ; ൩൯

അതിപ്രഭാവേന രഘുക്കളെപ്പോൽ
മുതിർന്ന സാമന്തനൃപാലകന്മാർ
മതിപ്രമോദം വളരും വിധത്തിൽ
ക്ഷിതിയ്ക്കു ചേരും ഭരണം നടത്തി. ൪൦

വാക്കിൽസ്സദാ സത്യവു,മാർദ്രമായ-
നോക്കിൽ ദൃഢം ലക്ഷ്മിയു,മാവിധത്തിൽ
നേർക്കിൽ പ്രതാപഗ്നി,യുദഗ്രതേജോ-
ഭാക്കിദ്ധമാം കയ്യമവക്കിണങ്ങി. ൪൧

കുററങ്ങൾ ചെയ്താൽ പ്രിയപുത്രനേയു-
മേററം നയത്തോടവർ ശിക്ഷചെയ്വോർ;
അററം പെടാതുള്ള ഗുണം വഹിയ്ക്കിൽ
തെറ്ററു മാനിപ്പവർ വൈരിയേയും. ൪൨

സ്വാതിക്രമാൽ ധർമ്മലയം വരാതെ
നീതിയ്ക്കു ലോകത്തെ നയിച്ചു ഭക്ത്യാ
പ്രീതിയ്ക്കിണക്കിസ്സുരലോകനാരീ-
ഗീതിയ്ക്കു ലാക്കാം പുകൾ പൂണ്ടു മന്നർ. ൪൩

വൃത്തിയ്ക്കു ചേരുംവിധമാത്മധർമ്മ-
മൊത്തിങ്ങു തദ്വൈശ്യകപാദജന്മാർ
ഉൾത്തിക്കു കൂടാതെ ശുചിത്വമോടേ
വർത്തിച്ചു നൽക്ഷേമമയത്തിലെങ്ങും. ൪൪

പയസ്സു ഗോക്കൾക്കു വളർന്നു, ധാന്യ-
മുയർന്നു കേദാരഗണത്തിലെങ്ങും
പ്രയത്നമേൽക്കാതെ വിശിഷ്ടസസ്യ-
ചയങ്ങളേറീ വസുധാതലത്തിൽ. ൪൫

സുരക്ഷമോത്താലവരോടസൂയ
കരൾക്കകത്തേറിട്ടമാവിധത്തിൽ
പുരത്തിൽ മുത്താർന്ന ജനം വിശുദ്ധ-
തരസ്വഭാവത്തൊടു തത്ര വാണു. ൪൬

വൻകള്ളരില്ലന്ധരുമില്ല തത്ര
വങ്കത്തമേറുന്നവരാരുമില്ല
പൊൻകട്ടയും പുല്ലുമതുല്യമായി-
പ്പങ്കത്തിനാലോപ്പവരും ചുരുക്കം. ൪൭

കാര്യങ്ങൾ മാത്രം മിതമായുരപ്പോ-
രാര്യസ്വഭാവത്തെ വെടിഞ്ഞിടാത്തോർ
ധൈര്യം വഹിപ്പോരവർ സത്തരന്യ-
നാര്യങ്ങളീക്ഷിപ്പതിലന്ധരെന്നും. ൪൮

പരക്കു ചേരുന്ന ഗുണങ്ങളോരോ-
ന്നരപ്പതിൽ ഗീഷ്പതിയോടു തുല്യർ
സ്വരമ്യനാനാഗുണകീർത്തനത്തിൽ
നരഷഭന്മാരവരാകെ മൂകർ. ൪൯

സമ്പത്തിലും തീവ്രവിപത്തിലും ഹൃൽ-
കമ്പം വഹിയ്ക്കാത്തവരേകചിത്തർ
വമ്പണ്ണവത്തിന്നു കുറയ്ക്കുമാറുമ-
ക്കാമ്പത്ര്യഗാധം കലരും മഹാന്മാർ. ൫൦

അസംസ്കൃതജ്ഞാനികളില്ല, കാവ്യ-
രസജ്ഞരല്ലാത്തവരും ചുരുക്കം;
അസൽകൃതാത്മാതിഥിലോകരാകു-
മസത്തരും ദുർല്ലഭമപ്പുരത്തിൽ. ൫൧

പ്രവൃദ്ധമാം ധർമ്മരഹസ്യമാത്മ-
പ്രവൃത്തിയാലേററമുരച്ചിട്ടുന്നോർ
സുവൃത്തർ ദേവദ്വിജഗോക്കളെത്തൻ-
നിവൃത്തിപോലങ്ങു ഭജിച്ചിട്ടുന്നോർ. ൫൨

വിത്തം പെരുത്തുള്ളവർ, നിർമ്മദന്മാ-
രാത്തം പഠിപ്പുള്ളവർ, നിർമ്മമന്മാർ
ചിത്തത്തിനൌന്നത്യവുമേററ താഴ്‌മ-
യൊത്തും വസിച്ചാരവിടെജ്ജനങ്ങൾ. ൫൩

സ്വതന്ത്രർ, നന്മദ്ധ്യമമാം പദത്തെ-
ശ്രുതത്തിനാലേററവുമാദരിപ്പോർ
ഹിതം കൊടുത്തർത്ഥികുലത്തെയെന്നു-
മതന്ദ്രമാരാധന ചെയ്തിട്ടുന്നോർ. ൫൪

നീരാനയിൽ, പാണ്ഡുകഥാപ്രസംഗം
പുരാണവൃത്തങ്ങളി,ലുററ കുഷ്ഠം
വരാഭമാം പീടികയിൽ, ജനങ്ങൾ-
ക്കൊരാൾക്കുമില്ലീവക തത്പുരത്തിൽ. ൪൪

പരിസ്സുരിയ്ക്കും നിജവൃത്തശുദ്ധി
വരിഷ്ഠഭാവം, പതിഭക്തി, സത്യം
ചരിപ്പതിൽ സക്തിയുമേറിയന്നാ-
പ്പുരിയ്ക്കകത്തങ്ങനമാർ വസിച്ചാർ. ൪൫

കൃശാംഗിമാർ, ഹൃദ്യകലാശതത്തിൽ
വിശാരദത്വത്തെ വഹിച്ചിട്ടുന്നോർ,
സുശാന്തമാ,രാത്മവിശിഷ്ടവൃത്തി-
വശാദ് ഗൃഹങ്ങൾക്കു വിഭൂഷണങ്ങൾ. ൪൬

വൈധവ്യമില്ലാക്ക്,മയുക്തചിന്താ-
ബോധങ്ങളി,ല്ലുച്ചനിനാദമില്ല,
ആധമ്യമില്ലേററമരുന്ധതിയ്ക്കു
സാധമ്മ്യമുൾക്കൊണ്ടവർ ലാലസിച്ചാർ. ൪൭

ദൈവത്തിനെപ്പോൽ പതിയേ നിനച്ചും,
വൈവശ്യമെന്നുള്ളതു വിസ്മരിച്ചും,
ഭാവം സുഹൃദ്യം സതതം വഹിച്ചും,
സ്ത്രീവർഗ്ഗമാരാ നഗരത്തിൽ വാണാർ. ൪൯

പ്രേമത്തിൽ മാത്രം കലഹങ്ങ,ളശ്രു-
സ്തോമം പ്രഹർഷാഗമവേലയിങ്കൽ,
ആ മഞ്ജുവാണീമണികൾക്കു ചില്ലീ-
ധാമത്തിൽ മാത്രം കുടിലസ്വഭാവം. ൫൦

പേരാലു,മെന്നും നിജ നാട്ടുകാരെ
നേരായ്ബ് ഭരിയ്ക്കുന്ന നയത്തിനാലും
ആരാധനീയൻ ജനകൻ നൃപക്കു
ഹീരാഭനന്നാപ്പുരിയിൽ ജയിച്ചാൻ. ൩൭

അദ്ധ്യാത്മസദ്ദർശനസാരമെല്ലാം
ബുദ്ധ്യാ ധരിച്ചുള്ള മഹീമഹേന്ദ്രൻ
ഏദ്ധ്യാതചിദ്രൂപനതുല്യവീയ്യ-
നിദ്ധ്യാത്മവാൻ ഭൂവതു കാത്തുവാണു. ൩൮

ധമ്മം സമസ്തം നിലനിത്തുവാനായ്
കമ്മങ്ങൾ ചെയ്യുന്നവനിച്ഛയെന്ന്യേ
നിമ്മത്സരൻ നിമ്മമനമ്മഹീശൻ
നന്മയ്ക്കു കേളീഗൃഹമായ്പസിച്ചു. ൩൯

കാലത്തേ കൌതുകത്തോടജനുടെ സുമുഹൂ-
ത്തത്തിലാവന്ദിവാണീ-
ജാലത്താൽ മുക്തനിദ്രൻ ക്ഷിതിപമുനി പരി-
ത്യക്തശയ്യാന്തഷങ്ഗൻ
ശീലംപോൽ സ്നാനകമ്മാദികൾ വിധിവിഹിതം
ചെയ്തു സദ്ധ്യോഗനിഷ്ഠാ-
ശ്രീലസച്ചാന്തൻ നയിയ്ക്കും പകുതി പകലവി-
ജ്ഞാതകൃത്യാന്തരാത്മാ. ൪൦

പിന്നെത്തത്തച്ചജ്ഞരായീടിന മുനികൾ വസി-
യ്ക്കുന്നതാമാസ്സദസ്സിൽ
ചെന്നെത്തി പ്രൌഢശാസ്ത്രാഗമവിവിധപുരാ-
ണങ്ങൾ വായിച്ചുകേട്ടും
തന്നെത്താനത്ഥമൻപോടരുളിയുമിടയിൽ
ചെറരു വാദം കലന്നും
മന്നിൽ കാലം നയിയ്ക്കും ചെറുതു വെറുതെയ-
ല്ലാതെയുല്ലാസശാലി. ൪൧

പ്രീതിയ്യൊത്തുള്ള മന്ത്രീശ്വരരൊടു സഹിതം
രാജ്യകാര്യ്യങ്ങളോരോ-
ന്നോതിത്തന്ത്രേണ മന്ത്രിച്ചതിന്ന സമുചിതം
തീൎച്ച ചെയ്യുൽപ്ലശീലൻ
ജ്യോതിസ്സൎക്കൻ ചെമപ്പിച്ചഥ ചരമമഹീ-
ധ്റത്തിന്നുത്തംസമായി
ദ്യോതിച്ചീടുംവരെയ്ക്കും സചിവവരസദ-
സ്സിങ്കൽ വാഴും മഹീന്ദ്രൻ. ൩൩

അന്തൎഭാഗം നിലാവിൻപരിമളമിളകി-
ക്കോളെഴും ചന്ദ്രശാലാ-
പ്രാന്തത്തിൽ ദിവ്യവാണീമഹിതർ കവികളാൽ
സേവിതാത്മീയപാൎശ്വൻ
ചന്തം ചേരുന്ന നാനാകവിതകൾ പലതും
ചൊല്ലിയും സമ്പ്രസന്ന-
സ്വാന്തൻ നിൎമ്മിച്ചുമന്നാൾ ചിലപൊഴുതു നയി-
ച്ചീടുമാറുണ്ടുപോലും. ൩൪

അക്കാലം യൌവനോദ്യല്ലഹരി സുരുചിരം
മെല്ലെ മെല്ലെപ്പുലന്ന-
ട്ടിക്കാകെപ്പേരിണങ്ങും ക്ഷിതിജയുടെ വിവാ-
ഹോത്സവം നിൎവ്വഹിയ്ക്കാൻ
ഉൾക്കാമ്പിൽ ചിന്തചെയ്താക്ഷിതിപമണി, ബലാദ്
ഭൈമചാപം കിളൎത്തി-
ത്തോൽക്കാതമ്പിൽക്കുലയ്ക്കുന്നവന്ന സുതയെ നല്-
കീടുവാൻ നിശ്ചയിച്ചാൻ. ൩൫

പുത്തൻ പൊന്നിൻകൊടിക്കൂറകളണിയണിയായ്
മിന്നി വാനിങ്ക,ലെന്നാ-
ല്ലത്തവ്വിൽ തോരണാളീമിളിതലളിതഭാ-
സ്സംഘമൊന്നിച്ചുയർന്നു;
നൃത്തം ഗാനം തുടങ്ങിപ്പല കലകളിലും
വൈഭവം കൂടിട്ടന്നോ-
രൊത്തത്യന്തം രസിച്ചപ്പെരിയ നഗരമു-
ത്തിന്നു മുത്തേററമേകീ. ൯

സീതാപാണിഗ്രഹാഖ്യോത്സവവിശദശരത്-
കൌമുദീസങ്ഗമത്താൽ
പൂതാഭം തദ്ധരാസാഗരമിളകി മറി-
ഞ്ഞുന്നതാഹ്ലാദമേൽക്കെ
ഹാ! താവും വേലതാൻ പൂണ്ടുയരുമനണുവാം-
പൌരകല്ലോലവൃന്ദം
ജാതാഭോഗം പടന്നൻപൊടു നടനവിലാ-
സങ്ങൾ കൈക്കൊണ്ടിതെങ്ങും. ൧൦

പൌരാവലീനയനപീതതനുപ്രഭന്മാ-
രാ രാജപുത്രരൊട്ടുമൊത്തഥ ഗാഥിസൂനു
ആരാധനീയസുഷമാഭ്യുദയം വിളങ്ങും-
ശ്രീരാജധാനിയതിലന്നു കടന്നു ചെന്നാൻ. ൧൧

——*——

## പതിമൂന്നാം സർഗ്ഗം.

രാമലക്ഷ്മണരോടൊന്നിച്ചാമഹാശയനാം മുനി
ഭൂമഹേന്ദ്രൻ വസിയ്ക്കുന്ന ധാമത്തിൽച്ചെന്നു കൌശികൻ. ൧

ജനത്തെസ്സർവ്വവും തത്തജ്ജനുകൾക്കു സമാനമായ്
സനയം കാക്കുമേതാളിൽ ജനകാഖ്യ യഥാർത്ഥമാം; ൨

ജ്ഞാനശൃംഖലയാൽ സച്ചിദാനന്ദസുഖദന്തിയെ
മാനസദ്രുവൊടായ്ച്ചേർത്തന്യൂനം ബന്ധിപ്പതേതവൻ; ൩

ശതാനന്ദാദിയോഗീന്ദ്രശതാരാധിതനാമെവൻ
ഹിതാൽ സച്ചിന്മയാനന്ദമതാന്തം കൊൾവു നിത്യവും; ൪

ശുകൻ ചിത്പഞ്ജരാന്തസ്ഥശുകൻ തത്ത്വം ഗ്രഹിയ്ക്കുവാൻ
തികവോടാർക്കു ശിഷ്യത്വം പ്രകടം പണ്ടു പൂകിനാൻ; ൫

ജ്ഞാനഹംസാവലിയ്ക്കേതു മാനസം മാനസപ്രഭം
ധ്യാനപ്രഭാവവാനേതു മാനവൻ മാനവൻപനാം; ൬

സന്മുനീശ്വരഹൃത്സൌധപ്പൊന്മഞ്ചത്തിൽ കളിപ്പവൾ
ബ്രഹ്മവിദ്യാമഹാരാജ്ഞി യന്മഞ്ജുപദദാസിയാം; ൭

ചിരം തപഃപ്രതാപാഗ്നിസ്ഫുരണാദഗ്ദ്ധകന്മഷൻ
ആരദ്വൈതമഹാരണ്യചരഭാസുരകേസരി; ൮

അരാതിസ്ത്രീതതിയ്ക്കശ്രുധാരാകലിതദുർദ്ദിനം
പരാക്രമത്താൽ നിർമ്മിക്കുമൊരാക്കാർമേഘശില്പിയാർ; ൯

ക്ഷാത്രതേജസ്സുമവ്വണ്ണം ചിത്രം നൽബ്രഹ്മശക്തിയും
മിത്രങ്ങളെപ്പോൽ സൌഹാർദ്ദപാത്രം വർത്തിപ്പതേവനിൽ; ൧൦

മണിസിംഹാസനത്തേയുമണിമാന്തോലുമൊപ്പമായ്
പണിവിട്ടാദരിയ്ക്കുന്ന ഗുണിയേതു നൃപോത്തമൻ; ൧൧

ജടയും മകുടീശൃങ്ഗസ്ഫുടരത്നങ്ങളും തഥാ
തടവററാക്കേഴും മൌലിതടത്തിൽ ചേർപ്പു കാന്തിയെ; ൧൨

യോഗദണ്ഡും തഥാ പൃഥ്വീഭോഗച്ചെങ്കോലുമൊപ്പമായ്
ആഗസ്സുറേറന്തുമേതാളാത്യാഗരാഗപരായണൻ; ൧൩

പ്രിയത്തോടൊത്തു സാമ്രാജ്യശ്രീയും താപസലക്ഷ്മിയും
നയവാനാക്കേഴും മാറിൽ സ്വയം ക്രീഡിപ്പു സൌഖ്യമായ്; ൧൪

ആരണേയാദിയോഗീന്ദ്രവീരന്മാരാലുമാദൃതൻ
ആരപാരാഗമാംഭോധിതീരം ദശിച്ച ധീരധീ; ൧൫

ദശനങ്ങളെവന്നുള്ള ദശനങ്ങൾ നിനയ്ക്കുകിൽ
പാർ ശരിയ്ക്കുടിയേ കണ്ടതാർ ശതക്രതുവിക്രമൻ; ൧൬

ആ നരേന്ദ്രൻ ജനക്ഷേമജനകൻ ജനകൻ ചിരം
മാനമോടമരും ഗേഹസ്ഥാനത്തിൽച്ചെന്നു മൂവരും. ൧൭

കരളിൽ കൌതുകം ഭക്തിഭരമാദരമാദിയാൽ
ശിരസ്സു താഴ്ത്തി വന്ദിച്ചു വിരവോടവരെജ്ജനം. ൧൮

ദൂരത്തിൽ വന്നു വന്ദിച്ചു നരനായകഭൃത്യരാൽ
തരസാ മൂവരും രാജപുരസ്ഥാനത്തെ നീതരായ്. ൧൯

സുധി രാജഷിയാൽ തത്ര വിധിപോൽ കൃതപൂജരായ്
അധിയാതാസനന്മാരായധികം മിന്നി മൂവ്വരും. ൨൦

നൃവരൻെറ ലസദച്ക്രനവപദ്മത്തിൽനിന്നുടൻ
പ്രവഹിച്ചു തദാ മാധ്വീദ്രവം സദചനസ്ഥലാത്:— ൨൧

"ഇന്നു മേ ജന്മസാഫല്യം വന്നു ഞാൻ ഭാഗ്യവാനുമായ്
എന്നുവേണ്ടെൻകുലത്തിന്നുമെന്നും സംശുദ്ധി ലബ്ധമായ്. ൨൨

ഭവച്ചരണതീത്ഥാംബുലവത്തിൻ നവസങ്ഗമം
ജവമാക്കമഘാരണ്യനിവഹത്തിന്നു വഹ്നിയാം. ൨൩

പ്രായശ്ചിത്തങ്ങളില്ലാതുള്ള യുതാഘങ്ങളും ക്ഷണം
നിയതം യോഗ്യസമ്പക്കാൽ ക്ഷയമേല്ക്കുന്നു ലോകരിൽ. ൨൪

ഗദം മാററുന്നിതുൽകൃഷ്ടപദമേകുന്നു നിത്യവും
സദഗ്ര്യസങ്ഗമൈശ്വൎയ്യപ്രദമേവൎക്കുമൂഴിയിൽ. ൨൫

പൊട്ടപ്പുല്ലെന്നപോൽ ഭ്രൂപപട്ടം കൈവിട്ടു ദൂരവേ
പെട്ടെന്നു മുനിതൻ ദിവ്യതപിട്ടത്തും പൂണ്ടവൻ ഭവാൻ. ൨൬

ലോകം തീവ്രതപസ്സിങ്കലാകെ നീററിച്ചിരം ഭവാൻ
നാകനായകനും ഭീതിശോകസംഭ്രമമേകിയോൻ. ൨൭

യമമാൎഗ്ഗത്തിലൂടെപ്പോയ് ക്രമമായ് ബ്രഹ്മമാം പുരം
വിമലം പൂകിയോരങ്ങു യമനും ശങ്ക ചേൎക്കുവോൻ. ൨൮

ആശയത്തിൽക്കുറവേശും ശ്രീശതക്രതുവെ ക്ഷണാൽ
ത്രിശങ്കുസ്വൎഗ്ഗമുണ്ടാക്കിസ്സശങ്കുസ്വാന്തനാക്കി നീ. ൨൯

സൂരചന്ദ്രാനലജ്യോതിന്നിര മാററാത്ത ക്രൂരിരുൾ
പരദൃശി ഭവാൻ വേഗം തുരത്തീടുന്നു കാഴ്ചയാൽ. ൩൦

പരൎക്കുവേണ്ടി മാത്രം താൻ പരം ജീവിതമേല്ക്കുവോർ
ധരയിൽ ത്വാദൃശിധന്മാർ സഞ്ചരണംചെയ്വു യോഗികൾ.
൩൧

ഇളപ്പം വയസാ മാത്രമുളവാമിവർ ബാലകർ
ഇള കണ്ടുത്തിനാൽ ചാൎത്തുമിളന്താലികൾ നിൎണ്ണയം. ൩൨

പായസ്യ സ്വാദനത്താലുണ്ടായ നാലുകിടാങ്ങളിൽ
പ്രായം കൂടിയൊരാ രാമൻ നയവേദിയിവൻ ദൃഢം. ൩൩

താടകാനിധനപ്രൌഢനാടകത്തിന്നു നായകൻ
തടസ്സം വിട്ടു ദോൎവ്വീൎയ്യപാടവം കാട്ടിയാദ്യമായ്. ൩൪

സൌമിത്രിയെന്ന നാമത്താൽ ഭൂമിയിൽ പുകൾ പൂണ്ടവൻ
ദ്യുമിന്നൽപ്പിണരിൻകാന്തി പൊലിപ്പോനിവനല്ലയോ? ൩൫

ഭവൽപ്രൌഢോപദേശാഢ്യപ്ലവം കയ്യിലൊണ്ടു വേണ്ടപോൽ
ഇവർ വിദ്യാസമുദ്രങ്ങൾ ജവമെല്ലാം കടന്നുവോ? ൩൬

തന്നെക്കുറിച്ചു താനാദ്യം തന്നെയാരും പഠിയ്ക്കണം
പിന്നെയല്ലാതെ ശോഭിക്കില്ലെന്നേയ്ക്കും മററു വിദ്യകൾ. ൩൭

താനാണാബ്രഹ്മമിത്തത്വജ്ഞാനാലേല്ക്കുന്ന മോക്ഷവും
നാനാരൂപത്തിലായ്ക്കാണുമീ നാം ഞാനേകനവ്യയൻ. ൩൮

തനുവാത്മാവിതെന്നോർത്തു തൻബുദ്ധികൾ മുഗ്ദ്ധരായ്
മനുജന്മാർ ബഹുക്ലേശത്തിനു കീഴ്പ്പെട്ടു വീഴ്വതാം. ൩൯

സത്യമായ സുഖം ജ്ഞാനദൃത്യവാപ്തിയിലേ വരൂ
നിത്യം തജ്ജ്ഞാനമേൽക്കില്ലാശ്രുത്യന്താഭ്യാസമെന്നിയേ. ൪൦

ഇരുട്ടിൽ സഞ്ചരിയ്ക്കുന്നോൻ പെരുന്തൂണു പിശാചമായ്
കരുതുന്നു വെളിച്ചം കൈവരുമ്പോൾ കാൺമു സത്യവും. ൪൧

ഈവിധം തത്വവിജ്ഞാനത്തുവി കൈവിട്ട മാനസം
ഭുവി കാണുമതു നേരെന്നു ഹാ! വിചിന്തിപ്പു വന്ധ്യമായ്. ൪൨

കുശലം കൈവരാൻ ലോകർ ഭൃശം ചെയ്യുന്നു വൻശ്രമം
കൃശക്കു സൌഖ്യമെന്തെന്നു വശമില്ലറിവാക്കുമേ. ൪൩

ലോകമേന്മ കഥിയ്ക്കും തൽസ്തോകശാസ്ത്രങ്ങളൊക്കെയും
ആകാശവനി വർണ്ണിക്കും മൂകഗാനങ്ങളല്ലയോ? ൪൪

ഉലകം മിഥ്യയെന്നുള്ള നില തത്വങ്ങൾ കാട്ടവേ
വില പോം ലോകശാസ്ത്രങ്ങൾ തലപൊക്കുന്നതെങ്ങനെ? ൪൫

തൊണ്ടുമററുള്ള ശാസ്ത്രങ്ങൾ, വേണ്ടു വേദാന്തമൊന്നുതാൻ;
പണ്ടുള്ളവരിതിൻകാതൽ കണ്ടുതാൻ ദൃഷ്ടദൃശ്യരായ്. ൪൬

തദ്ദ്രവ്യകപദാർത്ഥാദിക്ഷുദ്രവാദസഹസ്രകം
ഹൃദ്രസാൽ ചെയ്തു തത്വത്തിൽ നിദ്രചെയ്യുന്നു മററവ. ൪൭

ഭുവിലീമനുജക്കൊക്കെജ്ജീവിതം തീവ്രയുദ്ധമാം;
പ്രവിശൽക്ലേശലക്ഷത്താലിവിടം പൂർണ്ണമെപ്പൊഴും. ൪൮

ബാലന്മാർ നിങ്ങളാവമ്പോർസ്ഥലം ചിന്തിച്ചിടാത്തവർ
മേലതിൽച്ചെന്നു തൻപോരിൽ ബലം കാട്ടേണ്ടതായ്വരും. ൪൯

ഉന്നതം ബ്രഹ്മവിജ്ഞാനം തന്നകത്തു പെടാത്തവർ
അന്നതിൽ താഴ്ന്നുടൻ തോററു തുന്നംപാടീടുമേവരും. ൫൦

അതിനാലുത്തമം ശശ്വദ്ഗതി മുററുമുയത്തുവാൻ
അതിയായാഗമാന്തത്തിൽ രതിയാക്കും ഫലപ്രദം. ൫൧

അക്കാര്യമഖിലം നിത്തിത്തൽകാലമൊരുസങ്ഗതി
ധീയ്യോഴമേറിടും നിങ്ങൾ കേൾക്കാൻ ചൊല്ലുന്നിതദ്യ ഞാൻ.
൫൨

ഉദയം രത്നഗർഭയ്ക്കുള്ളുദരത്തിലെട്ടുതവം
മദഗ്ര്യസുത രാജിപ്പൂ സുദമാദിയ്ക്കു രഗ്ഗമായ്. ൫൩

അപ്പെണ്ണിനെക്കൊടുക്കാനായ്ക്കോപ്പു ഞാൻ കൂട്ടിയൊക്കെയും;
നല്പുകൾപ്രൌഢിമിന്നിയ്യും തൽപാത്ഥിവരുമെത്തിനാർ. ൫൪

ഹരചാപം കുല,ച്ചാർ തൻകരത്തിൻ ശക്തി കാട്ടുമോ,
വിരവോടവനെൻപുത്രീവരസ്ഥാനാവകാശിയാം. ൫൫

ഇക്കാലമിവിടെശ്ശുദ്ധമാക്കാൻ നിങ്ങൾ കടക്കയാൽ
എക്കാര്യവും ശുഭശ്രീയോടൊക്കാതാവുകയില്ലിനി. ൫൬

സ്വകഗേഹത്തിലെപ്പോലുൾപ്പൂ കുളുക്കും രസത്തോടേ
പ്രകടം സർവ്വസൌകര്യത്തികവോടിങ്ങു പാത്തിടാം." ൫൭

വിരതിപ്രിയനീവാക്യമുരചെയ്തു നൃപാലകൻ
വിരതിപ്രിയനായ്വാണു സ്ഥിരഗംഭീരപൌരുഷൻ. ൫൮

സ്വരജ്ഞാനാബ്ധിയിൽ പൊങ്ങും തിരമാല കണക്കിനേ
ഗിരമേവം പറഞ്ഞന്നു വിരമിച്ചു നൃപാലകൻ. ൫൯

നിറഞ്ഞകത്തുകൊള്ളാതെ പുറത്തേയ്ക്കു നിരന്തരം
കറവിട്ടൊഴുകും സത്ത്വതത്ത്വധരത്തിൻമൂർത്തമാംവിധം. ന്ന൦

നരച്ച താടിരോമങ്ങൾ കരത്താലേ തലോടിയും
കുറച്ചു ഹസിതംപൂണ്ടുമുരച്ചു മുനി കൌശികൻ:— ന്നഫ

"സൂരിമൂർത്താം ഭവാൻ ചൊന്ന ഗീരിനീ മോടി യുക്തമാം;
പാരിജാതത്തിലെത്തേനിൽ ഭൂരി മാധുരിപോലവേ. ന്നവ

ജ്ഞാനമായ സരിത്തിങ്കൽ സ്നാനംചെയ്തു വിശുദ്ധമായ്
മാനമേറുന്ന വാക്കിന്നു മാനസത്തെ ഹരിച്ചുമേ. ന്നമ

ഭവൽകുലത്തിലുണ്ടായോരാക്കീവചസ്സേറെ യുക്തമാം;
നവമാം പൂനിലാവിൻനൽദ്രവത്തിന്നു കുളിർമ്മപോൽ. ന്നര

സൂരവംശലതോത്പന്നാങ്കുരങ്ങളിവർ ശിഷ്യർ മേ;
വീരൻ ദശരഥൻ തന്റെ പുറമ്പ്രാണങ്ങളേവരും. ന്നദ

ആശരന്മാർ മഖങ്ങൾക്കു നാശമേകുകമൂലമായ്
അശങ്കം യാഗരക്ഷയ്ക്കെൻവശത്താക്കി കുമാരരെ. ന്നന്ന

കഴിയുമ്പോലെ ഞാൻ തത്ത്വവഴി നൽകുന്ന വിദ്യകൾ
ഒഴിയാതഭ്യസിപ്പിച്ചു വഴിപോലിവരെച്ചിരാൽ. ന്നൈ

അറിയേണ്ടുന്നതോക്കുമ്പോൾ നെറിവോടെന്തറിഞ്ഞു നാം;
ശരിയ്ക്കു ചൊല്ലാം തത്ത്വങ്ങൾ തരിയ്ക്കും കാണ്മതേതവൻ?
ന്നവ്വ

മന്നിതിന്നേതുഭാഗത്തിൽനിന്നും വന്നലപോലവേ
ഉന്നതജ്ഞാനലക്ഷ്യങ്ങളെന്നും നമ്മെയടിയ്ക്കയാം. ന്നൻ

നാമതൊട്ടും ഗ്രഹിയ്ക്കാതെ കാമം നിത്യവുമന്ധരായ്
ഊമരായ്പോണു സച്ചിദാനന്ദനാമത്തിൽ ചേർപ്പു ദൂഷണം. ൬൦

തിലത്തിലെണ്ണപോലിബ്ഭൂതലത്തിൽ ജ്ഞാനസഞ്ചയം
അലം നിറഞ്ഞിരിയ്ക്കുന്നു, ഖലർ കാണുന്നതില്ല നാം. ൬

നമ്മിലുള്ളറിവും കാണാൻ നന്മിട്ടക്കില്ലൊരുത്തനും;
വന്മിത്ഥ്യാവാദഘോഷത്താൽ തമ്മിൽത്തല്ലി നശിപ്പൂ നാം. ൰൨

ഏതത്പര്യന്തമുണ്ടായ മതശാസ്ത്രാദിസഞ്ചയം
പൂതവിദ്യാബ്ധിതൻ ബിന്ദുമിതം താൻ കണ്ടുനോക്കുകിൽ. ൰൩

പുഷ്ടമായേതു ശാസ്ത്രത്തിലിഷ്ടമുണ്ടാമതൊക്കെയും
ശിഷ്ടമായ് ചിലർ ചൊല്ലുന്നു, ശിഷ്ടരാ നിന്ദ ചെയ്തിടും. ൰൪

നാം പുകഴ്ത്തുന്ന വേദാന്തം കാമ്പു കാണാത്തതെന്നതായ്
വീമ്പു ചൊല്ലുന്നൊരാക്കൂട്ടർ മുമ്പും സുലഭമിപ്പൊഴും. ൰൫

ഏതു നന്നേതു കൊള്ളാത്തതിതു താൻ നിശ്ചയിപ്പതാർ?
ഏതുമുത്തമമല്ലെങ്കിൽ സമസ്തം നിന്ദ്യമൊക്കെയും. ൰൬

എത്രയ്ക്കുമറിവേറുന്നിതത്രയ്ക്കു ഹൃദി സംശയം
മാത്രതോറും പെരുക്കുന്നോർ ഗോത്രയിൽ ബുധരേവരും. ൰൭

അവർ ഭിന്നമതക്കാരാണേവരും സത്യദൃഷ്ടിയിൽ
ഏവം കാര്യങ്ങളോക്കുമ്പോളവശം തത്ത്വമേവനും. ൰൮

ധർമ്മകല്പന ശക്തന്മാർതൻ മഹാസ്വാത്ഥമൊക്കെയും;
നന്മയോർക്കാതതല്പന്മാർ മേന്മയോടാദരിപ്പതാം. ൰൯

കുറച്ചുട്ടത്ത ഗേഹത്തിൻ പറമ്പേകൻ ഹരിയ്ക്കുകിൽ
നരനാഥൻെറ ശിക്ഷയ്ക്കു വിരവോടവനർഹനാം. ൨൰

സ്പൃഹയോടന്യസാമ്രാജ്യമാഹവത്തിലൊരുത്ഭവൻ
ഇഹ തൻ കയ്ക്കലാക്കീടിൽ മഹത്താം ധർമ്മമായതും. ൨൰൧

അതിനായ്ക്കോടിലോകങ്ങൾ മൃതിയ്ക്കാഹാരമാക്കിടാം;
ക്ഷിതിയിങ്കലസംഖ്യധാരാസ്രുതിഗർത്തങ്ങൾ ചേർത്തിടാം. ൨൰൨

ഗോവധം ചെയ്തു മാംസത്തെപ്പാവമേകൻ ഭുജിയ്ക്കുകിൽ
അവനാ നരകാവാസം കൈവരുമ്പോലുമെപ്പൊഴും. ൨൰൩

എന്നാൽ പശുവെ യാഗത്തിൽ കൊന്നാ മാംസം ഭുജിപ്പതോ
ഇന്നാഢ്യവിപ്രന്നം ധർമ്മ,മന്നാകമവർ പൂകുവോർ. ൮൪

ഒരുത്തൻ പാവ; മന്ന്യൻ വൻകരുത്തൻ, ഭേദമിന്നിതാം;
ഇരുകൂട്ടരുമൊപ്പംതാനരുതാത്തതു ചെയ്യുവോർ. ൮൫

പുറത്തുനിന്നകത്തേയ്ക്കു കുറച്ചാ ശ്വാസമേൽക്കവേ
ചെറുപ്രാണികളെത്രയ്ക്കു മൃത്യുവക്ത്രഗതങ്ങളാം. ൮൬

ഭുവതിൽ തരുസസ്യാദി ജീവചൈതന്യമുള്ളതാം
അവകയ്ക്കെത്ര നാം ഹാനി ഹാ! വരുത്തുന്നു നിത്യവും. ൮൭

ചെറുതാം പുഴുവെത്തിന്നും ധരയിൽ പാർത്തു പാററകൾ
തരമോടോന്തതിൻകാല,നരവം തിന്നുമോന്തിനെ. ൮൮

കുടിയാനവനെജ്ജന്മി മുടിയ്ക്കും ജന്മിയെത്തഥാ
അടിയേ മന്നർ മന്നന്മാരിടിയും ചക്രവർത്തിയാൽ. ൮൯

വിരുതിൽ കൃശർതൻ ഹിംസ കരുത്തുള്ളവരീവിധം
വരുത്തുമതു പാരിൻെറ പെരുത്തൊള്ളൊരു ധർമ്മമായ്. ൯൦

ബലമുള്ളോരെയാരാണീയുലകിൽ ശിക്ഷ ചെയ്യുവാൻ?
കൊലയും ധർമ്മമക്കൂട്ട,ക്കലെമന്യർക്കധർമ്മവും. ൯൧

സമുദായം മതം ജാതി ക്രമം നീതിയിതൊക്കെയും
ഈ മന്നിൽ നിലനിന്നാലും നമുക്കെന്തുളവാം ഫലം? ൯൨

ജനനം മരണം രോഗം കുനയം മദ്യപാനവും
ധനവും മോഷണം ഛിദ്രം മനസ്സങ്കടമുൽകടം; ൯൩

പല ദോഷങ്ങൾ മുന്നെപ്പോൽ നിലനില്ക്കുന്നിതെപ്പൊഴും;
ഉലകിൽധർമ്മനിഷ്ഠയ്ക്കു വിലവാക്കിങ്കൽ മാത്രമായ്. ൯൪

ചോരർ പാവങ്ങൾ നീചന്മാർ ജാരർ ദുർബലർ വമ്പരും
വീരർ ഭീരുക്കളെന്നോരോ തരക്കാരെന്നുമുള്ളതാം. ൯൫

പരലോകത്തിലെത്തുമ്പോൾ നരർ കർമ്മഫലങ്ങളെ
തരസാ ഭുജിക്കുമെന്നായിപ്പറയുന്നു പഠിച്ചവർ. ൯൬

നാളത്തെപ്പരലോകത്തിലുളവാകും സുഖത്തിനായ്
മിളദൈഹികസൌഖ്യത്തെക്കളയാനാരൊരുക്കമാം? ൯൭

ഏററം ദാഹിപ്പവൻ നാളെക്കിട്ടും ദുഗ്ദ്ധരസത്തിനായ്
തിട്ടമിന്നുള്ള തണ്ണീർ കൈവിട്ടു പോകില്ല നിർണ്ണയം. ൯൮

മേലിൽ കിട്ടും മയിലിലും ചേലിന്നത്തേക്കപോതമാം
തോലിവിട്ടിന്ദ്രിയാനന്ദം പാലിപ്പോക്കിതുതാൻ മതം. ൯൯

മൃത്യനന്തരമേൽക്കുന്ന ഗത്യവസ്ഥകളൊക്കെയും
അത്യഗാധാശയന്മാൎക്കും സത്യം ദുർഗ്രഹമല്ലയോ? ൧൦൦

ഹിതംപോൽ പലരും ചൊല്ലും മതം പലതുമീവിധം;
ധൂതതത്വസഹസ്രത്താൽ ചിതം ലോകമിതെന്മതം. ൧൦൧

സുതരാം ശുഭമായ്ത്തന്നെ സുതയ്ക്കുദ്വാഹമുത്സവം;
ഹിതംപോലെ നടന്നീടും; ക്ഷതമേൽക്കില്ലൊരല്പവും.” ൧൦൨

മതിമാനീവിധം ചൊല്ലിയതിവിശ്രാമമേന്തിനാൻ
അതിശിഷ്ടംസമാജം മുദ്രതികല്ലോലിതാഭമായ്. ൧൦൩

ലസത്തോരണമന്ദാരവിസരന്മധുഗന്ധിയായ്
ബിസശീതളസംസ്പർശവാൻ ചുററി മാരുതൻ. ൧൦൪

ബൃഹത്തത്വപ്രവാഹാന്തർവഹദ്വിഹൃതിയേൽക്കയാൽ
മഹർഷിമാർ ശിരഃകമ്പം പ്രഹർഷാൽ ചെയ്തു സൎവ്വരും. ൧൦൫

ലീലവിട്ടു മരാളത്തിൻ കുലമാ ശുകപോതവും
വിലസിച്ചു തദാ ഹർഷാകുലമാശു കപോതവും. ൧൦൬

ജ്ഞാനകന്ദളിതാത്മാവാ മാനവേന്ദ്രോത്തമൻ തദാ
മൌനമായ കവാടത്തെപ്പുനർഭഞ്ജിച്ചു സാദരം, ൧൦൭

ഭവദാങ്ഘ്രിമഞ്ജരീപുഞ്ജദ്രവത്തത്ത്വമധൂദ്ഗമാൽ
പ്രവൎദ്ധിതാതുലാഹ്ലാദവിവശസ്വാന്തനായി ഞാൻ. ൧൦൮

തത്ത്വമേതിനുമുള്ളിങ്കൽ സത്ത്വമാൎന്നിലസുന്നതാം;
സത്വരം മാംസചക്ഷുസ്സാൽ തത്ത്വദൃശ്യകമേവനും. ൧൦൯

പുറമേയുള്ള രൂപത്തിൻ നിറം തൊട്ടവയിങ്കൽ നാം
വെറുതേ തത്ത്വവിഭ്രാന്തി ചിരമേൽക്കുന്നു മന്ദരായ്. ൧൧൦

പ്രതിബിംബമനല്പാംഭസ്സതിലൊട്ടേററിടാത്തപോൽ
ക്ഷതി കാമാദിയാൽ ചേരും മതി തത്ത്വം ഗ്രഹിച്ചിടാ. ൧൧൧

ശമയോഗാദിയാൽ, ഭോഗഭ്രമമുള്ളിന്ദ്രിയങ്ങളെ
ദമനംചെയ്തിലന്നേരം സ്വമനസ്സു തെളിഞ്ഞിടും. ൧൧൨

സ്വാത്മമിന്ദ്രിയദാസ്യത്തെസ്സത്തദുപായോഗശക്തിയാൽ
ഛേത്തുകറേറണ്ടതേവൎക്കും ചിത്തശുദ്ധിയ്ക്കു വേണ്ടതാം. ൧൧൩

ചിത്തമായ സുവൎണ്ണത്തെ നൽത്തപോഗ്നിയിലിട്ടു നാം
ഉത്തപ്തമാക്കിടാതാത്മസത്തമദ്യുതി കൈക്കൊൾവരാ. ൧൧൪

കാമക്രോധാദിമാലിന്യധാമമാം ഹൃത്തിലെപ്പൊഴും
കാമം വസ്തുക്കൾ തൻ തത്ത്വം വാമമായ്ത്തോന്നുമേവനും. ൧൧൫

ഒന്നുതാൻ തത്ത്വമെന്നുള്ളതെന്നും രണ്ടായിടാത്തതാം;
മന്ദൎക്കതു പലേമട്ടിൽ തോന്നുമുൾക്കറമൂലമായ്. ൧൧൬

തീരെക്കാമാദിദോഷത്തെത്തുരത്തിട്ടരെയാക്കുവാൻ
കരൾക്കരുത്തു യോഗിയ്ക്കും കുറയുന്നു പലപ്പൊഴും. ൧൧൭

അതിനാലാത്തരക്കാർതൻ കൃതികൾക്കും ചിലപ്പൊാം നാം
ക്ഷതി കാണുന്നു, നിൎദ്ദോഷം ക്ഷിതിയിൽ സൎവ്വദുൎല്ലഭം. ൧൧൮

ശാന്തിയാലിന്ദ്രിയഗ്രാമഭ്രാന്തിയെ ദൂരെയാക്കുകിൽ
പന്തിയായുൾക്കരളിൽ ജ്ഞാനകാന്തി താനേ ഭവിച്ചിടും. ൧൧൯

ചിത്തത്തിൽ സുദൃഢാഭ്യാസവർത്തനംകൊണ്ടുതന്നെ നാം
തത്ത്വമുളവാക്കേണം സത്തമം ഗതി കൈവരാൻ. ൧൨൦

അവശസ്വാന്തർ തൻജ്ഞാനം ലവവും വിലയററതാം;
നവചിത്രഗമായ്മിന്നും സുവർണ്ണമണിവാളുപോൽ. ൧൨൧

അലബ്ധാനുഭവന്മാരാമലസാശയർ തദ്വിധർ
പലതും ചൊൽകിലും തത്ത്വം ഫലമില്ലാത്തതൊക്കെയും. ൧൨൨

ശ്രേഷ്ഠം സ്വാനുഭവം പൂണ്ട ശിഷ്ടർ താൻ ദൃഷ്ടദൃശ്യരാം;
ഇഷ്ടംപോലവർ ധർമ്മത്തിൻ പ്രേഷ്ഠതത്ത്വം ഗ്രഹിച്ചവർ. ൧൨൩

ഗുണവും ദോഷവും ധർമ്മഗണമേററമധർമ്മവും
ഇണങ്ങുമധികാരത്താൽ ഗണനം ചെയ്തിടുന്നതാം. ൧൨൪

പുറമേ നമ്മൾ കാണുന്ന തരമായ്ത്തന്നെ സർവ്വദാ
കരളിൽ ഗുണദോഷങ്ങൾ കരുതുന്നില്ല പണ്ഡിതൻ. ൧൨൫

ജ്വരാർത്തനംബുപാനത്താലൊരാശ്വാസകണം ക്ഷണം
വരാമെന്നാകിലും ഭാവി ദുരാതങ്കദമല്ലയോ? ൧൨൬

അതുപോൽ തിയ്യിൽ വീണങ്ങുമതുലം ദശ്ധമാമൊരാൾ
പുതുനീരിൽ പതിച്ചെന്നാലതുമ്പും സുഖമേല്ക്കുമോ? ൧൨൭

ചതവോ മുറിവോ ചേർന്നാൽ ക്ഷതമുള്ളങ്ങമൊക്കെയും
ഹിതംപോലെ മുറിച്ചപ്പോൾ ദൂതം തള്ളുന്നു ദൂരെ നാം. ൧൨൮

തൽകാലഗുണദോഷങ്ങൾ നോക്കാറില്ലറിവുള്ളവർ;
മേൽക്കൈകെസ്സാത്ത്വികം സൌഖ്യമേൽക്കാൻ യത്നിയ്ക്കു
[ധർമ്മമാം. ൧൨൯

ശ്രുതിസ്മൃതിസദാചാരതതിയെന്നിവയൊക്കെയും
പതിവായ്ക്കാട്ടിട്ടും ധർമ്മഗതി വിജ്ഞർക്കു സമ്മതം. ൧൩൦

അദ്ധ്വരത്തിങ്കൽ നാം ചെയ്യും ശുദ്ധമാം ഗോവധത്തിനെ
മുശ്ധർ നിന്ദിപ്പതജ്ഞാനബദ്ധന്മാരാകകൊണ്ടുതാൻ. ൧൩൧

ബൌദ്ധർ ചൊല്ലുംവിധം പാപബദ്ധം താൻ ഹിംസയൊ-
[ക്കെയും
തദ്ധർമ്മഹരമെന്നോക്കിൽ സിദ്ധമാകുന്നതെങ്ങനെ?* ൧൩൨

ഉലകിൽ ഖലർ വദ്ധിച്ചാൽ പല ദോഷങ്ങളേററിടും;
കുലധർമ്മങ്ങളെല്ലാം പോം, വലയും ബലഹീനരും. ൧൩൩

കറയ്ക്കു ലാക്കായ് ദിക്കൊക്കെക്കറക്കും, ലോകമശ്ശഠർ
കറക്കും, ധർമ്മവും തന്മൂഷ്ക്കുറക്കും നഷ്ടമാം സുഖം. ൧൩൪

പരസ്വാപഹരണം, യാഗവിരളത്വം, മഹാമയം
മരണം, ക്ഷാമമിത്യാദി നിറയും നാട്ടിലൊക്കെയും. ൧൩൫

ശ്രുതിസ്മൃത്യുക്തധർമ്മത്തിൻഗതി ലോകത്തിലേററം മേൽ
സ്ഥിതിയ്ക്കുയച്ച് വന്നീടാനതിനാൽ പോരനിന്ദ്യമാം. ൧൩൬

ഉടലിൽ ദോഷവൈഷമ്യാൽ തടവും പിടകാലിയെ
ഉടൻ ശസ്ത്രപ്രയോഗത്താലുടയ്ക്കുന്നു ഭിഷഗ്വരർ. ൧൩൭

ക്ഷമയിൽ തദ്വിധംതന്നെ സമരം രാജധർമ്മമാം
ക്രമംപോലതിലേ ഹിംസ വിമലം പുണ്യഹേതുതാൻ. ൧൩൮

ശിക്ഷ, ഹിംസാത്മകം മൂഢപക്ഷത്തിൽ ത്യാജ്യമാകിലോ
രൂക്ഷമാം തെററു ചെയ്യോക്കും രക്ഷ നൽകേണ്ടതല്ലയോ?
൧൩൯

ആ നിലയ്ക്കൂഴി ലാക്കായാൽ ഗ്ലാനി ധർമ്മത്തിനേററുടൻ
ഹാനി പററുന്ന ലോകത്തിൽ പേ നിന്ദ്യം ശ്രേഷ്ഠമീമതം. ൧൪൦

ദുർവ്വാദബഹളം ക്രുട്ടാൻ ചാർവ്വാകമതമുത്തമം;
ഗുർവ്വാഗമജ്ഞർതൻ കണ്ണിൽ സർവ്വാബദ്ധമതന്ധവും. ൧൪൧

പതിയില്ലാത്ത,വൻസേനാതതിയെന്നതുപോലവേ
അതിക്രമം പ്രവർത്തിച്ചു പതിച്ചീട്ടുന്നു നാസ്തികർ. ൧൪൨

ദൈവമില്ലെന്നു ഘോഷിയ്ക്കുമാ വമ്പന്മാർ സുധീരരും
വൈവശ്യം തങ്ങളിൽ തട്ടിൽ ഭാവം മാറുന്നു തൽക്ഷണം.
൧൪൩

ജലമില്ലാതെതാൻ സസ്യകുലം സമ്പുഷ്ടി നേടിടാം;
ഉലകം ധർമ്മമില്ലാതെ നിലനിൽക്കാൻ ഞെരുക്കമാം. ൧൮൪

ഭ്രാന്തി കൈക്കൊണ്ടിടും ലോകദന്തി നേർവഴി പോയിടാൻ
പന്തിയിൽ ധർമ്മമാം തോട്ടിയേന്തിടായ്കിലശക്യമാം. ൧൮൫

ജീവികൾക്കാകെയാധാരമായ് വിളങ്ങുന്നതന്നമാം,
ആ വിശിഷ്ടാന്നപങ്ക്തിയ്ക്കു കാർ, വിചാരിയ്ക്കിലാശ്രയം.
൧൮൬

ഉലകിൽ, സർവ്വദാ മേഘകുലത്തിന്നാശ്രയം മഖം,
നലമാളുന്ന കർമ്മത്തിൽ നിലനില്ക്കുന്നു യജ്ഞവും. ൧൮൭

സ്വതഃപ്രമാണമാം വേദമതാകർമ്മത്തിനാശ്രയം,
ഹിതമാം ധർമ്മവും ബ്രഹ്മമതനിർദ്ദിഷ്ടമേവനും. ൧൮൮

ധർമ്മബ്രഹ്മജഗദ്ബന്ധമർമ്മമേവമറിഞ്ഞവർ
നിർമ്മമാശയർ നമ്മൾക്കു ശർമ്മമാർഗ്ഗം തുറന്നവർ. ൧൮൯

അതിനെത്തട്ടി നാം മാററിയതിരററു തിളയ്ക്കുകിൽ
ഗതിമുട്ടിയൊടുക്കം പോയ് പതിയ്ക്കും പാപസിന്ധുവിൽ. ൧൯൦

മഴ വേണ്ടപ്പൊഴില്ലാതെ പിഴച്ചീടുന്നുവെങ്കിലോ
അഴലേററു വരണ്ടെത്ര കുഴങ്ങീടുന്നു ജീവികൾ! ൧൯൧

അതിവൃഷ്ടി ഭവിച്ചാലും മതി, ലോകം നശിയ്ക്കുവാൻ;
ഇതി വർത്തിയ്ക്കുവേ വിശ്വസ്ഥിതി, നാമെത്ര ദുർബലർ! ൧൯൨

ലോകത്തെത്താങ്ങിടും തൂണതേകം ധർമ്മ,മതിന്നു വേർ
അകമ്പമാഗമത്തിങ്കൽ തികവോടൂന്നി നില്പതാം. ൧൯൩

നരക്കു നോക്കമെത്താതുള്ളൊരത്തുംഗസ്ഥലങ്ങളിൽ
പരമെത്ര മഹാശക്തിപരമ്പരകൾ വെൽവു ഹാ! ൧൯൪

സൂര്യചന്ദ്രാദിഗോളങ്ങൾ നീരദാദികളെന്നിവ
നരരെക്കീഴിൽ നിർത്തും നിർഭരശക്തികളല്ലയോ? ൧൯൫

മരണം ജനനം കർമ്മനിര വാസനയും ഗുണം
പരമിത്ര്യാദികൾക്കും നാം—നരർ—പാവകൾ നിർണ്ണയം. ൱൬൨

കാളയെക്കയറേന്തിദ്ധീയാളും കർഷകനെന്നപോൽ
നീളെ ലോകം നയിപ്പൂ മേലാളൊരാൾ തൻഹിതപ്പടി. ൱൬൩

ഈശ്വരാർപ്പണമായ് ധർമ്മം വിശ്വത്തെ നിലനിർത്തുവാൻ
ശാശ്വതാനന്ദദം നമ്മളാശ്വനുഷ്ഠിയ്ക്കു യുക്തമാം. ൱൬൪

സ്വന്തം വപുസ്സിന്ദ്രിയങ്ങൾ—സ്വാന്തമെന്നിവ കൂടിയും
ചിന്തപോൽ കീഴിൽ നിൽക്കാതെ സന്തപിയ്ക്കുന്ന നാം ജളർ. ൱൬൫

അന്നമ്മൾ മൂന്നുലോകങ്ങൾ തന്നധീനത്തിലായതായ്
ഉന്നതോന്മാദരായ്ച്ചൊല്ലിലിന്നതിന്നെന്തൊരർത്ഥമാം? ൱൭൦

ഞാനെന്നുള്ളൊരഹംഭാവദീനമാമുക്തമാകിലോ
വാനം ഭൂലോകമേതാൾക്കുമീ നമ്മൾ സുമനസ്സുകൾ. ൱൭൧

'ബ്രഹ്മമൊന്നാകെ, രണ്ടില്ല, നിർമ്മമം സർവ്വും സമം'
ഇമ്മഹാബുദ്ധി സംസാരാലുന്മത്തൾക്ക് വരാൻ പണി. ൱൭൨

'തത്ത്വമസ്യാദി' വാക്യാന്തസ്തത്ത്വമത്യന്തസൂക്ഷ്മകം
ചിത്തത്തിൽ വിഷയഭ്രാന്തി മൂത്തവർക്കെവ്വിധം വരും? ൱൭൩

കർമ്മയോഗമഹാമാർഗ്ഗം നിർമ്മലം യുക്തമേവനും
നിർമ്മദം ചെയ്തിടും സ്വസ്വധർമ്മം സിദ്ധിയ്ക്കു ഹേതുവാം. ൱൭൪

ജ്ഞാനയോഗിയ്ക്കുനാവശ്യം നൂനം കർമ്മാദിബന്ധനം;
ആ നരശ്രേഷ്ഠനൽകൃഷ്ടസ്ഥാനസ്ഥൻ മന്ദനന്യനും. ൱൭൫

അന്തഃപ്രകൃതിശാസ്ത്രത്തിൽ വന്തത്ത്വത്തെ ഗ്രഹിപ്പവർ
ചിന്തചെയ്തിട്ടു താൻ ധർമ്മബന്ധം കല്പിച്ചിതുഴിയിൽ. ൱൭൬

ഗുണദോഷങ്ങളെപ്പററിഗ്ഗണനം ചെയ്യിടേണ്ട നാം;
തുണയായ് ശാസ്ത്രമാർഗ്ഗത്തെ പ്രണമിച്ചു വരിയ്ക്കണം. ഫന്നൈ

ഏതു, ശിഷ്ടർ ചരിച്ചുള്ള,തേതു വൃദ്ധൎക്കു സമ്മതം,
ഹിതമോടതുകൈക്കൊള്ളുകിതുതാൻ വിജ്ഞർതന്മതം. ഫന്നവ്യ

മുന്നമുണ്ടായ വിജ്ഞന്മാർ മന്ദന്മാരപരിഷ്കൃതർ;
ഇന്നുള്ളവർ മഹാന്മാരുമെന്നു ചിന്തിയ്ക്കു പാപമാം. ഫന്നൻ

ധൎമ്മമാൎഗ്ഗം തുറന്നിട്ടോരമ്മഹാത്മാക്കൾ യോഗികൾ
നിൎമ്മമസ്വാന്തർ സത്യത്തിൽ നമ്മൾക്കവർ പിതാക്കളാം. ഫൌ

പരത്തിൻ സത്തയെപ്പററിപ്പറയുന്നുണ്ടു വേദവും;
നരൎക്കനേഭവം നാനാതരത്തിൽക്കാൺമു തദ്വിധം. ഫൈ

രക്ഷഃപ്രേതപിശാചൗഘം രക്ഷയില്ലാതനാഥരായ്
രൂക്ഷം ബാധിച്ചിരിപ്പോൎക്കു വിക്ഷതം ചേൎപ്പു നിർഭരം. ഫവൈ

തിലഹോമം ഗയാശ്രാദ്ധം പല ദാനങ്ങളാദിയാൽ
ബലമുൾക്കൊണ്ടിട്ടു പ്രേതകുലത്തിൽ ഗതി ചേൎപ്പു നാം. ഫബൈ

പ്രേതങ്ങൾ ഗതി കൈവന്നു പ്രീതരാകാതിരിയ്ക്കുകിൽ
ആതങ്കമേറുമൈശ്വര്യപാതമാക്കും ഭവിച്ചിടും. ഫരൈ

പണ്ടാര്യർ തീർത്ത വിജ്ഞാനഖണ്ഡോപഖണ്ഡശതങ്ങളെ
പൂണ്ടാസ്ഥയാദരിക്കുവാൻ ഗ്രന്ഥംകൊണ്ടാക്കും സാദ്ധ്യമെപ്പൊഴും. ഫരൊ

തുമ്പാളും പൂൎവ്വർതൻ തത്ത്വസമ്പാദ്യത്തെബ്‌ഭുജിക്കുവാൻ
എമ്പാടുമവകാശത്തെ നാം പാലിയ്ക്കേണ്ടതല്ലയോ? ഫന്നെ

നാം തന്നെ വിജ്ഞരെന്നുള്ള ചിന്ത നന്നല്ലൊരുത്തനും;
സ്വാന്തം പൂൎവ്വപിതാക്കൾക്കു നീണ്ടും കുട്ടികളാണു നാം.” ഫൈ

ഏവം രാജാവു ചൊല്ലിച്ചെറുതു വിരതി കൈ-
ക്കൊള്ളവേ ക്ഷേത്രശങ്ഖാ-
രാവം വൈതാളികന്മാക്കുടയ മധുരമാം
ഗീതിയോടൊത്തുയന്നു;
ദേവൻ സൂൎയ്യൻ തനിയ്ക്കുള്ളരുണത ശരിയാ-
യത്ഥവത്തെന്നു കാട്ടി-
ബ്ഭാവം മാറുമ്പൊഴന്നാ നൃപതി മനി, സമാ-
ജത്തെ വേഗം പിരിച്ചാൻ. ൨൧൮

പുത്തൻ പൊൻതൊപ്പി വൃക്ഷാവലികളുടെ മുടി-
യ്ക്കു,ഷ്ലകണ്ണാവതംസം
ദിക്തന്വിയ്ക്കു,പ്രവാളോദ്ഗതസുഭഗതര-
ശ്രീ പയോധിയ്ക്കു,മേന്മേൽ
ചിത്തത്തിൽ തീക്കനൽക്കട്ടകളരിയ രഥാ-
ങ്ഗിയ്ക്കു, പൂമ്പട്ടു സന്ധ്യ-
യ്ക്കുത്തപ്പിൽ സൂരശോണദ്യുതി വിവിധവിലം-
സങ്ങളിമ്മട്ടു നേടി. ൨൧൯

മന്നാകെപ്പേത്തുമൂരംച്ചൂടരുളിയ പകലാം-
കാസരാഖ്യാസുരാഗ്ര്യൻ
തന്നാശം ചേത്തുടൻ തൽഖരമിഹിരശിര-
സ്സുന്മഥിച്ചുരംപ്രകോപാൽ
തന്നാകാരത്തിലെങ്ങും നവരുധിരമണി-
ഞ്ഞൊട്ടു പാരുഷ്യമോടൊ-
ത്തന്നാളാ സന്ധ്യ രാജിച്ചിതു പുരുരുചി മെ-
യ്ക്കാളിയാക്കാളിപോലെ. ൨൨൦

സൂരൻ രാഗം കരങ്ങൾക്കടയത്തു യുവലോ-
കാശയത്തിങ്കലും; തദ്-
ഘോരം ചൂടാ രഥാങ്ഗീകുലഹൃദയതട-
ത്തിങ്കലും, സ്വപ്രകാശം
സാരം ചേരുന്ന ദീപാവലിയിലുമരുളി
ത്ത്യാഗിയായ് വന്നൊട്ടുക്കം
സ്ഥാരം ശ്രീമദ്വനൈഘൈസ്ഥലമധിഗതനായ്
സത്ത്യഹംസാന്ദഭാവൻ. ൃവ്യഥ

നാനാനക്ഷത്രഭൂപാലകർ നിറയെ വിള-
ങ്ങുന്ന വിൺമണ്ഡപത്തിൽ
താനാ ധ്വാന്തോഗ്രചാപം പട്ടതയൊട്ടു ബലാദ്
ഭഞ്ജനം ചെയ്തു വേഗം
പീനാശം കൌശികാന്തഃകത്തുകദനത്തുനാൾ
ലക്ഷ്മണാസക്തനേററം
മാനാർഹൻ പൂർണ്ണചന്ദ്രൻ ഹിതമൊട്ടു രജനീ-
ദേവിതൻ കൈപിടിച്ചാൻ. ൃവ്യവ

ഏകൻ ഹംസം നികാമം കടലിലധിപതി-
ച്ചീടവേ ശ്വേതപക്ഷ-
ശ്രീകമ്രൻ തദ്ദ്വിജേന്ദ്രൻ പരന്ദയമിയ-
ന്നേററവും വിഷ്ഫുരിച്ചു;
ശോകത്താൽ മങ്ങി മുററും കമലനികരമൊ-
ന്നന്യമൽകർഷമേൽപ്പൂ;
ലോകത്തിൽ ജാതിയൊന്നാകിലുമനുഭവമേ-
ല്ക്കുന്നു കർമ്മാനുകൂലം. ൃവ്യനു

തൂവെള്ളപ്പട്ടണിഞ്ഞിട്ടുടലിലുരസി മൃ-
ല്ലാട്ടു പാടീരസാര-
സ്രാവം കൊള്ളിച്ചു കുന്ദപ്രസവസുഭഗമാ-
ല്യങ്ങൾ മൌലിയ്ക്കിണക്കി
പൂവമ്പാച്ചൂട്ടു കൂട്ടം തരുണികൾ യുവസ-
ങ്കേതഭൂനോക്കി ലാക്കിൽ
ശ്രീവമ്പിയ്ക്കും നിലാവേന്തിയ നിശയിലിതാ
മെല്ലെ മെല്ലെച്ചരിപ്പൂ. ൧൨൪

ദേവന്മാൎക്കും ചകോരപ്പറവയുടെ കുല-
ത്തിന്നുമാത്മാംശുസമ്പ-
ത്തേവൻ നൽകുന്നിതൊപ്പം സിതവുമസിതവും
പക്ഷമാർ തുല്യമേല്പൂ;
പാവപ്പെട്ടുള്ള പൊട്ടക്കുടിലിലുമൊരുപോൽ
മേരുശൃംഗത്തിലും നൽ-
ഭാവത്തോടാർ പൊഴിപ്പൂ സുധ, സമത വഹി-
പ്പോക്കവൻ ചന്ദ്രനഗ്ര്യൻ. ൧൨൫

മാരൻ തൻ പ്രാണമിത്രം തുഹിനകര,നിവ-
ക്ക്രു യോജിപ്പു കാൺമൂ;
ഘോരം ത്ര്യക്ഷൻെറ കണ്ണിൽത്തനുവതനു ദഹി-
പ്പിച്ചു കണ്ടിശ്ശശാങ്കൻ
വൈരസ്യാലാദ്യനാകും പുരുഷനുടയ തൻ
സൂരചക്ഷുസ്സിലാത്മാ-
കാരത്തിന്നേകിടുന്നു വിലയ,മിതുസുഹൃ-
ദ്ധൎമ്മമത്യന്തയുക്തം. ൧൨൬

ക്ഷീരാബ്ധിയ്ക്കുള്ളിൽനിന്നും പിറവി തടവിയോ-
　　രിന്ദുതൻ തൂനിലാവിൻ-
പൂരാൽ പാരിങ്കലൊന്നല്ലനവധി നവ ദു-
　　ഗ്ദ്ധാബ്ധി നിർമ്മിച്ചിതിപ്പോൾ
നേരായ് ബീജംകണക്കങ്കുരഗതി നിയതം,
　　വാക്കി തന്വത്ഥമാക്കി-
ത്താരാനാഥൻ ജയിയ്ക്കുന്നിതു ജനകനിലും-
　　കൂട്ടമൽകഷമോടേ. ൧൰൬

ആതങ്കം രാത്രിയാകും വധുവിലധിഗമി-
　　ച്ചേകുമാദ്ധ്വാന്തമാം വൻ-
ഭൂതത്തിൻബാധ ചക്രവ്രജരുദിതമഹാ-
　　മന്ത്രമോടൊത്തിണക്കി
ശ്വേതശ്രീ ചന്ദ്രികാഭസ്മകവിതതി ജപി-
　　ച്ചിന്ദു മാററീടവേ നൽ-
ച്ചൈതന്യത്താൽ തുറന്നാളവൾ കുവലയമാം
　　നേത്രമസ്താത്മമോഹം. ൧൰൭

വാനായീടും മഹത്താം പലകയുടെ പുറ-
　　ത്തിന്ദു ദൈവജ്ഞനാത്മ-
സ്ഥാനാഹം താരകോള്യൽക്കവടികൾ നിരയായ്-
　　വെച്ചു വേണ്ടുംവിധത്തിൽ
താനാകെസ്സംഗ്രഹിച്ചാക് ഖഗഗതി, ഗണനം
　　ചെയ്യതുണ്ടെന്തിതാവോ;
മൌനാഭം തത്ര രാവാം മഹിതമഹിളതൻ
　　ജാതകം പാർക്കയാവാം. ൧൰൮

വാരംതോറുമട്ടത്തശിപ്പൊരു ഖലൻ
    സ്വർഭാനുവിൻ പല്ലുകൊ-
ണ്ടേറും ശുഭ്രഗണത്തിൽനിന്നു പൊഴിയും
    പീയൂഷമാളും ശശി
താരമ്പൻ രതിയെന്നിവക്കുടയൊരു-
    ദ്വാഹാഭിഷേകോത്സവേ
സ്വൈരം ലബ്ധസഹസ്രധാരകലശ-
    ശ്രീലൻ നമുക്കാശ്രയം. ൨൱൦

തദാ രജനിയേവമന്നധിഗമിയ്ക്കവേ കൌതുക-
പ്രദാഭർ രഘുപുത്രരൊത്തു കൃതകൃത്യനായ് കൌശികൻ
ഉദാരചരിതൻ നൃപനുടയ നിസ്തുലാതിഥ്യ സ-
മ്പദാഭ്യുദയമേററു തത്പുരിയിൽ വാണു പൂതാശയൻ. ൨൱൧

— —:o:— —

## പതിന്നാലാം സൎഗ്ഗം.

ധര നിജ തനുജാവിവാഹഘോഷാൽ
കറ കലരാത്ത വിശേഷകാന്തിയേൽക്കെ
നരരനവധി തൽപുരത്തിലെത്തി-
പ്പുരമകുതൂഹലമോടു മേവിയന്നാൾ ൧

നരർ ജവമൊടു ലക്ഷലക്ഷമായ് തൽ-
പുരഭുവി വന്നു നിറഞ്ഞുകൂടിയെങ്ങും;
മുരഹരനുടെ കുക്ഷിയിൽ ജഗത്തിൻ-
നിരകൾ കണക്കവരൊക്കെയങ്ങൊതുങ്ങി. ൨

നടികളുടയ നൎത്തനങ്ങൾ, നൽച്ചെ-
പ്പടി, മുദമേകിന നല്ല മല്ലയുദ്ധം,
അടിയെ മിഴി മയക്കുമിന്ദ്രജാലം
പൊടിപൊടിയായിവ വാച്ചു തൽപുരത്തിൽ. ൩

അടി തളിയിവ ചെയ്തു വെള്ളമണ്ണിൻ-
പൊടി വിതറിക്കനകാഭതോരണത്താൽ
കുടിലുകളുമതിങ്കലാവഹിച്ചു
ഘടിതനവോത്സവകാന്തിപാരതന്ത്ര്യം. ൪

മുരളി കുഴലു കൊമ്പു ചെണ്ട നാഗ-
സ്വരമഥ വീണ മൃദങ്ഗമെന്നിതെല്ലാം
സരസരവമണച്ചു കാതുകൾക്ക-
പ്പുരഭുവി ലോകകുതൂഹലം വളൎത്തി. ൫

ധൃതരസമധികാരമൊത്തു കാൎയ്യ-
സ്ഥത തടവും നൃപഭൃത്യരങ്ങുമിങ്ങും
ദ്രുതഗതിയൊടു തത്ര കീഴിലുള്ളോർ-
ക്കുതകിന ശാസനം ചേൎത്തു സഞ്ചരിച്ചു. ൬



SRI KRISHNAVILASAM READIN[G] ... KEEL ... WOR[KS]

"ഇവരിരുവർ ഗമിച്ചു വണ്ണരാട്ടിൻ-
ഭവനമടിച്ചു മടിച്ചുനിന്നിടാതെ
ജവമൊരുരുചി ചേർത്തിടട്ടെ മററു-
ള്ളവർ ഭടർ തൽപരിചയ്യ ചെയ്തിടട്ടെ. ൭

ജലമതി പതിനാറനെങ്ങു? താനെ-
ന്തിളവനെടുത്തു മുറിച്ചിടാതെ നിൽപ്പൂ?
കലവറകളിലിട്ടു ചീച്ചുവാരി-
ക്കളവതിനല്ലിവ ഞാൻ വരുത്തിവച്ചു. ൮

വിരുതിനൊടു മുറുക്കിയും രസിച്ചും
വെറുതെയിരിപ്പതിനിങ്ങിതല്ല നേരം;
കരുമന കറികൾക്കു തെല്ലണഞ്ഞാൽ
വരുമതുനേരമെനിയ്ക്കു ഭാവഭേദം. ൯

കളി പറയുകയല്ല നിദ്ര മാററി-
ത്തെളിവൊടെണീയ്ക്കു പരിപ്പുകാരനാം താൻ"
മിളിതബലമൊടേവമാജ്ഞയോരോ-
ന്നൊളിയൊടു നല്കി നടന്നു രാജസേവർ. ൧൦

പരിചൊടു പല വീരവാദമോതി-
ച്ചൊറി മടി വിട്ടഥ മാന്തിയും പറിച്ചും
മുറിവസനമുടുത്തു ശുദ്ധകള്ള-
ക്കറി തടവിച്ചില വൈദ്യർ വന്നുചേർന്നു. ൧൧

"നരവരനെ പിടിച്ച സന്നിപാത-
ജ്വരമരനാഴികകൊണ്ടു മാററിയീ ഞാൻ
വരമതി തിരുമേനി തന്ന ഭൂഷാ-
നിരകളെനിയ്ക്കു ചുമക്കുവാൻ ഞെരുക്കം. ൧൨

സുരകുലപതിതൻ വിമാനമൊന്നെൻ-
പുരയുടെ മുററമതിങ്കലിപ്പോൾ നിൽപ്പൂ;
ശിരസി രുജ ശചിയ്ക്കു വാച്ചു ശേഷി-
ക്കുറവു വളൎന്നു കിടപ്പിലാണുപോലും. ൨൩

അരനിമിഷവുമില്ലെനിയ്ക്കിരിയ്ക്കാൻ-
തരമൊരുനാഴിക മുമ്പു നന്ദി വേഗം
പരമശിവനയച്ചു വന്നു, പൃഥ്വീ-
ധരതനുജയ്ക്കൊരരിഷ്ടമേകുവാനായ്. ൨൪

ജവമരഞ്ഞൊടിമുമ്പിലങ്ഗഭ്രമീ-
ധ്വനിഹ നമ്മെ വിളിച്ചിരുന്നുവെങ്കിൽ
അവശതയൊടു തത്സുതൻ മരിയ്ക്കി-
ല്ലിവനതു നല്ലൊരുറപ്പുതന്നെ ചൊല്ലാം. ൨൫

പെരിയ കയർ കഴുത്തിലിട്ടതും താൻ
ത്വരിതമെടുത്തു മടുത്തു മന്ദനായി
തിരിയെ രവിസുതൻ ഗമിയ്ക്കുവാനെൻ-
ഗരിമ കലൎന്നൊരു പേർ വിശിഷ്ടമന്ത്രം.'' ൨൬

പലതുമിതുവിധം ചിരിച്ചു ചൊല്ലി-
ച്ചില ശഠർ വൈദ്യർ വെറുപ്പെവൎക്കുമേകി,
ഖലമതികൾ ചുമച്ചു തുപ്പി വന്മെ-
യ്യുലയെ നടന്നു പടൎന്നു വീഥിതോറും. ൨൭

കുമതികൾ ചില നാസ്തികാഗ്ര്യരുള്ളിൽ
ഭ്രമമുളവാക്കിന കുപ്രസങ്ഗമെങ്ങും
പ്രമദഭരിതരായ് തുടൎന്നുകൊണ്ടാ-
ക്ഷമയിലണഞ്ഞു ചിരിച്ചു സങ്ഘമോടെ. ൨൮

"ശിലയുടെ ശകലം മഹേശനെന്നോ-
ത്തലസത വിട്ടു ഭജിച്ചിടുന്ന നിങ്ങൾ
ഖലമതികൾ ദൃഢം; നിവേദ്യമന്നം
മലരിവയെന്തിനു കല്ലിനേകിടുന്നു? ൧൯

മലർനിര തരുവിങ്കൽ നില്ക്കിലുണ്ടാം
ഫലമതു കല്ലിലണച്ചു മന്ദർ നിങ്ങൾ;
തലമുടിയിലെടുത്തു ചാർത്തിയാലും
സുലളിതഗന്ധമുദിയ്ക്കുമായിരുന്നു. ൨൦

നിറമെഴുമൊരു നൂലിടുന്നതെന്തി-
ന്നരസി? തെളിഞ്ഞിതിലോ വസിപ്പു ദൈവം?
പറയുക സിതമോ കറുത്തതോ മേൽ-
ത്തരമിഹ നിങ്ങൾ നിനച്ചിടുന്ന മോക്ഷം? ൨൧

ധരണിയിതു രചിച്ചതാരു സാക്ഷാൽ
പരശിവനോ, ശരിതന്നെ സമ്മതിയ്ക്കാം;
സുരധ്വനി ജനിപ്പതിന്നു മുൻപിൽ
ചിരമവനെങ്ങു വസിച്ചിരുന്നു ദേവൻ?" ൨൨

വഴിയരികിലണഞ്ഞു ധൃഷ്ടരിദ്ദുർ-
മൊഴികളുറക്കെയുരച്ചു ശല്യമേകി
പഴി നിഗമവിധിയ്ക്കു ചേർത്തു മറ്റേ്ടാ-
ടൊഴിവുപെടാതെ ബുധർക്കു ചേർപ്പു ഹാസം. ൨൩

ഘടത ബത! ഘടത്തിലോ ഘടം തദ്-
ഘടതയിലോ' ചിലരീവിധം കുതർക്കം
ചടപടനിനദാൽ തകർത്തിതത്യുൽ-
കടതരവാദകലാവിശാരദന്മാർ, ൨൪

„കരുതിടുകിലസത്തിൽനിന്നു സത്തി-
ന്നൊരു ജനിയേല്ക്കുക യുക്തിശൂന്യമത്രേ;
നിരുപമരുചിയിജ്ജഗത്തശേഷം
പെറുവതു സത്തുതന്നെയെന്മതത്തിൽ. ൨൪

ഉലകഖിലമസത്തു സത്തിതിന്നു-
ജ്ജ്വലമൊരുകാരണമാവതെത്തരത്തിൽ;
നിലയകലുമസത്തുതാനസത്തിൻ-
കുലമുളവാകുവതിന്നു ഹേതു നൂനം." ൨൫

ബുധർ ചിലരിതുമട്ടു ചേൎന്നനേകം-
വിധമൊരിടത്തു നടന്നു വാദമോടെ;
സ്വധവരൊടു കടന്നു ഭൂഷണാൎത്ഥം
മധുമൊഴിമാർ ചിലർ ശണ്ഠയിട്ടുവാണാർ. ൨൬

„മമ തലയിലെഴുത്തു തന്നെ വേറേ
രമണികൾ നല്ല വിഭൂഷണങ്ങളേന്തി
സുമഹിതരുചി പോയിടുമ്പൊഴൾ ഞാന-
ക്രമമിതുമട്ടിഹ പാൎത്തിടേണ്ടിവന്നു. ൨൭

വളയുമരിയ തോട മാലയും മട്-
ഗ്ഗളഭുവി മിന്നിയ താലികൂടിയിപ്പോൾ
കളവൊടു പണയത്തിലാക്കി, കഷ്ടം
മിളദതിധാൎഷ്ട്യമുയന്ന ദുഷ്ടനാം നീ. ൨൮

ജനകനലിവിനോടു തന്ന പുത്തൻ-
കനകമണീമയമാല കൂടിയും താൻ
വിനയൊടു കുടിമുത്തു വിറവു ഞാനെ-
ന്തിനു പറയുന്നതു സൊല്ല തീൎന്നുവല്ലോ. ൩൦

മണിരുചിവളയൊന്നു പാർവ്വതിയ്ക്കു-
ഗ്ഗുണി വരനേകി; രമയ്ക്കു നല്ല പട്ടും
അണിയലുമഭികൻ കൊടുത്തു;താനെൻ-
തുണിയുമെടുത്തു കുടിച്ചു ഹാ! മുടിച്ചു. ൩൧

ഇരവു പകലു,തന്നെ വിശ്വസിച്ചി-
ട്ടിരവലു വാങ്ങുവതും പ്രയാസമായി;
പറവതധികമെന്തിനെൻശിരസ്സിൻ-
വര വിധി ചേർത്തു പാരകൊണ്ടുതന്നെ.” ൩൨

നിടിലഭുവി ചുവപ്പുപൊട്ടു തൊട്ടാ-
വടിയുമെടുത്തു മുറുക്കചെല്ലമേന്തി
കുടിലതയൊടു മന്ത്രവാദിവർഗ്ഗം
വെടികൾ പറഞ്ഞു രസിച്ചു സഞ്ചരിച്ചു. ൩൩

"സരളയുടെ വരൻ കുറച്ചുനാളായ്
വിരസതയോടു വരാതിരുന്നിരുന്നു;
ചെറിയൊരു മമ വിദ്യകൊണ്ടവൻ തൽ-
പുരിയിലടിഞ്ഞുകിടപ്പു നിത്യമിപ്പോൾ. ൩൪

എലിയുടെ തലയാലിനുള്ള വേരിൻ-
തൊലിയൊടരച്ചു കരിച്ചു പൊട്ടു തൊട്ടാൽ
വലിയ നൃവരരും നതാങ്ഗിമാർക്കും-
ക്കലിതരസം സതതം വശത്തിലാകും. ൩൫

ഭവനൊടുമ മുഷിഞ്ഞു മുമ്പനേകം
ദിവസമിരുന്നു, ശിവൻ വിളിച്ചു ഞാൻ പോയ്,
ജവമവരെയിണക്കി,യിച്ചരിത്രം
ഭുവനതലത്തിലതിപ്രസിദ്ധമിന്നും. ൩൬

കരിയുടെ വസ തെല്ലു ഗർഭസംസ്ഥൻ
നരിയുടെ ചോരയൊടൊത്തു ചേർത്തുണക്കി
നെറിയൊടണികിലേതരുന്ധതിയ്ക്കും
പെരിയ കരാംഭ്രമമായവങ്കലേല്ക്കും. ൩൭

ദിവി വലിയൊരു ഭൂതവേറുപാടു-
ണ്ടിവിടെയുമുണ്ടൊരുദഗ്രചക്രഹോമം
അവികലമൊരുഴിഞ്ഞുവാങ്ങലിങ്ങു-
ണ്ടവിടെയൊരുത്തനിവൻ ഗമിച്ചിടേണ്ടു? ൩൮

അരി പുടവകൾ കോഴി തേങ്ങ മുണ്ടും
പൊരി മലരെന്നിവ ലക്ഷലക്ഷമായ് ഞാൻ
തരിയുമിഹ കുറച്ചിടാതെ ചാർത്തി-
ബ്ഭരിതധനസ്പൃഹനേകുമേതവർക്കും.” ൩൯

ഇതി കുടിലർ നിജപ്രശംസയോരോ-
ന്നതിചതുരം നിഗദിച്ചു സഞ്ചരിച്ചാർ;
രതിയിലിടിവു നൽകിടും വധൂടീ-
തതിയൊരിടത്തു വസിച്ചു സല്ലപിച്ചു. ൪൦

“പുര നവമണിസൌധമെട്ടുലക്ഷം
പറ വരുമാ നിലമാന തേർ ഹയങ്ങൾ
കുറെയൊരുവക പണ്ടമാപ്പിശുക്കൻ-
വരനിവ മാത്രമെനിയ്ക്കു തന്നു മുന്നം. ൪൧

സ്വയമരിയ പിശുക്കനെത്രയോ, ഹൃദ്-
ഭയമതുലം മരുമക്കളിൽപ്പെരുത്തോൻ,
നിയതമതുനിമിത്തമേതുമങ്ങോർ
ദയ തടവീടിലുമേകിടാതിരിപ്പൂ. ൪൨

വരനടയവർ വീട്ടുകാരസൂയാ-
ഭരമൊടു തീക്കനൽതന്നെ തിന്നിടുന്നു;
ധര സകലമെനിയ്ക്കു തന്നുവെന്നാ-
യിരവിലുമോതി നടപ്പു നാട്ടുതോറും. ൪൩

ധനവിതതിയിലിച്ഛയില്ലെനിയ്ക്കെൻ-
മനസി, നമുക്കിഹ നാൾ കഴിച്ചുകൂട്ടാൻ
ജനകനലിവൊടിങ്ങു തന്നിരിപ്പൂ
തനതിഹ പാടത്തുകൊണ്ടു നോക്കിടാം ഞാൻ." ൪൪

ക്ഷിതിസുരരൊരിടത്തു തൻമുറക്കാൻ-
പൊതിയുമഴിച്ചു നിലത്തിരുന്നു വീശി
ശ്രുതിഹിതഫലിതോക്തിയോടു വാർത്താ-
തതി വെടിയായി വെടിപ്പൊടോതി വാണാർ. ൪൫

"പുതുവനമനുജൻെറ വേളി ചെയ്തി-
ച്ചതുമുതലേറിയയാൾക്കു കഷ്ടകാലം;
ഋതുദശയെ വരിച്ച കന്യമാരു-
ണ്ടിതുപൊഴുതൊൻപതു മൂന്നു ദീനമുള്ളോർ. ൪൬

തനതുടയൊരു ഭാഗമാകെ വാങ്ങി-
ദ്ധനമഖിലം കളികൊണ്ടയാൾ മുടിച്ചു;
ദിനമനു ചിലവിന്നുമില്ല ശോകം
മനസി മുഴുത്തവനിന്നലഞ്ഞിടുന്നു. ൪൭

കടയിലരിയെടുത്തുകൂട്ടിയോര-
ക്കടമിതുനാൾവരെയും കൊടുത്തതില്ല;
പുടവയുടെ വിലയ്ക്കു ശുഷ്പുവയ്യൻ
പടുമതി പട്ടർ മറിച്ചു പാർത്തിടുന്നു. ൪൮

അവരുടെയൊരവസ്ഥയും നടപ്പും
നവമഭിമാനവുമൊക്കെ മാറിയിപ്പോാം
എവനരിയരി നൽകുവോനവൻതൻ-
ഭവനമണഞ്ഞവർ വേല ചെയ്യുമെന്നും. ൪൯

ചിലവിനു വകയില്ല തെല്ലുമൊട്ടിൽ-
സ്ഥലമിടണം നിജഭക്ഷണത്തിനെന്നാൽ
വലയുമവർ 'കിടപ്പിനുള്ള വട്ടം'
പല ഭവനങ്ങളിലുണ്ടു, കൊണ്ടിരിപ്പു. ൫൦

വെറുതെ വിവരമററ വേലിതാൻ ചെ-
യ്യുരുതിതുമാതിരി ഞാൻ പറഞ്ഞിതന്നാാം;
വരുതിയനുസരിച്ചതില്ലയാാക്കീ-
യറുതി വരേണ്ടതുതന്നെയെന്മതത്തിൽ." ൫൧

അഥ ചിലരുരചെയ്തി "തെന്തു കിട്ടും?
കഥയതു വല്ലതുമിന്നു കേട്ടുവോ താൻ?
പ്രഥയുടയ നൃപൻെറ ദാനമോൎത്താൽ
വ്യഥ വരുവാനവകാശമില്ല തെല്ലും. ൫൨

ചെറിയ തനുജതൻെറ വേളി, ചാത്തം,
കുറികാം, നിലങ്ങളൊഴിച്ചെടുക്കുകെന്നായ്
'പെരിയ കലമതിങ്കൽ വെള്ളവും ചേ'-
ൎത്തറിയുക ഞാനിഹ വന്നു; ഭാവിയെന്തോ! ൫൩

ഹരനുടയ ധനുസ്സിതാരൊരുത്തൻ
ധരയിലനക്കിടുവാൻ മഹാസമൎത്ഥൻ?
നരപതി ജനകൻെറ ബുദ്ധിമോശ-
ത്തരമഥവാ ദ്വിജൎതൻെറ കഷ്ടകാലം. ൫൪

തുണയൊടധികബുദ്ധിയുള്ള പൊന്മാൻ
കിണറിന്നകത്തിഹ മുട്ടയിട്ടിടുമ്പോൾ
ഗുണമുടയ നൃപാഗ്ര്യനീയബദ്ധം
പിണയുവതിന്നൊരു ഹേതു കാണ്മതില്ല. ൯൫

ക്ഷിതിപതികളനേകരുണ്ടു വൻപെൺ-
കൊതിയർ, വിളമ്പിയിലയ്ക്കുടുത്തിരുന്നാൽ
അതിവിരുതു ശരിയ്ക്കു കാട്ടിടും ദുർ-
മ്മതികൾ, തദാഗമനത്തിലെന്തു മെച്ചം? ൯൬

കുതുകമൊടു നമുക്കു വേണ്ടതെല്ലാ-
മതുലധനാദി ലഭിച്ചതിന്നുശേഷം
ചതുരമുപയമം മുടങ്ങിയാലും
നതു കദനം ശരിയായ് നടക്കിലും മേ." ൯൭

പ്രഥമരസവിഹാരഭ്രുക്കളായി
പ്രഥ കലരും ചില തമ്പിമാരിണങ്ങി
കഥ പലതുമുരച്ചു ലോകചിത്തോ-
ന്മഥനസമാർത്ഥകളങ്ങു സഞ്ചരിച്ചാർ. ൯൮

പൊടി പുകവലി ദുസ്സ്വാതന്ത്ര്യഭാവം
കുടിയനിശം ഖലരോടു കൂട്ടു ചൂതും
കുടിലതയൊടു പൂണ്ടു തന്റെ വൃത്തി-
യ്ക്കിടിവു വരുത്തി, മകൻ മുടിച്ചു ഗേഹം. ൯൯

മനസി മദമുയൎന്നു ദൈവമാരാ-
ധന ഹൃദി ധൎമ്മമധൎമ്മമാത്മചിന്ത
തനയനിവ വെടിഞ്ഞു, പൂർവ്വലബ്ധം
ധനതതിയററു, ഗൃഹം കടത്തിലായി. ൱

അവനിതുപൊഴുതന്യദിക്കിലേതോ-
യുവതിയെ മുത്തൊടു കെട്ടിയെന്നു കേൾപ്പൂ;
ഭവനമതിൽ വരാവുമില്ല, താതൻ
വിവശതയോടു കഴിയ്ക്കൂട്ടുന്നുമായി. ൬൧

പലവക വഴിപാടുചെയ്തു, മെയ്യോ-
ട്ടുലവുളവാക്കിന വൻവ്രതം ചരിച്ചു;
ഫലമതിനിതുമട്ടിലായി വന്ധ്യാ-
നിലയിതിലും മമ ഭാഗ്യമായിരുന്നു." ൬൨

കുരയൊടു വടിയും പിടിച്ചു ക്രന്നം
വിറയലുമുററു ജപിച്ചു വിഷ്ണുനാമം
ഉരയുടയ പുരാതനങ്ങൾ വാർത്താ-
നിരകളുരച്ചഥ വൃദ്ധമാർ ചരിച്ചാർ. ൬൩

"വയറിനു കനമുണ്ടു കാൺമു, ശോഫോ-
ദയമടികൾക്കു വിളച്ചയല്ലകത്തിൽ
പ്രിയമരുചി മുലയ്ക്കു കൺകറുപ്പും
നിയതമകന്നു നിനക്കു നാളു ന്യൂനം. ൬൪

സുതനൊരുവനുമില്ല, പത്തു പെററു,
ഹതവിധിതൻെറ വിലാസമെത്ര കഷ്ടം!
ധൃതദയമിതുമാവിധത്തിലാക്കൊ-
ല്ലിതമരുളീടുകിവൾക്കു തമ്പുരാനേ! ൬൫

ചിരുതയുടയ നൽ ശിശുത്വമിന്നും
കരളിൽ നിനപ്പതെനിയ്ക്കൊരുത്സവം താൻ;
വിരവൊടെവിടെവെച്ചു കാൺകിലും മൽ-
കരമൊടണഞ്ഞു ചിരിയ്ക്കുമെൻെറ നേരെ. ൬൬

പുറകെ മൃദുപദങ്ങൾ വച്ചു വന്നു-
ക്കരതളിരാൽ മിഴി പൊത്തുമല്പനേരം
ചരണമിടറിയോടിടും പിടിച്ചാൽ-
ക്കരയുമകന്നിടുകിൽ ചിരിയ്ക്കുമച്ചം. ൭

അവശമൃദുലവണ്ണയായി ലാലാ-
ദ്രവമൊടുതൻ തലകൊണ്ടു ഗോഷ്ഠി കാട്ടി
ഇവൾ പലവക പാടിടുന്നതോർത്താൽ
ജവമിതുനാളുമകം കുളുത്തിടും മേ. ൮

ജനനിയൊടു പിണങ്ങിയുണ്ണിടാതുൾ-
ക്കനമൊടിരിയ്ക്കിലുമെന്നെയൊന്നു കണ്ടാൽ
അനധിഗതഗദം ചിരിച്ചു മഞ്ജു-
സ്വനമുഖി വന്നു മടിയ്ക്കുകേറും. ൯

തരിവളകളണിഞ്ഞു മാല ചാർത്തി-
ക്കുറിയൊടു കിങ്കിണി നൂപുരങ്ങളേന്തി
സ്ഫുരിതരുചി കളിച്ചിടുന്ന നിയ്യാ-
ക്കരിയ ദൃഗുത്സവമന്നു ചേർത്തതില്ല!" ൧൦

അപരവനിത ചൊല്ലിനാളയോദ്ധ്യാ-
നൃപനുടെ രണ്ടു കുമാരരിപ്പുരത്തിൽ
ഉപഗതർ നിവസിച്ചിടുന്നു; കണ്ടാൽ
ത്രപയൊടു കാമനകന്നു കാടു കേറും. ൧൧

ജലധരമൊടു വീരവാദമോതും
തലമുടി, നീണ്ടു വിശാലമായ നെററി,
ചലനപരിചിതഭ്രൂ, മൌക്തികത്തിൻ-
കുലമെതിരാം രദനം വിശിഷ്ടമോഷ്ഠം; ൧൨

കരപരിഘയുഗം, കവാടരോചിർ-
ഭരമുടയും തിരുമാറു; നീണ്ട നേത്രം,
സ്ഫുരദനലവിശുദ്ധഹേമഭാസ്സിൻ-
നിറമിവകൊണ്ടവർ ഭാസുരാങ്ഗകന്മാർ. ൩൨

(യുഗ്മകം)

അചിരജനിതയൌവനാഭരമ്മ-
ട്ടുചിതസമസ്തഗുണൌഘജന്മഭൂക്കൾ
ശുചികളവരെയൊന്നു കാൺകിലാരും
തചി പുളകപ്രസരോദ്ഗമം വഹിയ്ക്കും. ൩൩

പരിമൃദുരുചിമന്ദഹാസവും തൽ-
സ്ഫുരിതമനോജരസാർദ്രമായ നോക്കും
കരിവരഗതിയും ചെവിയ്ക്കു നൽത്തേൻ-
ഝരി രവവും ഹൃദി ഞാൻ തദീയമോർപ്പൂ. ൩൪

പറവതധികമെന്തിനിന്നു പെണ്ണായ്
പിറവിയെടുത്തതുകൊണ്ടുതന്നെയായോ?
ധരയിലുചിതഭർത്തൃസങ്ഗമം കൈ-
വരണമതാണു നതാങ്ഗിമാക്കു ഭാഗ്യം. ൩൫

മട്ടമൊഴി യമുനയ്ക്കു നാലുനാളു മ-
മ്പുട്ടുതുണി നൽകിയ കോരനല്ല രൂപം
കട്ടവയൊടെതിരാ,ണതൊന്നു കണ്ടാൽ
കിടുകിടെയാരുമുടൻ വിറയ്ക്കുമപ്പോൾ. ൩൬

കുടവയറു കറുത്തിരുണ്ടു നീണ്ടു-
ള്ളുടലകമുന്തിയുരുണ്ട രണ്ടു കണ്ണും
പടരുമനണുരോമരാജി വല്ലാ-
തിടയിൽ വളഞ്ഞു നിറം പകന്ന പല്ലും; ൩൭

തടി നിലയിൽ വളൎന്ന കയ്യു, ചെമ്പൻ-
മുടി, കുഴിമാറു, പതിഞ്ഞു താഴ്ന്ന മൂക്കും,
കുടിലനഖവുമുള്ളൊരപ്പിശാചിൻ-
വടിവു നിനയ്ക്കിലെനിയ്ക്കു പേടിയാകും." ൯൯

കുകവികളെവനെസ്തുതിയ്ക്കിലല്പം
വക ചിലവിന്നു ലഭിയ്ക്കുമെന്നുനോക്കി
സ്വകഗുണമരുളിപ്പരസ്പരം വൻ-
പകയൊടു ചുററി നടന്നു പദ്യമോതി. ൱

നരപതിയൊരുവൻെറ കാലു കൂപ്പി-
'സ്സുരസദൃശൻ തിരുമേനി'യെന്നു ചൊല്ലും;
പരനുടെ ചരണം പണിഞ്ഞു 'സാക്ഷാൽ
സുരഭി ഭവാനലകിങ്ക'ലെന്നു വാഴ്ത്തും. ൱൧

അനധിഗതനിജാഭിലാഷരായ്ത്തൻ-
മനസി വെറുപ്പൊടു കാശു കിട്ടിടാതെ
ജനതതി കവിതാഗുണജ്ഞമല്ലെ-
ന്നനയമരച്ചൊടുവിൽ കൃതാൎത്ഥരാകും. ൱൨

അവനിജാപരിണീതിരസോദ്ഗമാദ്
ദ്രവമനസ്സിയലും നൃപരാകവേ
സ്വവശധാടിയൊടെത്തി പുരത്തില-
ന്നവരപീവരപീഡരശങ്കിതർ. ൱൩

ഇതരരാജ്യപരമ്പരയിങ്കൽനി-
ന്നിതമൊടെത്തുമിളേശരെയാനൃപൻ
സതതമുന്നതസൽകൃതിചെയ്തു സം-
ഭൃതദയം തദയന്ത്രിതകൌതുകാൽ. ൱൪

ഛിറ തകത്തൊഴുകുന്ന സരിത്തു തൻ-
വരവുപോലെ ജനങ്ങളസങ്ഖ്യമായ്
പുരവരത്തിലണഞ്ഞു വസിച്ചു സ-
ത്വരമുദാരമുദാരതമാനസർ. ൮൫

ഗജതുരങ്ഗസഹസ്രവിജൃംഭിതം
വ്രജദമാനവിമാനവിരാജിതം
സുജനിതസ്പൃഹമെത്തി പുരത്തിലായ്
നിജ രസാഗ്രജരസാഹൃതലോകരും. ൮൬

നേപാലം വങ്ഗമങ്ഗം കലിതരുചി കലി-
ങ്ഗം തഥാ കാശി ശാക-
ദ്വീപാന്തം പാണ്ഡി ചോളം നിഷധമഹി മഹാ-
രാഷ്ട്രമക്കാന്യകുബ്ജം
ഭൂപാലശ്രേഷ്ഠരേതദ്വിധവിഷയപദാ-
ന്തങ്ങൾ വിട്ടങ്ഗജാർത്തി-
വ്യാപാരാർത്തിന്നചേതസ്സുകളുടനവിടെ
പ്രാപ്തരായ് ദീപ്തരാഗാൽ. ൮൭

'ഞാനത്രേ മാനശാലീ, സുഭഗതരശരീ-
രാഢനീ ഞാനൊരുത്തൻ,
വാനത്തിൽ സ്ത്രീകൾ പാടും പുകഴിനു വിളഭൂ-
വായ് വിളങ്ങുന്നവൻ ഞാൻ,
ഞാനസ്ത്രീകൾക്കു കാമൻ, ഭുജബലനിധി ഞാൻ,
പണ്ഡിതൻ ഞാൻ, സമർത്ഥൻ
ഞാ,നങ്ങുവീശരേവം ശിശുവിതതികണ-
ക്കന്നു ഞഞ്ഞാ പറഞ്ഞാർ. ൮൮

„നേരം നാളെപ്പുലന്നാൽ മതി മമ വിജയം
        നിശ്ചയം, മാരമാലാൽ
ഘോരം വൻ കാളരാവെങ്ങനെയതുവരെയും
        പോക്കുമത്യന്തദീർഘം
ധീരൻ ഞാൻ ഭീമചാപം നൃപസദസി കുല-
        ച്ചുർവ്വരാപുത്രിയാംതൻ-
സാരസ്യാപാങ്ഗമാലാമധുരിതതനുവായ്-
        പ്പിന്നെ മിന്നീടുമല്ലോ.. ൮൯

എന്നെക്കണ്ടപ്പൊഴേ താനിതരനരവരർ-
        ക്കാനനം മ്ലാനമായീ;
മുന്നേ മദ്ദോർബലത്തിൻ രുചിയറിയുമിവ-
        ർക്കൊക്കുമിബ്ഭാവഭേദം;
ഇന്നേരത്തെന്തിനായിച്ചപലരിവിടെ വ-
        ന്നെത്തി ഞാനുള്ളതോർക്കാ-
തെന്നോ! ‘കാമന്നു കണ്ണില്ലി’ന്നു മൊഴിയിവിടെ-
        സ്സാർത്ഥമിക്കൂട്ടർമൂലം. ൯൦

തൊണ്ടയ്ക്കുള്ളിൽ കുരുത്തോ കുരു? കുനയമൊടി-
        ക്കോഴി കൂകാത്തതെന്താ-
ണൻപോടിത്രിയാമയ്ക്കിതുപൊഴുതു ശതം
        യാമമെന്നായി വന്നു;
തൊണ്ടന്മാരന്നൃപന്മാരഖിലരുമകതാ-
        രിങ്കലിച്ഛിന്നതാൻ കൈ-
ക്കൊണ്ടന്നാൾ വാണു മാരാനിലബലവിചല-
        ത്തുലലീലാകുലന്മാർ. ൯൧

ഒന്നായ് രണ്ടായി മൂന്നായ് ക്ഷണമരനിമിഷം
 പോയി കാലായ് മുഹൂർത്തം
വന്നാ,ലായില്ല യാമം രജനിയൊരു വെള്ള-
 പ്പായുദിച്ചില്ല ശുക്രൻ'
എന്നാ രാവെണ്ണിയെണ്ണി സ്മരവിശിഖശത-
 ച്ഛിദ്രിതസ്വാന്തരായോ-
രന്നാട്ടിൻനാഥർ വാഴ്ത്തേബ്ഭടരുഷസി മുഴ-
 ക്കീടിനാർ ഡിണ്ഡിമൌഘം. ൫൨

ഭൂപന്മാർതൻ വിചാരത്തൊടു സമമതുലം
 നീണ്ട രാവാകെ വേഗം
പാപം ചെയ്യും ഖലന്മാരുടെ വശഗതയാം
 ലക്ഷ്മിയെപ്പോൽ ക്ഷയിച്ചു
സ്വാപം കൈവിട്ടതീവാഭ്യുദയമൊടുലകം
 യോഗികൾക്കുള്ള വിദ്യാ-
ചാപല്യം മാഞ്ഞ ഹൃത്തെന്നതുവിധമതുനാൾ
 നിർഭരം ശോഭ നേടി. ൫൩

——(*)——

# പതിനഞ്ചാംസർഗ്ഗം.

വിഭാവരി വിഭഞ്ജിതദ്യുതി വഹിയ്ക്കവേ, മഞ്ജുവാം
വിഭാതദശയിങ്കലാസ്സുഭഗരായ വൈതാളികർ
പ്രഭാവനിധി ഭൂപനെ ക്ഷണമുണർത്തുവാനോർത്തു തൽ-
സ്വഭാവമധുമാധുരീഭരിതരീതിയാംഗീതിയാൽ. ൧

"നിശയ്ക്കറുതി വന്നു ദിങ്മുഖമഖണ്ഡരാഗോദയ-
പ്രശസ്തരുചിയാൽ തെളിഞ്ഞിതു പൊളിഞ്ഞു തദ്ധ്വാന്തവും
സ്വശയ്യയെ വെടിഞ്ഞു നിർഭരവിഭാതസദ്ഭൂതിയെ-
ബ്ഭൃശം ദൃഗതിഥീകരിച്ചിടുക മങ്ഗലം ഭോ വിഭോ! ൨

ദ്വിജാധിപതിതാനുഷസ്സുപഗമിയ്ക്കവേ മുങ്ങുവാൻ
സ്വജാഗ്രതയൊടൊത്തു പശ്ചിമപയോധിയിൽ താഴവേ
ദ്വിജാഗ്ര്യരുമതേവിധം സരസി ചെന്നു മജ്ജിപ്പു; ഹൃ-
ദ്രുജാരഹിതർ സത്തർ തദ്ഗുരുപഥാനുഗന്മാർ ദൃഢം. ൩

ഇളപ്പമിയലാതെ നൽഗൃഹഗണങ്ങളിൽ തന്വിമാർ
വിളക്കുകൾ കൊളുത്തിവച്ചധികമാദരാൽ കീർത്തനം
മിളന്മധുരധീരസപ്രകടനിസ്വനാലാക്കുമുൾ-
ക്കളം കുളിരുമാവിധം പുരുഹിതേന്ദ്ര പാടുന്നിതാ! ൪

ഉണർന്നിഭവരൻ മദാലുടലുലയ്ക്കവേ തങ്ങളിൽ-
പ്പിണഞ്ഞ പദശൃങ്ഖലാതതി പൊഴിയ്ക്കുമുച്ചാരവാൽ
ക്ഷണം വിഗതനിദ്രമാം തുരഗരാജിതൻ ഹേഷ, ദി-
ഗ്ഗണത്തിനുടെ മൌനമുദ്രയെ ഹനിച്ചിടുന്നൂ രസാൽ. ൫

'വിയോഗരുജ വേണ്ട മേല, ധിഗമിയ്ക്കുമിപ്പോൾ പ്രിയൻ
പയോജിനി! നിനക്കു നൽഭവുക'മെന്നു പൂങ്കോഴികൾ
ശ്രിയോജ്ജ്വലശിഖാഞ്ചലം പടു വിടിർത്തി നൽക്കൂജന-
പ്രയോഗകലയാൽ തദാ വികലയാക്കി തന്നിദ്രയെ. ൬

കലാധിപനയന്നു തൻനിലയെ വിട്ടു ഹാ! പൂർവ്വകം
ജലാശയനിവാസവാരുണദിഗന്തനാസക്തനായ്
തുലാതിഗവസുവ്യയാൽ സപദി പാണ്ഡുവായ്‌വന്നു ദുർ-
ബലാംഗമൊടു നിർഭരം പതിതവൃത്തനായാർത്തനായ്. ൭

നിശാന്തമുപശാന്തമായ് ദശദിശാം തമോബന്ധമോ
വിശാലമവശാഭമായധികവെമ്പലായാമ്പലും
ശശാങ്കനകൃശാഘനായവികചന്തമീചന്തമീ-
ദൃശാപ്തിയിലുണർന്നു പദ്മിനിയഭംഗമാസംഗമാൽ. ൮

പ്രിയൻ പരിപതിയ്ക്കവേ സപദി സങ്കടപ്പെട്ടുകൊ-
ണ്ടയന്ത്രിതവിനിർഗ്ഗളന്നവതുഷാരബാഷ്പാർദ്രയായ്
സ്വയം തനുവിൽനിന്നു ധുവ്രജവിഭൂഷ വിട്ടൊട്ടുടൽ-
ക്ഷയത്തൊടു ഖഗസ്വനാദ്രജനി കേണിടുന്നുണ്ടുതാൻ. ൯

നിരന്നു കൃകവാകുവും ഭുവി ചകോരവൃന്ദങ്ങളും
തുറക്കയുമടയ്ക്കയും സപദിചെയ്തു ചഞ്ചുവ്രജം
ഖരദ്യുതിശിലൌഘവും ഭവനദീപവും പൂണ്ടു നിർ-
ഭരം നവദശാപ്തിയിൽ സ്ഫുടമുയർച്ചയും താഴ്ചയും. ൧൦

പടന്ന തമിയാകുമിപ്പെരിയ മൂടിയാൽ ഭൂ മറ-
ച്ചുടക്കുമഥ താനെടുത്തതു തെളിച്ചിടും വാസരാൽ
മുടക്കമിയലാതെയിപ്പണി തുടന്നു കാലം സദാ
നടത്തി മരുവുന്നു വമ്പുയരുമിന്ദ്രജാലത്തിനാൽ. ൧൧

അപാരതരകാലവാരിധിയിൽനിന്നുമത്യല്പകം
ക്ഷപാകണികയൊന്നുപോയ് ദിവസബിന്ദുവന്യം ലഘു
ഉപാഗമനമാന്നു, നമ്മുടയ ജീവിതാംശങ്ങൾ നിഷ്-
കൃപാലവമശിപ്പു രാക്ഷസർ കണക്കു കാലം സദാ, ൧൨

സ്പൃഹയ്ക്കുടിമയായ്ക്കഴിപ്പവന്റെ കർമ്മയോഗം കണ-
ക്കു,ഹംമതി മുഴുത്തവന്നുടയ ഹൃത്തടംപോലെയും;
ഗൃഹപ്പിഴ പിണഞ്ഞവർക്കുടയ ഭാഗ്യകംപോലെയും;
മഹസ്സു കുറവായ്പരം മലിനമായി ദീപവ്രജം. ൫൨

ഇരുണ്ടതിഭയങ്കരം കുറെയിടയ്ക്കു പൂർണ്ണചന്ദ്രികാ-
പുരുപ്രഭമഥ ക്ഷണം, ഗഗനമിപ്പൊളോ രക്തമായ്;
വരുന്ന പല മാററവും പ്രകൃതിതൻ നിലയ്ക്കുന്നതേ-
തൊരുത്തനൊട്ടുമോതുമീയുലകുതാൻ മഹാദേശികൻ. ൫൩

കരാംബുജമണിഞ്ഞിടും വള കിലുങ്ങുമാറുന്മിളൽ-
സ്വരാർദ്രമബലാജനം തയിർ കലക്കിയുണ്ടാം രവം
നിരാകുലിതർ ബാലരദ്ധ്യയനമാന്റു ചൊല്ലുന്ന നൽ-
പുരാണകഥനങ്ങളെന്നിവ മുഴങ്ങി ഗേഹങ്ങളിൽ. ൫൪

രതിക്ലമഭരാമരീകബരിയിങ്കൽനിന്നൂഴിയിൽ
പതിച്ച നവകുന്ദഹാരഗണഭാണ്ഡഖണ്ഡങ്ങൾ പോൽ
ക്ഷതിയ്ക്കു വശമായ്ച്ചലത്തൃണഗണത്തിൽ മിന്നീ സിത-
ദ്യുതിപ്രസരമേറിടും തുഹിനബിന്ദുവൃന്ദം തുലോം. ൫൫

പുരന്ദരഹരിത്തിനങ്ങരുണഗർഭമായീടവേ
നിറഞ്ഞിതു പദങ്ങളിൽ തുഹിനമായ നീർ മന്ദമായ്
പരന്നു മുഖപാണ്ഡുഭാസ്സഖിലവസ്തുജാലങ്ങളിൽ
സ്ഫുരദ്രുചി വളന്റു സംശിഥിലമായ് സ്ഥിതജ്യോത്സ്നയും. ൫൬

ദ്രുമങ്ങൾ വിഹരദ്ദ്വിജപ്രചലിതാഗ്രശാഖങ്ങളായ്,
ഭ്രമദ്ഗജകിടിവ്രജപ്ലവഗരമ്യമായ് കാനനം;
സുമപ്രകരസൌരഭപ്രസരണാർദ്രമായ് ദിക്കു,ഷ-
സ്സുമങ്ഗല്ലസമാഗമാൽ പുതിയ മോടി ഭൂ നേടിനാൾ. ൫൭

സ്വയം ഭുജഗഭ്രുവിൽനിന്നുദിതമായി മോഹം വളർ-
ത്തുയന്നൊരു തമോമയോൽകടഹലാഹലം സർവ്വം
അയത്നമൊടടക്കവേ സുഭഗമാം വിഭാതത്തിനെ
പ്രിയത്തൊടു പുകഴ്ത്തി നൽഖഗഗണങ്ങൾ മഞ്ജുസ്വനാൽ. ൧൯

ഉലഞ്ഞിടുമുരഃപടത്തൊടു നിപീതമുക്തോഷ്ഠമാർ
മലർപ്പെരുമണം പടന്നൊളി വിളഞ്ഞ കേശത്തൊടും
മുലയ്ക്കു മുറിവേററുമിപ്പൊഴുതു തന്വിമാരാർദ്രമായ്-
ത്തുലഞ്ഞ തിലകത്തൊടും പ്രിയരെ വിട്ടിതാ യാത്രയായ്. ൨൦

ഹരിയ്ക്കുടയ ദിക്കിലങ്ങരുണഭാസ്സു പൊങ്ങീടവേ
കരിഞ്ഞ തിരി പൂണ്ടുടൻ വിളറി മങ്ങി ദീപവ്രജം;
വരിഷ്ഠനിഗമാന്തസന്നിധിയിലല്പതത്ത്വങ്ങളെ-
ക്കുറിയ്ക്കുമിതരങ്ങളാം ചെറിയ ശുഷ്കശാസ്ത്രങ്ങൾപോൽ. ൨൧

നഭസ്സരസി പോയ് കടന്നധിമഥിച്ചുഷഃകാലമാ-
മിഭം വിഹൃതി പൂകയാലുഡുമൃണാളവൃന്ദങ്ങളിൽ
പ്രഭയ്ക്കിടിവു പററി വൻപുടയ രാജഹംസാഭയും
സഭങ്ഗതരമായുലഞ്ഞിതു തമോമയം ശൈവലം. ൨൨

വിടുന്ന കുസുമങ്ങൾതൻ ശിശിരഗന്ധഭാരം തല-
യ്ക്കെടുത്തധികമന്ദനായ്ഗതി തുടന്നു വാതാർഭകൻ
കടും ക്ലമമിഭദ്രുവൽകടതടസ്ഥലീവിഭ്രമാൽ
കെടുത്തു മൃദുവല്ലരീചലനലീല ചെയ്വൂ ഭൃശം. ൨൩

സ്രവത്തുഹിനനീരതിൽ കുളി കഴിച്ചു ശോണാംബരം
നവം വപുഷി പൂണ്ടു സംയതതമഃകചം മുഗ്ദ്ധയായ്
സുവർണ്ണമരുണാഭമാം തിലകമാർന്നഹഃശ്രീ തദാ
ജവം കുവലയത്തിനെസ്സകലവും മയക്കീടിനാൾ. ൨൪

ക്രമത്തൊടു വിഭാതമാ ഹരിദിഗാത്മകുണ്ഡത്തിലാ-
യമന്ദമിനവഹ്നിയിട്ടലമെരിച്ചു പത്രിസ്വനാൽ
സമന്ത്രജപമായ് ജവം ഗതി നിശയ്ക്കു കൈവന്നിടാൻ
തമസ്തിലകദംബമൻപൊടു മുറയ്ക്കു ഹോമിപ്പു താൻ. ൨൫

മദത്തൊടു പടന്ന വൻതിമിരമായ വന്മായതൻ-
കദംബമകലത്തിലായ് നിയതവാതമാം വാനതിൽ
സുദൎശനകരാഞ്ചലൻ ഹരി പരിസ്ഫുരിച്ചീടവേ
ഹൃദന്തകുതുകപ്രദം ജനിതമായ് വിവേകോദയം. ൨൬

സലജ്ജമൊരു കയ്യിനാൽ ചൊടി മറച്ചു വക്ത്രം കുനി-
ച്ചുലഞ്ഞു ഘുസൃണംപുരണ്ട പടമൊട്ടു താങ്ങി ക്ലമാൽ
അലക്ഷിതസഖീമുഖാംബുജമഭീകശയ്യാഗൃഹ-
സ്ഥലം ഹ! ഹ! ഹ! മുഗ്ദ്ധമാരിഹ വെടിഞ്ഞിതാ യാത്രയായ്.
൨൭

പ്രിയക്കുടയ രാവിലെപ്പണികൾ ദൎപ്പണാലോകനാൽ
സ്വയം ദൃശി പതിയ്ക്കവേ പ്രഥമഭുക്തമാർ മുഗ്ദ്ധമാർ
ഉയൎന്ന പുളകത്രപാങ്കുരവികാരജാതം ജവം
നയത്തൊടു മറയ്ക്കിലും പരിഹസിപ്പു തൽത്തോഴിമാർ. ൨൮

ഉടുപ്പതിമനോഹരം വപുഷി ചേൎത്തു കെല്പാൎന്നു തോ-
ക്കെടുത്തണിനിരന്നു പാട്ടൊട്ടമടിച്ചു വൻഡിണ്ഡിമം
നെടുംവഴിയെ നിൻമഹാഭടരണഞ്ഞു ഹൃദിസ്മയം
കൊടുത്തധികഭക്തിയോടിഹ ചരിപ്പു സന്തുഷ്ടരായ്. ൨൯

പുറത്തു കയറും മഹാഭടജനത്തിനാലൊത്തപോൽ
മുറയ്ക്കു പടുവാജിതൻ തതികൾ നീയമാനങ്ങളായ്,
സ്വരമ്യരുചിയോടു വൻപുടയ ഭേരിയും ഭേസി മേൽ-
ത്തരം ഗജസമൂഹവും പഥി തുടൎന്നു യാനോത്സവം. ൩൦

ഗരിഷ്ഠരജനീവനം സകലമക്കനാം വഹ്നിയി-
ട്ടെരിച്ചു ദിവസോദയാഭിധ കലന്ന നൽക്കർഷകൻ
ഹരിത്തുകളിലാതപപ്പുതുകൃഷിയ്ക്കു ഹൃൽകൌതുകാ-
ലരികതരുചി പൂണ്ടുകൊണ്ടുടനൊരുങ്ങി വേണ്ടുംവിധം. ൩൧

സ്മരാകുലിതകാമിനീചടുലഘമ്മനിമ്മഗ്നരായ്
പരാഗഭസിതം ധരിച്ചളികലാക്ഷമാലോജ്ജ്വലർ
വിരാജിതപയോജിനീഗൃഹഗണങ്ങളിൽ തത്ര നിർ-
ഭരാഭയൊടു മാരുതദ്വിജർ വഹിച്ചു ഭിക്ഷാസുഖം. ൩൨

അമായരുചി പൂർവ്വദിക്കമനി തക്കമോടക്കനാം-
കുമാരനെ ഹിതേന താൻ പ്രസവമേൽക്കവേ ദിക്കുകൾ
സമാകലിതകൌതുകം കുരവയിട്ടു പക്ഷിസ്വനാദ്
ദ്രുമാളി ഹിമബിന്ദുവാം നവമുദശ്രു വീത്ഥീ തദാ. ൩൩

ഹിതാല്പദയപവ്വതാസനഗനക്കനെത്തക്കപോ-
ലതാന്തിയൊടുഷഃപുരോഹിതനണഞ്ഞു കാഞ്ചെജ്ജനം
ചിതാഭമഭിഷേകമത്തിവസനാഥനായ് ച്ചെയ്വു; തൽ-
സ്രുതാഗ്ര്യകനകാംബുവാതപമിഷേണ വീഴുന്നിതാ! ൩൪

അകത്തധികമൂൽക്കടം ഭ്രമരവൃന്ദമാം വൻവിഷം
പകന്നതരുണാംശുവാം പുതുമരുന്നുതൻ സേവയാൽ
തികച്ചുമുടനേ വമിച്ചൊരു പയോജിനിത്തയ്യലാ-
ളുകണ്ടകിതചിത്തയായ് ത്തെളിവു മുററുമേററീടിനാൾ. ൩൫

ഽകനിഞ്ഞു വിധി,യാശ്വസിച്ചിടുക, ചേച്ചുകൊണ്ടങ്ങ്ജ-
പ്പനിയ്ക്കിനിയിറക്കമാം, ഭവുക'മെന്നു തൻതന്വിയെ
വിനിഗ്ഗളിതമശ്രുനീരതു തുടച്ചു ചുംബിച്ചു മെയ്
തനിയ്ക്കു ഹിതമാം വിധം പരിചരിപ്പു ചക്രാഹ്വയം. ൩൬

വെളുപ്പുടയ മഞ്ഞുനീർക്കണിക ലേശലേശങ്ങളാ-
യിളന്തരുവിലാടിടുംചെറിയ പല്ലവാഗ്രങ്ങളിൽ
മിളദ്രുധിരഭാസ്സെഴും വെയിലു തട്ടിടുമ്പോളക-
ക്കളം കുളിരുമാവിധം പരിലസിപ്പു വർണ്ണോജ്ജ്വലം. ൩൭

വഹദ്വസുമനോജ്ഞനായുദയമാന്റ രാജിയ്ക്കുമീ-
യഹസ്കരനെ വീക്ഷണത്തിനു ഹിതേന ലാക്കാക്കയാൽ
മഹസ്സകലുമിന്ദുവെജ്ജലവരാശയാം വേശ്യ നിസ്-
പൃഹം സപദി തള്ളി വിട്ടിനകരാഗ്രസംലഗ്നയായ്. ൩൮

പറക്കുമുരുപൂമ്പൊടിയ്ക്കുടയ ചാന്തു മെയ്യാകവേ
പരത്തിയുമിടയ്ക്കു തേൻചെളിയിൽ വീണുടൻ മുങ്ങിയും
ചരദ്ഭ്രമരനിസ്വനാൽ തെളിമയററ വാക്കോതിയും
മരുൽശിശു കുതൂഹലത്തൊടു വഹിപ്പു ലീലോത്സവം. ൩൯

സമത്വനിഹ കാലനാമരിയ ചിത്രകാരാഗ്രിമൻ
ഹിമദ്രവമൊഴിച്ചു തേച്ചനഘമായ ദിഗ്ഭിത്തിയിൽ
ക്രമത്തൊടിനതൂലികാഞ്ചലമണച്ചു വർണ്ണാഞ്ചിതം
സമഗ്രദിനചിത്രമുണ്ടെഴുതിടുന്നു കാൺകദ്ഭുതം. ൪൦

ഗമിപ്പതിനൊരുങ്ങുമാപ്രിയ,രുഷസ്സിലശ്രുദ്രവം
വമിച്ചു ശിഥിലാഞ്ജനദ്യുതി കലന്ന തൻ ദൃക്കിനാൽ
സമിദ്ധമദനാനലാകുലത മുഗ്ദ്ധമാർ ചൊല്ലവേ
വിമിശ്രിതവികാരരായ് ക്കരളിലേൽപ്പു വൻസംഭ്രമം. ൪൧

പാരാവതങ്ങളെഴുനേററു, ശുകങ്ങൾതൻ വായ്-
പാരാവതല്ലജമുയർത്തി നഭസ്ഥലത്തിൽ;
പാരാവതച്ഛുരുചിയാർന്നിതു, പൂർവ്വശൈലം
പാ,രാവതംസിതദിനേശ്വരമെത്ര രമ്യം! ൪൨

പാവം! പാഥോജിനിയ്ക്കുള്ള തുലദലകവാ-
        ടങ്ങൾ ഭേദിച്ചു സൂരൻ;
കൈവല്ല്യാഗ്ഗന്ധമാകും വസുഗണമനിലൻ
        സർവ്വം കയ്ക്കലാക്കി;
പൂവമ്പും തേൻകണക്കോപ്പുകളളികൾ തഥാ
        കൊണ്ടി,തിക്കൂട്ടർ കൂടി-
ത്തീവട്ടിക്കൊള്ള ചെയ്യുന്നിതു പകലുമരാ-
        ജാഭമാം പാരിടത്തിൽ. ൪൩

കോളകന്നു ജലധിയ്ക്കു, വല്ലികൾ വെടിഞ്ഞു
        നർത്തനമഹോത്സവം,
മൂളലററ സദിർ വിട്ടു വിശ്രമമെടുത്തു
        നിർഭരമലൂകവും,
നീളവേ വനസൃഗാലഹുംകൃതി കുറഞ്ഞു,
        ദ്വിധനിനാദസ-
മ്മേളനം നിഹതമായ പാരധികശാന്തി-
        യേന്തി മുനിപോലവേ. ൪൪

പ്രാതഃപ്രൌഢദ്രുമത്തിന്നുടയ വിടിരുമാ-
        പ്പൂങ്കുലത്തങ്കമായും,
സ്സ്ഫീതം പൂർവ്വാവനീഭൃദ്ദ്വിരദപതി ധരി-
        യ്ക്കുന്ന പൊൻഘണ്ടയായും,
ശ്രീതങ്കും വിൺവധൂടീനിരകളുടെ മണി-
        ച്ചന്തമാം പന്തതായും,
പൂതം തേജഃപ്രകാണ്ഡം ത്രിദശവരഹരി-
        ത്തിങ്കലൊന്നുദ്ഗമിപ്പു. ൪൫

ദിവ്യാമ്നായസ്വരൂപത്തൊടു സുമഹിതമാം
സ്വപ്രകാശത്തിനാലേ
ഭൂവ്യാതങ്കം കെടുത്താസ്സുഭഗഭവുകസ-
മ്പത്തിനത്പത്തിഭൂവായ്
അവ്യാജം തദ്ഗ്രഹാളിയ്ക്കഖിലമൊരു വിനേ-
താവുമായ് മിന്നുമക്കൻ
നവ്യായുഃശ്രീബലാദിസ്ഥിരതയതിതരാം
നിന്നിലേകട്ടെ നിത്യം. ൪൬

ക്ഷാമാധിക്യം വളർത്തും വ്രതനിരകൾ തപ-
സ്സുഗ്രമാം യോഗവും ത-
ന്മീമാംസാപണ്ഡിതക്കുള്ളയനവ്യമനമാ-
നങ്ങളും തെല്ലുമെന്ന്യേ
ഈമാംസാക്ഷിയ്ക്കു കാണാൻ കഴിയുമെവനുമ-
മ്മട്ടു സുവ്യക്തരൂപ-
ശ്രീമാഹാത്മ്യം വഹിയ്ക്കും തപനനിഹ വളർത്ത-
ട്ടെ നമ്മൾക്കു ഭവ്യം. ൪൯

ഏതാളെ ബ്രഹ്മമെന്നായ് പറവു നിഗമസൂ-
ക്തങ്ങൾ,യത്പാദസേവാ-
പൂതാത്മാക്കൾക്കു തെല്ലും ഭവകദനകഥാ-
സങ്കടം സംഭവിയ്ക്കാ
ഭൂതാങ്കം കൂരിരുട്ടിൻ പടലി ചുവടറു-
ക്കുന്നതാർ,വാസരശ്രീ-
നേതാവാകും ഗ്രഹാധീശ്വര! കുശലമുദി-
പ്പിയ്ക്ക ഞങ്ങൾക്കു മേന്മേൽ.” ൪൭

ആ രാവന്നു വിരാമമേററ നിലയൊ-
ന്നീമട്ടു വൈതാളിക-
ന്മാരാനന്ദഭരദ്രവാഭ്യുദയമേ-
കീടുന്ന ഗീതത്തിനാൽ
ഭൂരാജദ്ഗളഭൂഷയായ നൃപനെ
സ്സൈ്വരം ഗ്രഹിപ്പിയ്ക്കയ-
ദ്ധീരാഗ്ര്യൻ നിജശയ്യ വിട്ടു ദിനകൃ-
ത്യത്തിന്നൊരുങ്ങീടിനാൻ. ൪൯

—:o:—

## പതിനാറാം സർഗ്ഗം.

വരാങ്ഗിമാരണിയുമനഘഹീരമാം-
ധരാസുതയ്ക്കുടയ വിവാഹമുത്സവം
ചിരായ തജ്ജഗതി ജയിയ്ക്കുമൂലമാ-
പ്പുരാഗ്ര്യമന്നധികമണച്ചു പൂണ്ടുതേ. ൧

യശോഭരം തടവിന ജാനകിയ്ക്കു തൽ-
പ്രശോഭനം പരിണയകാലമാകവേ
ദിശാമുഖാലവളുടെ വേഴ്ച പൂണ്ടിടും-
കൃശോദരീമകുടികൾ വന്നു കൂടിനാർ. ൨

നതാങ്ഗിമാരതുദിനമങ്ഗജന്റെ പൊൻ-
പതാകയാമവളെയലങ്കരിയ്ക്കുവാൻ
ചിതാഭമാം പലവക കോപ്പു സർവ്വവും
ധൃതാദരം തടന്ന ജവാലൊരുക്കിനാർ. ൩

സുമങ്ങളാൽ ചിലർ പൂതുമാല കെട്ടിനാർ;
സമർത്ഥമാർ ചിലരുളവാക്കി പൊട്ടുകൾ;
സമഗ്രമായ് ച്ചിലരഥ മന്ത്രകോടി നൽ-
ക്രമത്തൊടൊത്തവിടെ ഞൊറിഞ്ഞിണക്കിനാർ; ൪

പടന്നിടും പൊടി ചളിയെന്നിതൊക്കെയും
തുടച്ചു നൽക്കനകവിഭൂഷണവ്രജം
തടസ്ഥമററൊരുവൾ പരിഷ്കരിച്ചുടൻ
സ്ഫുടപ്രഭാപരിമളധാമമാക്കിനാൾ. ൫

അളിപ്രഭാസദൃശസുകേശി സീതയെ-
ക്കുളിപ്പതിന്നുടയ മുഹൂർത്തമാകവേ
വിളിച്ചുടൻത്തലിവൊടിരുത്തിയുൾത്തടം
തെളിഞ്ഞു, വാർമുടിയെ വിടിർത്തു നാരിമാർ. ൬

ശിരസ്സു തൊട്ടുടലിലശേഷവും ഗുണം
പരന്നലംസുരഭിലമെണ്ണതേച്ചു താൻ
നിരർഗ്ഗളം രുചി വിളയിച്ചു ബാല സ-
ത്വരം കുളിപ്പതിന്ന വധൂനിയുക്തയായ്. ൭

സ്വയം തദാ വനിതകൾതൻ മുഖത്തിൽനി-
ന്നുയന്നിടും കുരവകൾ ഗീതഘോഷവും
അയത്നമാസ്സരസി മുഴങ്ങിയെങ്ങുമൾ-
പ്രിയത്തൊടാസ്സുതനു കുളിയ്ക്കൊരുങ്ങവേ. ൮

ഗുണം വയസ്സിവ പെരുകും വധുക്കൾതൻ-
ഗണം വദിപ്പതവൾ സമാദരിച്ചുടൻ
ഇണക്കമോടവനിജയാൾ കുളിച്ചു ചെ-
ന്നണഞ്ഞു തന്നണിമുറിയിങ്കലദ്ദിനം. ൯

മുറയ്ക്കു നല്ലഗരുവെരിഞ്ഞു ഹൃദ്യമായ്
പരക്കുമന്നിരുപമധൂമസൌരഭം
നിരന്തരം പരിമൃദുവേറു തൽകചോൽ-
കരം തദാ ക്ഷിതിജയുണക്കി വൃത്തിയായ്. ൧൦

പനങ്കുലയ്ക്കുടയ മനം കുലുക്കി വ-
ണ്ടിനങ്ങൾതൻ പെരുകിന തണ്ടുലച്ചു മേൽ
കനത്തു നീണ്ടധികമിരുണ്ടു മിന്നി ത-
ന്മനസ്വിനിയ്ക്കുടയ ഘനാഭമാം കചം. ൧൧

തമോഗുണം നിരുപമമാർന്നനർഗ്ഗളം
വിമോഹനദ്യുതി വിളയുന്ന തൽകചം
സുമോല്ലസദ്വിശിഖനു മിത്രമായ് മതി-
ഭ്രമോദ്ഗമസ്ഥിതിയരുളീ യുവാക്കളിൽ. ൧൨

വിടുത്തു തൽകബരി പരിഷ്കരിച്ചു ന-
ല്ലടുക്കിനപ്പൂമലർമാല ഭങ്ഗിയായ്
പടുത്വമുള്ളബലകൾ വെച്ചുകെട്ടി മേൽ-
ക്കൊടുത്തു നന്മണികളിണക്കി മൌലിയിൽ. ൧൩

അളിപ്രഭം കചമവദാതമാലത-
ന്നൊളിയ്ക്കെഴും വിഹൃതിവിശേഷമേൽക്കവേ
കളിയ്ക്കുമസ്സരളമരാളി വാഴ്വതാം-
കളിന്ദജാസലിലമതിന്നു മിത്രമായ്. ൧൪

കറുത്തിരുൾപ്പെരുമ കലന്ന തൽകചം
തരത്തൊടാസ്സിതരുചി കുന്ദമാലയാൽ
സ്സുരത്തടിൻമഹിമ വഹിച്ച കാർമുകിൽ-
പ്പരപ്പിനെസ്സപദി ഹസിച്ചു മേന്മയിൽ. ൧൫

മണം തകും മൃഗമദസാരമുറവുചേ-
ത്തിണക്കി നൽക്കുറിയുളവാക്കി വിക്ഷതം
പിണങ്ങിടാതവനിജതൻെറ നെററിയിൽ
ഗ്ഗുണംപെടും സഖികളണിഞ്ഞു മോടിയിൽ. ൧൬

തദാനനാംബുജനവധാമ്നി ലക്ഷ്മിതൻ
മുദാഞ്ചിതം നടനകലയ്ക്കു ചിത്തജൻ
തദാനഘം കനകവിളക്കു വെച്ചപോ-
ലദാന്തമാം രുചിയൊടു മിന്നി പൊട്ടുകൾ. ൧൭

സ്മരൻ തദാ യുവജനമോഹനത്തിനായ്
കരത്തിലേന്തിയ പുതുചിഞ്ചരമെന്നപോൽ
നരഷ്ഭപ്രിയസുതതൻെറ ചില്ലി നൽ-
ത്തരങ്ഗവിഭ്രമരുചി ചിന്നി നിർഭരം. ൧൮

ഗളിപ്പതാം ഹസിതവിലാസഗങ്ഗയിൽ
കളിച്ചിടും ചെറിയ മരാളമെന്നപോൽ
ഒളിപ്പടപ്പധികമിയന്ന നാസയിൽ
തെളിഞ്ഞലം വിലസി വിശിഷ്ടമൌക്തികം. ൧൯

തളിപ്പടയ്ക്കുടയ തിളപ്പശേഷവും
പൊളിച്ചു, വായ്പൊളിയതകററി തൊണ്ടിയിൽ
തെളിഞ്ഞു നല്ലമൃതരസം നിരന്തരം
ഗളിപ്പതാമധരമതെത്ര മഞ്ജുളം. ൨൦

നുവർവ്വജാധരരുചി സന്ധ്യ കണ്ടു ത-
ദ്ദ്യുവവ്രജാശയഗതധൈര്യഭാസ്കരൻ
പ്രവർദ്ധിതസ്മരകദനാംബുരാശിയിൽ
ജവം തദാ നിപതനമേല്പു മുങ്ങുവാൻ. ൨൧

നിജാഭയാൽ ചലിതയുവപ്രപഞ്ചമായ്
സുജാതമായ് വിലസിടുമോഷ്ഠതല്ലജം
രുജാപഹം മധുഭരഗർഭമാണതിൽ-
ദ്വിജാളികൾക്കടയൊരു കാന്തി യുക്തമാം. ൨൨

ക്ഷപാകരന്നുടയ വിശിഷ്ടബന്ധു ത-
ന്നൃപാത്മജയ്ക്കുടയ മനോജ്ഞമാനനം
സ്വപാടവാൽ സരസിജവംശഭ്രുതിത-
ന്നപായമന്നരുളിയതേറെ യുക്തമാം. ൨൩

ശരന്നിശാകരനുടെ ബിംബമങ്ങു നിർ-
ഭരം തൊഴും തദനഘവക്ത്രഭാസ്സിനാൽ
സ്മരൻ തദാ ഭുവി തരുണാശയവ്യഥാ-
പരമ്പരാതമികൾ രചിച്ചതദ്ഭുതം. ൨൪

അകുണ്ഠമായ് ലസദളകാളിലാളനം
തകുന്ന തന്മുഖമൊരു പൂവനം ദൃഢം
സ്വകന്ദ്രദോർബ്ബലമൊടു ചില്ലിവില്ലുമായ്
പുകഴ്ന്നിടും സ്മരനിഹ നില്പു കാവലായ്. ൨൫

യുവാക്കൾതൻ ഹൃദയമൃഗങ്ങളെധരാ-
ധവാത്മജാവിഹസനജാലകങ്ങളാൽ
ജവാദ് ഗ്രഹിപ്പതിനിഹ വേടനമ്മനോ-
ഭവാഹ്വയൻ മുഖമതിൽ വാഴ്വു ശ്രദ്ധമായ്. ൨൬

സ്വശക്തിയാൽ സുഷമ ഹരിച്ചു കംബുവേ
വശംകെടുത്തരുളുമിളാത്മജാഗളം
വിശന്മണീസുരുചിരഹാരമോടി പൂ-
ണ്ടശങ്കമായവിടെ വിളങ്ങി നിസ്തുലം. ൨൭

പികവ്രജം സപദി പകച്ചു മാധുരീ-
പ്രകർഷവൻപുടയ നിനാദമേല്പതായ്
അകന്മഷം വിവിധവിഭൂഷതൻ കളി-
ത്തകപ്പൊടും വിലസി തദീയമാം ഗളം. ൨൮

ഹിതത്തൊടൊത്തൊരുവളണിഞ്ഞു നല്ല പൊൻ-
പതക്കമൊന്നവളുടെ കണ്ഠധാമ്നി താൻ,
ചിതപ്രിയം തടവിയൊരുത്തി മുത്തിനാൽ
കൃതം തദാ സിതരുചിമാല ചാർത്തിനാൾ. ൨൯

സ്തനദ്വയം ഗിരിവരകർക്കശത്വവും
വിനഷ്ടമാവതുവിധമാഭയേല്പതാം;
ഘനക്ലമം പെരുകിയതിൽ പതിപ്പതാം-
മനസ്സുടഞ്ഞിടുവതു യുക്തമെത്രയും. ൩൦

ക്ഷമാസുതയ്ക്കുടയ കുചങ്ങൾ പമ്പരം
സമാനമാം മഹിമ വഹിയ്ക്കിലും തദാ
സ്വമാധിയാൽ സപദി തിരിഞ്ഞു ചുററിയ-
ന്നമായമായ് ത്തരുണമനസ്സു വിസ്മയം. ൩൧

സുവർണ്ണമാം ഗിരിയെ രചിച്ചു കൈയ്ക്കലം
പ്രവർദ്ധിതം വിരുതു ലഭിച്ചതിന്നുമേൽ
സ്വവന്മയെസ്സകലമെടുത്തുചേർത്തു ത-
ന്നവസ്തനം വിധിയുളവാക്കി നിർണ്ണയം. ൩൨

നിരന്തരം സിതതരപട്ടുചേലയാൽ
മറഞ്ഞു നല്ലണിരുചി പൂണ്ട തൽസ്തനം
സുരഞ്ജിതം നിശി വിശദേന്ദുചന്ദ്രികാ-
ദ്ധരം തകും കനകഗിരിയ്ക്കു മിത്രമായ്. ൩൩

സുനാഭിയാം വിലമതിൽനിന്നുയന്നുതാ-
നനാവിലം മുഖശശിയെ ഗ്രഹിയ്ക്കുവാൻ
സ്തനാവനീധരപഥമാന്നു പോകുമ-
ഗ്ഘനാഹിപോൽ വിലസി സരാജി രോമകം. ൩൪

സ്വയം തദാ നിരുപമമംബരാഭയ-
ങ്ങയന്ത്രിതം പെരുമുദരത്തെയദ്ദിനം
പ്രിയത്തൊടസ്സഖികൾ നവാംബരപ്രഭാ-
ചയത്തിനാൽ വെറുതെയിണക്കി മുഗ്ദ്ധമാർ. ൩൫

സുദർശനം ഘനരുചി ചക്രമാവഹി-
ച്ചുദംഭമായ് ഹരി വിജയിച്ചു ദിക്കുകൾ;
അദർശനം തദുരുനിതംബചക്രകാൽ
തദാത്മജൻ ഭുവനമടക്കി മന്മഥൻ. ൩൬

നിതംബവും സ്തനയുഗവും രചിയ്ക്കുവാൻ
ചിതം തദാ വ്യയമുളവാകകൊണ്ടജൻ
ദ്രുതം ദരിദ്രതയെ വഹിയ്ക്കുമൂലമാം
മിതം ദൃഢം വയറധികം കൃശാങ്ഗമായ്. ൩൭

തടിച്ചു പൊന്മണിമയമായ തൂണതിൻ-
പടിയ്ക്കലം പൃഥു രുചിയൂരുജാനുവും
പടിഷ്ഠയാം സഖി മൃദുപട്ടുചേലയാൽ
വെടിപ്പൊടേ പരമണിയിച്ചു മെച്ചമായ്. ൩൮

പരിസ്ഫുരൽകമലമൊടൊത്ത കാന്തി താൻ-
ധരിയ്ക്കുമാപ്പദയുഗളത്തിലാളിമാർ
വരിഷ്ഠമായ് മൃദുലരവാമൃതദ്രവം
ചൊരിഞ്ഞിടും തളകളിണക്കി തന്വിമാർ. ൩൯

ശിശുക്കളാൽ ഗൃഹതതിപോലെ; ചിത്രകാൽ
സുശുഭ്രമായ് വിലസിന ഭിത്തിപോലവേ;
വിശുദ്ധമാം സുമനിരകൊണ്ടു വല്ലിപോ-
ലശുഗപരം രുചിയവൾ പൂണ്ടു ഭൂഷയാൽ. ൪൦

കുളിച്ചു നല്ലണികളണിഞ്ഞ തന്വിയാ-
ളൊളിപ്പടപ്പധികമിയന്നിതന്നിനം;
ഗളിയ്ക്കുമപ്പൂതു മഴ വിട്ടു സസ്യകാൽ
തെളിഞ്ഞ വൻസുഷമ വിളഞ്ഞ ഭൂമിപോൽ. ൪൧

ജ്വലത്തതാമണിനിരകൊണ്ടു തത്സഖീ-
കുലം നൃപാത്മജയെയലങ്കരിയ്ക്കവേ
അലങ്കരിഞ്ഞതിഹ നൃപാലകക്കു ഹൃ-
ത്തലങ്ങളാണതു നിരുപിയ്ക്കിലദ്ഭുതം. ൪൨

നിറം തകും നിരുപമഭൂഷണവ്രജാൽ
പുറത്തു നന്മണികൾ വഹിച്ച ജാനകി
സുരമ്യയപ്പൊഴുതിഹ രത്നഗർഭയാ-
മൊരമ്മയെസ്സപദി ജയിച്ചു വൈഭവാൽ. ൪൩

അനങ്ഗനാം നൃപനിഹ സേനയെന്നിയേ
നിനയ്ക്കിലന്നുപഗതമായ ശക്തിയായ്
വിനമ്രസത്തനുവവൾ മിന്നി, ലോകർത-
ന്മനസ്സെരിച്ചിടുമൊരനഷ്ണവഹ്നിയായ്. ൪൪

വയസ്സിനാൽ പെരുമ കലന്നു തന്നൊടുൾ-
പ്രിയം പെടും ജനനികൾതൻപദങ്ങളിൽ
സ്വയം നമിപ്പളവിലനുഗ്രഹിച്ചു വൻ-
പ്രയത്നസംയത പുരുബാഷ്പമാരവർ. ൪൫

"നിരൎഗ്ഗളപ്രണയഭരാഭിരാമനാം-
വരൻ നിനക്കുടനുളവായിടട്ടെ മേൽ;
ചിരം ഹിതാലവനൊടു ചേൎന്നഥോത്തരോ-
ത്തരം ശുഭം പെരുകി ലസിയ്ക്കു സൌഖ്യമായ്. ൪൬

പറഞ്ഞു മററൊരുവൾ:—"ജഗത് ത്രയീജയം
കരത്തിനുള്ള ലഘുബലേന ചെയ്യുവോർ
പരദ്വിപപ്രവരകുലാങ്കുശാഭ്യകൈ-
വരട്ടെ നൽസുതർ തവ ദിവ്യസംഭവേ!" ൪൭

ശിരസ്സു താൻ വിനയവശേന താഴ്ത്തിയ-
ക്കരൾക്കകത്തനുപമമാദരത്തൊടേ
ധരിത്രിതൻ സുത തദനുഗ്രഹങ്ങൾ നിർ-
ഭരം ഗ്രഹിച്ചുളവു തെളിച്ചുമേന്തിനാൾ. ൪൮

പറയ്ക്കുകത്തരി മലർ നെല്ലിതൊക്കെയും
നിറച്ചു പൊന്മണിമയദീപരാജിയും
മുറയ്ക്കു വച്ചുവളഥ വിഘ്നമൊക്കെയും
കുറയ്ക്കുവാൻ തൊഴുതു ശചീപദാംബുജം. ൪൯

നതാംഗിമാർ കുരവകൾ ഗീതഘോഷവും
ഹിതാൽ പൊഴിച്ചനുഗതി തത്ര ചെയ്യവെ
ധൃതാദരം നിജപരദേവതാപദം
കൃതാൎത്ഥയായവൾ തൊഴുവാനൊരുങ്ങിനാൾ. ൫൦

"അഗാത്മജേ! തവ പദപദ്മമെന്നുമി-
ങ്ങഗാധമായ് വിലസിന ഭക്തിവാൎദ്ധിയിൽ
വിഗാഢയായ്ത്തൊഴുതിടുമെന്നിലല്പവും
ശുഗാവിലസ്ഥിതികളണച്ചിടായ്ക നീ. ൫൧

ഭവൽപദം ജഗതി ഭജിപ്പവൎക്കു തദ്-
ഭവജ്വരവ്യഥയറുമെന്നു കേൾപ്പു ഞാൻ
ശിവപ്രിയേ! തവ ചരണാതിസക്തയാ-
മിവൾക്കു നീയരുളുക നിത്യവും ശിവം. ൫൨

പ്രമത്തനാം മദനനെ വെന്നു നിത്യവും
യമവ്രതസ്ഥിതിയൊടു വാണ യോഗിയെ
സ്വമഞ്ജുദൃഗ്വിചലനദാസനാക്കുമാ-
സ്സമൎത്ഥ നീ സതതമെനിയ്ക്കൊരാശ്രയം. ൫൩

ദരിദ്രനും പെരിയ കുബേരനാകുമി-
ത്തിരിയ്ക്കു നിൻകരുണ ലഭിയ്ക്കിലാക്ഷണം
എരിഞ്ഞിടും കദനമിയന്ന പാപിയോ
വരിച്ചിടും ത്രിദശകുലേശ്വരത്വവും. ൫൪

നിനക്കെഴും വിഭവമശേഷമംബികേ!
നിനയ്ക്കുവാൻ പണി പെരുകീടുമേവനും
കനക്കുമിയ്യുലകിഹ നിൽപ്പു നിൻെറ കൺ-
മുനയ്ക്കുമേലരുളുമിളക്കമൊന്നിനാൽ. ൫൫

പരൻെറ ചൊൽപ്പടി പടി കാത്തനാഥനായ്
പരം തപിച്ചിടുമൊരുവൻ, തവേക്ഷണാൽ
സ്ഫുരന്മണീപുരടകഹൎമ്മ്യമാൻ്റ ഭൂ-
വരൎക്കെഴും മുടിയിലണപ്പു തത്പദം. ൫൬

സുതീവ്രമാം ഭവകദനം നശിയ്ക്കുവാൻ
യതീന്ദ്രരാൽ മനസി സദാ വിചിന്തിതം
സതീശിഖാമണി! തവ പാദമെന്നുമി-
ങ്ങതീവ മേ നിരുപമസൌഖ്യമേകണം, ൫൭

ജഗത് ത്രയീജനനി! കപാലവും വഹി-
ച്ചഗണ്യനായുലകിലലഞ്ഞ യാചകൻ
ദ്ദഗന്തനിർഗ്ഗളിതകൃപാണുവാൽ മഹാ-
ഭഗത്വമാൎന്നമരനിഷേവിതാങ്‌ഘ്രിയായ്. ൭൮

കടുമ്മരുസ്ഥലമൊരു പുഷ്പവാടിയാ-
മുടൻ മഹാനരകമമൎത്ത്യലോകമാം
പടൎന്ന രുഗ് ജലനിധി ഹേമഹമ്മ്യമാം
സ്ഫുടം ഭവൽകരുണ ലഭിയ്ക്കിലേവനും. ൭൯

പുരന്ദരപ്രമുഖസുരാവലീശിര-
സ്സുരന്മണീഭരിതമരീചിസങ്ഗതം
പരന്നു നല്ലരുണത പൂകുമങ്‌ഘ്രി ദുർ-
ഭരവ്യഥാനിശയെ ഹനിച്ചിടട്ടെ മേ. ൮൦

കുലാദ്രിതൊട്ടണുവരെയുള്ള വയ്ക്കു നി-
സ്തുലാത്മസങ് കലിതവിശിഷ്ടശക്തിയായ്
വിലാസമോടമരുമഗേന്ദ്രപുത്രി! രുഗ്-
ബലാൽത്തയാക്കരുതൊരുനാളുമെന്നെ നീ. ൮൧

ശിരസ്സിലങ്ങുഡുപതി തന്റെ തുണ്ടവും
കരങ്ങളിൽ പലവിധമായുധങ്ങളും
കരംക്കു നല്ലലിവുമിയന്ന നീ ഹൃദ-
ന്തരത്തിൽ മേ കുശലമുയൎത്തുകംബികേ! ൮൨

പ്രമത്തദുൎമ്മഹിഷമഹാശിരസ്ശിലാ-
വിമൎദ്ദനം പരുഷതയോടു ചെയ്കതായ്
സുമത്തിലും മൃദുത വളൎന്ന നിൻപദം
മമ സ്ഫുടം കുശലഭരം വളൎത്തണം, ൮൩

സ്വതഃപരം ബലമിയലാത്ത ദേവതാ-
ശതങ്ങളുണ്ടവയുടെ സേവയെന്തിനാം;
ഹിതം കൊടുത്തഗതികളെത്തുണയ്ക്കുവാൻ
സ്വതന്ത്ര നീയൊരുവൾ പരാത്മശക്തിതാൻ. ൬൪

ഇരിപ്പിനന്നിഗമശതോക്തിയാസനം,
ഭരിപ്പതും ത്രിഭുവനമാണശേഷവും,
ഗരിഷ്ഠരാം മുനികൾ നിനക്കു ദാസർ, നിൻ-
ചരിത്രമെന്തരുളുവതില്ല വിസ്മയം? ൬൫

മുദാരണഞ്ഞിടുകിലുമാർത്തിയപ്പൊഴേ
വിദാരണം വിരവൊടു ചെയ്യുമദ്രിജേ!
സദാരണവ്രജപരിസേവിതാങ്ഘ്രി നീ
സുദാരുണം ദുരിതഭരം ഹരിയ്ക്ക മേ. ൬൬

അഹിപ്രഭുല്ലസിതവിഭൂഷ മാറിലായ്
വഹിയ്ക്കുമാപ്പരമശിവന്നു പാതി നീ
മഹിഷ്ഠമാം കരുണ കലന്നു മദ്ഗദം
ദഹിയ്ക്കുവാൻ കടമിഴി തെല്ലയയ്ക്കണം. ൬൭

എനിയ്ക്കു മറെറാരു ഗതിയില്ല, നിർഭരം
തനിച്ചു ഞാൻ, വെടിയുകിലും ഗ്രഹിയ്ക്കിലും,
അനിത്യമായവയെ മറന്നു നിൻപദം
തനിച്ചകത്തവിരതമോർപ്പു ചിന്മയം. ൬൮

വരാളകോല്ലസിതമുഖേന്ദുമണ്ഡലേ!
കരാഗ്രസങ്ഗതവിവിധായുധവ്രജേ!
സുരാസുരപ്രണമിതപാദപങ്കജേ!
പുരാന്തകപ്രണയിനി! വെൽക വെൽക നീ. ൬൯

അപാംഗനിർഗ്ഗളിതകൃപാംബുവിന്റെ തെ-
ല്ലപായമററതനു ലഭിയ്ക്കുമൂലമായ്
നൃപായിതൻ ഭുവനമടക്കി വെന്നവൻ
സപാടവം വിജയപതാക പാററിനാൻ. ൧൦

സുമം ധനു,സ്സിളയ മരുത്തു തൻ രഥം,
ഭ്രമത്തരം ഭ്രമരമതാത്മമൌർവ്വിയും
അമന്ദമായ് ത്തവ കൃപ കിട്ടിടായ്കിലി-
ക്ഷമയ്ക്കുകത്തതനുവിനെന്തു മേന്മയാം? ൧൧

ഹരന്നു നീയഗജ, വിധിയ്ക്കു വാണിയും,
മുരന്റെ വൻ വിമതന്നു ദേവി ലക്ഷ്മിയും,
പരന്ന ചിൽപ്രകൃതിയതിന്നു നീ ഗുണം
ധരിത്രിയിൽ പുരുഷനു ശക്തി നീ ശിവേ! ൧൨

നിനക്കെഴും കല കലരാതിരിയ്ക്കില-
ങ്ങിനൻ തപിച്ചിടുകയതില്ല, മാരുതൻ
അനങ്ങുകില്ല, നലനഹോ! ദഹിയ്ക്കയി-
ല്ലനർഗ്ഗളം നദിയൊഴുകില്ല തെല്ലുമേ. ൧൩

സ്മരിയ്ക്കുമജ്ജനതയെ വേണ്ടപോലെ താൻ
ഭരിച്ചു ചിത്സുഖമരുളീടുമംബികേ!
ഒരിയ്ക്കലും മറവി പെടാതെ നിൻപദം
ശരിയ്ക്കു മന്മനസി സദാ വിളങ്ങണേ! ൧൪

നമോ നമസ്ത്രിദശകുലാഭിവന്ദിതേ!
നമോ നമശ് ശ്രിതജനപാരിജാതമേ!
നമോ നമഃ പുരമഥനാർദ്ധഗാത്രിതേ!
നമോ നമഃ കരുണയൊടംബ! പാഹിമാം.'' ൧൫

ഹിമാദ്രിജയ്ക്കുടയ സുരാവലീശിര-
സ്സുമാനിതം ചരണസരോരുഹദ്വയം
അമായമായ്ത്തൊഴുതു നമിച്ചു തത്ര തൽ-
സുമാങ്ഗിയാൾ നിജനിലയത്തിലെത്തിനാൾ. ൰൮

കരഞ്ഞ തൻശിശുവിനെ നോക്കിടാതെയും
കുറച്ചുമങ്ങകവെളിവേററിടാതെയും
പരസ്പരം പലവക കുററമൊക്കെയും
പറഞ്ഞുമങ്ങബലകൾ ചെയ്തു ജോലികൾ. ൰൯

ശിരസ്സിൽ നിന്നൊരു വധു മാല വീഴവേ
തിരക്കിനാലവിടെയറിഞ്ഞതില്ലവൾ
കുറച്ചകം തെളിയവെയങ്ങുമിങ്ങുമായ്-
ത്തിരക്കുവാൻ വിരവൊടു പാഞ്ഞുചുററിനാൾ. ൨൰

എടുത്തിടേണ്ടൊരു പണി കുഞ്ഞിനാ സ്തനം
കൊടുക്കുകെ'ന്നഭികനൊരാളുരയ്ക്കവേ
തിടുക്കമോടുഴറുമൊരുത്തി രുട്ടൊടൊ-
ത്തിടയ്ക്കു തൻവരനെയിടഞ്ഞു നോക്കിനാൾ. ൨൰൧

ചടങ്ങുതാൻ ക്രമമൊടു വേണ്ടതൊക്കെയും
നടത്തുവാൻ വിരുതു പെടും പുരോഹിതർ
അടക്കമോടതിനിഹ വേണ്ട സാധനം
തടസ്ഥമററഖിലമൊരുക്കി വൃത്തിയായ്. ൨൰൨

ഏവം വേളിയ്ക്കു വേണ്ടുന്നതു സകലമൊരു-
ങ്ങീടവേ, ദിവ്യഭൂഷാ-
സൌവർണ്ണശ്രീ തഴയ്ക്കും സുതനുവവൾ മഹാ-
പൂതയാം സീതയന്നാൾ
ശൈവം ചാപത്തിനാലും നിജസമുപഗമ-
പ്രാത്ഥനാക്ഷാന്തചേതോ-
ഭാവന്മാർ മന്നരാലും രുചിയുടയ സഭാ-
മദ്ധ്യമഭ്യാഗമിച്ചാൾ. ൨൰൩

സ്വദാസീഹസ്തത്തെജ്ജനകസുത താങ്ങിപ്പരിഗള-
ന്മദാധിക്യം ചേരും ഗജപതി നമിയ്ക്കും നടയുമായ്
പദാഗ്രന്യസ്താക്ഷിദ്വയമൊട്ടുദിതകചാണവലയം
തദാനീം ചെന്നാളഭ്യുദയമുയരും രാജസഭയിൽ. ൭൨

——(൦)——

## പ തി നേ ഴാം സ ർ ഗ്ഗം.

———

സ്മരാധികാഭോജ്ജ്വലഗാത്രരാകുമാ-
ഢരാധവന്മാർ മണിവിഷ്ടരങ്ങളിൽ
വിരാജിതന്മാരതനുവ്യഥാത്തരായ്
വരാങ്ഗിയെക്കാത്തു വസിച്ചു ശാലയിൽ. ൧

കിരീടഹാരാദിവിനിസ്സരൽപ്രഭാ-
ഝരീഹ്രദത്തിൽ ബഹുമജ്ജനോത്സവം
ശരീരമന്നേററവുമാവഹിച്ചു സു-
സ്ഥിരീകൃതം മോടി നൃപാലരേന്തിനാർ. ൨

സുവർണ്ണപീഠങ്ങളിലാവസിച്ചുകൊ-
ണ്ടുവർണ്ണ്യമാം കാന്തി ചൊരിഞ്ഞ ഭൂമിപർ
നവപ്രഭാപൂർണ്ണവിവാഹശാലയെ
പ്രവർദ്ധിതാനങ്ഗസഹസ്രമാക്കിനാർ. ൩

ഒരങ്ഗജന്മാവിനെ മുമ്പു രുഷ്ടനാം-
ഹരൻ കരിച്ചാ,നതിലെന്തു നഷ്ടമാം?
നരഷഭന്മാരിവർ വിഷ്ഫുരിയ്ക്കവേ
സ്മരൻെറ ലക്ഷം സുലഭം ധരിത്രിയിൽ. ൪

ഇടയ്ക്കിടെത്തൻ തനുവാകെ നോക്കിയും,
പടൎന്ന സൌന്ദര്യമതോർത്തു പൊങ്ങിയും,
അടക്കമെന്ന്യേ പല ഗോഷ്ഠി കാട്ടിയും,
തിടുക്കമോടാനൃപർ തത്ര മേവിനാർ. ൫

തദാ,ദിനാധീശകുലോന്നതിയ്ക്കു വൻ-
നിദാന,മോജസ്സിനു സൂതിമന്ദിരം
ഉദാരതാരുണ്യതരങ്ഗസന്തതി-
യ്ക്കുദാന്തമായ്ക്കോളിളകുംപയോനിധി; ൬

സമസ്തവിദ്യാനിവഹങ്ങൾക്കുസർത്തൻ-
സമത്ഥനൃത്തത്തിനു ദിവ്യരങ്ഗഭൂ
ശമത്തിനാവാസകുടുംബ;മുദ്ധൃദ-
ദ്ദൃമപ്രതാപാനലനിമ്മലാരണി; ൭

സലക്ഷ്മണൻ കൌശികനൊത്തു തൽസഭാ-
തലത്തിലാ രാഘവനാഗമിച്ചു താൻ
അലങ്കരിച്ചാൻ മണിപീഠമൊന്നു നി-
സ്തുലം പ്രമോദാൽ മിഥിലേന്ദ്രമാനിതൻ. ൮

ഇതാരു ദിവ്യൻ മഹനീയ'നെന്നുടൻ
ധൃതാദരം സാദ്ഭുതരാം ജനങ്ങളാൽ
ഹിതാന്നിപീതാങ്ഗവിലാസനാസ്സഭ-
യ്ക്കുതാന്തചൈതന്യമുയത്തി രാഘവൻ. ൯

സ്വകാസനം വിട്ടറിയാതെയേററുടൻ
പ്രകാശിതം ഭക്തിയൊടൊത്തു രാമനെ
നൃകാന്തർ വന്ദിച്ചു, തദങ്ഗലക്ഷ്മി ദ-
ശ്വികാസദം പാത്തു നിനച്ചിതീവിധം:— ൧൦

"അവാച്യസൌന്ദൎയ്യനദിയ്ക്കിയന്ന വൻ-
പ്രവാഹമേൽക്കും തനുവാൽ പ്രശോഭിതൻ
യുവാവിവൻ നേത്രഹൃദന്തരങ്ങളെ-
യ്യജവാൽ ഗ്രഹിയ്ക്കുന്നു തദീയവൈഭവാൽ. ൧൧

കയൎത്തു കാറിൻനിര വെന്ന കേശസം-
ചയം, വിശാലം രുചി പൂണ്ട നെററിയും
അയത്നമംഭോരുഹരാജ്യസർവ്വദിഗ്-
ജയം ലഭിച്ചുള്ള മനോജ്ഞമാസ്യവും; ൧൨

പയോജസൽകാന്തിയൊടദ്ധചന്ദ്രക-
പ്രയോഗമൃക്കോട്ട തുടൎന്നിടുന്നതായ്
ദയോദ്ഗളച്ചാരു സുധാർദ്രമായ് ദ്വിഷ-
ച്ഛയോഗ്രസംസ്തംഭനമേകമക്ഷിയും; ൧൩

സ്ഥിരദ്വിപൃഷസ്കന്ധവുമുന്നതാംസവും
നിരന്തകം വൎത്തുലമാം നഖൌഘവും
കറുത്ത രോമാവലി; മൌക്തികത്തിനെ-
ത്തുരത്തിടും ദന്തവു,മാക്കപോലവും; ൧൪

കവാടവും മാറിടുമാറിടുങ്ങിടാ-
തവാപ്തഭാസ്സേറിന മാറിടം ദൃഢം
നവാഭമാം സാലമൊടൊത്ത ബാഹു സ-
ദ്രവാമൃതാവാസമിയന്ന കണ്ഠവും; ൧൫

പ്രതപ്തഹേമത്തൊടു ദീൎഘസൌഹൃദ-
വ്രതം ചരിയ്ക്കും കമനീയവൎണ്ണവും
ധൃതം പലേമാതിരി രേഖ ചേൎന്നു സ-
ഞ്ചിതപ്രഭം മിന്നിന ചാരുപാദവും; ൧൬

വിഭക്തമായ് ദാർഢ്യമിയന്നു പീനമാ-
യഭങ്ഗുരം ലക്ഷണമൊക്കെയൊത്തതായ്
ശുഭങ്ങളങ്ങുങ്ങെല്ലമൂററ, മാത്തനാ-
മിഭം വണങ്ങും ഗതിതൻ വിലാസവും; ൧൭

വിളങ്ങുമിദ്ദിവ്യപുമാൻ ധരയ്ക്കു പൊൻ-
വിളക്കു താൻ നിർഭരമെന്നു ചൊല്ലിടാം;
ഇളയ്ക്കകത്തിങ്ങനെ ലക്ഷണങ്ങൾതൻ-
തിളക്കമേൽക്കും നരരില്ല നിർണ്ണയം. ൧൮

ശുഭാവഹൻ പങ്ക്തിരഥന്നു പുത്രനായ്
പ്രഭാവമുൾക്കൊണ്ടു പിറന്നൊരിപ്പുമാൻ
വിഭാവനാഗോചരവൈഭവോജ്ജ്വലൻ,
സ്വഭാവഗാംഭീര്യവശൻ പ്രശസ്തധീ. ൧൯

സനാഥരായ് ഭൂമിപരീയൊരുത്തനാൽ,
ദിനാധിപൻ തൻകുലവും വിശുദ്ധമായ്,
വിനാശമററവുള്ള മണിവിളക്കിനാ-
ലനാകുലം മിന്നുവതായ് ധരാഗൃഹം. ൨൦

വിനഷ്ടചേതോമദനായ് സ്മരൻ, വധൂ-
ജനത്തിനേന്തും സുകൃതത്ര കാച്ചതായ്,
അനഘമാം ധർമ്മതതിയ്ക്കു സർവ്വവും
നിനയ്ക്കിലദ്യാശ്രയഭൂമി ലബ്ധമായ്. ൨൧

പുരാ കകുൽസ്ഥൻ മനു തൊട്ട ദിവ്യഭൂ-
വരാഗ്ര്യരെപ്പെററൊരു പുണ്യമാം കുലം
ധരാതലത്തിന്നിവനാം വിളക്കിനെ-
ച്ചിരായ താൻ നൽകിയതിന്നു യുക്തമാം. ൨൨

പ്രസന്നമാം യൌവനകാന്തിചാതുരീ-
രസം ദൃഗാസേചനകം വഹിപ്പതായ്
അസംശയം മിന്നിന മേനിയേവനും
നിസർഗ്ഗമാലിങ്ഗനവാഞ്ഛ നല്കിടും, ൨൩

അനങ്ഗനോടൊത്തവനാണു,ദോർബ്ബലം
കനത്തു വായ്ക്കുന്നവ,നേററവും മഹാൻ,
മനസ്സിൽ മുമ്പിങ്ങനെ മദ്ഗുണങ്ങൾ ഞാൻ
നിനച്ചതെല്ലാം ഫലശൂന്യമായിതാ. ൨൪

കിളന്നൊരെൻ വൈഭവമേതദക്ഷീണാൽ
തളൎന്നു മാനും മമ ഹാ! വിനഷ്ടമായ്
ഇളപ്പമേററു രിപുഭീദമെൻകര-
ത്തിളപ്പിനും, ഹന്ത! ഹതാശനായി ഞാൻ. ൨൫

പടിഷ്ഠനാം രാമനെയിന്നു കാൺകയാൽ
തടിച്ച മച്ചിന്തകളൊക്കെ വെന്തുപോയ്;
ഞൊടിയ്ക്കകം കൊണ്ടു സുമേരുമൌലിവി-
ട്ടിടിഞ്ഞു പാതാളമതിൽപ്പതിച്ചു ഞാൻ. ൨൬

പ്രശസ്തമാം ചൈത്രരഥസ്ഥലത്തെവി-
ട്ടശങ്കമിപ്പോൾ നരകത്തിൽ വീണു ഞാൻ
ഭൃശം സുധാസിന്ധു വെടിഞ്ഞു ഹാ! മഹാ-
വശൻ പതിച്ചേൻ വിഷവാർദ്ധിവീചിയിൽ. ൨൭

ബലേന വാൻ മുട്ടിന മട്ടു തീൎത്തതാം
തുലേതരം നല്ലൊരിരുമ്പുകോട്ടയെ
ഖലേശിതാവാം വിധി മൺപൊടിയ്ക്കുഴം
സുലേശമാക്കിത്തരമോടു വീഴ്ത്തിനാൻ. ൨൮

സുവൎണ്ണസിംഹാസനമൌലിയിങ്കൽനി-
ന്നവൎണ്ണ്യമാം മുൾമുനയിങ്കൽ വീണു ഞാൻ
ജവം ഹൃദുദ്യാനമതിൽ പടൎന്നൊരെൻ-
പ്രവർദ്ധിതാശാലത വെന്തു ചാമ്പലായ്, ൨൯

വരിഷ്ഠതേജോമയനീ യുവാവുട-
ത്തിരിയ്ക്കവേ ജാനകി മറ്റൊരുത്തനെ
വരിയ്ക്കയെന്നുള്ളതു ചിന്തനീയമ-
ല്ലോരിയ്ക്കലും, നിർണ്ണയമന്ധയല്ലവൾ. ൩൦

ഹരന്റെ വില്ലിൻ നിലയേക്കിലെന്റെയി-
ക്കരത്തിനേന്തും ബലമെത്ര തുച്ഛമാം;
സുരഞ്ജിതശ്രീകനിവൻ നിനയ്ക്കിൽ മേൽ-
ത്തരം രുചാ നമ്മെയുമല്പനാക്കിനാൻ. ൩൧

നതാങ്ഗിയെപ്പേർത്തു കൊതിപ്പു; വിൽ കുല-
പ്പതാവതല്ലെന്നു മടിപ്പു, രാമനെ
ധൃതാഭനെക്കണ്ടു പരിഭ്രമിപ്പു ഞാൻ
ഹതാശനാണേതുവിധം നിനയ്ക്കിലും. ൩൨

തടസ്ഥമെല്ലാത്തിൻമുണ്ടതോർത്തു നാം
മടങ്ങിടാനില്ല, വിധിയ്ക്കു ചേർന്നപോൽ
തുടന്നിടേണം പണി; തേൻ ലഭിയ്ക്കുവാൻ
കടുന്നലിൻശല്യമൊഴിച്ചിടേണ്ടയോ? ൩൩

തടസ്ഥമെന്നുള്ളതു പൂരുഷക്കെഴും
മിടുക്കുതൻ ദൈവപരീക്ഷയാണതിൽ
ഉടഞ്ഞു തോൽക്കാതെ ജയം ലഭിയ്ക്കുകിൽ
പടന്നിടും ഭാഗ്യവിലാസമേവനും." ൩൪

മറിച്ചുമേവം നൃപരാശയങ്ങളെ-
ത്തിരിച്ചുമോരോന്നു നിനച്ചു വാഴവേ
ഗരിഷ്ഠനാകും നൃപമന്ത്രി കാന്തിസം-
സ്ഫുരിയ്ക്കുമാബ്ഭൂപസദസ്സിലെത്തിനാൻ. ൩൫

കരൾക്കു ചേരും വിനയസ്വഭാവവും
പരന്ന ഗംഭീരതയും മുഖത്തിനാൽ
നിരർഗ്ഗളം കാട്ടുമവൻ വണങ്ങിയി-
ത്തരം പറഞ്ഞാൻ സഭയിങ്കലുച്ചമായ്: ൩൬

“മദാനനംകൊണ്ടരിവർഗ്ഗലോകദു-
ർമ്മദാപഹൻ ശ്രീജനകൻ മഹീശ്വരൻ
മുദാ ഭവാന്മാരൊടു ചൊല്ലിടുന്നു താ-
നുദാരഗംഭീരവചസ്സിതിൻവിധം. ൩൭

എവൻ ഭവാന്മാരിലൊരാൾ മഹോഗ്രമി-
ബ്ഭവന്റെ ചാപം സുതരാം കുലയ്ക്കുവോൻ
നവം വിവാഹാഞ്ചിതമാല ചാർത്തുമി-
ന്നവന്റെ കണ്ഠേ ദൃഢമെന്റെ പുത്രിയാൾ. ൩൮

കരങ്ങൾ തൻശക്തി തെളിച്ചു കാട്ടുവാൻ
തരം ഭവാന്മാർക്കിവിടെത്തരുന്നു ഞാൻ;
മുറയ്ക്കു വേണ്ടുംവിധമാചരിയ്ക്കു സ-
ത്വരം, ഭവിയ്ക്കട്ടെ നമുക്കു മംഗളം. ൩൯

ഒരാൾക്കു ഞാനെൻ സുതയെക്കൊടുക്കിലോ
വരാം പരന്മാർക്കു വിരോധമേറ്റവും;
നിരാകുലം ശക്തി വെളിപ്പെടുത്തുവാൻ
ധരാധിപന്മാർക്കിട നൽകിയൊപ്പമായ്”. ൪൦

കുലത്തിലെപ്പൂർവ്വനയത്തെ വിട്ടു നിഷ്-
ഫലം കലാപത്തിനു കോപ്പുകൂട്ടുവോൻ
ബലത്തൊടാരാകിലു,മുഗ്രമെന്റെ കൈ-
ത്തലക്കരുത്തിൻ രുചി താൻ ഗ്രഹിപ്പവൻ.” ൪൧

പറഞ്ഞിവണ്ണം സഭയിങ്കൽനിന്നു പോയ്
മറഞ്ഞു മന്ത്രീശ്വര;നപ്പൊഴേയ്ക്കുമേ;
വരിഷ്ഠനാരീതനുരൂപമാം പ്രഭാ-
ഭരം നൃപന്മാൎക്കു ദൃഗന്തപാന്ഥമായ്. ൪൨

ഹൃദാവഹല്ലജ്ജ പരിസ്ഫുരിപ്പതാം-
തദാനനം താഴ്ത്തി നിലത്തു നോക്കിയും,
പദാംബുജസ്പന്ദിതനൂപുരാരവം
തദാതിമന്ദം മൃദു വിന്യസിച്ചുമേ; ൪൩

സ്വവീക്ഷണാൎത്ഥം കൊതി പൂണ്ടിരിയ്ക്കുമ-
ന്നൃവീരർതൻ ചിത്തവികാരമൊക്കെയും
സവീൎയ്യമാം ഗാത്രമഹസ്സുകൊണ്ടുടൻ-
നവീകരിച്ചൊന്നു സജീവമാക്കിയും; ൪൪

ഇടയ്ക്കിടെത്തുങ്ഗവിലാസവിഭ്രമ-
സ്ഫുടയ്ക്കിരിപ്പായ ദൃഗന്തകാന്തിയാൽ
വിടൎന്ന പാഥോരുഹമാല ഭങ്ഗിയായ്
പടൎത്തിയും തദ് ഭുവനത്തിലൊക്കെയും; ൪൫

സുജാതരൂപാഭരണാഭയാലുമ-
ന്നിജാനനത്തിൻ രുചികൊണ്ടുമൊപ്പമായ്
രുജാപഹം ബാലദിനേശഭാസ്സുമ-
ങ്ങജാഡ്യമിന്ദുദ്യുതിയും പരത്തിയും; ൪൬

രൂപാഭരാമോദപരിഭ്രമാദിയെ-
സ്സ്വപാടവം പ്രൌഢതകൊണ്ടൊതുക്കിയും
സ്വപാദവിന്യാസപവിത്രമാക്കിനാൾ
നൃപാഗ്ര്യർതൻ ദിവ്യസദസ്സു ജാനകി. ൪൭

കറുത്തിരുണ്ടുള്ള കചാംബുദൌഘവും
നിറമ്പെട്ടും ശ്രീമയമായ മിന്നലും
സ്ഫുരദ്വിഭൂഷൌഘമഹേന്ദ്രചാപവും
നിരന്തരം പൂണ്ടു പയോദലക്ഷ്മിയായ്; ൪൮

പരിസ്ഫുരിയ്ക്കും വരഗാത്രി സദ്രസം
ചൊരിഞ്ഞു, മാരാമയഘർമ്മസങ്ഗമാൽ
കരിഞ്ഞു വാഴും നൃപചാതകങ്ങളിൽ
ഗരിഷ്ഠസന്തൃപ്തി വളർത്തി മേവിനാൾ. ൪൯

പ്രകാശിതാത്മസ്മിതഹംസലീലയാ-
ലകാലമാം ശാരദകാന്തി തന്വിയാൾ
നികാമമുൾക്കൊണ്ടു തുരത്തി തൽക്ഷണം
നൃകാന്തർതൻ ദുർഘനഭാവമൊക്കെയും. ൫൦

അനൽപ്പമായ്, കാമുകഹൃത്തെരിയ്ക്കുവാ-
നനങ്ഗനേന്തുന്ന കടുത്ത വഹ്നിയായ്
ജനത്തിനേററം കുളിർ ജാഡ്യമെന്നിയേ
മനസ്സിനേകുന്ന തുഷാരധാരയായ്; ൫൧

വിരിഞ്ചശില്പത്തിനു പൂർണ്ണകാഷ്ഠയായ്-
പ്പരിസ്ഫുരിയ്ക്കുന്ന വരാങ്ഗിയാമവൾ
ദരിദ്രിതശ്രീരതികായകാന്തിയാം-
വരിഷ്ഠമെയ്യാൻ സദസ്സിൽ മിന്നിനാൾ. ൫൨

നതാങ്ഗിതൻ കേശതമസ്സു ഭൂപവി-
ക്ഷതാശയേ രുക്മമിയെച്ചമയ്ക്കവേ
ഹിതാലതിൽ ഭൂതഗണേങ്ങൾ ചുററിയ-
ന്നതാന്തചിന്താശതമെന്ന കൈതവാൽ. ൫൩

തിലാംശമോളം ചലിയാതതേവരെ-
ച്ചലാൽ സ്ഥവിഷ്ണുക്ഷിതിഭൃദ്വരിഷ്ഠരായ്
വിലാസമുൾക്കൊണ്ടവർ ഭങ്ഗമേററുടൻ
ജലാശയാഗ്രേസരരായ് തദീക്ഷണാൽ. ൫൪

മദം രതിയ്ക്കുള്ളതകററിവയ്ക്കുതാം-
തദങ്ഗമക്ഷിയ്ക്കതിഥീഭവിയ്ക്കവേ
അദഭ്രമാം കൂരിരുളും പ്രകാശവും
ഹൃദന്തരത്തിൽ ക്ഷിതിപക്കു ജാതമായ്. ൫൫

യുവപ്രപഞ്ചത്തിന്ന ചക്രവത്തി ഹൃദ്-
ഭവൻ വഹിയ്ക്കുന്ന മണീപതാകയായ്
പ്രവദ്ധിതപ്രൌഢി പെട്ടം നതാങ്ഗി ഭ്രൂ-
ധവക്കു ചേത്തു മദനാത്തിവിഭ്രമം. ൫൬

സ്വനിശ്ചലം ഗൌരവമാകവേ ക്ഷണം
തനിഷ്ടമായ്ത്തന്നെ മറന്നു ഭൂമിപർ
തനിയ്ക്കു ചേരും നിലയും വെടിഞ്ഞുകൊ-
ണ്ടനിശ്ചയം ഭ്രാന്തവിചേഷ്ട കാട്ടിനാർ. ൫൭

ഒരുവ്വരേന്ദ്രൻ നിജമുത്തുമാലതാൻ
വെറുത്തു പൊട്ടിച്ചുകളഞ്ഞു, മന്മഥൻ
കരുത്തനെൻ മുത്തിതുപോലെയാക്കിയെ-
ന്നുരച്ചിടുംപോലെ തദീയചേഷ്ടയാൽ. ൫൮

ഇണങ്ങുമോരോവിധരേഖകൾക്കെഴും-
കണക്കെട്ടുക്കുന്നവനെന്നപോലവേ
ക്ഷണം പരൻ കൈത്തലമോടടുത്തു ക-
ണ്ണുണച്ചുകൊണ്ടക്കമുറച്ചു ചൊല്ലിനാൻ. ൫൯

സ്വവന്ദിയോടാത്മഗുണങ്ങൾ ഭങ്ഗിയായ്
വിവർണ്ണനം ചെയ്തതിനോതി വൻഭ്രമാൽ
പ്രവർദ്ധിതം പ്രീതി കലൎന്നുകൊണ്ടു ഭൂ-
ധവൻ പരൻ തൻതലയാട്ടി നിസ്സ്പൃഹം. ൬൦

നമുക്കുമമ്മാനമിതിൻവിധം കിട-
ന്നമന്ദമാടും കഥ ചൊല്ലിടുംവിധം
സ്വമങ്ഗുലീയത്തെയെടുത്തു കന്ദുക-
ഭ്രമത്തൊടമ്മാനമൊരുത്തനാടിനാൻ. ൬൧

പരസ്പരം ബന്ധമിയന്നിടാതെ, വൻ-
കരംഭ്രമം മൂത്തൊരു ഭൂപനീവിധം
നിരർത്ഥമായങ്ങു പുരാണവൃത്തസൽ-
പരമ്പരാസാരമുറക്കെയോതിനാൻ:— ൬൨

“വരാഹമാം മൂർത്തിയെ വാമനാസുരൻ
പുരാ സമുദ്രത്തിനകത്തു താഴ്ത്തവേ
പരാശരൻ മാമുനി മന്ദരാഖ്യമാം
ധരാധരം ചെന്നു പകുത്തു നാല്പതായ്. ൬൩

ബലിഷ്ഠനാകും നരസിംഹമൂർത്തിയ-
ബ്ബലിയ്ക്കു നാലഞ്ചടി മണ്ണു നല്കവേ
ജ്വലിച്ചു കോപാൽ കപിലന്നു മാനസം
ചലിച്ചു വൻപാറയതായ് മഹേന്ദ്രനം.” ൬൪

അടച്ചു നേത്രം തൊഴുകയ്യൊടും പദം
മടക്കിയന്യോന്യമണച്ചിരുന്നു താൻ
കടുന്തപം ചെയ്തതുപോലെ വാണു തെ-
ല്ലിടയ്ക്കു വിഭ്രാന്തിയൊടന്യനാം നൃപൻ. ൬൫

തെരിക്കനെപ്പൊന്മലർമാല കയ്യിനാൽ
തിരിച്ചു ചുററിച്ചു പരൻ നൃപാലകൻ
എരിഞ്ഞു, വൻമന്മഥശോകമേററു താൻ
തിരിഞ്ഞു ചുററും കഥ വിസ്തരിയ്ക്കയാം. ൩൬

ശിരസ്സിളക്കിസ്പ്രമുഖാജ്ജലം വമി-
ച്ചുരം പലേ ഗോഷ്ഠികൾ കാട്ടി മറെറാരാൾ
വിറച്ചു ബോധം കലരാതെ വീണു മെയ്
മരത്തപസ്മാരകബദ്ധനെന്നപോൽ. ൩൭

തെളിച്ചു പാടുന്നതിനെന്നപോലെ വാ-
പൊളിച്ചു വാണാനൊരു ഭൂപ,നെങ്കിലും
വെളിയ്ക്കവൻതൻ വദനത്തിൽനിന്നു നിർ-
ഗ്ഗളിച്ചതില്ലന്നു കുറച്ചുമാരവം. ൩൮

വെടിഞ്ഞു പീഠം ഭുവി താഴ്ന്നു നിന്നു കൈ-
പിടിച്ചു പയ്യെക്കഴലാൽച്ചവുട്ടിയും
വെടിപ്പൊടേ തത്ര കലാശമേല്പതിൻ-
പടിയ്ക്കു വാണാനപരൻ നൃപാലകൻ. ൩൯

നൃപാലരിമ്മട്ടു തദീയഗൌരവ-
വ്യപായമോടാത്മവിബോധശൂന്യരായ്
ത്രപാവിഹീനം പല ഗോഷ്ഠി കാട്ടിനാ-
രപാരശോകാംബുധിമഗ്നരായിതർ. ൪൦

കുരങ്ങരായ് മന്നവർ, മദ്യപാനമായ്
സ്മരജ്വരം, തേൾകടിയായി വില്ലതും,
ദുരന്തദുഃഖപ്രദഭൂതമായ് വധൂ-
നിരയ്ക്കു മത്തിൻകമനീയദർശനം, ൪൧

മനശ്ശമം വിട്ടവരിന്ദ്രിയങ്ങൾതൻ-
കനത്തതാം വൃത്തിയെയെന്നപോലവേ
അനന്തരം ഭൂവരർ ചപമുന്നതം
ഘനം കുലയ്ക്കുന്നതിനായൊരുങ്ങിനാർ. ൧൨

ബലിഷ്ഠനാണെന്നഭിമാനമേറുമാ-
ക്കലിങ്ഗഭൂജാനി ധനുസ്സെടുക്കവാൻ
വലിയ്ക്കവേ തദ് ഭുജമാണൊടിഞ്ഞതു-
ച്ചലിച്ചതില്ലീശ്വരചാപമല്പവും. ൧൩

മടുത്തു ചന്തയ്ക്കു ഗമിച്ച പട്ടിപോ-
ലൊട്ടക്കമേററം തലതാഴ്ത്തിയാ നൃപൻ
പടുത്വവും പ്രൌഢിയുമററു കൈയ്ക്കുമൾ-
ത്തടത്തിനും വേദന പൂണ്ടു മാറിനാൻ. ൧൪

ഹരൻെറ വില്ലിൻനികടം വരെയ്ക്കുപോയ്-
ക്കുറച്ചുനിന്നാർത്തിയൊടങ്ഗഭൂമിപൻ
കരത്തിനാൽ ഭീരു തൊടാതെതന്നെ സ-
ത്വരം മടങ്ങീ മടയത്തരത്തൊടെ. ൧൫

അനർത്ഥമോർക്കാതിഹ ശൂലപാണിതൻ-
ധനുസ്സെടുക്കുന്നതിനായ്ത്തുടങ്ങവേ
വിനഷ്ടവീര്യത്തൊടു പാണ്ഡിരാട്ടു മെ-
യ്യനക്കിടാതായഥ ശൂലപാണിയായ്. ൧൬

ജ്വലിച്ച കാശിക്ഷിതിപൻെറ വിക്രമം
ഫലിച്ചതില്ലന്നൊരു കാശിനെങ്കിലും
വലിഞ്ഞുചെന്നാൻപൊട്ടു ചെമ്പു താൻ തെളി-
ച്ചൊലിച്ച ഘർമ്മദ്രവമോടു മാറിനാൻ, ൧൭

ഗിരീശനാകും ഭഗവാൻ വഹിയ്ക്കുമാ-
ഗ്ഗിരീശസാരഭ്യുതിയാം ധനുസ്സു താൻ
നിരീക്ഷണംചെയ്തഥ ചോളരാട്ടു തൽ-
പരീക്ഷ ചെയ്യാതെ വസിച്ചു മാനിയായ്. ൨൨൮

തുറന്നു തൻദുർബ്ബലതാഭരത്തിനെ-
പ്പുറത്തു കാട്ടാതെ മഹാഭിമാനിയായ്
മുറയ്ക്കു മന്നന്റെ തൊഴിയ്ക്കു തുല്യമ-
ങ്ങുറച്ചു താൻ വാണതു യുക്തമെത്രയും. ൨൨൯

കടന്നുചെന്നീടുകയെന്നനങ്ങനും
മടങ്ങുകെന്നംഭയവും കഥിയ്ക്കയാൽ
അടുത്തുപോം പിന്നെ മടങ്ങു,മീവിധം
തുടന്നു ലക്ഷ്മം കുറി വങ്ഗനായകൻ. ൨൩൦

സാരാധിക്യം വിളങ്ങും ശിവനുടയ മഹാ-
വില്ലു തെല്ലൊന്നനക്കാ-
നാരാലും സാദ്ധ്യമല്ലെന്നവിടെയിതുവിധം
വ്യക്തമായ്ക്കണ്ടനേരം
ശ്രീരാമൻ കൌശികാനുഗ്രഹമൊടവനിജാ-
പാങ്ഗമാലാനുയാതൻ
പൌരാലോകാദ്ഭുതൻ ചെന്നഥ ശിവനുടെ ചാ-
പത്തെയിത്ഥം സ്തുതിച്ചാൻ: ൨൩൧

ഈശൻതൻ കയ്ക്കിണങ്ങീടിന സുരുചിരമാം
രേഖതൻ ചിഹ്നമേന്തി
പ്രാശസ്ത്യം പൂണ്ടു സർവ്വോത്തരലസദനുഭാ-
വത്തിനാധാരമായി
ആശയ്ക്കൊത്തിജ്ജനത്തിന്നവിരതകുശലാ-
വസ്ഥ താൻ ചേർത്തവിദ്യാ-
നാശം ചെയ്യും ധനുസ്സല്ലജ! നമനമിവൻ
ചെയ്‌വു സാഷ്ടാങ്ഗപാതം. ൨൩൨

പോരാടാൻ വന്മദം പൂണ്ടടവൊടഭിഗമി-
യ്ക്കുന്ന ദൈത്യവ്രജത്തിൻ-
മാറാകെത്തച്ചുകീറിച്ചൊരിവൊരു രുധിര-
ത്തിൻെറ പൂരത്തിനാലെ
മാറാതെന്നും ജയശ്രീപ്പൃഥുലകുചതടീ-
ഭിത്തിയെക്കുങ്കുമംകൊ-
ണ്ടാറാടിക്കും ഭവദതിക്രമമഹിമ മഹീ-
മണ്ഡലത്തിൽ ജയിപ്പൂ. ൪൭

തൈലം മെയ്യിൽപ്പുരട്ടിപ്പരിചിനൊടു തുട-
ച്ചേററവും ഭംഗിയായ് നിൻ-
കോലം സൂക്ഷിച്ചു വേണ്ടുംപടി പരിചരണം
ചെയ്വു ദേവൻ ത്രിനേത്രൻ;
മാലല്പീഭൂതമാകാൻ പരിമളവിസരൽ-
പാരിജാതപ്രസൂന-
ത്താലെന്നും താവകാരാധന വിബുധർ നട-
ത്തുന്നു ഹൃദ്ഭക്തിയോടെ. ൪൮

വൻപാമ്പോടൊത്തു ചീറി ദ്രുതമണയുമൊരാ-
ദ്ദൈത്യരേ മന്ത്രതുല്യം
വമ്പാളും നിൻെറ പേർ ചൊന്നമരരവിരതം
സ്തബ്ധരാക്കുന്നു പോരിൽ,
കമ്പാൽ നിദ്രാന്തരത്തിൽ സ്വപതികൾ പറയും
നിൻെറ പേർ കേൾക്കയാലും-
ക്കമ്പാടിസ്സംഭ്രമിക്കും ദനുജവനിതമാ-
ക്കുള്ള ഗർഭം സ്രവിപ്പൂ. ൪൯

ദൈത്യന്മാർ തൻെറ സേനാംബുധി ഞൊടിയിടകൊ-
ണ്ടാകെ വററിച്ചു തൽസ്ത്രീ-
തത്യശ്രുപ്രവൃദ്ധമായങ്ങതിനു പകരമ-
ന്ന്യാബ്ധി നിർമ്മിച്ചു നല്കി
അത്യക്താസൃഗ്ദ്ധരംകൊണ്ടരുണിതരുചിയായ്
ദേവരാജിയ്ക്കുഴം ദ-
സ്ഥിത്യന്തശ്ലോകരാത്രിയ്ക്കിഹ സുഭഗവിഭാ-
താഭ നീ ചേർത്തിടുന്നു. ൮൩

വക്രാകാരം വഹിച്ചീടിലുമനിശമവ-
ക്രാന്തഭാവം വളൎന്നും
ശക്രാദിശ്രേഷ്ഠരാരാധന തെളിവൊടു ചെ-
യ്യുന്നൊരൌന്നത്യമാൎന്നും
വിക്രാന്തിയ്ക്കുള്ള വാസ്സാലഹിതകുലമറു-
ക്കുന്ന വമ്പേററമിബ്‌ഭ്രൂ-
ചക്രാന്തത്തിൽ പുതുപ്പൂമ്പുകഠമണമൊടു നീ
ചാപരാജൻ ജയിപ്പൂ. ൮൪

ദേവസ്ത്രീഹസ്തസമ്പൂജിതസുമനിരയി-
റ്റിററു വീഴുന്ന മാദ്ധ്വീ-
സ്രാവംകൊണ്ടാർദ്രനായീടിലുമഹിതകഠോ-
രാസ്ഥികൂടം പൊടിപ്പാൻ
വൈവശ്യം വിട്ടു വൻകക്കശത പെരുകിയും
പ്രോല്ലസിക്കും ഭവാനി-
പ്പാവപ്പെട്ടുള്ളവങ്കൽ കൃപയരുളണമെ-
ൻെറ്ഗ്രപാപക്ഷതിയ്ക്കായ്. ൮൫

നിന്നെക്കാണുമ്പൊളായോധനഭുവി വിശിഖം
        ദൈത്യഹസ്തത്തിൽനിന്നും
തന്നെത്താനേ പതിപ്പൂ, ദനുജപുരി ചലി-
        യ്ക്കുന്നു, നാകം മദിപ്പൂ,
എന്നല്ലിന്ദ്രൻെറ വജ്രായുധമഥ സുതരാം
        വിശ്രമിപ്പൂ, സരാഗം
ത്വന്നവ്യപ്രൌഢി വാഴ്ത്തുന്നതിനമരികള-
        ന്നന്ദനത്തിൽ ശ്രമിപ്പൂ. ൬൯

ഭീമത്വം പൂണ്ടു മെയ്യിൽ സുഭഗത തടവി
        സ്വാമിയാം ദേവനെപ്പോൽ
സാമർത്ഥ്യത്തോടു രോഷാൽ പരപുരദഹനം
        ചെയ്തു വാഴും വിഭോ! നീ
മാമൽകം മാനസത്തിൻലഘുതയുമഘവും
        മാച്ചു, വായ്ക്കുന്ന താപ-
സ്തോമത്തെച്ചാമ്പലാക്കുന്നതിനു കനിയണം
        ചാപരാട്ടേ! നമസ്തേ. ൭൦

അന്തം ക്രുദ്ധാന്ത തേജസ്സിനു കളിനിലമാ-
        യീശഹസ്തം ധരിയ്ക്കും
കാന്തം ഭൂഷാഗ്രമായിത്തുഹിനഗിരിസുതാ-
        ഭ്രൂലതാബന്ധുവായി
ശാന്തന്മാരായ യോഗീശ്വരരുടെ ഹൃദി ദീ-
        പാഭനാം നീ മദാപ-
ദ്ധ്വാന്തം വേരോടു വേറാക്കണമടിയനിതാ
        നിന്നെ വന്ദിച്ചിടുന്നേൻ." ൭൧

ഇതിസ്തുതികളാൽ തദാ സുകൃതി ചാപരാട്ടിൻെറയ-
മ്മതിയ്ക്കു തെളിവോറമന്നരുളി വീരനാം രാഘവൻ
രതിയ്ക്കു രമണൻ നവം കുസുമമെന്നപോലീശ്വരൻ
മതിപ്പൊടു വഹിയ്ക്കുമാപ്പെരിയ വില്ലെടുത്തീടിനാൻ. ൯൨

സീതാദേവിയ്ക്കു മെയ്യിൽ പുളകമൊടു സമം
വില്ല പൊങ്ങീ, ധരിത്രീ-
നേതാക്കന്മാർക്കകക്കാമ്പൊടു സമമധികം
പൊട്ടി വേറായി, മന്നിൽ
ജാതാഭം വാനതിക്കും സുമനികരമൊടൊ-
ന്നിച്ചു വീണൂ, തദാളി-
വ്രാതാരാവത്തോടൊപ്പം ജനതയുടെ ജയാ-
ഘോഷമെങ്ങും മുഴങ്ങീ. ൯൩

ദേവന്മാരിട്ടടിയ്ക്കും പടഹമതിടിയായ്
ഭൂമിപക്ത്രൗഘത്തിൻ-
വൈവർണ്ണ്യം മേഘമായീ; പുരുചപലയതായ്
തജ്ജയശ്രീ തദാനീം;
താവും പൂമാരിയായീ, പരനുവരയശ-
സ്സന്നമായ്;കേകിയായീ-
ദ്ദ്യോവിൽപ്പാറും പതാകാവലിയവിടെ മഹാ-
വർഷമിത്ഥം ഭവിച്ചു. ൯൪

ആ വിപ്രശ്രേഷ്ഠരാശീസ്സുടനവിടെ മുഴ-
ക്കീടവേ; വാനിൽനിന്നും
ഭൂവിൽപ്പൂവാരി വർഷിയ്ക്കവെ,യിതരമഹീ-
പാലർ പാവയ്ക്കു തുല്യം
ആവിഷ്ടീഡം മിഴിച്ചങ്ങനെ മരുവിടവേ,
ലോകരാർപ്പിട്ടു ഹർഷം
താവി പ്രോന്മത്തരാകെ ജ്ജനകജ ശുഭമാം
മാല രാമങ്കലിട്ടാൾ. ൯൫

മുന്നത്യുത്സാഹമോടേ പകുതി വഴി ജവാൽ
ചെന്നുതാൻ ഹ്രീഭരത്താൽ
പിന്നൊപ്പിന്മാറിനിന്നുത്തരളരുചി പതു-
ങ്ങുന്ന നേത്രാഞ്ചലത്തെ
അന്നത്യന്തം പ്രയതിച്ചവനിസുത തദാ
പ്രേമപീയൂഷസത്തി-
ന്നൌന്നത്യം ചേർന്ന വർഷത്തൊടു സമമഥ ചേ-
ർത്തീടിനാൾ രാഘവങ്കൽ. ൯൬

ശ്രീരാമദേവനെ വധൂകുലമൌലി ചാർത്തും-
ഹീരാഗ്ര്യമാം ജനകപുത്രി വരിച്ചിവണ്ണം
വാരാളുമാഭയൊടു തത്ര വിളങ്ങിയന്നാൾ,
വാരാശിയെ പ്രഥിതജാഹ്നവിയെന്നപോലെ. ൯൭

സന്മഹസ്സു തടവുന്ന യോഗവും
ബ്രഹ്മവിദ്യയതുമെന്നപോലവേ
നന്മയോടവരിണങ്ങിയന്നു നിഷ്-
കല്മഷാഭ്യുദയമേറ്റിതേറ്റവും. ൯൮

——:o:——

## പതിനെട്ടാംസൎഗ്ഗം.

ജനകനരവരൻതൻ ദൂതർ ചൊന്നിട്ടയോദ്ധ്യാ-
വനസരസവസന്തത്വിട്ടെഴും രാട്ടു മോദാൽ
തനയരുടയ വൃത്തം കേട്ടു പെട്ടെന്നു ഭേരീ-
സ്വനവിചലിതദിക്കായ് മൈഥിലത്തിങ്കലെത്തി. ൧

അരമഥ മിഥിലോൎവ്വീഭൃത്തിനാൽ സൽകൃതൻ, ത-
ദ്വിരഹിതർ സുതരാലേ ഗാഢമാശ്ലിഷ്ടഗാത്രൻ,
വരമുനികൾ ശതാനന്ദാദ്യരാൽ പൃഷ്ടസൌഖ്യൻ,
നരപതി സകലൎക്കും മേൽക്കുമേൽച്ചേൎത്തു ഹൎഷം. ൨

അതനുസദൃശരാകും മക്കൾ നാലാൾക്കുമന്നാൾ
ഹിതമൊടഥ വിവാഹം നിശ്ചയിച്ചൂ ക്ഷിതീശൻ
ധൃതകുതുകമിണങ്ങും രാഘവന്മാർ വിവാഹ-
വ്രതവിധികൾ ചരിച്ചാർ ശ്രീവസിഷ്ഠോപദിഷ്ടർ. ൩

ഉപയമവിധി സൎവ്വം നിൎമ്മലാഭം നടത്താ-
നുപകരണസഹസ്രാപൂൎണ്ണമാം വേദിയേകം
നൃപനുടയ നിയോഗാൽ തൽസഭാമദ്ധ്യഭൂവിൽ
സപദി മുനിഹിതംപോൽ മഞ്ജു നിൎമ്മിച്ചിതന്നാൾ. ൪

സുരഭിലമലർ, ദീപം, മാല,നെ,യ്യെണ്ണ,വൻ നെൽ-
പ്പറ, കുശ, മരി, ലാജം, മേലരിക്കോപ്പിവണ്ണം
നിരവധിനവഹോമദ്രവ്യമോരോന്നിണങ്ങി-
പ്പുരടരുചിരമാകും വേദിരണ്ടും വിളങ്ങി. ൫

വിവിധമണിവിഭൂഷാപോഷിതം ഗാത്രശോഭാ-
ദ്രവിണമുടയ ഭൂഭൃൽകന്യമാർ, വൃദ്ധമാരാൽ
സവിധമവിടമന്നാനീതമാരായി തുങ്ഗ-
ച്ഛവിയുടയ കുമാരന്മാരുമങ്ങാവസിച്ചാർ. ൬

ക്രിയകൾ മുനി വസിഷ്ഠൻ തത്ര ചെയ്യിച്ചു വാദ്ധ്യാൻ
സ്വയമഥ പരികർമ്മം കൌശികൻ ചെയ്തു ഭക്ത്യാ
നയമൊടഖിലകാര്യാദ്ധ്യക്ഷനായ് വാണു ചേതോ-
നിയമപടു ശതാനന്ദാഖ്യനാം യോഗിവര്യൻ. ൭

പലവിധമുളവാകും തദ്ഗ്രഹവ്രാതദോഷം
വിലയമണയുവാനായ് ഗോമുഖം ദാനവൃന്ദം
കുലമഹിമ തപസ്സിത്യാദി ചേരും ദ്വിജന്മാ-
ർക്കലമവരഥ ചെയ്തുരാദ്യമായ് രാഘവന്മാർ. ൮

ശമബലനിധിയോഗിശ്രേഷ്ഠനാമാ വസിഷ്ഠൻ
ക്രമമുടയ ചടങ്ങോരോന്നു ചൊല്ലിക്കൊടുത്താൻ
സമധിഗതഹൃദന്തശ്രദ്ധരായിദ്ധരിത്രീ-
രമണസുതർ തദാനീം ചെയ്തിതാകർമ്മമെല്ലാം. ൯

പുതിയ ഘൃതരസത്തിൻ സൌരഭം പൂണ്ടു ദിവ്യ-
ദ്യുതിയൊടു പരിപുഷ്ടാകാരനായ് വഹ്നിദേവൻ
സ്വതിരസന വിടിർത്തി പ്രാപ്തമാകും ഹുതത്തിൻ-
തതി രുചിയൊടശിച്ചാൻ സ്വാഹയോടും സഹർഷം. ൧൦

ചെവിയിലസിതമാം നല്ലുത്പലോദ്യദ്വതംസ-
ച്ഛവിയരുളി, മിഴിയ്ക്കുങ്ങഞ്ജനത്തിന്റെ ചാർത്തായ്
സുവിപുലനിടിലത്തിൽ ചാരുകസ്തൂരിയായും
വിവിധനില വഹിച്ചാ ഹോമധൂമം വിളങ്ങി. ൧൧

ഉലകഖിലമുലയ്ക്കും രാക്ഷസന്മാർക്കു പേരാ-
ലലഘുസമത നിത്യം പൂണ്ടതിൽ കോപമാർന്നോ
ജ്വലദനലമഹസ്സിൽ തത്പലാശൌഘമുർവ്വീ-
ത്തലരമണസുതന്മാർ തത്ര ഹോമിച്ചിതന്നാൾ. ൧൨

സപ്തമുഖപതിതമാകും ലാജവൃന്ദം നികാമം
പ്രമുദിതമതിയോടെ വഹ്നി ഭസ്മീകരിച്ചാൻ;
സമുദിതനിഗമാന്തജ്ഞാനതേജസ്സവിദ്യാ-
ഭ്രമജനിതമശേഷം കർമ്മജാലം കണക്കെ. ൧൩

മതിയിലുടയ ലജ്ജാവൃത്തി സുവ്യക്തമാക്കി-
ഗ്ഗതിയിലതുലമാന്ദ്യം ചേർന്ന തദ്ദൃഷ്ടിപാതം
ക്ഷിതിപസുതകളേറെത്താൻ പണിപ്പെട്ടു തത്തൽ-
പതികളുടെ മുഖത്തിൽ ചേർത്തു തൽദൃഷ്ടനാർത്ഥം. ൧൪

ഇവൾ മമ സുത; യേതത്പാണി ധർമ്മം ചരിയ്ക്കാ-
നവഹിതമതി കൈക്കൊൾകെന്ന രാജാവുരയ്ക്കേ
നൃവരസുതനദഞ്ചദ്രോമമാം കയ്യു ഘർമ്മ-
ദ്രവമുടയൊരു സീതാഹസ്തമോടന്നു ചേർത്താൻ. ൧൫

കുരവയൊടൊരുമിച്ചമ്മന്ത്രനാദം മുഴങ്ങീ,
സുരപഥവലയത്തിൻ ഭേദനം ഭേരി ചെയ്തു,
നിരവധികമുയർന്നു ലോകർതന്നാപ്പുഘോഷം;
തുരയൊടുലക ശബ്ദബ്രഹ്മസമ്മർദ്ദമേറ്റു. ൧൬

ദിനകരകുലമുത്താം കാന്തനെത്താൻ വരിച്ച-
ജ്ജനകതനുജയന്നാളേററവും വിഷ്ഫുരിച്ചാൾ
അനണുമഹിമ ചിന്നും ത്യാഗമോടൊത്തു വർത്തി-
ച്ചനുപമരുചി തേടും ദിവ്യയാം ഭൂതിപോലെ. ൧൭

ധരണിമകളൊടൊന്നിച്ചുല്ലസിയ്ക്കുന്ന പൃത്ഥ്വീ-
വരസുതനെ നിരീക്ഷിച്ചേററു ലോകം പ്രഹർഷം;
സരസദിനവിലാസശ്രീയൊടൊന്നിച്ചു മേവും-
സ്സുരദരുണനെ നോക്കിപ്പങ്കജൌഘം കണക്കേ. ൧൮

സകലഗുണവുമൊക്കം ലക്ഷ്മണൻതന്നെടക്കൽ
പ്രകടരുചി വഹിച്ചങ്ങൂൎമ്മിളാദേവി വാണാൾ;
തികവൊടു പരിശുദ്ധം സൽപ്രതാപത്തൊടൊത്താ-
പ്പുകളുടയ ജയശ്രീയെന്നപോലന്നതന്ദ്രം. ൧൯

ശുഭരതഭരതാഖ്യൻ സ്വാശ്രിതന്മാൎക്കു മോദാ-
ലഭയദനവനോടമ്മാണ്ഡവീദേവിയന്നാൾ
സുഭഗമനണഞ്ഞതത്വജ്ഞാനമോടൊത്തു നിസ്സ-
ന്നിഭമഹിമ വഹിയ്ക്കും മുക്തിപോലൊത്തു ചേൎന്നാൾ.
൨൦

ശ്രുതതരനിജകീൎത്ത്യാ പേരിനെസ്സാൎത്ഥമാക്കം
സുതനുവവളരിഘ്നൻതന്നൊടൊത്തുല്ലസിച്ചാൾ;
അതരളഗുണമേന്തും യോഗസമ്പത്തിണങ്ങി-
ബ്ഭൃതരുചിയൊടു മിന്നും പ്രൌഢയാം ശാന്തിപോലെ.
൨൧

ദശരഥസുതരാകും രാഘവന്മാർ തദാ സ-
ദ്ദ്ദശരഥ ഭുവി തത്തൽപത്നിമാരോടുകൂടി
വിശദരുചി വിരാജിയ്ക്കുന്നകണ്ടുവ്വി ഹൎഷാ-
വശതരളിതഹൃത്തായ്ച്ചാരിതാൎത്ഥ്യം വഹിച്ചാൾ. ൨൨

ജനകനുപനഭങ്ഗം പ്രാഭവാകല്പിതം സ്ത്രീ-
ധനമണികൾ സുവൎണ്ണം രത്നവും പട്ടുമെല്ലാം
അനവധി പടുസൈന്യക്കോപ്പുമാ രാഘവന്മാ-
ൎക്കനഘമതി കൊടുത്താനേററവും പ്രീതിയോടെ. ൨൩

ക്ഷിതിവിബുധവരന്മാൎക്കന്നു നല്പട്ടു ഗോവിൻ-
തതി പുരകൾ പറമ്പും വിത്തവും ലോഭമെന്യേ
നുതിലകമഥ ദാനംചെയ്തുവെന്നല്ല; തത്രാ-
ഗതികളധിഗതൎക്കും വേണ്ടതെല്ലാം കൊടുത്താൻ. ൨൪

പല കലകളിലേറെപ്പാടവം പൂണ്ട വിദ്വാൻ-
കുലമതിനു യഥാർഹം സ്വർണ്ണഭൂഷാദിയാലും
അലമനുപമതുംഗസ്ഥാനമാനാദിയാലും
തുലയററമതിമോദം നല്കിയമ്മന്നവേന്ദ്രൻ. ൨൫

ജനകനൃവരനാകും വിത്തമേറെക്കൊടുത്ത-
ദ്ധനദമഹിമയന്നാളാവഹിച്ചുല്ലസിയ്ക്കേ
അനവധി ഭുവി പുണ്യം പൂർണ്ണമായ് പൂകിടും സ-
ജ്ജനതയുടെ വരത്വം പൂണ്ടതോ യുക്തമല്ലോ. ൨൬

അനധിഗബഹുദാനൻ വിപ്രനെങ്ങും ഭവിച്ചി-
ല്ലനണുവസു ലഭിയ്ക്കാതർത്ഥിയങ്ങില്ലൊരുത്തൻ
മനസി നിജനിജാശാപ്രാപ്തിയാൽ തുഷ്ടനായി-
ജ്ജനകനൃപനെയെങ്ങും വാഴ്ത്തിടാതില്ലൊരാളും. ൨൭

അവിരളരുചി കല്യാണാത്മവാനാം മഹീഭൃ-
ത്തവിടെ വിലസവേ തത്സേവനാലോലുപന്മാർ
സവിധമധിഗതന്മാർ ജാതകല്യാണലാഭാൽ
ഭുവി സുരപദമാന്നാർ സാർത്ഥമീബ്ഭൂസുരന്മാർ. ൨൮

സരസമധുരനാനാഭക്ഷ്യപേയാദിസമ്പദ്-
ഭരസുരുചിരമേററം വിസ്തൃതം ശാലതന്നിൽ
ത്വരയൊടധികമന്തിത്തള്ളിയെത്തിദ്ധരിത്രീ-
സുരരഥ നിവസിച്ചാർ ഭക്ഷണാശാവശന്മാർ. ൨൯

ദയപെടുമധികാരിക്കൂട്ടരെച്ചിത്തതാരിൽ
ഭയമൊരു ലവമെന്യേ തട്ടിമാററി ക്ഷണത്തിൽ
പ്രിയമൊടരിയൊരുട്ടിൽപ്പോയ് സ്ഥലം കൊണ്ടു
[കൊണ്ട-
ങ്ങയതർ ചിലർ വിളമ്പന്മാരെയും കാത്തു വാണാർ.
൩൦

വലിയ ജനഗണത്തിൻ തൽപ്രവാഹത്തിൽ വീണും-
ക്കലിതകദനമേററീടാതെയബ്ബാലരേയും
പലിതവിവശർ വൃദ്ധന്മാരെയും സ്ത്രീകളേയും
ബലികൾ സരണിയേകിസ്സാവധാനം നയിച്ചാർ. ൩൧

പ്രകടമപനയം വൻധൃഷ്ടരായ് ചെയ്യുവോരെ-
പ്പകയൊട്ടടനൊതുക്കാൻ നോക്കിയാ രാജഭൃത്യർ
അകലിതഭയർ വെള്ളിച്ചൂരലിൻകോലുമേന്തി
സ്വകബലമധികാരാൽ കാട്ടിയെങ്ങും നടന്നാർ. ൩൨

"സ്ഥലമവിടമെനിയ്ക്കാ""ണേതവൻ ചൊല്ലി" "വസ്ത്രാ-
ഞ്ചലമിതിവിടെയിട്ടേൻ ഞാന"തിൻമുമ്പുതന്നെ
ഇലയുടെ മറി ഞാനിങ്ങിട്ടിരുന്നു" "വൃഥാ വാ-
ക്കലഹമരുതിതട്ടിപ്പേർ തനിയ്ക്കാരു തന്നു?" ൩൩

"അവിടമവനെടുത്താൽപ്പോട്ടെ താൻ പോരുകിങ്ങോ-
ട്ടവിനയമരുതങ്ങേയ്ക്കൊകിടാമിങ്ങിടം ഞാൻ"
"അവിശദരുചിയോണംകേറിടാമൂലയാം നിൻ-
സവിധമതു വിളമ്പന്മാരു കാണാൻ ഞെരുക്കം." ൩൪

"തരിക സിത ഹിതം മേ പപ്പടക്കൊട്ട കൊണ്ട-
ച്ചൊരിയുകിലയിലേറെക്കാളനിങ്ങോട്ടൊഴിച്ചാൽ
ത്വരിതമൊരു മഹത്താം വിദ്യ കാട്ടാം വൃഥാ താൻ
പെരിയ രസികനെന്തിന്നങ്ങുമിങ്ങും നടപ്പൂ?" ൩൫

"തവ വരവിതു കാത്തുംകൊണ്ടു വാഴന്നിതാശാ-
വിവശതയൊടു വാവാ പായസാധീശനാം നീ
ഇവനിനിയൊരരക്കൈ നോക്കിടാം പാത്രമാകെ-
ജ്ജവമടിയെ മറിയ്ക്കാ വൻപിശുക്കെന്തിനേവം?" ൩൬

"ഇലയിലുടനൊഴിച്ചാൽപ്പിന്നെയുള്ളിൽക്കടത്താ-
നലഘുവിഷമമാട്ടേ വാപൊളിയ്ക്കാമതിൽത്താൻ
കലമിതടിമറിച്ചാൽ തൃപ്തനാം'' "ശിഷ്യരായി-
ച്ചിലരെയതിനുകൂടെക്കൊണ്ടുപോരാഞ്ഞതെന്തേ?'' ൩൭

സരവമശനശാലാഭ്യന്തരത്തിങ്കലുവ്വീ-
സുരബഹളമിവണ്ണം ജാതമായില്ല തെല്ലും
സരസവിഭവവൃന്ദം സ്വാന്തികസ്ഥം തദാ നിർ-
ഭരരുചിയൊടശിച്ചാർ സവ്വരും സാവധാനം. ൩൮

കറികൾ സകലമിഷ്ടംപോൽ വിളമ്പിയ്ക്കുവാനായ്-
ബ്ഭരിതനയമൊടെങ്ങും കാരിയക്കാർ നടന്നാർ;
ചെറിയ ശിശു കരഞ്ഞില്ലൊച്ചവച്ചില്ല നല്ലാ-
രൊരിടമതിലുമങ്ങില്ലാവലാതിയ്ക്കൊരാളും. ൩൯

സരസരുചിരഭാവം പൂണ്ടു ലാവണ്യവൃത്ത-
സ്ഫുരണമൊടു സിതോദ്യന്മന്ദഹാസം ചൊരിഞ്ഞും
തിരളുമധികമന്നാഭോഗമാന്നും ജനത്തിൻ-
കരളവിടെ ഹരിച്ചു ഹൃദ്യയാം സദ്യ ചുററും. ൪൦

വിലസിതബഹുപത്രവ്രാതമാന്നന്നമാം ന-
ന്മലർനികരമിണങ്ങിത്തുമധൂല്ലാസമോടെ
ഫലതതി പരിപാകം പൂണ്ടൊരസ്സദ്യയാം നി-
ർമ്മലതരുവിനെയന്നാൾ തദ്ദ്വിജൌഘം ഭജിച്ചു. ൪൧

പുരിയിലവിടെയന്നക്കൂട്ടമായുള്ള വെള്ളി-
ഗ്ഗിരി രുചിയൊടുമിന്നീ വൈഭവോല്ലാസമോടം;
ത്വരിതമുദിതയോഗാൽച്ചെന്നു സേവിയ്ക്കുവോർ സം-
ഭരിതവിമലപൂണ്ണാനന്ദസന്ദോഹമാന്നാർ. ൪൨

ദ്വിജരരിയ കവിശ്ലോകങ്ങൾ ചൊല്ലിത്തകൎത്തും
പ്രജനിതരസമന്നാൾ നീട്ടിനീട്ടങ്ങരച്ചും
നിജവയർ നിറകെപ്പേൎത്താൎപ്പുവിട്ടുന്നദിച്ചും
പ്രജദനാപമഹഷ്ഠാവസ്ഥ സുവ്യക്തമാക്കീ.                ൪൩

അതുലവിഭവസമ്പൽപൂൎണ്ണമാം സദ്യയുദ്ധ്യൽ-
കുതുകമവിടെയെത്തിപ്പാൎത്ത ലോകക്കശേഷം
ഇതുവിധമുടനിച്ഛയ്ക്കൊത്തു ധാരാളമേകി-
ച്ചതുരതയൊടു പൃത്ഥ്വീവാസവൻ നാൾ നയിച്ചാൻ. ൪൪

അതിഥികൾ നൃപർ മന്ദംമന്ദമന്നാൾ പിരിഞ്ഞാർ;
പുതിയ കളികൾ നിന്നു, താഴ്ന്നിതാൾക്കൂട്ടമെല്ലാം
ക്ഷിതിപനുടെ പുരാന്തം തെല്ലുനാൾകൊണ്ടു ശാന്ത-
സ്ഥിതി പഴയവിധത്തിൽപ്പൂണ്ടിതെല്ലാസ്ഥലത്തും. ൪൫

അപരനൃപഭടാളീധൂളിപാളീവിമുക്തം
വ്യപഗതബഹുകൃത്യഭ്രാന്തമന്ത്രീന്ദ്രവൎഗ്ഗം
അപരിചിതവിനോദവ്യസ്തമാരാജഗേഹം
സപദി രഹിതഘോഷം സൎവ്വവും ശാന്തമായീ.              ൪൬

ധനവിഭവസമൃദ്ധിപ്രൌഢിപൂണ്ടുല്ലസിയ്ക്കും-
ജനകനൃപപുരത്തിൽ പുത്രനോടും സ്വകീയം
ജനവിതതിയൊടും താനൊട്ടുനാൾ പാൎത്തു പിന്നെ-
ട്ടിനകരകുലഭൃത്തുന്മൌലി പോകാൻ മുതിൎന്നാൻ.         ൪൭

ഉടനഥ ഭടർ ഭാണ്ഡം കെട്ടിനാർ ഹസ്തിവാജി-
ച്ചുടകളുടെ വപുസ്സിൽക്കോപ്പുചേൎത്തിട്ടിണക്കി;
പടഹനിര മുഴക്കം കാഹളത്തിങ്കൽനിന്നും
പടരുമുരുനിനാദാൽ ദിക്കശേഷം കലുങ്ങീ.                ൪൮

അതിരുചിയൊടു പുത്തൻ പൊൻപതാകാളി വാനി-
ന്നതിഥിനില വഹിച്ചു മാരുതാകമ്പിതാഗ്രം
ശ്രുതിയിലമൃതസാരം ഗീതിയാൽപ്പെയ്തു മഞ്ജു-
ശ്രുതിയൊടു വിചരിച്ചാർ മാഗധന്മാർ ബുധന്മാർ. ൪൯

വിവിധനിറമട്ടപ്പും തൊപ്പിയും പൂണ്ടുദഗ്ര-
ച്ഛവി തടവിയ വാളും കയ്യിലാ വില്ലുമേന്തി
അവിരളതരശൌയ്യം നന്മുഖംകൊണ്ടുകാട്ടി-
ബ്ഭുവി സപദി നിരന്നൂ തത്ര കാലാൾസ്സമൂഹം. ൫൦

ഭടർ കുടകൾ ധരിച്ചും വീശിയും ചാമരൌഘം
പടഹനിരയടിച്ചും കാഹളൌഘം വിളിച്ചും
ഇടയിലഴകു വഷിച്ചാലവട്ടം പിടിച്ചും
പടുതയൊടുളവാക്കീ ഘോഷയാത്രാവിശേഷം. ൫൧

കനകമണിരഥൌഘം ഭൂമിപന്മാക്കു നാരീ-
ജനമതിനിഹ വേറേ സ്വൎണ്ണകൎണ്ണീരഥങ്ങൾ
നിനവുപടി ചരിയ്ക്കും പൊൻവിമാനങ്ങളേവം
സ്വനവവിഭവമെല്ലാമന്നു സന്നദ്ധമാക്കി. ൫൨

ഭവനമതിലിണങ്ങും മററു കൃത്യങ്ങളൊക്കെ-
യുജ്ഝമകലെ വെടിഞ്ഞങ്ങന്ന്യയാം ചിന്തയെന്ന്യേ
നൃവരനുടെ മഹത്താം യാത്ര കാണ്മാനൊരുങ്ങും
യുവതികളിലദഭ്രം സംഭ്രമം സംഭവിച്ചു. ൫൩

വനിതയൊരുവൾ കേശം ചീകവേ കാഹളത്തിൻ-
ധ്വനി വിരവൊടു കേട്ടമ്മട്ടു കെട്ടാതെ തന്നേ
അനിയതജനസങ്ഘോപാത്തമാകും വഴിയ്ക്കൂ-
ങ്ങനിജമതി വെളിച്ചപ്പാടുപോൽത്തുള്ളിവന്നാൾ. ൫൪

സപദി ചലിതമാകും നീവി നോക്കാതെയും, താൻ
ത്രപ മനസി മറന്നും ദാസിയെദ്ധിക്കരിച്ചും
സ്വപദഗളിതമുഗ്ദ്ധനൂപുരം കൈവെടിഞ്ഞും
നൃപനുടെ പഥി ചെന്നാളന്യയാം തന്വിയന്നാൾ. ൧൫

ഒരുവൾ മഷി ഗളത്തിൽച്ചേരവേ ചാർത്തിയെന്ന-
ല്ലരുണരുചിയിണങ്ങും കുങ്കുമം ചേർത്തു കണ്ണിൽ
തിരുകി രവമുയർത്തും നൂപുരം കേശമദ്ധ്യേ
തരുണി സപദി ഘോഷം കാണുവാൻ ചെന്നുനിന്നാൾ. ൧൬

പരിമളരുചി മുല്ലപ്പൂവുതൻമാല കയ്യിൽ
ത്വരിതമൊരുവൾ ചാർത്തിച്ചാരുവാം തത്പദത്തിൽ
തരിവളകളിണക്കി പ്രോച്ചലിയ്ക്കുംസ്തനാന്തം
പരിചിതനഖലേഖം മൂടിടാതോടിവന്നാൾ. ൧൭

സരസയൊരുവളങ്ങാലിങ്ങനോത്സാഹിയാകും
വരനെയനുസരിയ്ക്കുംത്താൻ പിടച്ചേരവേ വേഗം
ഉരസി തരളഹാരം ഭിന്നരോമാങ്കമാർദ്രാ-
ധരമവിടെയണഞ്ഞാളാപതൽകങ്കണൌഘം. ൧൮

ഭടരുടെ കുഴൽനാദം കേട്ടു സംഭ്രാന്തി തേടി-
ച്ചടപട നിനദം ചേർത്തോടവേ മറെറാരുത്തി
ഇടവഴിയവസാനിയ്ക്കുംമാറ്റയാൽദ്ദാസിയെക്കാ-
ലിടറുമവൾ ശകാരിച്ചീടിനാളത്ഥമെന്ന്യേ. ൧൯

നിരുപമമകതാരിൽ സംഭ്രമം പൂണ്ടിവണ്ണം
തരുണികൾ നൃപമാർഗ്ഗത്തിങ്കലന്നാൾ നിറഞ്ഞാർ
പുരുഷരെ ഹിതമോടേ കണ്ടു കൂത്താടുവാനായ്-
പ്പെരുകിന തരമേല്ക്കിൽ സ്ത്രീയ്ക്കുത്സാഹമല്ലോ? ൨൦

ഒരിടമിതുവിധം തന്മന്ദിരം ഘോഷയാത്രാ-
പരിമളവിസരത്താൽ ഭാസുരശ്രീ വഹിയ്ക്കേ
ത്വരിതമപരഭാഗം മാന്ദ്യമേന്തും ജനത്താൽ-
ബ്ഭരിതമഴലിനന്നാളുന്നതം രങ്ഗമായീ. ൩൧

പതികളൊടൊരുമിച്ചാപ്പുത്രിമാർ പോവതോർത്ത-
മ്മതിയിലധികതാപം മൈഥിലേന്ദ്രൻ വഹിച്ചാൻ
ക്ഷിതിയിലമലമന്തഃസ്നേഹസാരം മഹാന്മാർ
യതികളിലുമുദഗ്രം ബന്ധനം ചേർത്തു കാൺമൂ. ൩൨

സ്വവരവസതിയിങ്കൽപ്പോകുവാനോർത്തു ധാത്രീ-
ധവസുതകളൊരുങ്ങിത്തത്ര നില്ക്കുന്ന കാൺകേ
ജവമധിഗതമാകും തദ്വിയോഗത്തിനാലാ-
ബ്ഭവനമധികമന്നാളുന്നതം മാന്ദ്യമാൺു. ൩൩

ഗുരുജനചരണത്തിൽ താണുവന്ദിച്ചു കൂപ്പി-
പ്പെരുകുമഴലൊടൊന്നും ചൊല്ലുവാൻ ശക്തിയെന്യേ
മരുവുമവശമാരാം മക്കളോടശ്രുവാൽത്താ-
നതളി മഹിതമാശീസ്സമ്മമാരന്നു മന്ദം. ൩൪

വരനു പരിണയം ചെയ്യേകിയാലന്നുതൊട്ടാ-
വിരഹകദനമുഗ്രം, നൽകിടാതാലയത്തിൽ
ചിരമമരുകിലന്യം ശല്യമാം; സ്ത്രീ ജനിയ്ക്കിൽ-
ക്കരളിലഥ പിതാക്കൾക്കെന്നുമേൽക്കുന്നു ദുഃഖം. ൩൫

ചരണനമിതയായിക്ക്ലിപ്തമാസ്സീതയെബ്ഭൂ-
വരനുടനെഴനേല്പിച്ചശ്രുതാൻ മാച്ചു മന്ദം
ഉരസി സുദൃഢമന്നാശ്ലേഷണം ചെയ്തു യതാൽ
തരളിതഗളമല്പം സ്വസ്ഥമാക്കിപ്പറഞ്ഞാൻ; ൩൬

"സുതകളുടയ ഭാരം യോഗ്യരാം കാന്തരിൽച്ചേ-
ർപ്പുതുവരെയുലകിങ്കൽത്തൽപിതാക്കൾക്കിരിപ്പൂ
അതുലനിഹ മഹാൻ തേ നാഥനുണ്ടാകയാൽ ഞാൻ
കുതുകമൊടു വഹിപ്പൂ ഭാഗ്യവാൻ ചാരിതാൎത്ഥ്യം. ൯൭

ജനകനിനി നിനക്കീവൃദ്ധനിക്ഷ്വാകു,രാമൻ
വിനയമുഖഗുണൌഘദ്യോതിതൻ നിന്റെ ദൈവം,
കനകമയമയോദ്ധ്യാമന്ദിരം നിൻഗൃഹം, സ്ത്രീ-
ജനമതിനു വിവാഹം നൂതനം ജന്മമല്ലോ. ൯൮

ഇരുളിലു,മതുമട്ടിൽത്തുവെളിച്ചത്തിലും വൻ-
പരുഷവനിയിലും, പൊന്മാളികത്തട്ടിലും താൻ
ഒരുമയൊടു വരൻതൻ സാഹചൎയ്യം വ്രതംപോൽ-
ക്കരുതി മരുവിടേണം സ്ത്രീയ്ക്കിതാം മുഖ്യധൎമ്മം. ൯൯

പതിയുടെ പരിചൎയ്യാവൃത്തിയിൽബ്ഭൃത്യയായും
ധൃതിയുടയ വിനോദക്രീഡയിൽത്തോഴിയായും
മതിയിലഖിലകാൎയ്യങ്ങൾക്കു സന്മന്ത്രിയായും
സതി! രമണഗൃഹത്തിൽപ്പാൎക്ക നീ ധൎമ്മമോടേ. ൱

പരുഷതയരുതൊട്ടും നിൻസപത്നീകുലത്തിൽ
ഗുരുജനമൊടു തുല്യം വൃദ്ധരിൽ ഭക്തി വേണം
കരുതലൊടു പതുക്കെത്താഴ്മയോടല്പമാം വാ-
ക്കരുളണമതിയാകും ഭാഷണം ദോഷമാകും. ൱൧

പലവക ഭുവി കാണും വസ്തുവിൽ സൎവ്വമാളോ-
കുലത വനിതമാരിൽ കാണ്മതാം ദോഷമത്രേ
കലരരുതു നിനക്കീച്ചാപലം നൽദ്രുമത്തിൻ-
നില ഹൃദി പരിപാലിച്ചീടു നീയെന്നുനാളും. ൱൨

ഭുവനഭരണകൃത്യവ്യാകുലീഭൂതചിത്തൻ
തവ പതി പല മട്ടിൽ ക്ലാന്തിയേന്തുമ്പോളെല്ലാം
സ്വവശമധുരശുശ്രൂഷാദിയാൽ സാവധാനം
പ്രവണതയൊടു ഹൃത്തിന്നേകുകാനന്ദമെന്നും. ൰൨

ധവനുടെ പദശുശ്രൂഷാവ്രതത്തിങ്കലെന്നും
സ്വവഹിതമതിയായിപ്പാർത്തു കാലക്രമത്തിൽ
പ്രവരതനുജരുണ്ടായ് വാഴ്കെ നീ മദ്വിയോഗോദ്-
ഭവരുജയെ മറക്കും പുത്തനാം ജീവിതത്തിൽ.” ൰൩

പിരിയുവതു വിചാരിച്ചാത്തനാം രാഘവന്ത-
ന്നരികിലുടനണച്ചാസ്സീതയെക്കയ്യിലേകി
പരിമിളിതവിഷാദാഹ്ലാദകല്ലോലലീലാ-
ഭരിതഹൃദയനായമ്മൈഥിലേന്ദ്രൻ പറഞ്ഞാൻ:— ൰൪

“ഹിതമൊടു മടിയിങ്കൽ ചേർത്തിതേനാളുവരെയ്ക്കും
സതതമെവളെ ലാളിച്ചീടിനേൻ ഞാനതന്ദ്രം
ധൃതബലമെവളിയ്യുള്ളോർക്കു നൽജ്ജീവനാമൽ-
സുതയെ മഹിതനാം നിൻകയ്യിലർപ്പിച്ചിടുന്നേൻ. ൰൫

എവളുടെ കളിയാലും പാട്ടിനാലും ഹൃദന്ത-
ദ്രവമരുളിന നാനാസദ്വിലാസങ്ങളാലും
ദിവസമനു മഹത്താമുത്സവം പൂകിനേൻ ഞാ-
നവളെ മഹിതനാം നിൻകയ്യിലർപ്പിച്ചിടുന്നേൻ. ൰൬

എവളരികിലെനിയ്ക്കില്ലെങ്കിലങ്ങൂണുറക്കം
കവനകല പുരാണാലോകനം ധ്യാനമെല്ലാം
അവശതയൊടു തെറ്റിശ്ശൂന്യമാകുന്നിതാ ഞാ-
നവളെ മഹിതനാം നിൻകയ്യിലർപ്പിച്ചിടുന്നേൻ. ൰൭

എവളുടെ മൃദുഹാസം തെല്ലു കണ്ടീടുകിൽത്ത-
ദ്വിവശമതി സമാധിജ്ഞാനയോഗാദിയെല്ലാം
ജവമകലെ വെടിഞ്ഞാഹ്ലാദമേല്ക്കുന്നു ഞാ,നി-
ന്നവളെ മഹിതനാം നിൻകയ്യിലർപ്പിച്ചിടുന്നോൻ. ൬൯

എവരു മമ മടിയെന്ന്യേ മററു ഭ്രൂ കണ്ടിടാത്തോ-
ളെവ,ളിവനു ഗൃഹത്തിൽ ദിവ്യമാം രത്നദീപം
എവളുരസി നികാമം ചന്ദനാലേപനം, ഞാ-
നവളെ മഹിതനാം നിൻകയ്യിലർപ്പിച്ചിടുന്നോൻ. ൭൦

ധവപരിചരണത്തിൻതത്ത്വമൊട്ടും ഗ്രഹിക്കാ-
ത്തവളവിരതലീലാലോലയിബ്ബാലയെന്നാൽ
അവഹിതനതിധീരൻ പണ്ഡിതൻ രാഘവൻ നീ-
യിവളുടെ കുറവെല്ലാം തീർക്കുവാൻ തക്ക യോഗ്യൻ. ൭൧

അനിശമിഹ ഗൃഹത്തിൽത്താൻ ഗൃഹസ്ഥൻ,കളിക്കാൻ
തുനികിലഥ സഖാവാ,ജ്ഞാനമോതിക്കൊടുക്കാൻ
അനിതരഗുരു,വേകൻ പാലകൻ ദൈവമീമ-
ട്ടിനിയിവളുടെയെന്താകില്ല ധർമ്മജ്ഞനാം നീ? ൭൨

ശിവമരുളിന രണ്ടാമാശ്രമം പാരിൽ മററു-
ള്ളവയിലുമധികം നന്നെന്നു ചൊല്ലുന്നു ലോകം;
നവതരുണികളൊന്നിച്ചായതിൽക്കാലുവയ്ക്കും-
യുവജനമറിയുന്നില്ലേറെയും പേർ സ്വധർമ്മം. ൭൩

പലരുമിഹ വിവാഹാനന്തരം ജീവിതത്തിൻ-
നില കലുഷിതമാക്കിത്തോൽവിയിൽപ്പെട്ടു കാണ്മൂ;
ചിലർ ഭയമൊടു രണ്ടാമാശ്രമത്തിൽക്കടക്കാ-
തലഘുഹിതമതൊന്നാമത്തതിൽത്താൻ വഹിപ്പൂ. ൭൪

സതി വധു ഗൃഹസാമ്രാജ്യത്തിലെദ്ദേവിയാം സു-
സ്ഥിതിയൊടവളെയേവം പാൎത്തു പാലിച്ചിടേണം
അതിഥികളെ വണങ്ങിപ്പൂജ ചെയ്തീടണം ന-
ന്മതിയൊടസുവുമൎത്ഥിയ്ക്കേകണം ദാനമായി. ൮൫

പ്രിയമൊടു പിതൃദേവബ്രഹ്മഭൂതാഖ്യയജ്ഞ-
ക്രിയകളനുസരിച്ചു സൎവ്വസൂനാഹതിയ്ക്കായ്
നയമതി ഗൃഹി മററുള്ളോൎക്കു ജീവിയ്ക്കുവോൻ താൻ
നിയതമിതു മനസ്സിൽ സൎവ്വദാ ചിന്തവേണം. ൮൬

സ്വപരിജനകുലത്തിൽ പൂൎണ്ണവിശ്വാസമേററം
കൃപ മലിനജനത്തിൽ, ബ്രഹ്മചാരിവ്രജത്തിൽ
ഉപചിതബഹുമാനം ഹൃത്തിലെല്ലാത്തിനേക്കാ-
ളുപരി ദമവുമുൾക്കൊൾകെങ്കിലുണ്ടാം ജയം തേ. ൮൭

പിഴയൊരണുവുമെന്യേ ധൎമ്മമാൎഗ്ഗം ചരിച്ചു
പഴയ കഥകൾ വൃദ്ധന്മാരിൽനിന്നും ഗ്രഹിച്ചു
അഴകുടയ പുരാണം താൻ പഠിച്ചു മനസ്സി-
ന്നഴലണയുകിലും തൽസത്യമേകം ചരിച്ചു. ൮൮

ഉലകിലെവനുമോൎത്താൽജ്ജീവിതം യുദ്ധമാം നി-
സ്തുല;മുപചിതകാമാദ്യങ്ങൾ ശത്രുക്കളാൎക്കും;
വില പെരുകിന ധൎമ്മത്യാഗസത്യങ്ങളെത്താൻ
ബലമൊടിഹ വഹിച്ചാൽത്തജ്ജയം സിദ്ധമാകും. ൮൯

ഹരനുടയ ധനുസ്സിൻഭഞ്ജനാൽക്കാട്ടി നീ നിൻ-
കരബലമഭിമാനദ്യോതകം താനിതെന്നാൽ
ചിരകലുഷത ചേൎക്കും സ്വേന്ദ്രിയഭ്രാന്തി വെന്നാ-
ക്കരളിനുടെ കരുത്തും മേലിൽ നീ കാട്ടിടേണം. ൯൦

തന്നജയിവളെ നല്പാത്രത്തിലർപ്പിച്ചു ഞാനെ-
ന്നനുപമമഭിമാനം തോന്നുവാൻ തക്കവണ്ണം
മനുവിനുടെ കുലത്തിൽപ്പൂർവ്വർ കൈക്കൊണ്ട ധർമ്മ-
ത്തിനു സമുചിതമാകുംമട്ടു നീ വാഴ്ക മേലിൽ." ൯൧

നരപതി രഘുപുത്രൻതന്നോടേവം പ്രമോദോ-
ത്തരളഹൃദയനായിച്ചൊല്ലി വിശ്രാമമേല്ക്കേ
പുരടതനു ധരിത്രീപുത്രിയെ സ്വീകരിച്ചി-
ത്തരമഥ നിഗദിച്ചാൻ നമ്രനായ് രാമചന്ദ്രൻ: ൯൨

"പെരുമയൊടു പുരാണം സർവ്വവും വാഴ്ത്തിടും നി-
ന്തിരുവടി ഭുവി തത്ത്വത്തിന്റെ നൽക്കാമ്പു കണ്ടോൻ
ഗുരുനിലയിതുമട്ടിൽപ്പൂകവേ, മററു ഭാഗ്യം
വരുവതിനിനിയെന്താം മൽകുലംതാൻ കൃതാർത്ഥം. ൯൩

തിരുവടിയരുളിച്ചെയ്തുള്ള തത്ത്വങ്ങളെല്ലാ-
മൊരു മരുവതിലല്ലാ വീണതെന്നിങ്ങു കാട്ടാൻ
കരുതിയനിശമെന്നും ഞങ്ങൾ യത്നിച്ചിടാം മേൽ
വരുവതു വിധിപോലാമില്ലതിൽ കുററമാക്കും." ൯൪

വരതനുവഥ ചൊന്നാൾ: "താത! ഞങ്ങൾക്കു വായ്ക്കും
വിരഹദശ വിചാരിച്ചെന്തിനേവം തപിപ്പൂ?
പരമിഹ കുതുകത്തിൻവിശ്രമത്തട്ടു ശോകം
ധരയിലരിയ യോഗം വിപ്രയോഗാന്തമല്ലോ. ൯൫

ഭുവനമിതിലിണങ്ങും ജീവിതം നാടകം താൻ;
തവ സുതയുടെ ഭാഗം ഞാനതാടിക്കഴിഞ്ഞേൻ;
ജവമിനിമുതലേതത്പത്നിതൻ വേഷമേൽക്കാം,
നവമുലകിലിതല്ലോ തൽപ്രപഞ്ചസ്വഭാവം. ൯൬

അനുപമിതതപസ്സിൻവൃത്തിയാൽക്കാര്യമേറം
തനുവിതിനിയുമാത്തം ഞങ്ങൾതൻ ചിന്തയാലേ
അനുദിവസമുദഗ്രം വിപ്രയോഗാത്തിഭാര-
ത്തിനു വശഗതമാക്കി ക്ലേശമേൽക്കൊല്ലു തെല്ലും. ൯൭

അറിവുടയവർ കൂപ്പും താതനും ശോകമേവം
പരിശിഥിലത ചേത്താലന്യർതൻ കാര്യമെന്താം?
എരികനലിലുമെത്തിച്ചേന്നുരുമ്പങ്ങരിയ്ക്കിൽ-
ക്കരിയുടെ കഥയെന്തോ ചൊല്ലിടാനുള്ളു മന്നിൽ?" ൯൮

നിജമടിയിൽ വളന്നോളെന്നുതാൻ ചൊന്ന തത്വ-
വ്രജമുടയ വചസ്സാൽക്കാട്ടിടും പുത്രിയോടായ്
രുജയുരുതരമുള്ളിൽക്കൊൾവതൊട്ടൊന്നൊതുക്കി-
സ്സുജനിതഹൃദയാന്തഃസ്ഥൈര്യനന്നോതി മന്നൻ:—൯൯

പെരുകുമറിവുരയ്ക്കാൻ ശക്തരാണേറെയും പേർ,
ചെറുതുമനുഭവത്തിൽക്കാട്ടിടുന്നോർ ചുരുക്കം;
വിരുതിനൊടുപയോഗത്തിങ്കലേൽക്കാത്ത തത്വം
കരുതുകിൽ വിഫലം താൻ ചിത്രരത്നം കണക്കേ. ൧൦൦

ഹിതമൊടു തനിയേ നീ നട്ടുതാനേ നനച്ചുദ്-
ഗതരുചി വളമേകിപ്പോററിയോരീ രസാലം
ധൃതഫലതതി മുററത്തുല്ലസിയ്ക്കുന്ന കാണ്കെ-
ച്ചിതമഴലിതൊതുക്കാൻ ശക്തനായീടുമോ ഞാൻ? ൧൦൧

ശ്രുതിസുഖമൊടു നീ മുമ്പഭ്യസിപ്പിച്ച മാദ്ധ്വീ-
സ്രുതി പെരുകിന നാനാകീർത്തനം സന്ധ്യതോറും
പതിവിനു കിളി പാടിക്കേട്ടിടുമ്പോൾ ത്വദീയ-
സ്മൃതിജനിതമെനിയ്ക്കോ ശാന്തമാകുന്നു ശോകം? ൧൦൨

തവ ഗമനമറിഞ്ഞിപ്പൊന്മയിൽപ്പൈതലശ്രു-
ദ്രവമൊടു വിലപിച്ചാപ്പീലിയെല്ലാമൊതുക്കി
ജവമരികിലണഞ്ഞീ നിന്റെ വസ്ത്രാഞ്ചലം താ-
നവശനിത പിടിച്ചുംകൊണ്ടുരുമ്മുന്നു കാലിൽ. ൧൦൩

സുരുചിരമൊരുനാളിൽ ശ്രദ്ധയാ ചിത്രമേകം
വിരുതിനൊടെഴുതുമ്പോൾ ചാപലാൽ വന്നടുക്കൽ
പുരുമഷി നിപതിപ്പിച്ചോടവേ തൂവലോങ്ങി-
പ്പുരുഷതയെ നടിച്ചു നീയതിപ്പൈതലല്ലോ.'' ൧൦൪

പുരടതനു പറഞ്ഞാൾ:—"താത! സത്യം തദുക്തം
വിരഹരുജയെവൎക്കും ഭിന്നമാക്കും ഹൃദന്തം
വിരവൊടു മമ ഗേഹം രാജ്യവും ദേശവും നിർ-
ഭരമിവയെ വിടാനായെവ്വിധം ശക്തയാം ഞാൻ? ൧൦൫

മമ സുമഹിതഗേഹപ്രാങ്കണക്ഷോണി! നിൻകാ-
ലമലമൊടുവിൽ വന്ദിയ്ക്കുന്നു നിൻപുത്രിയീ ഞാൻ
സമധിഗതരസം നിൻപാംസുവിങ്കൽക്കിടന്നാ-
ശ്രമമൊട്ടു വിഹരിച്ചോരദ്ദിനം പോയിതല്ലോ. ൧൦൬

മണലധികമെടുത്തങ്ങപ്പമുണ്ടാക്കിടും, നിൻ-
തണലിലിലപെറുക്കിത്തുള്ളഗേഹങ്ങൾ തീൎക്കും
പ്രണയമൊടു കളിക്കും കൂട്ടരായ് പോരടിയ്ക്കും
ക്ഷണമിവയെ വിചാരിച്ചേല്പൂ രോമാഞ്ചമമ്മേ! ൧൦൭

കനിവൊടരുളുകമ്മേ! പോകുവാനാജ്ഞ, നിന്മേ-
ല്ലിനിയിതു പുണരാനും, പാംസു മേലേല്ക്കുവാനും
ജനിതരസമെനിയ്ക്കാകാതിരുന്നീടിലും ഞാ-
ന്നനിശമുരുമനസ്സാൽ നിന്നെ വന്ദിയ്ക്കുമെന്നും. ൧൦൮

ഭവനമിതിന്നു ദിവ്യം ഭൂഷയായ് വാണു നിത്യം
നവസുഷമ തുളുമ്പും ചെമ്പകപ്പൊങ്കിടാവേ!
തവ സഹജയിതാ ഞാൻ യാത്ര ചൊല്ലുന്നു മോദാൽ;
ഭവദതിമൃദുശാഖാശ്ലേഷമേല്പിയ്ക്കുകെന്നിൽ. ൧൦൯

തടമലിവൊടു തീർത്തും, വൃത്തിയായ് വെച്ചുമെന്നും
കുടമതിലുദകം ഞാൻ കോരി മന്ദം നനച്ചും,
വിടപകിസലയൌഘം കേടു കൂടാതെ കാത്തും
സ്ഫുടമിതുവരെയും നിൻ പാലനം ചെയ്തുവന്നേൻ. ൧൧൦

പരവശത കളിച്ചൊട്ടേറെ ഞാൻ നിൻെറയിപ്പൊ-
ന്തറയിലണകിലപ്പോഴം മഞ്ജുപർണ്ണങ്ങളാലേ
വിരവൊടിവളെ വീശിബ് ഭൃംഗസംഗീതസത്താൽ
കരളിന്നു കുളിരേകിപ്പോന്നിതിന്നോളവും നീ. ൧൧൧

തരുവര! പണിയുന്നേനിന്നശോകാഖ്യ! നീയും-
ക്കരുണയൊടനുവാദം നൽക പോകുന്നിതീ ഞാൻ
മരുവിയിതുവരെയ്ക്കും സോദരത്വത്തൊടേ നാ-
മിരുവരു,മിതുനാം മേ വന്നു വേർപാടിവണ്ണം. ൧൧൨

അലർനിരയുളവാകാൻ കാലമായിട്ടുമേ നീ-
യലസതയൊടു പൂത്തീടാതെ നില്ക്കുന്ന കാണ്കെ
അലഘുകദനയായ് ഞാൻ ദേവി കാത്യായനിയ്ക്കായ്
പലവക വഴിപാടന്നേകിനേൻ ഭക്തിപൂർവ്വം. ൧൧൩

സുരഭിലമഭിഷേകം ചെയ്ത തോയം തളിയ്ക്കും
സ്ഫുരദമലസുമൌഘം ചാർത്തിടും തൽപ്രസാദം
സരസമൊടുവിലാനീയാദ്യമായ് പൂത്തനാളിൽ
കരളിളകി മഹത്താമുത്സവം പൂകിനേൻ ഞാൻ. ൧൧൪

ജനനദശയിലേ താൻ തള്ള ഭ്രവിട്ടു പിന്നെ-
ത്തനതു മടിയിലേററിപ്പീഡയേൽക്കാതെ തെല്ലും
മനസി ഹിതമൊടേ ഞാൻ കാത്തു പോരുന്നതാം മ-
ത്തനയനിത മയൂരം കാൽച്ചുവട്ടിൽക്കിടപ്പൂ. ൱൰൫

ശ്രുതനയമൊടു പാടും തത്ര താളംപിടിക്കും
ധ്രുതരസമൃയരുംമട്ടൂമ്മി,യന്നീക്രമത്തിൽ
ഹിതമൊടരികിലപ്പോൾ വന്നു ബർഹം വിടുത്തി-
ച്ചിതസുഷമയൊടാടാറുണ്ടിവൻ സന്ധ്യതോറും." ൱൰൬

ചെറുതു നൃപതി മന്ദം ചൊല്ലി "താപം മനസ്സിൽ-
ക്കരുതരുതു, മുഹൂർത്തം കാലമായ് യാത്രയാക്കു;
വരുമൊരുഭവ്യകത്തിൽ സ്വാഗതം ശോകബാഷ്പാ-
ലരുളിടുവതയുക്തം, സ്വസ്ഥമാക്കൂ ഹൃദന്തം. ൱൰൭

പുരിയിലിവിടെ വാഴും ജീവികൾക്കൊക്കെ നിന്നെ-
പ്പിരിയുവതിനു ശോകം ഹൃത്തിൽ വർദ്ധിച്ചുകാൺമൂ
ഹരിയുമകമൊടേ തൻ തീററി ദൂരത്തെറിഞ്ഞി-
ച്ചെറിയ കിളിയിതാ നിൻപേർ വിളിക്കുന്നു മന്ദം. ൱൰൮

അലയുടെ കളി സർവ്വം നിന്നു സംശാന്തമായീ
ജലധി;യിലയനങ്ങാതുള്ള മട്ടായ് ദ്രുമൌഘം;
ചലനരഹിതനായിസ്തബ്ധനായ് വായുവുഗ്രാ-
കുലതയൊടിനബിംബം മിന്നിടാതുണ്ടുകാൺമൂ. ൱൰൯

മൃല പകുതി കുടിക്കുന്നതള്ളയേ വിട്ടു വൻവ്യാ-
കുലതയൊടുമിതാ പൈക്കുട്ടി നോക്കുന്നു നിന്നെ
തലയതണാവ്യയത്തിദ്ധാരയായശ്രുതുകി-
പ്പുലകുറി കദനത്താൽ കൂജനംചെയ്വു ഹംസം. ൱൨൰

പരമെഴുതിയ ചിത്രംപോലെ കാണുന്ന യുഷ്മ-
ദ്വിരഹവിവശമാമിജ്ജീവജാലം സമസ്തം
കരയരുതു; മുഹൂർത്തം കാലമായ്, പോക''കെന്നാ-
നരവരനിടറീട്ടും കണ്ഠമുൾക്കൊണ്ടു ചൊന്നാൻ. ൧൨൧

നരപതിയെ നമിച്ചും ഗാഢമാശ്ലേഷമാന്നും
ചരണഗളിതമാകും തദ്രജസ്സാദരിച്ചും
വരരൊടു സഹിതം തത്പുത്രിമാർ കേറിനാർ നൽ-
പുരടരഥമതിൽ—തദ്രങ്ഗവും തത്ര മാറി. ൧൨൨

സരവമഥ മുഴങ്ങും കൊമ്പു,മഭ്രാന്തരാളം-
വരെയുമുയരുമുദ്യൽപ്പൊമ്പതാകാമഹസ്സും
തുരഗഗജഭടൌഘധ്വാനവും, സർവ്വമൊത്ത-
ന്നരവരനഗരത്തിൽ ഘോഷരങ്ഗം ചമച്ചു. ൧൨൩

കനകരഥമണഞ്ഞാക്കാന്തരോടൊത്തു പോകും-
തനയകളെ നികാമം കണ്ടിടാതാംവരെയ്ക്കും
ജനകനൃവരനശ്രുപാത്തനായ് നോക്കിനിന്ന-
മ്മനസി മഹിതനന്നാൾ പിന്നെയേവം നിനച്ചാൻ. ൧൨൪

'ഭവനിരയിതിൽമുല്ലാടെത്ര പേക്കൂത്തുനായ്ഞാ-
നവനിയിലതുപോലാക്കൊക്കെ മേൽത്താതനാകും
അവരെവരുടെയെല്ലാം പുത്രിമാരായിരുന്നാ-
രെവർ തനയർ? പിതാവാരേതു പാരെന്തു ബന്ധം?
൧൨൫

അതിഥികൾ വരു,മല്പം പാർത്തിട്ടും പോയിട്ടും മേ-
ലതിലഴൽ നിരൂപിയ്ക്കാനില്ല മുത്തും മനസ്സിൽ;
ക്ഷിതിയിലിതുവിധം തദ്ബന്ധുവർഗ്ഗങ്ങളേ,തൽ-
സ്ഥിതിഗതികളിലെന്തോ ഭ്രാന്തിയേന്തുന്നിതീനാം.
൧൨൬

തനയകളുളവായിട്ടില്ല വാണിട്ടുമില്ലീ-
യ്യജനമൊടവർ വിയോഗം പൂണ്ടുപോയിട്ടുമില്ല
തനതിവനു ലഭിച്ചിട്ടുള്ളതെല്ലാം വിനാശ-
ത്തിനു വശഗതമാകാതുള്ളതാമുണ്ടതെല്ലാം. ൧൨൭

മമ തനയകളുണ്ടായ്,ചെയ്തു കല്യാണഘോഷം
രമണരൊടവർ ചേന്നാർ, ഞാൻ രസിച്ചേൻ തപിച്ചേൻ
ഭ്രമമൊടൊരു മയക്കത്തിങ്കലെന്തൊക്കെയല്ലാം
സമയമിടയിലീഞ്ഞാൻ സ്വപ്നമീക്ഷിച്ചതില്ല. ൧൨൮

തിരകൾ കടലിലുണ്ടായ്പൊങ്ങിടും, താണിടും സ-
ത്വരം;മതൊരു നിലയ്ക്കായ്ത്തന്നെ നില്ക്കാത്തതല്ലോ
ധരയിലിതുവിധം താനേതിനും വൃത്തി കാണ്മൂ;
കരളിലിതു വിചാരിച്ചെന്തിനേല്ക്കുന്നു ദുഃഖം. ൧൨൯

ജനകനൃവരരുണ്ടായ് ലക്ഷലക്ഷങ്ങൾ മുമ്പി-
ങ്ങനവധിയിനിയുണ്ടാ;മാവിധം സീതമാരും;
അനവനതിലൊരാൾ ഞാൻ, കാലചക്രഭ്രമത്താൽ
പുനരപി പുനരുണ്ടായ് സവ്വവും നാശമേല്പൂ. ൧൩൦

മമതയെ നിനയാതേ ചെയ്ക കമ്മങ്ങൾ, ചിത്ത-
ഭ്രമമഴലിലുമേൽക്കൊല്ലൊട്ടു ഭാഗ്യത്തിലും നാം;
ദമവുമുരുതപസ്സും യോഗവും ധമ്മവും പൂ-
ണ്ടമരുക പരമാത്മക്ഷേമമുണ്ടാമതാലേ. ൧൩൧

വന്തത്വവ്രാതമേവം വെളിവിനൊടകതാ-
രിങ്കലോത്തന്നു പൃത്ഥ്വീ-
കാന്തൻ തൽസ്ഥാനഭാക്കായ് പ്പഴയപടി തപം-
ചെയ്തു ധമ്മം ചരിച്ചാൻ;
ചന്തം ചിന്തി പ്രതാപാഭ്യുദയമുയരുമാ-
ഗ്ഘോഷവാദ്യാൽ ജനത്തിൻ-
സ്വാന്തം കാമം ഹരിച്ചുട്ടശരഥനൃപനും
യാത്ര മന്ദം തുടന്നാൻ. ൧൩൨

## പത്തൊൻപതാം സർഗ്ഗം.

മന്നാരവാൽ പേർത്തുമിളക്കമഗ്ര്യ-
സന്നാഹമോടൊത്തു രഘൂദ്വഹന്മാർ
അന്നാൾ തുടൎന്നീടിന യാത്ര തന്മ-
ട്ടൊന്നാകെ മാറീ—പുതുതായി രംഗം. ൧

ആപത്തുടൻ വന്നിടുമെന്ന ഘോര-
രൂപം പെടും ദുശ്ശകുനം തദാനീം
ഭൂപക്കു, മുന്നിൽ പ്രകടം ഭവിച്ചു
താപപ്രദം ഭാവിയതിൻെറ ചിഹ്നം. ൨

പാരന്നപാരം നവമായ പാംസു-
പൂരം പറന്നെങ്ങുമിരുട്ടിലാണ്ടു;
നേരത്തൽനേരത്തലമബ് ഭടൌഘ-
ധീരങ്ങമാശങ്കിതവൃത്തമായി. ൩

അകാരണം കാളഘനം തമസ്സിൻ-
വികാസമേകി പ്രചരിച്ചു വാനിൽ
നികാമമാബ് ഭാസ്കരബിംബമപ്പോൾ
സ്വകാഭവിട്ടെങ്ങുമിരുണ്ടപോലായ്. ൪

ദീനാരവത്തോടു കരഞ്ഞു പാഞ്ഞു
വാനാണ്ട തൽപക്ഷികുലം സമസ്തം;
ആ നാട്ടിലപ്പോൾ പ്രകൃതിയ്ക്കു കൂടി
നാനാപ്രകാരത്തിലുദിച്ചു മാററം. ൫

കുറച്ചുഭീയന്നു പരഞ്ചിതന്മാർ
പരംചിതന്മാർ ഭടർ കോപമാൎന്നാർ
ധുരന്ധരുക്കുഗ്രതരം തടിച്ചി-
തരം തടിച്ചിദ്രുചിരാളിമാക്കും. ൬

പുരാരിതൻ ചാപമൊടിയ്ക്കയാൽ നി-
ർഭരാശയക്രോധവിവർദ്ധിതാന്ധ്യൻ
വിരാജിതൻ ഭാർഗ്ഗവനെസ്സസൈന്യം
ത്വരാന്വിതം മുമ്പിലവർക്കു കാണായ്. ൭

മാതാവുതൻ കണ്ഠമഖണ്ഡശസ്ത്ര-
പ്രതാപലക്ഷ്മിയ്ക്കു വിരുന്നു നൽകി
ഹതാശയക്ഷാത്രകുലം മുടിച്ച
ധൃതാഭനാമമ്മുനിയപ്രധൃഷ്യൻ. ൮

നിൽക്കാതരം കാതരവൃത്തനാകു-
മക്കാർത്തവീര്യൻെറ കുലം കെടുത്തി
പാക്കാതൽ പാക്കാതനയം തുടങ്ങും
ധിക്കാരികൾക്കന്തകനായ് ജയിപ്പോൻ; ൯

തപസ്സിനേകാശ്രയഭൂ,വവിദ്യാ-
കുപങ്കസംസർഗ്ഗവിഹീനചിത്തൻ
നൃപവ്രജാരണ്യദവാഗ്നി നമ്ര-
വിപദ്വിദൂരീകരണാതിസക്തൻ; ൧൦

ചാപല്യമോടാഗ്ഗുരുവിൻെറ പൂജ്യ-
ചാപം വിഭഞ്ജിച്ചതു കേട്ട ഹൃത്തിൽ
കോപം വളർന്നററു ചുവന്ന കൺകൊ-
ണ്ടാപത്തുരച്ചൻ തടുത്തു മാർഗ്ഗം. ൧൧

നിരന്നു സേനാമ്പികരം തരിയ്ക്കും-
കരം തരിയ്ക്കും തളരാതെ ധൈര്യാൽ
ശരം ധനുസ്സെന്നിവ രഞ്ജിതാംശം
വരഞ്ജിതാശങ്കമെടുത്തു നിന്നു. ൧൨

തേർവിട്ടിറങ്ങിച്ചരണം നമിയ്ക്കാൻ
ഭാവിയ്ക്കുമാരാഘവനോട്ട നേരേ
ആവിസ്ഫുരൽകോപമുയന്ന ഭാവം
താവി,കഠാരത്തെയിളക്കി രാമൻ. ൫൩

“ഹതാവനീഭൃദ്ഗളമണ്ഡലത്തിൽ
സ്വതാണ്ഡവക്രീഡ നടത്തി മുററും
ഇതാ വിളങ്ങും മഴു! നിൻെറ കണ്ണു-
ഗതാപദാനക്രമമല്ലയെന്നോ? ൫൪

ശങ്കാലവം കാലവശൻ പെടാതെ
ഹുങ്കാന്നു നീ ചാപമൊടിയ്ക്കയാലെ
നിങ്കാലനങ്കാലനണക്ഷയം തേ
ഞാൻ കാൺക ചേക്കുന്നതിനാഗമിച്ചേൻ. ൫൫

മിടുക്കനെന്നുണ്ടൊരു ഭാവമെങ്കി-
ലടക്കിവയ്ക്കാമെവനോടുമൊട്ടും
മടുക്കയെന്നുള്ളതു മൽക്കഠാരം
പഠിച്ചിടാത്തുള്ളൊരു പാഠമത്രേ. ൫൬

നിയുക്തവംശോദ്ഭവനായ കൊച്ചു-
പയ്യൻ മഹാചാപമൊടിച്ചതില്ലേ?
ഇയ്യുക്രമം മദ്ഭുജവീര്യമായ
തിയ്യുഭ്യ കത്തുന്നതിനുള്ള നെയ്യായ്. ൫൭

നീ നിഷ്ഠുരൻ ചെയ്ത കുകർമ്മമൂലം
ഹാനിയ്ക്കു ഹാ! നില്ക്കുക കാലമായ് തേ
മാനിയ്ക്കുമേ വാനതി,ലെന്നൊടേല്ക്കു-
മാ നിന്നെ മാനിന്നെതിർനേത്രമാർകൾ. ൫൮

നീ പഥ്യനെന്നോർത്തിഹ വിട്ടയച്ചാ-
ലാപത്തിനായ്ക്കാരണമായിടാം മേൽ;
താപത്തൊടല്പം പനി സന്നിപാത-
രൂപത്തിലാം മേലിലുപേക്ഷയാലേ. ൧൯

മന്നത്തമുണ്ടെന്നു നടിച്ചു നീ വൻ-
കന്നത്തരം രാഘവ! ചെയ്കയാലെ
നിന്നാഖ്യ നൂനം 'ശലയോരഭേദ'-
മെന്നുള്ള ചൊല്ലിന്നു യഥാർത്ഥമാക്കി. ൨൦

കിടയ്ക്കു നിൽക്കാതെഴുമൂക്കിടയ്ക്കു
തടസ്സമററുണ്ട,തറിഞ്ഞിടാതെ
മിടുക്കു കാണിച്ചു രണത്തിനേററ-
മടുക്കുമന്നീയുടനേ മടക്കം.'' ൨൧

ഏവം പറഞ്ഞാമുനി തീക്ഷ്ണകോപ-
വൈവശ്യശോണീകൃതട്ടക്കപോലൻ
ഭ്രൂവശ്ചഹൃദ്രക്തവസാരസജ്ജ-
മാ വൻകഠാരത്തെയിളക്കി വീണ്ടും. ൨൨

പിതാവിനെപ്പോൽ ബഹുമാന്യനാമ-
പ്പൂതാശയൻതന്നെ വണങ്ങി നന്ദ്യാ
ധൃതാദരം ശാന്തതയോടു തുങ്ഗ-
പ്രതാപനാം രാഘവനോതിയേവം: ൨൩

''കെല്പന്തമെററുള്ള ഭവാനൊടേൽക്കാൻ
മത്പക്ഷമല്പക്ഷമമേതുകൊണ്ടും
ഏത്പങ്കജത്തിൽ കൃപവേണമേററ-
മുത്പന്നമത്പന്നതനാമിവങ്കൽ, ൨൪

എന്നിയ്ക്കു ദിവ്യൻ ഗുരുവാം ഭവാൻ, ഞാൻ
തന്നിഷ്ടസാരൻ ശിശുവേതുകൊണ്ടും
അനിഷ്ടമുണ്ടാക്കിട്ടുകിൽ ക്ഷമിച്ചു
കനിഞ്ഞു കാക്കേണ്ടതു ധമ്മമല്ലോ! ൨൫

കാലപ്രമാഥിയ്ക്കിയലുന്ന വിൽക്കോൽ
ബാലൻ കളിച്ചല്പമൊടിച്ചുപോയ് ഞാൻ
സ്ഥൂലം ഭവാൻ കോപമതിങ്കലേവം
കോലുന്നതിന്നെന്തൊരു കാര്യ്യമുണ്ടായ്? ൨൬

ഭൂരിപ്രതാപാബ്ധി ഭവാനൊടായ്പ്പോർ
നേരില്ല നേരില്ലതുകൊണ്ടൊരാളും
വൈരിയ്ക്കു മുങ്ങാനിടയാക്കുമാത്തി-
പാരിച്ച പാരിൽച്ചുടുചോരയിങ്കൽ. ൨൭

വരിഷ്ഠനാം ദേവ! ഭവാന്റെ കയ്യാൽ
മരിയ്ക്കുവാനാണിഹ യോഗമെന്നാൽ
തരിയ്ക്കുമില്ലാത്തി; ജനിച്ചുവെങ്കി-
ലൊരിയ്ക്കലാക്കും മൃതിയുള്ളതല്ലോ. ൨൮

ഇന്നെന്റെയാമൃത്യു ഭവാന്റെ കോപ-
ത്തിന്നല്പമെന്നാലുമടക്കമേകി
ഹൃന്നവ്യഹഷം തരുകിൽ കൃതാത്ഥ-
നെന്നല്ല ഞാൻ ഭാഗ്യവദഗ്ര്യനായി. ൨൯

ഹാ! താനവം താനവരം പ്രഭാവ-
മേതാളസൽസാരമിതെന്നുറയ്ക്കും
ഏതാകിലും പൂകണമന്തകോഗ്ര-
ഭൂതാന്തികം താന്തികമേതൊരാളും, ൩൦

എന്നാകിലും വേണ്ടതുതന്നെ മൃത്യു
മന്നായതം സുസ്ഥിരമല്ലൊരാൾക്കും
ഇന്നായതോത്താലിവനൊട്ടുമുമ്പേ
വന്നാലതിൽസ്സങ്കടമെന്തിനേൽപ്പൂ. ൩൧

വാചാല;മീഞാനറിയാതെ തെല്ലു
ധീചാപലം കാട്ടിയിരിയ്ക്കുമെന്നാൽ
ആചാര്യനാം ദേവ! പൊറുത്തു ശൈത്യ-
ശ്രീചാരുവാം കൺമുന ചേർക്കുകെന്നിൽ. ൩൨

മൽക്കം നമൽക്കം നഖചന്ദ്രികാഭ-
വായ്ക്കുന്ന നിങ്കാക്കലിതാ പതിപ്പൂ
വക്ത്തിവക്ത്തിരുമേനിതന്നെ
മേൽക്കത്തൽ മാററിച്ചിരമേകിടേണം." ൩൩

തൻതാതനോടൊത്തമഹാനൊടേവം
ശാന്താശയൻ രാഘവനോതിയന്നാൾ
വന്താഴ്മയോടേ നിവസിച്ചു; ധീര-
രെന്താകിലും നീതി വെടിഞ്ഞിടാത്തോർ. ൩൪

പരന്നു കാളിക്കരളാന്നു കത്തു-
മൊരക്കടുംകോപമഹാനലൻെറ
സ്ഫുരൽസ്ഫുലിങ്ഗങ്ങൾ വചോമിഷേണ
പരം ചൊരിഞ്ഞാനഥ രുദ്രശിഷ്യൻ. ൩൫

"കുമാരനെക്കൂടി മടക്കുമാറ-
ങ്ങമായമാം പ്രാഭവമാളുമെന്നാൽ,
പ്രമാദമുൾക്കൊണ്ടിഹ വന്നവൻ നീ
യമാനനം കെല്പൊട്ടു നീയമാനൻ. ൩൬

വങ്കുള്ള നാട്യത്തിൽ മിരണ്ടടങ്ങും-
വങ്കത്തമില്ലൊട്ടുമെനിയ്ക്കു നൂനം
നിങ്കണ്ഠനിയ്ക്കുന്നവരക്തധാരാ-
പങ്കത്തിനാലിമ്മഴു തൃപ്തി നേടും. ൩൭

തെല്ലാദരം നമ്മിലിരിയ്ക്കിൽ നാട്ടാ-
രെല്ലാം വണങ്ങും ഗുരുവിൻെറ ചാപം
പുല്ലായ്ഗ്ഗണിച്ചേവമൊടിയ്ക്കുമോ നീ
ഫുല്ലാവലേപൻ ദൃഢമെന്നു വന്നു. ൩൮

വൈകാതെ നമ്മോടടലിന്നടുത്താൽ
നാകാത്തനാകാത്തവനില്ലൊരാളും
നീ കാതരൻ ഹാനി വഹിയ്ക്കു, ദവി-
പാകാൽ തപാകാൽ തരസാ ബിസംപോൽ. ൩൯

വീണത്തമല്ലാതെ നിനക്കു തെല്ലൊ-
രാണത്തമുണ്ടെങ്കിലെടുക്ക ശസ്ത്രം
കാണട്ടെ നിൻപ്രൌഢി മിരട്ടിനോക്കിൽ
പ്രാണൻ ലഭിച്ചീടുകയില്ല തെല്ലും. ൪൦

സ്ത്രീയായൊരാത്താടകയേ വധിച്ച
നീയാം നയം കണ്ടവനാൺപോലും
ഈയാത്മസംഭാവനയെന്തിനല്പം
ധീയാളുവോനാരിതു വിശ്വസിയ്ക്കും? ൪൧

വമ്പിന്നു വമ്പിന്നതു നൂനമൊട്ടും
നിമ്പിട്ടൊരാളും വകവയ്ക്കയില്ല
കമ്പിച്ചുകമ്പിച്ചധികം പെട്ടും നീ
കുമ്പിട്ടുനിന്നാലതിലെന്തു സാദ്ധ്യം? ൪൨

ഇന്നുത്തരം നിന്നോടു ചൊല്ലിടേണ്ട-
തെന്നുഗ്രമാകും മഴവാണു സത്യം;
ഒന്നും ഗ്രഹിക്കാത്തവനാക്കി നമ്മെ-
യെന്നുള്ളതോ പോട്ടെ സഹിച്ചിടാം ഞാൻ. ൪൩

ആരാലുമാരാധിതനായ് ജഗത്തിൻ-
വേരായി നില്ക്കും ഭഗവാനെയേവം
നീ രാമ! നിന്ദിച്ചതുകൊണ്ടു വെന്തു-
നീറായിടുന്നുണ്ടു മദന്തരങ്ഗം. ൪൪

വമ്പാലെ വമ്പാലെതിർകീർത്തി പൊങ്ങും-
ഞാമ്പാക്കിലെങ്ങങ്കുര! നീയുമെങ്ങോ
തമ്പാടതമ്പാടലു പൂണ്ടു കൈവി-
ട്ടമ്പാതെ പോകില്ലിവിടെദ്ദൃഢം നീ. ൪൫

സമ്രാജമാനദ്യുതി കാതിൽ മിന്നും-
രുദ്രാക്ഷമാം മാലയൊതുക്കി വേഗം
രുദ്രാത്മശിഷ്യൻ മിഴി ചേർത്തു വീണ്ടും
തദ്രാഘവങ്കൽ കലിതോഗ്രകോപൻ." ൪൬

തേർവിട്ടു പെട്ടെന്നഥ ലക്ഷ്മണൻ താ-
നാവിഷ്ടകോപാലരുണീകൃതാസ്യൻ
പോർവില്ലെടുത്തുകൊട്ടു നിന്നു ക്രുസൽ
ഭാവിച്ചിടാതുദ്ഗതധൈര്യശാലി. ൪൭

മട്ടാകെമാറിബ്ഭയമാക്കമേകും-
രുട്ടാലിരുട്ടാലിടവുന്നപോലായ്
തപിട്ടാന്ന ബാണം നിശിതം കരത്താൽ
തൊട്ടാത്തിതൊട്ടാത്തി ഗണിച്ചിടാതെ:— ൪൮

"ഇക്ഷ്വാകുവിൻവംശമതിൽജ്ജനിച്ചോർ
ദിക്ഷ്വായതം കീർത്തി പരത്തിടുന്നോർ
വീക്ഷാഞ്ചലധ്വസ്തസമസ്തവിദ്വിട്-
പക്ഷാന്വയന്മാർ നൃപരുല്ലസിപ്പൂ. ൪൯

സ്വാപത്തിലും നീതി വെടിഞ്ഞിടാത്തോർ
കോപത്തിലുഗ്രപ്രതിമാനഭാവർ
ആപദ്ഗതന്മാർക്കമരദ്രുമങ്ങൾ
ഭൂപക്ഷ ഹീരങ്ങൾ സമുല്ലസിപ്പൂ. ൫൦

പായാതപായാതനകാനനത്തിൽ
ധീ,യാത്മധർമ്മം വിധിപോൽ ചരിപ്പോർ
മായാസമായാസഗദം തുരത്തി
ശ്രീയാർന്നു ലോകം സകലം ഭരിപ്പോർ. ൫൧

ആ വമ്പരാം ഞങ്ങളൊടീവിധത്തിൽ
ഭാവമ്പകർന്നാൽ ഫലമില്ലതെല്ലും;
ശൈവം ധനുസ്സാര്യനൊടിച്ചു സത്യം
നീ വെമ്പിടാനെന്തതിനിത്രമാത്രം? ൫൨

വൃദ്ധൻ ദ്വിജൻ പാവമിവണ്ണമോർത്തു,
യുദ്ധത്തിലുൾഭീതി നിമിത്തമല്ല;
ശുദ്ധൻ മമാര്യൻ നയമോതി, പക്ഷേ
ക്രുദ്ധൻ വൃഥാ നീ സമരം കൊതിപ്പൂ. ൫൩

നീ മാനനം മാനനതൻ നയാന്ധ-
നാമാന്യയാമമ്മയിൽ മുന്നാമേകി;
നാമാർത്തി ചേർത്തോരു നിശാടയെത്ര-
കോമാളിയാമാളിയ പാപവാഞ്ഛാൽ. ൫൪

വെട്ടാൻവരും പോത്തൊടു വേദമോതും-
മട്ടാക്കുമൊക്കില്ലിതു സുപ്രസിദ്ധം
മൂട്ടാളനാം നിന്നെ വണങ്ങിയാര്യൻ
കൂട്ടാക്കുവാനോർത്തതുതന്നെ മോശം! ൧൫

ഊണും തഥാ യുദ്ധവുമൊന്നുപോലെ-
യാണെന്നു കാണ്മൂ ജളവൃത്തിയാം നീ;
ബാണം ജവാൽച്ചീറിവരുന്ന കാണ്കെ
പ്രാണൻ പിടയ്ക്കും കഥയോർപ്പതില്ല. ൧൬

മാരാഹിതൻ മാം സമരക്ഷണേന
ധീരാശയൻ വാഞ്ഛയൊടെത്തിയാലും
ആരാൽ ഖഗൌഘാശനമാകുമൊട്ടും
മാറാഹിതന്മാംസമരക്ഷണേന. ൧൭

പോരെന്നുകേട്ടാലുടനേ പനിച്ചു-
പോരുന്നൊരാക്ഷുദ്രനൃപാലരേ നീ
നൂറായിരംപേരെ ഹനിച്ചവൻ "ഞാൻ
ധീരാഗ്ര്യ"നെന്നെന്തിനഹങ്കരിപ്പൂ? ൧൮

ഹുങ്കാരമാ നീയമ്മയെ നിഗ്രഹിച്ചു,
വങ്കള്ളിയാം രാക്ഷസിതന്നെയാര്യൻ;
തങ്കണ്ണു രണ്ടും കുരുടായിരിപ്പോൻ
കോങ്കണ്ണനെക്കുററമുരപ്പു കഷ്ടം! ൧൯

അണയ്ക്കുമാർതന്നനുഭാവമോടി
ഗ്ഗുണം നടിച്ചീവിധമമ്മയിങ്കൽ
അണയ്ക്കുമാർതന്നനുഭാവമോടി-
ക്ഷണം സ്വയം നീ നരകത്തിൽ വീണു. ൨൦

ഛോരും തിലം കാണുമവരുററ നാളി-
കേരം പതിയ്ക്കുന്നതു കണ്ടിടാത്തോർ
പരൻെറ പാപം ഗുരുപോൽ കഥിപ്പോർ
പരം സ്വദോഷങ്ങളിൽ മൂകരന്ധർ. ൰൧

ആടിപ്രിയത്തോടമരീജനങ്ങൾ
പാടിപ്പുകഴ്ത്തും പുകഴാന്ന ഞങ്ങൾ
ധാടിയ്ക്കു നീ കണ്ണു മിഴിച്ചുവെന്നാൽ
പേടിച്ചുപോം കൊച്ചുകിടാങ്ങളല്ല.'' ൰൨

ഛിദ്രം വളർത്തുന്നൊരു ലക്ഷ്മണൻെറ
ഹൃദ്രങ്ഗവിക്ഷോഭദമുക്തി കേൾക്കെ
രുദ്രൻെറ ശിഷ്യൻെറ മുഖാബ്ജമുററു
രൌദ്രപ്രകാശാലരുണീഭവിച്ചു. ൰൩

സ്വാമിത്രവംശക്ഷയമേകുവോനാം-
സൌമിത്രിയേവം കുപിതൻ കഥിയ്ക്കെ
വ്യാമിശ്രഹഷം സമരത്തിനേറെ-
ക്കാമിച്ചു തൽസേനകളും ചൊടിച്ചാർ. ൰൪

ആകാ രണംകാരണമാർത്തിയെന്നു
കൈകാലുമൂക്കാൻനിടയും ഭടന്മാർ
നാകാലയം കാലയതക്ക വേഗം
പൂകാൻ തദാ വൻവഴിയൊന്നു തീർത്താർ. ൰൫

ഒരമ്പി മറെറാന്നിനൊടെന്നപോലെ-
യിരമ്പലോടും ബഹുവാശിയോടും
പരന്നു രണ്ടാൾക്കുമിയന്ന സൈന്യം
നിരന്നുനിന്നാക്രമണം നടത്തി. ൰൬

മുറുക്കെ വൻചട്ടകളിട്ടു മൂച്ച്-
പെരുക്കമുഗ്രായുധജാലമേന്തി
കരുത്തൊടോരോവിധവീരവാദം
കുരുത്ത ധാർഷ്ട്യാൽ ഭടരോതി തമ്മിൽ. ൩൭

പരന്നു ധൂളീനികരം പറന്നു,
മറന്നു ജീവൻ രണകാമരന്ന്,
കുറച്ചു ക്രസാതടലൂക്കറച്ചു-
മുരച്ചുനോക്കിസ്സുതരാമുരച്ചു. ൩൮

വേഗം കൈക്കൊണ്ടു രോഷം മനസി, ഭടർ കഥ-
ഞ്ചിത്തദാ ചിത്തദാർഢ്യാ-
ദോഗാലേററാർ, പ്രതാപാഭ്യുദയമടൽ മട-
ങ്ങാതടങ്ങാതതന്ദ്രം,
ആ ഗംഭീരാഹവം കാണ്മതിനമരപുരീ-
രാമമാർ രാമമാത്താ-
ത്തുള്ളാശീസ്സേകി മാനിച്ചുടവൊട്ടു ദിവി വ-
ന്നേറി വന്നേരിൽ നിന്നാർ. ൩൯

———×———

## ഇരുപതാം സർഗ്ഗം.

അകത്തു ഭാർഗ്ഗവൻ കോപം
തികഞ്ഞാലോകനം കനം
സ്വയം കാണിച്ചരിയ്ക്കേകി
ഭീകമ്പാവേഗദം ഗദം. ൧

മറക്കാതൽ കുറയ്ക്കാത-
ന്നുറച്ചു സമരത്തിനായ്,
ശരത്താലെ ശരത്താലെ
സ്ഫുരണം പൂണ്ടു വിണ്ടലം. ൨

ഖരന്മാരവരമ്മാറ-
ഗ്ഘോരം ഭാവം വഹിയ്ക്കവേ
ഉരച്ചന്യോന്യമേകീ വൻ-
പരാതികം പരാതികം. ൩

ശമമല്പവുമേല്ക്കാതാ-
സമയം സമയന്ത്രിതർ
വിമർദ്ദിതാങ്ഗം നേരിട്ടി-
തമരാതമരാട്ടുവാൻ. ൪

രാമന്മാരവർതൻ ഭാവം
കാമം മാറുന്ന കാണ്കവേ
ഹാ! മടങ്ങാതെ തൽസേനാ-
സ്തോമവും നേർത്തു തങ്ങളിൽ, ൫

നിര്‍വ്വിഘ്നം തമ്മിലേല്ക്കുന്ന
ഗര്‍വ്വിയന്ന ഭടവ്രജം
മൌര്‍വ്വിതന്‍ ഹുങ്കൃതംകൊണ്ടു-
ര്‍വ്വിയില്‍ ചേര്‍ത്തു കമ്പനം. ൫

ജവം രാമന്‍റെ കോപത്താല്‍-
ച്ചുവന്ന മുഖമണ്ഡലം
അവര്‍ കണ്ടാര്‍ സ്വവംശത്തിന്‍-
നവപ്രളയവഹ്നിയായ്. ൬

ഉറച്ചു വീരവാദങ്ങ-
ളുരച്ചും കുത്തി വെട്ടിയും
കരത്തിലപ്പു കാണിച്ചു-
തരത്തില്‍ബ്ഭടരേവരും. ൭

സന്മാന്യഭടവീരന്മാ-
രമ്മാര്‍ രക്താത്തമാകിലും
വിലുമ്പദ്ഭയര്‍ ചാവാതേ
വാതേന്തിച്ചെയ്തു വന്‍രണം. ൮

അന്നേരം നേരണഞ്ഞേറെ
നിന്നലം നലമോടവര്‍
ഉന്നിയന്നിയലും ഗര്‍വാല്‍
മിന്നി നന്നിനദത്തൊടേ. ൯

ധീജാഡ്യമറെറാരാജിയ്ക്കു
രാജിയ്ക്കുംമട്ടിറങ്ങിയോര്‍
വിജയത്തികവാശിച്ചു,
വാശിച്ചുടേറിട്ടന്നവര്‍. ൧൦

പൂമ്പാൽപ്പേരിൻ പരപ്പേറി-
പ്പോരും രിപുപരമ്പര
പുരുപാപാൽ പരൻ പോരാ-
പ്പോരരം പേറി പാരരെ. ൫൨

(ദ്വ്യക്ഷരം)

ന്യൂനമങ്ങൂനമനനം
മാഞ്ഞേനം നണ്ണി നന്നെ മേൽ
നേർനെഞ്ഞന്യൂനമാനന്മാർ
നിന്നാഞ്ഞന്നന്നി മിന്നിനാർ. ൫൩

(അനുനാസികം)

ഇളയ്ക്കാതെ കരുത്തേറി-
ത്തിളച്ചാവീരർ വൈരികൾ
ഇളയ്ക്കുലച്ചിലേകിപ്പോ-
രളവറുററു പൂകിപോൽ. ൫൪

(നിരനുനാസികം)

പട പേടിച്ചിടാതപ്പോൾ
പടപ്പായ്പ്പാട്ടു പെട്ടുടൻ
പോർ കചാകചി പേ തത്തി-
പ്പാതം പൂകാതെ ചെയ്യുതേ. ൫൫

(ഖരം)

കരളിൽ കോപവന്തീവേ-
വരമാറാതെയാകവേ,
വര മാറാതെയാകേ വേ-
രറെ നിന്നോററു സേനകൾ. ൫൬

കോളിയന്നൊരു ഭൂപാളി
പാളിപ്പാളിപ്പതിച്ചുടൻ
നീളെയന്നാടരുക്കാല-
ക്കാലം കാലൻെറ വായിലായ്, ൫൭

പരമാരണമാലോല-
മതലംപടയാകയാൽ
പരമാരണമാലോലൃ-
മതലം പടയാകയായ്. ൧൮

സാകാംക്ഷമമരും നാക-
സ്ത്രീകാന്തവദനങ്ങളാൽ
ചാകാൻ പോകും ഭടന്മാർക്ക-
ന്നാകാശം ശതചന്ദ്രമായ്. ൧൯

ഉന്തിയും തള്ളിയും തമ്മിൽ-
പ്പന്തിയല്ലാതെ കുത്തിയും
വന്തിമിപ്പ്വാൽ ഭടന്മാർ മൃ-
ഷ്ടേന്തിപ്പോർ ചെയ്തു തങ്ങളിൽ. ൨൦

ഇളയാതനയാൽച്ചേന്നി-
ട്ടളവില്ലാതെ തങ്ങളിൽ
തിളയ്ക്കും ഭടരാൽ രക്ത-
ക്കളമായ് വന്നു തൽക്ഷണം. ൨൧

(കത്തുള്ളപ്പം)

ക്ഷിതിയിൽ കുത്തു കൊണ്ടിട്ടു
പതിച്ചീടവെയന്നരം
മതിഹർഷാലമർത്ത്യസ്ത്രീ-
തതി ഹാ! പിടിയിട്ടുതേ. ൨൨

(കമ്മള്ളപ്പം)

ഉന്നിദ്രസമരാനന്ദ-
ഹൃന്നാരദമുനീശ്വരൻ
വന്നാനാരസമുൾക്കൊണ്ടി-
ട്ടന്നാളംബരസീമനി. ൨൩

(ശ്രീയാള്ളപ്പം)

പോരായ കടലിൽപ്പൊങ്ങും
തിരമാലയ്ക്കു തുല്യമായ്
ഇരമ്പിയെങ്ങും പാഞ്ഞോടി-
ത്തുരങ്ഗം ചാടി ധാടിയിൽ. ൨൪

കരിമേഘങ്ങൾ വെട്ടേററു-
ദരിതോച്ചണ്ഡനിസ്വനം
പാരിലന്നവിടെച്ചോര
വാരിവർഷിച്ചിതേററവും. ൨൫

സമമായ രണംതാന-
ക്ഷമം പൂകാൻ കൊതിച്ചവർ
സമമല്ലാത്ത രണമ-
ക്ഷമം കൈക്കൊണ്ടിതേവരും. ൨൬

വാരണം വിശിഖാലങ്ഗ-
ദാരണം സംഭവിയ്ക്കവേ
അരമന്നഥ വാണംപോൽ
ഘോരം പാഞ്ഞതു യുക്തമാം. ൨൭

മന്നിൽ വീണുരുളും നാനാ-
മന്നർ തൻെറ ശിരോവ്രജം
അന്നപ്പോൾ ലക്ഷ്മിതൻ ലീലാ-
കന്ദുകത്തോടു തുല്യമായ്. ൨൮

ഉരസ്സിൽ സമരസ്ത്രീതൻ-
ശരക്കൺമുനയേൽക്കവേ
തരസാ ഭടർ വന്മോഹ-
ഭരമുൾക്കൊണ്ടഭീകരായ്. ൨൯

മികയ്യുമൂക്കു കൈകേക്കല്ലും
കേമന്മാർകൾ കുകാമുകർ
മൽക്രമം മായ്യുമമ്മാർ മാൽ
കാമം മെയ്യാകെ മാഴ്കി മേൽ. ൩൦

(ദ്വ്യക്ഷരം)

പ്രാസം ശരിയ്യു കൈക്കൊണ്ടു-
ലാസക്തം ജയമെന്നതായ്
ത്രാസം വെടാസ്സുകൃതികൾ
ക്രൂസൽക്രുടാതെ കാട്ടിനാർ. ൩൧

ആയത്തൊടേകൻതൻ തീക്ഷ്ണ-
കായത്തിൽപ്പാഞ്ഞ സായകം
ആയാൾതൻ ജീവിതാക്കന്നു
സായത്തെ ചെയ്തിടുന്നതായ്. ൩൨

ആവമ്പരഭിമാനാൽ ദുർ-
ഭാവം കൈക്കൊണ്ടു മത്തരായ്
താവിടും വീരവാദത്താൽ
ദ്വ്യോവിട്ടാകെയിളക്കിനാർ. ൩൩

ഒരാൾ സകുന്തപ്രിയനങ്ങു മാറിൽ-
ത്തറഞ്ഞവാളാൽ മൃതിയേൽക്കിലും മേൽ
ചിരം ശകുന്തപ്രിയനായിവന്നു
നരക്കെഴും വാസന നില്പതെന്നും. ൩൪

സമരം തത്ര ഹൃദ്ഗ്ലാനി-
കം തദാ പൂണ്ടു വിക്ഷതി
തികഞ്ഞ കോപാലാതങ്ക-
നിരപ്പററാൻ സേനകൾ. ൩൫

(മുസലബന്ധം)

ഭ്രമന്താൻ തടവിത്തിങ്ങി-
യുടനങ്ങു പരന്നലം
പാടതാലററധികർ ഹാ!
മടങ്ങി നരപാലകർ. ൩൬

(ഗൂഢചതുർത്ഥം)

നിലതെററാതെ നിന്നോററ
വൻമ്ലാനി സുപതാകിനി
നിതരാം ജയനിഷ്പാശ-
മാന്നു നിസ്തുല്യമാം ധ്വനി. ൩൭

(പദ്മബന്ധം)

പരസ്പരം ശരം വിട്ടു
പെരുകിപ്പൂകി കില്ബിഷം
അവരാരാമസൈന്യങ്ങ-
ളേററു നാനാവിധത്തിലായ്. ൩൮

(ശരബന്ധം)

രവം പൂണ്ടാർത്തു തദ്ധാത്രീ-
ധവർ വമ്പോർ തകർക്കവേ
വേവലോടമരന്മാരും
ദ്യോവിൽ വന്നാന്നു ഗൌരവം. ൩൯

(ധനുർബ്ബന്ധം)

കപിതന്മാർ തദാരം താൻ
പിച്ചരാർത്തല്പമന്നരം
തരാർത്തിലയമാമോദാ-
ന്മാർത്തലം പേറിയല്പത. ൪൦

(അർദ്ധഭ്രമകം)

കീലാലം നിറയും യുദ്ധ-
സ്ഥലമാം കടലിൽ തദാ
അലഞ്ഞു പാഞ്ഞു മാതങ്ഗ-
കുലമായ തിമിവ്രജം. ൪൧

ഉന്നതം ശാസ്ത്രസാരത്തെ
നന്നല്ലെന്നായ് ത്യജിയ്ക്കവേ
നന്നൊപ്പരാജയം പൂണ്ടു
ഖിന്നനായൊരു ദുഷ്കൃതി. ൪൨

തല്ലും വെട്ടും മുഴുത്തന്നവർ ഭടരധികം
ദോർബ്ബലപ്രക്രമത്തെ-
ത്തെല്ലും കൂസാതെ കാണിച്ചരിയ സമരമി-
മ്മട്ടു പെട്ടെന്നു ചെയ്ക്കേ
മല്ലുന്നിദ്രം വെടിഞ്ഞാരഘുകുലമകുടീ-
രത്നമാം രാമനോടായ്
ഫുല്ലപ്പൂവ്യാജകോപോദയനഥ തെളിവും-
കൊണ്ടു വിശൈഖകവീരൻ. ൪൩

„വീരശ്രീസൂരവംശോദരമതിലുളവായ് -
വന്നൊരുൽകൃഷ്ടമുത്തേ!
വൈരസ്യം നിന്നൊടില്ലല്പവുമിവനു; നിന-
ച്ചീടിലൊന്നല്ലയോ നാം?
ഘോരം ഭാരം ഭവന്മൌലിയിലധിപതിത്വം
താങ്ങുവാൻ യോഗ്യനോ നീ
സാരത്താലെന്നെനിക്കിന്നറിവതിനു പരീ-
ക്ഷിച്ചു ഞാനിപ്രകാരം. ൪൪

നീ, മിന്നീടും ഭവദഭിക്രമദഹനനിലാ-
ദ്ദുഷ്ഖലാശൌഘമെല്ലാം
ഹോമിയ്ക്കാൻ ശക്തനെന്നായ് പ്രചുരനയമൊടൊ-
ട്ടിന്നു കാണിച്ചുവല്ലോ
നാമിദ്ധാനന്ദഹൃത്തായിതുപൊഴുതു, വരം
വേണ്ടതെല്ലാം തരാം, മേൽ
ഭൂമിയ്ക്കാപത്തകററുന്നതിനു സമുചിതൻ
തന്നെ നീയെന്നുകാൺമൂ. ൪൫

ദൂരത്തിങ്കൽത്തുരത്തിക് ഖലരടവെ വെടി-
ഞ്ഞുള്ള ധമ്മങ്ങളും വീണ്ടും
ഭൂരങ്ഗത്തിൽ പ്രതിഷ്ഠിച്ചിട്ടവതിന്ന പണി-
പ്പെട്ടിതിന്നോളവും ഞാൻ;
ഭാരം മേലുള്ളതെല്ലാം ഭുവി മമ സമനാം
നിൻശിരസ്സിങ്കലാക്കി
സ്വൈരം വിശ്രാമമുൾക്കൊണ്ടഥ വിപുലതപ-
സ്സിന്നു ഞാനാഗ്രഹിപ്പൂ. ൪൯

മേലുണ്ടാകുന്ന തന്നിസ്തുലസമരമഹാ-
നാടകക്കായ്യമോത്തു-
ന്നാലത്ര്യ ക്ഷുദ്രലീലാമയരണമിതതിൻ-
നാന്ദിതാനെന്നു ചൊല്ലാം
വൈലക്ഷണ്യം പെടാതായതിലിനഘമഹാ-
രാജവേഷത്തെയാന്നും-
ക്കോലും സാരാൽ ജയിക്കേണ്ടതു കടമ ദൃഢം
നീയതിന്നർഹനല്ലോ. ൫൦

ക്ഷേമം വണ്ണാശ്രമങ്ങൾക്കവിരതമുളവാ-
ക്കീടുവാനും സമൃദ്ധ്യൽ-
പ്രേമം വേദോക്തധമ്മോന്നതി വരുവതിനും
ചെയ്ക നീ യത്നമെന്നും;
രാമ! പ്രോൽകഷ്കം തേ രസനയിൽ വിളയാ-
ടട്ടെ വൈദഭരീതി-
ശ്രീമത് പ്രാസപ്രസാദപ്രസരസരസമാം
കാവ്യലക്ഷ്മീവിലാസം." ൫൧

ശീതാപാങ്ഗം ചൊരിഞ്ഞീടിന നവകരുണാ-
വൃഷ്ടിയാലേ കുളുപ്പി-
ച്ചോതാൻ മേലാത്ത മുത്താന്നിതുവിധമരുളി-
ബ്ഭാർഗ്ഗവൻ താനടുക്കെ
കൈതാങ്ങും വില്ലുമമ്പും വിനയമൊടകല-
ത്തിട്ടുടൻ സപ്രണാമം
പൂതാഭം പാദപദ്മം രഘുപതിയുരുവൊ-
ന്നിച്ചു വന്ദിച്ചു ഭക്ത്യാ. ൪൯

മുന്നംതാൻ വിട്ട ബാണം തടവി മുറിവു കൈ-
ക്കൊണ്ടു രക്താർദ്രമായി-
ബ്ഭിന്നശ്രീഭൂഷമാം മാറത്തു ദൃഢതരമാ-
ശ്ലേഷണം ചെയ്തുനിൽക്കേ
അന്നാത്യന്തം പ്രമോദാൽക്കുളുർമയൊടൊരുക-
ണ്ണിങ്കലന്യത്തിലേറെ-
ക്ഖിന്നത്വത്താൽ മഹോഷ്ണം, ഭൃഗുസുതനു തദാ
ബാഷ്പനീരുദ്ഗമിച്ചു. ൫൦

രാമൻ മന്ദം പറഞ്ഞാൻ:—"ജനക! നൃപനുസ-
ദ്രത്നഹേമാഭഹാര-
സ്തോമം തൻഭൂഷയാകില്ലുരസി ശരശതാ-
പാതചിഹ്നങ്ങളെന്യേ
വൈമത്യക്രീഡയേന്തും തവ ഭുജബലമി-
ന്നായതുണ്ടാക്കി നമ്മെ-
ക്കാമം മാനിച്ചു മുത്താലിതിലുമധികമെ-
ന്തുള്ളൂ ഞാനുള്ളുവാനായ്? ൫൧

മത്താതനൊത്തു വിലസുന്ന ഭവാനവിദ്യാ-
മത്താൽക്കടന്നിവരു കാട്ടിയ വീഴ്ചയെല്ലാം
മുത്താൻറു കെല്പൊടു പൊറുത്തതിരററു പൊങ്ങു-
മുത്താപമാകെയകലത്തു തുരത്തിടേണം. ൭൨

തത്ര ത്വം താത! തോതേന്താ-
തെത്തും തത്താന്തിതൻതതി
തീർത്താത്തതത്ത്വതതത
താ തത്താതാതിതന്നുത.'' ൭൩

(ഏകാക്ഷരം)

ഏവം വന്ദിച്ചുനില്ക്കും രഘുകുലപതിതൻ-
മൂർദ്ധ്നി ചുംബിച്ചു സാശ്രു-
സ്രാവം വീണ്ടും തദങ്ഗം പുളകിതതനുവാ-
ശ്ലേഷണം ചെയ്തു ഗാഢം
ദേവൻ ഹൃദ്യം നിജാനുഗ്രഹമനുപമമ-
ന്നേകി മന്ദം മറഞ്ഞാൻ
ഭുവനമ്പിൽപ്പെററ വീരക്കൊരു നവമണി,യാ-
രേണുകാപുണ്യമൂർത്തി. ൭൪

ജയശ്രീയാലാലാളിതനിജപദൻ വിണ്ണവർ മനഃ-
പ്രിയത്തോടേ പെയ്യും കുസുമനിരയാൽ പൂജിതതനു
സ്വയം വീണ്ടും യാത്രാമഹമതു തുടന്നാൻ സ്വഭടസ-
ഞ്ചയപ്രൗഢാരാവാഭ്യുദയചലിതാഭ്രൻ രഘുപതി. ൭൫

——×——

## ഇരുപത്തൊന്നാം സർഗ്ഗം.

ആരാധിതാത്മാഗമനോത്സവശ്രീ
മാറാതിണങ്ങും പുരിയിൽ കുമാരർ
പൌരാങ്ഗനാപാങ്ഗതരങ്ഗതേജോ-
നീരാജനാരാജിതർ ചെന്നുചേന്നാർ. ൧

തൃതീയരാജൽപുരുഷാൎത്ഥസിദ്ധ്യു-
തിതീഷ്യുൾക്കൊണ്ടുദിതാവധാനർ
ക്ഷിതീശ്വരപ്രാണതനൂജർ തത്തൽ-
സതീസുഹീരങ്ങളുമൊത്തു വാണാർ. ൨

സ്വമാനിനീഭൂഷകളൊത്തു ഭൂഭൽ-
കുമാരകന്മാരതനൂപമന്മാർ
സുമാശുഗപ്രക്രമവൈഭവത്തെ-
സ്സമാദരിച്ചങ്ങനെ നാൾ കഴിച്ചാർ. ൩

വരിഷ്ഠകാളാഗരുചന്ദനാദി-
യെരിഞ്ഞുപൊങ്ങും നവധൂമരാജി
പരിസ്ഫുരിച്ചാർദ്രസുഗന്ധസാരം
ചൊരിഞ്ഞു സമ്മോദമണപ്പതായും; ൪

വഞ്ചാരുകുഡ്യങ്ങളിൽ ഹേമയന്ത്ര-
പാഞ്ചാലികാപങ്ക്തികൾ മന്ദവാതാൽ
ചാഞ്ചാടവേ നൽപനിനീർക്കണങ്ങൾ
തഞ്ചാട്ടമേറവുൾക്കുളിരേല്പതായും; ൫

ദ്രാക്ഷാലതാമേളിതമായ പന്ത-
ലക്ഷാമമായ് കെട്ടിയിണക്കി നന്നായ്
രൂക്ഷാതപക്ലേശവശത്തിൽനിന്നും
രക്ഷാസുഖം ചേർക്കുവതായുമെന്നും; ൬

ലീലാമരാളാദികൾ കേളിചെയ്തു
കോലാഹലം കൂട്ടി മദിച്ചു ചുററി
ആലാപപീയൂഷരസം ചൊരിഞ്ഞു-
ദേവാലാശയപ്രീതി ചമപ്പതായും; ൧

നൽക്കാറിനം ജാലവഴിയ്ക്കു പോകെ-
ക്കൊക്കാൽപ്പിളന്നംബുസുപാനമേന്തി
ഊക്കാന്ന ഘമ്മത്തെ മറന്നു ഹഷ-
ഭാക്കായ് സദാ ചാതകി വാഴ്വതായും; ൨

തമീദിനങ്ങൾക്കിയലും സ്വഭാവം
സമീകരിയ്ക്കും ബഹുരത്നഭാസ്സാൽ
സ്വമീശിതാവൊത്തു രഥാങ്ഗി ചേന്നു
സമീഹിതം സാധു ലഭിപ്പതായും; ൩

സ്വരാജിതപ്രൌഢതകൊണ്ടമത്ത്യ-
പുരാഭമായ് മിന്നിന ഹമ്മ്യഭൂവിൽ
ധരാതപഃപുണ്യവിപാകമായ
വരാങ്ഗിയോടൊത്തു രമിച്ചു രാമൻ. ൪

കടുത്തു വല്ലാതുയരുന്ന നാണ-
ക്കടുക്കിലാപ്പെട്ടു പതുങ്ങലേറി
മടുത്തു വാഴും പ്രിയമുഗ്ദ്ധയോട-
ന്നടുത്തുകൂടീ പടു രാമചന്ദ്രൻ. ൫

കരത്തിനാൽ തത്തനു തൊട്ടുവെങ്കിൽ
കരൾക്കകം നീറിന മട്ടുകാട്ടി
കരഞ്ഞുമാറുന്ന നതാങ്ഗിതൻ ഹ്രീ-
ഭരം രഘുശ്രേഷ്ഠനു ഹഷമേകി. ൬

തത്കാന്തനോതും ചടുലോക്തിതെല്ലും
കേൾക്കാത്ത ഭാവത്തൊടു കേൾക്കുമെല്ലാം,
നൽക്കാമചേഷ്ടാവിഹൃതിയ്ക്കു ഭാഗ-
ഭാക്കാകയില്ലുൾപ്രിയമേറിയാലും. ൰൩

വരൻ വിളിച്ചീടുകിൽ വാതലിൻപി-
ന്മറഞ്ഞുനില്ക്കും; ചിലതോതിയെന്നാൽ
ഉരയ്ക്കയില്ലുത്തര;മാനനം സ-
ത്വരം കുനിയ്ക്കും നിജനേരെ നോക്കിൽ. ൰൪

ത്രപാവഹം രാഘവവക്ത്രബിംബ-
ക്ഷപാകരാലോകനമേററമേൽക്കേ
അപാരസങ്കോചവശം തദാസ്യം
സ്വപാദ്മസാമ്യത്തെ വെളിപ്പെടുത്തി. ൰൫

നീവിയ്ക്കലായ്ത്താനറിയാതെയെന്നു
ഭാവിച്ചു കാന്തൻ കരതാരണയ്ക്കിൽ
ആവിഷ്കൃതസ്വേദമുഴന്നു, മാറു-
മാവിഷ്ടരോമോദ്ഗമയായ തന്വി. ൰൬

ഞെക്കങ്കണം തെല്ലു മുറുക്കമാകിൽ
നോക്കട്ടെ ഞാനിപ്പൊളഴിച്ചുമാററാം'
തക്കത്തിലിമ്മട്ടു പറഞ്ഞു മെല്ലെ-
ക്കയ്ക്കുക്കരം ചേർത്തു വിനോദശാലി. ൰൭

കാന്തിയ്ക്കിരിപ്പാം ശയനാലയത്തി-
ലുന്തി ശ്രമാൽത്തോഴികൾ വിട്ടുപോയാൽ
പൂന്തിങ്കൾനേരാനനയങ്ങുമിങ്ങും
ഭ്രാന്തിൽപ്പെട്ടുംമട്ടു പരുങ്ങിനോക്കും.

നിശാവിശേഷം പുരുപൃച്ഛ ചെയ്തു-
മശാന്തമാർ തോഴികളെന്ന ഭീയാൽ
കൃശാംഗി തൻപോക്കു കുറച്ചു ലജ്ജാ-
വശാൽ സഖീവർഗ്ഗസദസ്സിലന്നാൾ. ൯

റഹൃത്കഞ്ജഹർഷപ്രദമായ നേരം-
പോക്കും വിനോദോക്തികളും വിശേഷാൽ
പ്രോത്കർഷകം പ്രേമവുമാർന്നു രാമൻ
മയ്ക്കണ്ണിയാൾ തന്റെ മനം മയക്കി. ൧൦

സുമേരുതുംഗസ്തനി തന്വി പൂകു-
മമേയലജ്ജാഭരമന്നു രാമൻ
ക്രമേണ തല്ലീലകൾകൊണ്ടകറ്റീ
സുമേഷുകേളീരസികാഗ്രഗണ്യൻ. ൧൧

തദംഗസൌന്ദര്യസുധാനിപാന-
മദഭ്രമെത്രയ്ക്കു തുടർന്നിതെന്നാൽ
ഹൃദന്തരത്തിൽ പുരുതൃഷ്ണയത്ര-
യ്ക്കുദഞ്ചിതം രാഘവനേറി ചിത്രം! ൧൨

ആനംഗശോകാഭിധമായിടുന്ന
വേനൽപ്രതാപം പെരുതാകയാലോ
ഭൂനന്ദിനീഹൃത്ത്രപയാം ധുനിയ്ക്കു
മ്ലാനത്വമന്നാളധികം ഭവിച്ചു? ൧൩

മാരായുധത്താൽ തുള ലക്ഷലക്ഷം
മാറാതിണങ്ങും നിജഹൃത്തടത്തിൽ
ആ രാമതൻ ഹ്രീജലമെത്രനേരം
ചോരാതെ വൻധീരതയോടു നില്ക്കും? ൧൪

വൈലക്ഷ്യമോടാമുഖപുഷ്കരത്തിൽ
കോലും ത്രപാതോയദമാകെ മാറാൻ
സ്ഥൂലം ശരത്തിൻതതിയാൽ ശരത്തിൻ-
ജാലം സ്മരൻ തീർത്തു യുക്തമത്രേ. ൨൫

ദശാർദ്ധബാണാദരവൈഭവത്താൽ
കൃശാംഗിതൻ ഹ്രീയതു മന്ദമന്ദം
പ്രശാന്തമായ് പ്രൌഢവധൂപഭോഗ-
വിശാരദതാഗുണങ്ങൾ തെളിഞ്ഞുകാണായ്. ൨൬

നോട്ടത്തിലേതോ രുചിരം വിലാസ-
മാട്ടം തുടർന്നു മൊഴിയിങ്കലപ്പോൾ
ഒട്ടങ്കുരിച്ചു ചടുവൃത്തി ചാപ-
ല്യേട്ടന്നു തച്ചില്ലി സമുല്ലസിച്ചു. ൨൭

പ്രിയൻ തന്നെസ്സ്പൃശരസോത്കനാകെ-
ബ്ഭയന്നപോൽ ഞെട്ടിന മട്ടുമാറി
സ്വയം തദാലിങ്ഗനചുംബനാദി-
ക്രിയയ്ക്കുമുത്സാഹമിയന്നു തന്വി. ൨൮

ഉരസ്തടത്തിൽപ്പതിയും പ്രിയൻെറ
കരത്തെ മെല്ലെന്നവളാദരിച്ചാൾ;
കരത്തതില്ലോഷ്ഠനിപീഡനത്തി-
ലുരച്ചതില്ലൊട്ടു നിഷേധവാക്യം. ൨൯

സ്മരാഹവായൻ ബാണമയച്ചനേരം
വരാംഗിതൻ നീവിയയച്ചു രാമൻ;
ഒരാൾ നിജം തൂണിയൊഴിയ്ക്കെയന്യർ
നിരാകുലം സ്വേദവുമങ്ങൊഴിച്ചോർ. ൩൦

അനന്യകാര്യം സകലം ന്യസിച്ചു
തന്നങ്ഗിയോടൊത്തു വിവിക്തഭൂവിൽ
കന്ദർപ്പകബ്രഹ്മസുഖേച്ഛു രാമൻ
ഭിന്നവ്യഥൻ യൌഗികവൃത്തി പൂണ്ടാൻ. ൩൧

സുമാശുഗക്രീഡനസൽസുഖത്തെ
ക്രമാലറിഞ്ഞീടവെയന്നതാങ്ഗി
അമായമാം പ്രേമമിയന്നപേത-
ഭ്രമാശയം കാന്തവിധേയയായാൾ. ൩൨

ചിലപ്പൊളാജ്ജാനകി മാനമുററാ-
കുലത്വമോടേ നിവസിയ്ക്കിൽ രാമൻ
ഫലപ്പെട്ടും നന്മധുരോക്തികൊണ്ടുമ-
ത്തലം കുളുർപ്പിച്ചു രസിച്ചു വാഴും. ൩൩

"അമായഭാസ്സാലസമാനയാം നീ
സമാനയായ് ക്കാണുവതെന്തിതെ"ന്നായ്
ക്ഷമാവരപ്രേഷ്ഠസുതൻ കഥിയ്ക്കു-
സ്സുമാങ്ഗിയാളുൾത്തെളിവാൽ ചിരിയ്ക്കും. ൩൪

പരസ്പരം ചാട്ടവചസ്സാരോമ-
ട്ടുരച്ചുമാഹ്ലാദരസം വഹിച്ചും
നിരന്തരാഭിന്നഹൃദന്തരായ് നിർ-
ഭരം നയിച്ചാരവർ വാസരങ്ങൾ. ൩൫

ഏവം കുറേനാളുകളന്യചിന്താ-
വൈവശ്യമില്ലാതെ കഴിച്ചുകൂട്ടി
ആ വന്ദ്യരാം ദമ്പതിമാർ രസാർദ്ര-
ഭാവത്തൊടാനന്ദപദം ഭജിച്ചാർ. ൩൬

അപ്പുത്തനാം ദമ്പതിമാക്കു ഗാഢ-
മൂറംപ്പൂവിൽ മോദത്തെ വളൎത്തുവാനോ
ഉത്പന്നമേഘപ്രചുരാഭ വാനിൽ
മേൽ പൂശിടും കാലമുപാഗമിച്ചു? ൩൭

ഇന്നപ്പുവഷാഭിധരാട്ടു നാട്ടിൽ
വന്നെത്തുമാവാൎത്തയറിഞ്ഞ ഭീയാൽ
മന്നിൻെറ വീൎയ്യത്തെ ഹരിച്ച സൂര-
നന്നാൾ ഘനാരണ്യഗതൻ മറഞ്ഞാൻ. ൩൮

തപത്തു തൻവേഷമഴിച്ചുവച്ചു
നേപത്ഥ്യഗൻ വിശ്രമമാവഹിയ്ക്കേ
താപഘ്നവഷാഖ്യതിരപ്പുറപ്പാ-
ടാപങ്കദം മെല്ലവെയുല്ലസിച്ചു. ൩൯

തിമിപ്രജം വ്യോമപയോനിധിയ്ക്കു,
സമിദ്ധവഷദീപഗണദ്ധ്വജങ്ങളും,
വിമിശ്രകാലോരഗവാന്തമാത്തി-
നിമിത്തമൎത്ത്യഗ്രഹലാഹലൌഘം; ൪൦

ദിഗംഗനാകമ്രകപോലപാളീ-
സുഗന്ധകസ്തൂരി, വിയത്സരസ്സിൽ
പ്രഗല്ഭശൈവാലകപങ്ക്തി, ലോക-
ദൃഗന്തരത്തിൻതിമിരാനുഷങ്ഗം; ൪൧

കാമാനലോദ്ദീപ്തികരേന്ധനൌഘം,
വാമാകുമാനദ്രുമചണ്ഡവാതം,
വ്യോമാടവീജൃംഭിതസത്തമാലം
ഭീമാഭയോടെങ്ങുമുയൎന്നു മേഘം. ൪൨

(വിശേഷകം)

കത്തുന്ന മിന്നൽപ്പിണരൊത്ത മേഘ-
ച്ചാർത്തന്നു ദിക്കാമിനിമാർക്കരസ്സിൽ
മുത്തും മഹേന്ദ്രാമലനീലവും ചേർ-
ന്നൊത്തുല്ലസിയ്ക്കും നവഹാരമായി. ൪൩

ആ വാച്ച വർഷേഭമണഞ്ഞു മത്താൽ
ദ്യോവാം സരസ്സിങ്കൽ വിഹാരമേൽക്കേ
താവും കരിങ്കാർച്ചെളി പൊങ്ങി, താര-
പ്പൂവാകവേ മങ്ങി, മറഞ്ഞു ഹംസം. ൪൪

മാനത്തിനെങ്ങും ഘനവൃത്തി ചേർക്ക-
മാനവ്യമായോരൃതു നാരിമാരിൽ
മാനത്തിനേന്തുന്ന ഘനത്തിനെന്തോ
ഹാ ഽനല്പമാം വിക്ഷതി ചേർത്തു ചിത്രം! ൪൫

ഉച്ചാടിതാശേഷകശോഷശോകം
തച്ചാതകീപോതഗളം കുളുർക്കേ,
ഉച്ചാവചാഘാൽ പഥികർക്കു താപം
വാച്ചാകവേ കത്തിയെരിഞ്ഞു ചിത്തം. ൪൬

സൂരൻ പയോരാശിയിൽനിന്നു തുള്ളി
നീരമ്പൊടേ കൊണ്ടതിനിന്നനേകം
ധാരക്കണക്കായ്ത്തിരിയെക്കൊടുക്കാ-
നാരംഭമായ്, സത്തരുദാരരല്ലോ. ൪൭

കറുത്ത മേഘാവലിതന്നിടയ്ക്കു
നിറം പലേമാതിരി തൂകി മിന്നി
കരൾക്കു ഹർഷം സകലർക്കുമേകു-
മൊരത്ഭുതമാം വസ്തുവിതെന്തു വാനിൽ? ൪൮

ദിക്കന്തനംകിതൻ തോയദമാം കചത്തിൽ
ചാർത്തുന്ന പുത്തൻമലർമാലയാവാം,
ധൂർത്തൻ സ്മരൻ പാന്ഥരെ വെൽവതിന്നു
പേർത്തും വളയ്ക്കും മലർവില്ലതാവാം. ൪൯

അതല്ലയെന്നാലിഹ വർഷരാട്ടി-
ന്നതന്ദ്രമാമാഗമനോത്സവത്തിൽ
ചിത്രപ്രഭം ദേവകളാൽ നഭസ്സിൽ
കൢതം മണീതോരണരാജിയാവാം. ൫൦

തത്ര സ്മരച്ചാരുഘനേന്ദ്രനീല-
പാത്രത്തിൽ വർഷാങ്ഗന രത്നഹാരം
ചിത്രം മഹാവിഷ്ണുപദത്തിൽ വച്ചു-
തിത്തവ്വിതിന്മട്ടു ലസിയ്ക്കയാവാം. ൫൧

ത്തുവർഷകാലാഭിധമാം മയൂരം
താവും രസാൽ താണ്ഡവകേളിചെയ്കേ
ദ്യോവിൽ പൊഴിഞ്ഞീടിന ചന്ദ്രകശ്രീ-
യാവാം ദൃഗാകർഷകമിപ്പദാർത്ഥം. ൫൨

ആകാശമാം വാരിധിയിൽക്കിടക്കും-
ശ്രീകാളമേഘാച്യുതനുള്ള മാറിൽ
മാഴ്കാതിണങ്ങും നവകൌസ്തുഭാഖ്യ-
മാകാം പ്രഭാചിത്രിതമിപ്പദാർത്ഥം. ൫൩

ദാനാംബു വർഷിച്ചലറിച്ചരിച്ചു-
വാനാന്ന വർഷേഭവരൻ കഴുത്തിൽ
നാനാതരപ്രൌഢിയൊടേന്തിടുന്ന
പീനാഭഘണ്ടാമണിഷണ്ഡമാകാം. ൫൪

ശാതക്രതവ്യാശയതിന്നു ശോഭാ-
ജാതക്രമം നൽകിന ഭൂഷയായി
സ്ഫീതം സ്ഫുരിയ്ക്കും മഴവില്ലിതല്ലോ
ചേതസ്സിലേവം ഭ്രമമിങ്ങു നൽകി. ൪൫

വ്യോമം കരിങ്കാർമയമാം തമസ്സിൻ-
സ്തോമം വഹിയ്ക്കേ കലിയാംയുഗംപോൽ
ഹാ! മന്ദമായ് സങ്കരവർണ്ണവൃത്തി
കാമം ഭവിച്ചൂ മഴവില്ലിലെങ്ങും. ൪൬

പേരാളിടും വർഷകമന്ദരത്താൽ
താരാപഥാംഭോനിധി കാലദേവൻ
ആരാൽ മഥിയ്ക്കേ കരിമേഘമെന്നു-
പേരായ ഹാലാഹലരാജി പൊങ്ങി. ൪൭

പയസ്സു വർഷാഭിധകാമധേനു
സ്വയം ചുരന്നാത്മപയോധരത്താൽ
അയത്നമായ്പ്പെയ്യുവെയന്നു സസ്യ-
ചയത്തിനോജസ്സു ലഭിച്ചിതെങ്ങും. ൪൮

അന്തസ്സ്ഫുരന്മന്മഥചാപതാപ-
സ്വാന്തംപെടും കാമിനിയെന്നപോലെ
കാന്തന്റെ ധാമം ദ്രുതമെത്തുവാനായ്
സ്വന്തം ഗതിയ്ക്കാപഗശക്തി കൂട്ടി. ൪൯

പുലന്ന സൂര്യാഗമദിവ്യകാന്തി
തുലഞ്ഞ വാനായ സദസ്സിലേറി
ജലത്വമേന്തും ജലദാളി ഘോഷ-
ച്ഛലം പ്രസംഗപ്രകരം മുഴക്കി. ൫൦

സ്ഥൂലാംബുബിന്ദുക്കൾ വഹിച്ചൊരവൎക്കും
മാലാത്മസംയോഗവശാലുയൎത്തി
ലീലാഹൃതാശേഷമഹീരുഹൌഘൻ
കാലാനിലൻ ചുററിയടിച്ചു ഭൂവിൽ. ൩൪

വിനഷ്ടഹംസാധിഗമാഭമായ-
മനൎഘമബ്ജോന്നതലീല മാഞ്ഞും
കനത്തതാരാവലി മങ്ങലേററു-
മനന്തപോലായിതനന്തമന്നാൾ. ൩൫

വിത്തം നശിയ്ക്കും പ്രഭുവെ സ്വസേവ-
രത്തവ്വ കൈവിട്ടു ഗമിച്ചിടുംപോൽ
ആത്തപ്രഭം പദ്മിനിയെ ത്യജിച്ചു
വൎത്തിച്ചു ഭൃംഗങ്ങളടുത്തിടാതായ്. ൩൬

വാരഞ്ചിടും രാജബലം കുറച്ചു
ഘോരം തദാ വിപ്ലവവൃത്തി കൂട്ടി
പാരം വനപ്രായമതാക്കി നീളെ-
പ്പാരന്നു ദുൎവ്വൎഷമുപാഗമത്താൽ. ൩൭

സ്വസഞ്ചിതം ദിവ്യരസം പൊഴിച്ചു
വിസൎഗ്ഗകാലം വിമലം ജയിയ്ക്കെ
പ്രസക്തതൌജഃപ്രചുരത്വമേന്തി
പ്രസന്നമായ് ജീവികുലം സമസ്തം. ൩൮

നിലം സമൃദ്ധ്യൽകണിശാഭിരാമ-
തലം, മഹീരുഡ്ഗണമോ വിശേഷാൽ
ഫലവ്രജാപൂരിതനമ്രശാഖാ-
കുലം; ജഗത്തൊന്നു പുതുക്കി വൎഷം; ൩൯

കാലത്തിലുൾഭീതി കലൎന്നു വന്ന-
മ്മൂലം ഭജിച്ചീടിന ചൂടിനത്തെ
സ്ഥൂലസ്തനീകൊങ്കകൾ പോററിയന്നി-
ശ്ശീലം പെരുത്തുന്നതർ കൊൾവതല്ലോ. ൯൭

ശ്രീകാള്ളമിന്ദൂദയവാൎത്തയന്നാ-
ളാകാശപുഷ്പായിതമായി വാനിൽ;
ആ! കാശപുഷ്പായിതമായി പാന്ഥ-
ലോകാബലാഗണ്ഡമിളയ്ക്കകത്തും. ൯൮

നൽക്കാററിനാലുള്ളടികൊൾകെയേറും-
തുക്കാൎന്നു, കീലാലകധാര ദേഹാൽ
അക്കാലമുഗ്രസ്തനിതപ്രലാപ-
ഭാക്കായ്പ്പെരുത്തംബുധരം ചൊരിഞ്ഞു. ൯൯

പാരായതിൻ മാറിലുയൎന്ന താപം
മാറാൻ സുമാറായനിലൻ തദാനീം
കാറായ വൻകുപ്പിയിൽനിന്നു തോയ-
ധാരാപ്ലുലാൽ നല്പനിനീർ തളിച്ചു. ൱

മദാജ്ഞതെല്ലും വകവെച്ചിടാതെ
മദാൽ യുവാവാർ നിവസിപ്പതെന്നായ്
ഹൃദാചിതാഹങ്കൃതി, കാമിധൈൎയ്യം
വിദാരണം ചെയ്തു ചരിച്ചു, കാമൻ. ൱൧

നിരങ്കുശം ക്ഷുദ്രനൃപാലർ വാഴും-
ധരയ്ക്കകത്തുള്ള ജനങ്ങൾപോലെ
തരങ്ഗിണീക്രൂപസരോഗണങ്ങ-
ളുരം സ്വമൎയ്യാദ വെടിഞ്ഞു സൎവം, ൱൨

വിടിന്ന പാലപ്പൂതുപൂവിനുള്ള
കടുമ്മണം പൂണ്ട കഠോരവാതം
തടസ്ഥമററാക്രമനങ്ങവഹ്നി-
പടത്തുപോരിന്ധനജാലമായി. ൨൭

പ്രാവൃഡപധൂടീനടനക്രമത്താൽ
പ്രാവൃഡപാഥോദകചത്തിൽനിന്നും
വൈവശ്യമോടേ നിപതിച്ചു പിച്ചി-
പ്പൂവർമാല്യം ചപലാമിഷത്താൽ. ൨൮

ദ്യോവിൽ തപാംഭോധരകാലദൈത്യ-
ദേവവ്രജം പോർ പെരുതാവഹിയ്ക്കേ
ഭുവിൽ തദാനീം സ്തനിതാട്ടഹാസാ-
രാവത്തൊടേ വീണു കബന്ധവൃന്ദം. ൨൯

വാതും പറഞ്ഞാറുകളിൽ ജനങ്ങ-
ളാത്തുങ്ഗമോദത്തൊടു വള്ളമേറി
കാതുൾക്കുളുക്കുംപടി പാട്ടുപാടി-
ച്ചാതുര്യ്യമൾക്കൊണ്ടു കളിച്ചുവാണാർ. ൩൦

കരത്തിൽനിന്നും നിജവീശുപാള
ദൂരത്തെറിഞ്ഞീടിന ലോകരോടായ്
സ്തൂരൽസ്വഖോല്ലപ്രസരം വളത്തു-
മൊരന്നൊരുപ്പോട്ടുകൾ വേഴ്ചകൂടി. ൩൧

മുമ്പത്ഥമില്ലാതെ ചിലച്ചിരുന്ന
വമ്പത്രമെല്ലാമനിലാഗമത്താൽ
കമ്പത്തൊടേ വീണധികം ശുചിതപ-
സമ്പത്തു ലോകത്തിനു നഷ്ടമാക്കി. ൩൨

ദിക്കാകവേ, ശീതബലം പൊരുക്കാ-
നൊക്കാതെ വൻവർഷസമാഗമത്താൽ
നൽക്കാളമേഘാഖ്യകരിമ്പടംകൊ-
ണ്ടക്കായമെല്ലാമൊരുപോലെ മൂടി. ൯൰൯

അറിഞ്ഞിടും കാലമടുത്തുവെന്ന-
തറിഞ്ഞിടാതക്കണിശപ്രജങ്ങൾ
ശരിയ്ക്കു നൃത്തോത്സവമാന്നു കാററിൽ-
ത്തിരിഞ്ഞു ചുററും തലയാട്ടി മന്ദം. ൱൧

രൂപംപെടാതുള്ളൊരു കാററടിച്ചി-
താപത്തിലായ്മാഞ്ഞു വിഭക്തി വാനിൽ
താപം വെടിഞ്ഞവ്യയകാന്തി പൂണ്ടാ-
ശ്രീപദ്മിനിയ്ക്കേററു നിപാതയോഗം. ൱൨

കാറായ നീലാംബു നിറഞ്ഞ വാനാ-
മാറാന്നു വിദ്യുന്മയഹംസരാജി
മാറാതുടൻ മുങ്ങമിടയ്ക്കുപൊങ്ങ-
മ്മാറാത്തലീലാകുതുകം ഭജിച്ചു. ൱൩

തത്രാശാനാരിമാർ തൻ മുഖഭുവി കരി തേ-
ച്ചെങ്ങമുച്ചണ്ഡമായ-
മ്മിത്രാധഃപാതമേകിത്തെളിവലഘു മതി-
യ്ക്കുള്ളതും പൊള്ളയാക്കി
ഗോത്രാരുട്പങ്ക്തിയിങ്കൽ പവനവികൃതിയാൽ
പാതമേല്പിച്ചെവക്കും
ഹൃത്ത്രാസം ചേർത്ത വർഷം നദികളുടെയക-
ത്തേകി കാലുഷ്യവൃത്തം. ൱൪

കാറാമേറെക്കറുത്തുള്ളുടലൊടിടയില -
മ്മിന്നലാം ദംഷ്ട്ര കാട്ടി-
ഗ്ഘോരാരാവാട്ടിഗന്ധത്തിനു വിവശത താ-
നേകി വർഷാശരേന്ദ്രൻ
പാരാകെപ്പാഞ്ഞ പാന്ഥാവലിയുടെ രുധിരാർ-
ദ്രാന്ത്രമാലം സുരേശ-
ശ്രീരാജച്ചാപരൂപം വിസൃതമുരസി ചേ-
ർത്തന്നു നൃത്തം തുടന്നാൻ. വൃര

സൂരാഖ്യൻ പ്രാണനാഥൻ സപദി വിഗതനാ-
യീടവേ വാസരശ്രീ
കാറാൽ വക്ത്രം കറുപ്പിച്ചഥ പെരുമഴയാം-
ബാഷ്പവും തൂകി നീളെ
മാറാകെപ്പേർത്തു മിന്നൽപ്പിണർമുഴലമണാ-
ളം ധരിച്ചുച്ചമായ് കേ-
ണാരാവത്തോടലിച്ചിധരണി വിരഹിണീ-
വൃത്തിയെത്തത്ര പൂകി. വൃ൭

മിന്നൽപ്പോൽക്കാഞ്ചിമെല്ലെന്നിടയിലരയിൽനി-
ന്നാപതിച്ചഭ്രവേണീ-
വൃന്ദം പാടേ വപുസ്സിൽ ചിതറിയുമിനനാം-
നേത്രമൊട്ടൊട്ടടഞ്ഞും
മിന്നും സ്വേദാംബു തൂകി സ്ഫുടമുഡുപടലീ-
ഭ്രഷ്ട മാഞ്ഞും തദാ ദിക്-
ത്തന്വാപങ്ക്തിയ്ക്കുന്ന വർഷാഭിധകമനസമാ-
ശ്ലേഷസൌഖ്യം ഭവിച്ചു. വൃന്ന

ഭുവിൽ ഭേകം, നഭസ്സിൽ ജലദവിതതിയും
ശബ്ദമുണ്ടാക്കി വല്ലാ-
താവിമ്മാലിന്യമേന്തീ പഥികജനവധൂ-
വക്ത്രവും ദിക്കുമൊപ്പം
തൂവില്ലിന്ദ്രൻ വിയത്തിൽ,തരുണരെയുലകിൽ
കാമനും ഹാ! വളയ്ക്കാൻ
ഭാവിച്ചാർ തുല്യ;മിമ്മാതിരി വസുധയുമായ്
വ്യോമവും സഖ്യമാർന്നു. വ്വെ

ധാരാളം ഭാവവും സദ്രസവുമതുലമാ-
മർത്ഥവും തന്നെയായാൽ-
പ്പോരാ, വൈചിത്ര്യമാഡംബരമഹിമയൊടാ-
ശ്ശബ്ദവും വേണ്ടതെന്നായ്
ധൂരാളും കാവ്യമർമ്മജ്ഞത പെരുകുമൊരാ-
സ്സൽകവിശ്രേഷ്ഠരേപ്പോ-
ലാരാൽ പ്രത്യക്ഷമാക്കിജ്ജലദനിര ജയം-
പൂണ്ടിതൌന്നത്യമോടേ. വ്വവ്വ

വ്യോമത്തുമഞ്ചമേറിത്തടിദബലയൊടൊ-
ന്നിച്ച സാരസ്യസത്താർ-
ന്നാമന്ദം കാളമേഘാഹ്വയനഭികനിതി-
ന്മട്ടു വർത്തിയ്ക്കയന്നാൾ
രാമൻ പ്രാണാധികാത്മപ്രണയിനിയൊട്ടുമൊ-
ന്നിച്ചു തൻഹർമ്മ്യഭുവിൽ
ക്ഷേമം കൈക്കൊണ്ടു സർവ്വാഭ്യുദയമഹിതനായ്
വാസരൌഘം നയിച്ചാൻ. വ്വൻ

—·—:×:—·—

## ഇരുപത്തിരണ്ടാം സർഗ്ഗം.

രാമണീയകമഹത്ത്വമാർന്നിടും-
രാമമാർമകുടി സീതയൊത്തുതാൻ
രാമനാത്മഗൃഹധർമ്മവൃത്തിയിൽ
പ്രേമമുന്നതമിയന്നു മേവിനാൻ. ൧

ഭാവനാപഥവിദൂരസംസ്ഥിതം
പാവനം സുഖമിഹത്തിലും തഥാ
ഏവനും നിരുപമം പരത്തിലും
കൈവളർത്തിടുവതേതു നിത്യവും; ൨

ഹൃൽപ്രലോഭനകരാനുഭാവമാ-
മിപ്രപഞ്ചഗൃഹമാത്മമൌലിയാൽ
ദീപ്രമൻപിനൊടു താങ്ങി നിർത്തിടും-
സുപ്രശസ്തതരതൂണതേതഹോ! ; ൩

മററു ദിവ്യമഹിതാശ്രമസ്ഥിതി-
യ്ക്കുററമേതൊരവലംബമൂഴിയിൽ;
ചുററുമുള്ള ബഹുജീവരാശിയെ-
പ്പോററുമേതരിയ യജ്ഞപഞ്ചകാൽ; ൪

ധ്യാനഹോമജപതർപ്പണക്രിയാ-
ദാനമുഖ്യസുകൃതപ്രവർത്തനാൽ,
മ്ലാനഭാവമിയലാതെ ശാശ്വത-
സ്ഥാനമേററിടുവതേതു ജീവിതം; ൫

പുഷ്ടപുണ്യനികരൈകമൂലമായ്,
ശിഷ്ടമായ് വിലസുമാഗ് ഗൃഹാശ്രമം
പ്രേഷ്ഠധർമ്മവിവശൻ ഭജിച്ചു സ-
ന്നിഷ്ഠയോടു നിവസിച്ചു രാഘവൻ. ൬

(കുളകം)

സൌമനസ്യമൊടു കൃത്യമൊക്കെയും
രാമനന്നു ഫലവാഞ്ഛയെന്നിയേ
ധീമദഗ്രണി ചരിച്ചു ലോകരിൽ
ക്ഷേമമേല്പതിനനല്പകൌതുകാൽ. ൧

തെററു തെല്ലുമിയലാതെ കൃത്യമാ-
യേററു വേണ്ടസമയം രഘൂദ്വഹൻ
മുററുമാത്മഗൃഹസേവനവ്രതം
നോററു ധമ്മഗൃഹിണീസഹായനായ്. ൨

സൂരനാപ്രഥമശൈലമൌലിതൻ-
ഹീരസന്മകുടധാടി പൂകുവാൻ
ആറുനാഴികയിരിയ്ക്കവേ മഹീ-
ദാരപുത്രനനപേതശയ്യനാം. ൩

പ്രീതകാമുകഭുജാന്തരാളസ-
ഞ്ജാതബന്ധനവിമുക്തഗാത്രിയായ്
ജ്ഞാതകാന്തമതി ഗേഹവൃത്തിയിൽ
സീതയും തദനു ബദ്ധചിത്തയാം. ൪

ബ്രാഹ്മമുത്തമമുഹൂത്തമാകവേ
സന്മനസ്വി, കൃതദേഹചിന്തനൻ
നിമ്മലാംഭസി കുളിച്ചു രാമന-
ങ്ങാത്മധമ്മസ്മൃതി സേവചെയ്തിടും. ൫

കാന്തനുള്ള ഹിതമെ,ന്തതൊക്കെയും
താൻ തനിച്ചു വിധിപോലെ ചെയ്തവൾ
ചിന്ത മററു തടവാതെ തദ്രത-
സ്വാന്തയായ് മരുവുമങ്ങു ജാനകി. ൬

ഭൃത്യമാരുടനതാതു ചെയ്യുവാൻ
കൃത്യനിഷ്ഠയൊടു കാത്തുനിൽക്കിലും
പത്യഭീഷ്ടമഖിലം ഗ്രഹിച്ചണ-
ക്ഷത്യപേതമവൾതാൻ നടത്തിടും. ൰൩

മാല നന്മലരറുത്തു കെട്ടിയും
പാലു നെയ്യിവ ശരിയ്ക്കിണക്കിയും
ശ്രീലലാമമവൾ വാഴുമങ്ങുഷഃ-
കാലമാകിലവനീതനൂജയാൾ. ൰൪

ധ്യേയചിന്ത, വിമലം ജപാദിയും
സ്വീയപഞ്ചവിധയജ്ഞകൎമ്മവും
ആയതാക്ഷിയൊടു ചേൎന്നു ചെയ്യുമ-
മ്മായമററ മതി പൂണ്ടു രാഘവൻ. ൰൫

അന്നവും കിളികൾ കോകിലങ്ങൾ ഗോ-
വെന്നു വേണ്ട ഗൃഹജന്തുപങ്ക്തിയിൽ
ഉന്നതം സ്വബലികൊണ്ടു തൃപ്തി ചേ-
ൎത്തന്നു മേവുമഥ തദ്രഘൂത്തമൻ. ൰൬

പിന്നെയമ്പലമുപാഗമിച്ചവി-
ച്ഛിന്നഭക്തിഭരനിസ്സ്രുതാശ്രുകൻ
ചിഹ്നിതൈണശകലാവതംസനായ്
മിന്നുമീശനെ വണങ്ങുമാദരാൽ:— ൰൭

"അൎദ്ധമുദ്ധതവിഷാവലീശിഖാ-
ദിഗ്ദ്ധ,മങ്ഗജപതാകയാൎച്ചിതം
മുഗ്ദ്ധമന്യമിതുമട്ടു ചിത്രമാം
തദ്ധരാഖ്യമഹസേ നമോ നമഃ. ൰൮

മഞ്ജുളാകൃതവചഃപരമ്പരാ-
പഞ്ജരോദരശുകായിതം മഹഃ
അഞ്ജസാ ഭവഭയാൎത്തിഭാണ്ഡസം-
ഭഞ്ജനായ തദിഹാസ്തു നശ്ചിരം. ൧൯

ദീപ്രഭാസ്കരശതാവമൎദ്ദിയാം-
ചിൽപ്രഭാത്ധരി ചൊരിഞ്ഞിടും പദം
അപ്രഭാവവശനെൻഭവവ്യഥാ-
കുപ്രഭാണ്ഡനിര ദൂരെയാക്കണം. ൨൦

വാന്തതീവ്രവിഷമാം ഭുജങ്ഗവും
കാന്തമാകുമമൃതാംശുഖണ്ഡവും
സ്വാന്തമൃത്തൊടണിയും ഭവൻ ഭവ-
ഭ്രാന്തനാമിവനു ദൈവതം ഭവാൻ. ൨൧

ഘോരമാം വിഷമദിക്കിലും ഭവാൻ
ദൂരിതാഖിലവിഷാദബന്ധനൻ
ക്രൂരഭോഗിവരഭൂഷനങ്ങു സം-
സാരദുൎവ്വിഷയവൃത്തവൎജ്ജിതൻ. ൨൨

വ്യോമഭിത്തിയിലവദ്യഭാവനാ-
സ്തോമശില്പികൾ ചമച്ച ചിത്രകം
മാമകഭ്രമഭവപ്രപഞ്ചമി-
ന്നാമതൊട്ടറികിലോ കൃതാൎത്ഥനായ്.൨൩

ഗേഹവിത്തകമനീജനാദി ദു-
ൎമ്മോഹലാഞ്ഛിതഹൃദന്തരൻ സദാ
വ്യാഹതാശനരുതാപരുക്പയോ-
വാഹമാം തവ പദം ഭജിപ്പു ഞാൻ. ൨൪

ക്ഷീരവാരിനിധിയിങ്കൽനിന്നു വൻ-
ക്രൂരമാം വിഷമുദിച്ചുപൊങ്ങവേ
ആരതിൻവിലയമേകി നിർജ്ജരാ-
ധാരനാബ് ഭവനെന്നിയ്ക്കു ദൈവതം. ൨൫

വൈദികോക്തിനിരയാക്കെഴും ചിദാ-
ഹ്ലാദിനിശ്വസിതകന്ദളങ്ങളാം,
മേദുരപ്രകൃതികാവ്യകാരനാ-
മാദിദിവ്യകവിയീശ്വരൻ ഭവാൻ. ൨൬

മാനമുള്ള ബിരുദം, നതാങ്ഗിമാ-
രാന, തേർ, കുതിര, സൌധപങ്ക്തിയും;
ജ്ഞാനവദ്യമിവയോപ്പു നിൻപദ-
സ്ഥാനകോണശകലാശയാവശൻ. ൨൭

ജായ,ലക്ഷ്മി, ഭവനം, തന്തുജരി-
പ്രായമുള്ള ബഹുചിന്ത വിട്ടു മേൽ,
ധീ,യനഘപദചിന്തനാദിയിൽ
പായണം, സ്പൃഹ തദന്യമില്ല മേ. ൨൮

തുശരത്തിലിയലുന്ന കാറുപോൽ
മോശമസ്ഥിരമിഹോദിതം സുഖം
നാശമേകുമിവയിൽ ഭ്രമിച്ചു വൻ-
പാശമെന്തിനു തലയ്ക്കിടുന്നു ഞാൻ. ൨൯

മത്തഭൃങ്ഗഗണപക്ഷചഞ്ചലം
വിത്തഗേഹവിഭവാദികൌതുകം;
ഉത്തമന്മർ കമനീസുതാദ്യരും;
ധൂർത്തനിക്കഥ ധരിപ്പതില്ല ഞാൻ, ൩൦

ക്ഷുദ്രമാംസമലഭാണ്ഡപങ്ക്തിയിൽ
ഭദ്രപുത്രതരുണീസുഹൃദ്ഭ്രമം
ഹൃദ്രസത്തൊടു തരും പ്രപഞ്ച ദുർ-
ന്നിദ്ര നീങ്ങുകിലിവൻ ജയിച്ചുപോയ്. ൩൧

മർത്ത്യലോകസമുദായവാർദ്ധിത-
ന്നത്യണുത്വമിയലുന്ന തുള്ളി ഞാൻ
സത്യമൊന്നുമറിയാതെ വന്മഹീ-
ഭൃത്തിതെന്നു ഞെളിയുന്നു ദുർഭഗൻ. ൩൨

ദേവരെന്നു കലിതാഭിമാനരാ-
യാവസിപ്പു പലരും ജഗത്തിതിൽ
പാവമാപ്പരിഷതൻെറ പാദസം-
സേവനത്തിനു മടിച്ചിടുന്നു ഞാൻ. ൩൩

കാലപാശവിവശീകൃതാങ്ഗനായ്
മാലതേറിയ മൃകണ്ഡുപുത്രനിൽ
സ്ഥൂലദീർഘതരജീവിതം ദയാ-
ശീലനേകി ജഗദീശ്വരൻ ഭവാൻ. ൩൪

താവകോച്ചലദപാങ്ഗസങ്ഗമം
കൈവശത്തിലണയാതിരിക്കുകിൽ
ദേവർ ദുർബ്ബലരനിന്ദ്രനിന്ദ്ര,ന-
പ്പാവ, സച്ച്യുതികനച്യുതാഖ്യനും. ൩൫

പ്രേയസീപ്രണയലീല യൌവനാ-
പായമേല്പതുവരെയ്ക്കു, പുത്രനോ
ശ്രീയകന്നിടുകിൽ വൈരി; കഷ്ടമാ-
മീയവസ്ഥ വിഷമായ് നിനപ്പു ഞാൻ, ൩൬

ലോകമായ തറവാട്ടിനാഢ്യനാ-
മേകകാരണവനീശ്വരൻ ഭവാൻ
പാകവൈരിമുഖർ താവകാജ്ഞയെ-
പ്പൂകിടുന്ന മരുമക്കളേവരും. ൩൭

നൎത്തനോദ്യതനടീകടാക്ഷവദ് -
ധൂൎത്തമാത്രചലമൈഹികം സുഖം
വിത്തമിക്കടലിൽ വീണു മുങ്ങി ഞാ-
നാൎത്തനാകരുതിതാണൊരാഗ്രഹം. ൩൮

മേന്മ മിന്നിന ഭവൽപദദ്വയി-
യ്ക്കുന്മനഃകനകപീഠതല്ലജം
നിൎമ്മലാസനവിശേഷമാകുവാൻ
ചിന്മയേശ്വര! ഭജിച്ചിടുന്നു ഞാൻ." ൩൯

സോമഖണ്ഡസവതംസമൌലിയായ്,
സോമനായി വിലസുന്ന ദേവനെ
രാമനിങ്ങനെ രസാൽ സ്തുതിച്ചപോ-
താമയൻ പരമണഞ്ഞിടും ഗൃഹം. ൪൦

വിപ്രവക്ത്രസരസീരുഹച്യുതം
നല്ലൂരാണമധുവാസ്വദിയ്ക്കുവാൻ
സപ്രിയൻ തദനുഭൃങ്ഗലീലയെ-
സ്സുപ്രഹൎഷമൊടു പൂണ്ടു വാണിടും. ൪൧

സന്നമിച്ചവനിദേവരെത്തദ-
ച്ഛിന്നനിൎഗ്ഗളദനുഗ്രഹാന്വിതൻ
പിന്നെയന്നു കൃതദക്ഷിണൌഘനായ്
മന്നവേന്ദ്രതനുജൻ വസിച്ചിടും. ൪൨

ശിഷ്ടരാം ദ്വിജരശിച്ചതിന്നു മേൽ
ശിഷ്ടമന്നമമൃതായിതം ഹിതാൽ
പുഷ്ടഷഡ്രസയുതം ഭുജിയ്ക്കുമ-
ക്ലിഷ്ടമച്ച്യുതനിജാതിഥിവ്രജൻ. ൪൩

ഗ്രന്ഥമായ്, കവിതയായി, രാജ്യസം-
ബന്ധകാൎയ്യനിരയായി, മന്ത്രിയായ്,
കാന്തയായ്,കവികളായി, ശാസ്ത്രസം-
ചിന്തയായ്, തദനു മേവുമീവിധം. ൪൪

ആരൊടും സനയമായ്,സ്സുധാസരിൽ-
പൂരകന്ദളിതമായ്, പ്രസന്നമായ്
സാരമാം മൊഴിയുരയ്ക്കു;മില്ല ഹൃ-
ദ്വൈരമല്പവുമരിവ്രജത്തൊടും. ൪൫

നേരിണങ്ങിയധികാൎത്ഥപുഷ്ടമാം-
ഗീരിനെപ്പറയുമല്പമാരൊടും
വൈരികൾക്കുമകമേ കുതൂഹലം
ഭൂരി ചേരുമതു കേൾക്കിലെപ്പൊഴും. ൪൬

കൂട്ടുകാരൊടൊരുമിച്ചു നിത്യവും
ചീട്ടു പാശി വെടിയും വിനോദവും
പാട്ടുമാട്ടവുമിയന്നു വാഴുമ-
മ്മട്ടു തെല്ലുമറിയാറുമില്ലവൻ. ൪൭

രണ്ടുകാശ്ശു ഗതിയാകിലമ്മദം-
കൊണ്ടു വിശ്വമിതിളക്കിടും ഖലർ;
വേണ്ടദിവ്യവിഭവാച്ചിതൻ മഹി-
യ്ക്കുണ്ടർകോനസുതനോ വിനീതധീ. ൪൮

നേരെനിന്നു നിതരാം സ്തുതിയ്ക്കിലും
വൈരമോടപഹസിയ്ക്കിലും തഥാ
ധീരനേകനില പൂണ്ടു, ഹർഷവും
നീരസത്വവുമകന്നു മേവിനാൻ. ൪൯

യൌവനം, തനു നിസർഗ്ഗസുന്ദരം,
ഭൂവരപ്രഥിതവൈഭവോന്നതി
ഏവമുള്ള നിലയൊന്നുമന്നഹം-
ഭാവമല്പമരുളീല രാമനിൽ. ൫൦

ജ്ഞാനദീപവിസരപ്രകാശവും
ദാനകർമ്മകലിതാംബുപൂരവും
താനതീവ നിജമാശയത്തില-
ന്യൂനമന്നധിവഹിച്ചു രാഘവൻ. ൫൧

ഒന്നിലേററമറിവുള്ളവൻ, പരം
നിന്ദചെയ്യുവതു ലോകരീതിയാം;
നിന്നു സർവ്വ,മെതിലും ഗുണാംശമു-
ണ്ടെന്നു കണ്ടു മരുവീ രഘൂത്തമൻ. ൫൨

ഏറിടും പ്രിയവുമററവൈരവും
പേറിയില്ല രഘുവീരനൊന്നിലും;
ഭൂരിതത്ത്വഹൃദയം ഗ്രഹിച്ചൊരാ-
സ്സൂരി കണ്ടു സകലം സമാനമായ്. ൫൩

എത്രമാത്രമറിവേറിയുള്ളിന-
ന്നത്രയും തദനു കൂടി താഴ്മയും;
അത്രയല്ല, വിഷയോരഗത്തിലു-
ററത്രസന്മതിയുമായ് നൃപാത്മജൻ. ൫൪

പേരിലിഷ്ടു തടവാതെ രാഘവൻ
പേറിടുന്ന ബഹുദാനമൂലമായ്
പാരിജാതതരുവൃന്ദമാശയം
നീറി വാണു നിജപേർ നശിയ്ക്കയാൽ. ൧൫

യോഗി തൻെറ പരമാത്മചിന്തയും
ഭോഗികൾക്കെഴുമിഹപ്രസക്തിയും
വാഗഗമ്യചരിതൻ നികാമമ-
ന്നാ ഗഭീരമതി പൂണ്ടു രാഘവൻ. ൧൬

രാജസത്തി,ലകമായതാ,ശയാൽ
ഹാ! ജളതചമൊട്ടു മുങ്ങിടാതവൻ
രാജസത്തിലകമാ,യതാശയാൽ
ഭ്രാജമാന,നവിടത്തിൽ മേവിനാൻ. ൧൭

രാമദേവനനുകൂലപത്നിയായ്
ശ്രീമഹീതനുജ ദേവിയും തഥാ
പ്രേമവൃത്തിപരിപാകരമ്യതാ-
ധാമമാം മതി വഹിച്ചു മിന്നിനാൾ. ൧൮

രൂക്ഷവാക്കു നിജദാസിമാരൊടും
വിക്ഷതക്ഷമമുരയ്ക്കയില്ലവൾ
പക്ഷഭേദനിലയി,ല്ലവേക്ഷണോ-
പേക്ഷയില്ല നിജകൃത്യപങ്ക്തിയിൽ. ൧൯

സർവ്വധുക്കൾ തൊഴുമാത്മവിഗ്രഹം,
സർവ്വഭൂതിഭരഭൂഷിതൻ പ്രിയൻ,
ധൂർവ്വഹിയ്ക്കുമറിവെന്നിതൊന്നുമൾ-
ഗർവ്വവൾക്കരുളിയില്ലൊരല്പവും. ൨൦

ജന്മമോചനഗതിയ്ക്കു വിദ്യ, ത-
ദ്ധര്‍മ്മദാനനിര ചെയ്യുവാന്‍ ധനം,
നിര്‍മ്മലതപമൊടനേകമറ്റു സല്‍-
കര്‍മ്മവും ജനകപുത്രി പൂകിനാള്‍. ൩൧

ഉന്നതാന്ധത പരാനനേക്ഷണ-
ത്തിന്നു, മൂകത നിജപ്രശംസയില്‍,
സന്നതാങ്ഗിയിതുമറ്റു ദോഷവും
വന്ദനീയഗുണമാക്കി മേവിനാള്‍. ൩൨

രണ്ടുസോദര,രവര്‍ക്കു ഭാര്‍യ്യമാര്‍
വേണ്ടവിത്തമിവ ചേരിലാഗ് ഗൃഹം
ശണ്ഠതന്‍ കളിനിലത്തൊടൊപ്പമായ്
പണ്ടുതാന്‍ ജഗതി കണ്ടിടുന്നു നാം. ൩൩

പൂതലക്ഷ്മി കളിയാടിടും ഗൃഹ-
വ്രാതമൊട്ടധികമാത്മഭന്നയാല്‍
കാതരാക്ഷികള്‍ വിരോധരാക്ഷസീ-
പ്രാതലൂണിനു കൊടുത്തു കാണ്മു നാം. ൩൪

ഏതുമാര്‍ത്തികളിതിന്‍വിധം ധരാ-
നേതൃഗേഹമിയലാതെ മേല്‍ക്കുമേല്‍
സീതയാലതുലസൌഖ്യദേവതാ-
വ്രാതനൃത്തഗൃഹമായ് ലസിച്ചുതേ. ൩൫

പൊക്കമുള്ള നിലയല്ല, താഴ്മയാ-
ണാര്‍ക്കുമുന്നതവിഭൂഷയെന്നവള്‍
നീക്കമററ വിനയാവനമ്രയായ്-
ദ്ധീയ്ക്കു ശാന്തത വഹിച്ചു കാട്ടിനാള്‍, ൩൬

ശിഷ്ടചിന്ത, ലഘ്വതാമനോഹരോൽ-
കൃഷ്ടജീവിതവിശുദ്ധിയും, തഥാ
ധൃഷ്ടനാഗരികധാടിയാലനാ-
കൃഷ്ടഹൃത്തവർ വഹിച്ചു നിത്യവും. ൩൭

പേർത്തുമുന്നതഗുണം പെട്ടും മഹീ-
ഭർത്തൃ ഭൂമിസുതയാൽ പ്രശസ്തനായ്;
ആർത്തസംസ്തുതിവിശേഷമഞ്ജുവാം-
ഹർത്തൃ കാവ്യകലയാൽ കണക്കിനെ. ൩൮

ധർമ്മനിർവ്വഹണകൌതുകാദിയാം-
നിർമ്മലം ഗുണമിണങ്ങുമായവർ
തന്മണാളനനുകൂലപത്നിയായ്
മേന്മയോടു വിജയിച്ചു ജാനകി. ൩൯

ശാരദാമലശശാങ്കകാന്തിയാ-
ക്ഷീരവാരിനിധിയോടു ചേർന്നപോൽ
ശ്രീരമാഭയവർ ലാലസിച്ചു ധീ-
സൌരഭാകലിതനായ രാമനാൽ. ൪൦

ധർമ്മപത്നിയനുകൂലയാവുകിൽ
ബ്രഹ്മസൌഖ്യകരമാകുമാഗ് ഗൃഹം
ഇമ്മഹാസുഭഗതത്ത്വമന്നു തൻ-
നന്മയാൽ ക്ഷിതിതനൂജ കാട്ടിനാൾ. ൪൧

ഭ്രൂതനാഞ്ജീലലാമം ജനകനൃപതപഃ-
  പുഞ്ജകല്പദ്രുമത്തിൽ
ജാതം ശ്രീമഞ്ജരീതല്ലജമമിതഗുണോ-
  പേതയാം സീതയോടെ
ഏതദ്ഗാർഹസ്ഥ്യധർമ്മാഭ്യുദയനിലഹിതാ-
  ലാദരിച്ചന്നമർത്ത്യ- (ആദരിച്ചന്ന മർത്ത്യ)
വ്രാതത്തിന്നന്നതാദർശകനിലയൊട്ടു വാ-
  ണീടിനാൻ രാമചന്ദ്രൻ. ൧൨

——(൦)——

ശുഭം.

# ഇരുപതാം സൎഗ്ഗം ടിപ്പണി.

---

ശ്ലോകം ൧. ഭീകമ്പാവേഗദം=ഭീകമ്പംകൊണ്ടു് ആവേഗത്തെ കൊടുക്കുന്നതു്. ഗദം=ദുഃഖം.

,, ൨. മറക്കാതൽ=വേദങ്ങൾക്കു കാതലായിരിക്കുന്നവൻ (രാമൻ). ശ(സ)രത്താലേ ശരത്താലേ=സരത്തായിരിക്കുന്ന—തീക്ഷ്ണഗതിയോടുകൂടി പായുന്ന—ശരത്താലേ=ശരംകൊണ്ടു്. ഇവിടെ വിശേഷ്യവിശേഷണങ്ങൾക്കു പൊരുത്തം വരുത്തിയിരിക്കുന്നു. "രലഡളജയവബശസ"ങ്ങൾക്കു യമകത്തിൽ അഭേദകല്പനം സാധു.

,, ൫. വരന്മാർ=ശ്രേഷ്ഠന്മാർ. (രാമപരശുരാമന്മാർ). അമ്മാർ=അപ്രകാരം (കോപാധിക്യത്തോടുകൂടി). അന്യോന്യം വൻപു ഉരച്ചു്=തങ്ങളിൽ വീരവാദം പറഞ്ഞു്. അരാതികൾ=ശത്രുക്കൾ. പരാതികൾ=ശത്രുക്കൾക്കു് ആധികൾ. 'തധ'ങ്ങൾക്കു് അഭേദകല്പന ചെയ്തിരിക്കുന്നു.

,, ൭. സമയന്ത്രിതർ=ചട്ട മുതലായവയിട്ടു ശരീരം സമമായി നിയന്ത്രിച്ചവർ. അമരാതെ=അടങ്ങിയിരിക്കാതെ. വിമൎദ്ദിതാങ്ങും അമരു്=പരസ്പരം അങ്ഗങ്ങളെ മൎദ്ദിച്ചുകൊണ്ടുള്ള യുദ്ധം.

,, ൯. വാദേന്തി=വാദു പറഞ്ഞു്.

,, ൧൦. നേരണഞ്ഞു=നേൎക്കുനേരെ നിന്നു. ഉന്നി=ഉന്നത്തോടുകൂടി.

,, ൧൧. ധീജാഡ്യം=ബുദ്ധിമാന്ദ്യം. ആജി=യുദ്ധം. രാജിയ്ക്കുക=ശോഭിയ്ക്കുക.

,, ൧൨. പൂമ്പാൽപ്പേർ=പൂവും പാലും പോലെ നിൎമ്മലമായ കീൎത്തി. പരപ്പു്=വ്യാപ്തി. പരൻ=ശത്രു. പോരാപ്പോർ=എതിൎക്കുവാൻ മതിയാകാത്ത യുദ്ധം. അരം=വേഗം. പേറി=വഹിച്ചു. പാരറെ=ഭൂമി നശിയ്ക്കത്തക്കവണ്ണം. [രറങ്ങൾക്കു് അഭേദകല്പനം സാധു.]

,, ൧൩. അനണു ഊനം മാഞ്ഞു=വലുതായ കുറവെല്ലാം തീൎന്നു. ഏനം നണ്ണി=തക്കം നോക്കി. നേർനെഞ്ഞു്=നെഞ്ഞിനു നേരാക

ശ്ലോകം. ത്തക്കവണ്ണം. അന്യൂനമാനന്മാർ=മാനം തികച്ചുമുള്ളവർ. ആഞ്ഞു്=ആയത്തോടെ.

,, ൪൩. കോപവൻതീവ്രവു് അരം ആറാതെ ആകവേ=കോപമാകുന്ന അഗ്നിയുടെ ചൂടു് വേഗത്തിൽ അല്പവും ആറാതെയിരിയ്ക്കുമ്പോൾ. വര മാറാതെ നിന്നു=മുൻപുനിന്ന സ്ഥാനത്തുനിന്നു് അല്പവും മാറാതെ നിന്നു. വേരറെ=ശത്രു മൂലത്തോടെ നശിക്കത്തക്കവിധം. ഏററു=യുദ്ധം ചെയ്തു.

,, ൪൮. പരം=ഏററവും. ആ. രണമാലോലമതലമ്പട ആകയാൽ=യുദ്ധലക്ഷ്മിയിൽ ഇളക്കമില്ലാത്ത അഭിപ്രായവും താത്പര്യവും ഉണ്ടാകയാൽ. പട=സൈന്യം. അലം=മതിയാകത്തക്കവണ്ണം. പരമാരണമാലോലും=പരന്മാർക്കു മരണം ചെയ്യുന്നതുകൊണ്ടുള്ള ദുഃഖം ഉണ്ടാക്കുന്നതു്. ആകയായ്=ആയിബ് ഭവിച്ചു.

,, ൫൪. ഇളയാതെ=ഒഴിവില്ലാതെ. അനയാൽ=ക്രമംവിട്ടു്. ഇള, യാതനയാൽ, എന്നും പദച്ഛേദം. വന്നു എന്ന ക്രിയയ്ക്കു് ഇള എന്നു കർത്താവു്. (ഭൂമി രക്തക്കളമായി എന്നു സാരം).

,, ൫൫. അന്നരം=അന്നു് അരം. ആ നരം മനുഷ്യനെ എന്നു കർമ്മം.

,, ൫൬. വന്നാനാരസം=വലുതായ നാനാപ്രകാരത്തിലുള്ള രസം. വന്നാൻ ആ രസം എന്നും പദച്ഛേദം. വന്നാൻ=വന്നു. (ക്രിയ).

,, ൫൭. സമമായ രണം='മ'യോടുകൂടിയ രണം=മരണം. അക്ഷമം=ഭൂമിയോടു വേർപെട്ടു. സമമല്ലാത്ത=നിസ്തുല്യമായ. അക്ഷമം=അടക്കമില്ലാതെ.

,, ൫൮. അരം=വേഗം; രേഫം ഇല്ലാത്തതു് എന്നും. വാരണം രേഫവർജ്ജിതമാകുമ്പോൾ വാണമാകുന്നു.

,, ൫൯. വന്മോഹം=വലുതായ ആഗ്രഹം (കാമം) ദീർഘമായ മോഹാലസ്യം (മരണം). അഭീകർ=കാമുകന്മാർ. ഉൾക്കൊണ്ട, ഭീകർ, എന്നും പദച്ഛേദം. ഭീകർ=കാണുന്നവർക്കു ഭയത്തെ ചെയ്യുന്നവർ.

,, ൬൦. കുകാമുകർ=ഭൂമിയുടെ കാമുകന്മാർ (ഭർത്താക്കന്മാർ) രാജാക്കന്മാർ. മല്ക്രമം............മർമ്മാർ=യുദ്ധനീതികളെല്ലാം വെടിയുംവിധം. കാമം=ഏററവും.

ശ്ലോകം. ൧൫. പ്രാസം=കുന്തം; ശബ്ദാലങ്കാരമായ പ്രാസം എന്നും. ശരി യ്ക്ക്=അർത്ഥവൈകല്യം ഉണ്ടാകാതെ (തെററു പററാതെ). സുകൃതികൾ=പുണ്യശാലികൾ. സത്കാവ്യങ്ങൾ എന്നും.

,, ൧൬. സായം=സന്ധ്യ. സായകം എന്ന പദം സായത്തെ ചെയ്യിടുന്നത് എന്ന അർത്ഥം വ്യക്തമാക്കി എന്നു സാരം. [ജീവിതത്തെ അവസാനിപ്പിച്ചു എന്നു ഭാവം).

,, ൧൭. സകുന്തപ്രിയൻ=കുന്തത്തിൽ പ്രിയത്തോടുകൂടിയവൻ. ['ശസ'ങ്ങൾക്കു അഭേദം കല്പിച്ച് ശകുന്തപ്രിയൻ എന്നും ഗ്രഹിക്കണം]. ശകുന്തങ്ങൾക്ക്=പക്ഷികൾക്ക് ഇഷ്ടൻ. [മൃതശരീരത്തിന്റെ ചുററും പക്ഷികൾ തിന്നുവാൻ കൂടി എന്നു ഭാവം.]

,, ൧൮. ഹൃദ്ഗ്ലാനികം=ഹൃദയത്തിനു ക്ഷീണത്തെ ചെയ്യുന്നത്.

,, ൧൯. പാട്ട് അതാൽ=ആ, ശ്രമത്താൽ.

,, ൨൦. കുപിതന്മാർ=കോപത്തോടുകൂടിയ ഭടന്മാർ. തദാ=അപ്പോൾ. അരം (അലം—രലയോരഭേദത്വം) അധികം. പിച്ചർ=ബുദ്ധിക്കു വെളിവില്ലാത്തവരായി. അരം=വേഗത്തിൽ. അല്പം ആർത്തു=ശബ്ദഘോഷമുണ്ടാക്കി. (ഭടന്മാർ കോപിച്ചു തങ്ങളെ മറന്ന് ഉച്ചത്തിൽ ശബ്ദിച്ചു എന്നു ഭാവം). തത്രത്തിലയം മാർത്തലം=അധികമായ ദുഃഖത്തിന്റെ ലയത്തോടുകൂടിയ മാറിടം. ആമോദാൽ അല്പത=സന്തോഷത്തിങ്കൽനിന്ന് അല്പത. സന്തോഷരാഹിത്യം. പേറി=വഹിച്ചു.

,, ൨൧. തോത്ത് ഏന്താതെ=അളവില്ലാതെ. ഏന്തും=വഹിയ്ക്കുന്ന. താന്തിതൻ തതി=ദുഃഖത്തിന്റെ കൂട്ടം. തീർത്തു=നശിപ്പിച്ചു. (മേലിൽ) ആതിതന്തുത=ആധിയാകുന്ന തന്തുവിന്റെ ഭാവം (അവിച്ഛിന്നമായ ദുഃഖം). തീർത്തു=നശിപ്പിച്ച്. ആത്തതത്ത്വതതത=സ്വാധീനമായിരിക്കുന്ന ജ്ഞാനത്തിന്റെ വൈപുല്യം. താ=തരുക. ['തധ'ങ്ങൾക്ക് അഭേദകല്പനം ചെയ്തിരിക്കുന്നു.]

SRI KRISHNAVILASAM READING ROOM * MALAYINKEEL *

# ശുദ്ധിപത്രം.

| പശം. | ശ്ലോകം. | അബദ്ധം. | സുബദ്ധം. |
|---|---|---|---|
| ൨൮ | ൫൨ | ഓരം | വരം |
| ൪൨ | ൩൨ | മിന്നമ്മ | മിന്നമ |
| ൫൪ | ൩൫ | വിതലത | വികലത |
| ൩൦ | ൧൫ | രന്നവർ | രങ്ങവർ |
| ൭൭ | ൬൩ | വിട്ടാന | വിട്ടാമ |
| ൧൦൬ | ൬൨ | സ്ഥലങ്ങി | സ്ഥലത്തി |
| ൧൧൫ | ൪൭ | പലട്ടക്ക | ചലട്ടക്ക |
| ൧൨൫ | ൧൨ | മണ്ടുമു | മഞ്ജുമു |
| ൧൪൦ | ൯൮ | നീ–യാദരയും | നിന്നാരേയും |
| ൧൪൧ | ൧൦൪ | ഗുരുമഹഷി സഭ | ഗുരു മഹഷിസഭ |
| ,, | ൧൦൫ | നന്ദിതം | നിന്ദിതം |
| ൧൪൪ | ൨ | നമിച്ചു | നമിപ്പു |
| ൧൪൩ | ൧൮ | ഭുവാ | ഭവാ |
| ൧൪൮ | ൨൩ | വിട്ട വര | വിട്ടവര |
| ൧൫൧ | ൪൯ | പൃഥു വിരോധ | പൃഥുവിരോധ |
| ,, | ൪൪ | ഭുവം | ഭവം |
| ,, | ൪൭ | സുകിലി | സുകില |
| ൧൫൬ | ൫൭ | മായ്പുര | മായപുര |
| ൧൫൭ | ൮൬ | തത്തനിഷ | തത്വനിഷ |
| ൧൭൬ | ൧൦ | ചിത്രങ്ങ | മിത്രങ്ങ |
| ൧൭൫ | ൬൦ | സ്മര | സ്മര |
| ,, | ൬൬ | പായസം | പായസാ |
| ,, | ൬൫ | പൊലി | ഫേമി |
| ൧൭൯ | ൭൬ | ബിന്ദുമിതം | ബിന്ദു മിതം |
| ൮൭ | ൧൭൨ | നാഥരായ് | നാഥമായ് |
| | ൬൪ | പുരിയിൽ | പുരയിൽ |
| | ൨൫ | സ്വകമ്പ്ര | സ്വകമ്ര |
| | ൪൭ | ങ്കശാഭ | ങ്കശാഭർ |
| | ൧൪ | മുന്നതാംസവും | മുന്നതാഭമായ് |
| | ൪൬ | പദാംബുജസ്സ്പന്ദിത | പദാംബുജം സ്പന്ദിത |
| | | | ചാപ |

| വശം. | ശ്ലോകം. | അബദ്ധം. | സുബദ്ധം. |
| --- | --- | --- | --- |
| ൨൪൯ | ൯൦ | പാപ | താപ |
| ൨൫൦ | ൯൪ | പൂമാരി | പൂ മാരി |
| ൨൫൨ | ൫ | മേ[illegible]ി | മേലെരി |
| ൨൫൪ | ൧൪ | തശ്ദ്ദ | തദ്ദശ് |
| ൨൫൬ | ൨൮ | സാത്മമി | സാത്മമ |
| ൨൫൮ | ൪൦ | ചുററും | മുററും |
| ൨൮൩ | ൫൭ | തമ്മാംസ | തന്മാംസ |
| ൨൮൬ | ൧ | സ്വായം | സ്വാകം |
| ൨൮൬ | ൩ | ഖര | വര |
| ൨൯൦ | ൨൮ | അന്നപ്പോൾ | അന്നപ്പോർ |
| ൨൯൨ | ൪൦ | തരമത്തി | തരാത്തി |
| ൨൯൭ | ൫ | ഫോമ | ഹോമ |
| ൩൦൨ | ൩൬ | ഭജിച്ചാര | ഭജിച്ചാർ |
| ൩൨൧ | ൫൨ | നിന്നു | നന്നു് |
| ൩൨൫ | ൭൨ | ച്ചന്നമത്ത്യ | ച്ചന്നു മത്ത്യ. |

Indic Digital Archive Foundation
gpura.org